MADAME CURIE

"The Highest Vision of Womanhood"



"സയൻസിനും ലോകസേവനത്തിനുംവേണ്ടി
ഇങ്ങനെ രക്തസാക്ഷ്യം വഹിക്കാൻ ഉഴി
ഞ്ഞിട്ട ഒരു ജീവിതമുണ്ടോ ?"

1365

മാദാം കൂറി

(ജീവചരിത്രം) Madam Curie

ഗ്രന്ഥകർത്താക്കൾ:
കേ. എ. പോൾ,
പി. എ. ഡാനിയേൽ B. Sc.,

Prescribed by
THE GOVERNMENT OF TRAVANCORE-COCHIN
As Malayalam Non-detailed Text for
Form V
(Vide Gazette dated 6th June '50 - Education Department Page 107)

പകർപ്പവകാശം
സാഹിത്യനിലയം പ്രസ്സ്
കലൂർ—എറണാകുളം.

Price 1-6-0 — Second Edition — വില 1-6-0

Printed at the POURAN PRESS, ERNAKULAM.

പ്രസ്താവന

സ്വാതന്ത്ര്യാരോഹത്തിന്റെ സമുല്ലംഘത്തിനായുള്ള യത്നങ്ങളിൽ, ഈ പുണ്യഭൂമിയുടെ സംസ്കാരകേന്ദ്രങ്ങളിലൊന്നായ കേരളം വഹിക്കേണ്ടുന്ന മഹാരി വലുതത്രേ. ദേശീയമായ ആകടമ നിറവേറ്റുവാനും, അതേ സമയംതന്നെ പ്രതിബന്ധങ്ങളോട് പോരടിച്ച് വ്യക്തിപരമായി ജീവിതത്തെ വിജയിപ്പിക്കുവാനും, മാഡംകൂറിയുടെ ജീവചരിതം നല്ലൊന്ന പ്രചോദനം ആക്കും അനുഭവയോഗ്യമാകാതിരിക്കുവാൻ തരമില്ല. ഒരു മാതൃകാവിദ്യാർത്ഥിനിയും മാതൃകാ ഗുരുപികയുമായ മാഡംകൂറി, വിദ്യാർത്ഥിലോകത്തിന്റെ സവിശേഷമായ ശ്രദ്ധയും ആദരവും അർഹിക്കുന്ന വിശ്വവന്ദ്യയായ ഒരു സ്ത്രീരത്നമത്രേ. പരിശ്രമശാലിനിയായ ആ വിദ്യോന്മണിയുടെ കാലടിപ്പാടുകളെ ഞാനുധാവനം ചെയ്യുന്ന വിദ്യാർത്ഥികൾ ഏതു രാജ്യത്തിനും വിലപ്പെട്ടോരു നേട്ടമായിരിക്കും.'

"സാഹിത്യനിലയ"ത്തിൽനിന്നും കഴിഞ്ഞ നവമ്പർ മാസത്തിൽ ഇപ്പുസ്തകം ആദ്യമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ ഞാൻ എഴുതിയിരുന്ന പ്രസ്താവനയിൽനിന്നാണ് മേൽപറഞ്ഞ വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു്. എന്റെ ജ്യേഷ്ഠനായ ശ്രീ: പി. ഏ ഡാനിയേലും ഞാനുംകൂടി ഈ പുസ്തകം എഴുതിയതു് നമ്മുടെ നാട്ടുകാരെ പൊതുവിൽ ഉദ്ദേശിച്ചാണെങ്കിലും, വിദ്യാർത്ഥികളായ യുവജനങ്ങൾക്കിതു് വിശേഷിച്ചും പ്രയോജനകരമായിത്തീരണമെന്നു് ഞങ്ങൾ ആശിച്ചിരുന്നു. ഈ പുസ്തകം വായിക്കുകയും വിമർശിക്കുകയും ചെയ്ത സുഹൃദയർ ആ പ്രയോജനം പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണു്.

ഇപ്പോൾ, തിരുവിതാംകൂർ-കൊച്ചിശവമെന്നുണ്ടു് 'മാഡംകൂറി'യെ ഒരു പാഠ്യപുസ്തകമായി നിശ്ചയിച്ചുകാണുന്നതിൽ, ഞങ്ങൾക്കു് അനല്പമായ കൃതജ്ഞതയും ചാരിതാർത്ഥ്യമുണ്ടു്. നമ്മുടെ ദേശീയോല്ലംഘത്തിനുപകരിക്കത്തക്കവണ്ണം, മാഡംകൂറിയുടെ ജീവചരിത്രത്തിൽനിന്നു പഠിക്കുവാനുള്ള അനവദ്യങ്ങളായ പാഠങ്ങളും ആദർശങ്ങളും ഒരു ഹൈസ്കൂൾക്ലാസ്സിൽവച്ചു് വിദ്യാർത്ഥികൾ മുഴുകാരം അദ്ധ്യയനം ചെയ്തുനിടവരുന്നതിൽ രാജ്യസ്നേഹികളായും സന്തോ

ഷിക്കുകയേയുള്ളൂ. മാഡംകൂറിയുടെ ജീവിതത്തിൽ ഉടനീളം തെളിഞ്ഞുനില്ക്കുന്ന 'സേവനത്തിന്റേയും ത്യാഗത്തിന്റേയും, വിജ്ഞാനത്തിന്റേയും വിനയത്തിന്റേയും, സഹോദരീമാനത്തിന്റേയും സ്ഥിരോത്സാഹത്തിന്റേയും, അനാഡംബരതയുടേയും ആത്മധൈര്യത്തിന്റേയും ചൈതന്യവിശേഷം' നമ്മുടെ വിദ്യാർത്ഥികളെ ഉൽകൃഷ്ടമായ ഒരു മണ്ഡലത്തിലേയ്ക്കുയർത്തുമെന്നു് നമുക്കാശിക്കാം.

ദേശീയോല്ക്കർഷത്തെ മുൻനിർത്തി 'സാഹിത്യനിലയ'ത്തിൽനിന്നു് പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിനീതങ്ങളായ ഗ്രന്ഥങ്ങളോടു് സഹൃദയർ കാണിക്കുന്ന ആദരങ്ങൾക്കെല്ലാം നന്ദിപറയുന്നതിനു് ഞാൻ ഈ അവസരത്തെ വിനിയോഗിക്കുന്നു. വിദ്യാർത്ഥികളെ ശാസ്ത്രീയവിഷയങ്ങൾ പഠിപ്പിച്ചും, പത്രമാസികകളിൽ ധാരാളം ശാസ്ത്രീയലേഖനങ്ങൾ എഴുതിയും എന്റെ സഹപ്രവർത്തകനായ ശ്രീ: ഡാനിയേൽ സമർജ്ജിച്ചിട്ടുള്ള പരിചയം, ഒരു ശാസ്ത്രജ്ഞയുടെ ഈ ജീവചരിതം എഴുതുന്ന വിഷയത്തിൽ വിശേഷിച്ചും സഹായികമായിത്തീർന്നിരുന്നുവെന്നു് പറയുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്.

ഇപ്പുസ്തകത്തിന്റെ ആദ്യപതിപ്പിൽ ഞാൻ എഴുതിയിരുന്ന പ്രസ്താവനയിൽ നിന്നു് ഏതാനും വാക്കുകൾകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. 'മഹാത്മാക്കൾ ഏതു രാജ്യക്കാരായാലും ശരി, നാം അവരുടെ സേവനചൈതന്യം പഠിക്കുകയും പരിശീലിക്കുകയും ചെയ്യേണ്ടതാകുന്നു. മഹാകവി ടാഗോർ പറഞ്ഞിട്ടുള്ളതുപോലെ, 'ഇടുങ്ങിയ ഗാർഹികഭിത്തികൾ കൊണ്ടു് ലോകത്തെ തുണ്ടുതുണ്ടായി മുറിക്കുന്ന' സങ്കുചിതബുദ്ധികളെത്തു് സേവനത്തിനുള്ള സന്മാതൃക, ആരിൽ എവിടെ കണ്ടാലും നാം അതിനെ സ്വാഗതം ചെയ്യണം. പരോപകാരത്തിനായി സ്വന്തം ജീവിതത്തെ സമർപ്പണം ചെയ്യുന്ന മഹാത്മാക്കൾ ഒരു രാജ്യത്തിന്റേയും സ്വകായ്യസ്വത്തല്ല. അവർ ലോകത്തിന്റെ പൊതുസ്വത്താകുന്നു'—മാഡംകൂറിയെപ്പോലുള്ള ഒരു മഹതി, വിശേഷിച്ചും!

സാഹിത്യനിലയം,
കലൂർ—എറണാകുളം,

കേ. എ. പോൾ

വിഷയവിവരം

I. കൊച്ചുമിട്ടക്കത്തി—(ഒരു പ്രവചനം; രാഷ്ട്രീയ സ്ഥിതി; ഡിസ്റ്റാഡോസ്റ്റികുടുംബം; മേരിയുടെ ബാല്യം; 'കൊച്ചുമിട്ടക്കത്തി'; സമരമനോഭാവം; ശാസ്ത്രത്തിലേയ്ക്ക്.)

II. വിദ്യാലയജീവിതം—(ആരംഭഘട്ടം; വിദ്യാലയത്തെ രക്ഷിച്ചതു്; കുടുംബക്ലേശങ്ങൾ, രണ്ടുപേരുടെ മരണം; മടുക്കാത്ത മനക്കരുത്തു്; ഗോപുരം വീണ കഥ; ശവത്തെണ്ണ് സ്കൂളിലേയ്ക്ക്; സഹതാപധീരത; പ്രശസ്തവിജയങ്ങൾ.)

III. ലോകരംഗത്തേയ്ക്ക്—(ഭാവിയെപ്പറ്റി; നാട്ടിൻപുറത്തു്; ഉല്ലാസജീവിതം; വീണ്ടുംവാർസായിലേയ്ക്ക്; അദ്ധ്യാപനജോലിയിൽ; രാഷ്ട്രീയസേവനം; രഹസ്യവിദ്യോത്സവസംഘത്തിൽ; ആകാശക്കോട്ടകൾ; ജ്യേഷ്ഠത്തിയെ പ്രോത്സാഹിപ്പിക്കുന്നു)

IV. വിവിധജോലികൾ—(ജ്യേഷ്ഠത്തി പാരീസിൽ; മേരി ഉദ്യോഗത്തിൽ; ഗൃഹസേവനം; കന്നത്താൻ പഠിക്കുന്നു; പിതാവു് വീണ്ടും ജോലിയിൽ; ബ്രോണിയായുടെ വിവാഹാലോചന; മേരി മറെറാരു ഉദ്യോഗത്തിൽ; ബ്രോണിയായുടെ നിർദ്ദേശം; മേരിയുടെ ശാസ്ത്രാഭ്യസനം; പാരീസിലേയ്ക്കുള്ള പുറപ്പാടു്.)

V. സർവ്വകലാശാലയിൽ!—(ഒടുവിലിതാ, കലാശാലയിൽ!; നിരാശയുടെ നിഴൽ; ആത്മധൈര്യം; അദ്ധ്യയനാരംഭം; സ്ഥലംമാറ്റം; ആറാംനിലയിലെ മുറി; മിതവ്യയശീലം; ക്ഷീണക്കാഴ്ചകൾ; ത്യാഗചൈതന്യം, പരീക്ഷക്കാലം; വിജയവും വിനയവും.)

VI. ആ കൂടിക്കാഴ്ച—(പിതൃസന്നിധിയിൽ; സ്ഫോടനം; വീണ്ടും പരീസിൽ; ഗവേഷണജോലി; സഹായവാഗ്ദാനം; പിയർകൂറി; പ്രഥമസന്ദർശനം; പരിചയം വർദ്ധിക്കുന്നു; ശാസ്ത്രബന്ധം; വിവാഹാഭ്യർത്ഥന.)

VII. 'മാഡംകൂറി'—(വീണ്ടും പരീസിലേയ്ക്ക്; 'മാഡംകൂറി'; മധുവിധു; കൂട്ടുജീവിതം; ദിനചര്യ; ഫെല്ലോഷിപ്പ്; മാതൃത്വം; ഗവേഷണഫലം; സ്ഫോടനം; മടക്കിക്കൊടുത്തു.

VIII. റേഡിയം ഗവേഷണം—(നിത്യവിദ്യാർത്ഥിനി; പുതിയ ഗവേഷണം; പ്രതിബന്ധങ്ങൾ; ആറാമിക് ശാസ്ത്രത്തിലേക്ക്; പിച്ച്ബ്ലെൻഡിന്റെ ശക്തി; പിയറും പങ്കെടുക്കുകയായി; പോളോണിയം; റേഡിയം; ശാസ്ത്രസമ്മതമായോ?)

IX. വിജയമകുടം—(കീടനുവേണ്ടി അപേക്ഷ; സ്ഥലത്തിന്റെ കാര്യമോ?; പണം എവിടെനിന്ന്?; കീടൻകിട്ടി; റേഡിയത്തിന്റെ പിറകേ; പ്രേരിതവികിരണപ്രവർത്തനം; മനംമടുപ്പ്; വിജയവലയം)

X. ത്യാഗപാരമ്യം—(റേഡിയത്തിന്റെ തനിനിറം; ക്ലേശത്തിന്റെ നെല്ലിപ്പടി; ശാസ്ത്രലോകത്തിന്റെ ശ്രദ്ധയിൽ; കൗൺസറിനു പ്രതിവിധി; റേഡിയത്തിന്റെ ഉടമസ്ഥത; അവരുടെ ത്യാഗം; ആദിനന്ദനങ്ങൾ; നോബൽസമ്മാനം; കീർത്തിയിൽ വൈമുഖ്യം; ആളകലുക്കല്ലും സ്ഥാനം.)

XI സുഖദുഃഖങ്ങൾ—(പെട്ടെന്നൊരു മാറ്റം; രണ്ടാമത്തെ പുത്രി; പ്രസംഗസഞ്ചാരം; വീണ്ടും വിനീതജീവിതം; പിയറിന്റെ പുതിയ ഉദ്യോഗം; മാഡംകൂറിയും ഉദ്യോഗത്തിൽ; ആ കനകസുഖല;

പിയറിന്റെ മരണം; പിയറിന്റെ അനുഗാമി ആര്?; മാഡംകൂറിതന്നെ!)

XII. ഏകയായപ്പോഴും!—(ഭാരങ്ങൾ എന്തെല്ലാം?; മക്കളും റേഡിയവും; പുതിയ വിദ്യാഭ്യാസരീതി; പ്രൊഫസ്സറെന്നനിലയിൽ; പുതിയ കണ്ടുപിടിത്തങ്ങൾ; റേഡിയം അളക്കുവാൻ; വീണ്ടും നോബൽസമ്മാനം; റേഡിയം ഇൻസ്റ്റിട്ട്യൂട്ട്; ശാസ്ത്രത്തിന്റെ ക്ഷേത്രം; ലോകമഹായുദ്ധത്തിൽ; ഒളിച്ചോട്ടക വയ്യെന്ന്)

XIII. അമ്മേരിക്കയിൽ—(കാണ്മാൻ കൊതിച്ചവർ; ആ മഹതിയുടെ സന്ദർശനം; റേഡിയംസമ്മാനം; അമ്മേരിക്കയിൽ; വിധിവൈപരീത്യം; സമുദായത്തിന്റെ കടമ; ശാസ്ത്രലോകത്തിലെ രാജ്ഞി; എല്ലാം ശാസ്ത്രത്തിനുവേണ്ടി; ദേശീയപരിതോഷികം.)

XIV. അന്തിമയത്നങ്ങൾ—(വാർദ്ധക്യമായിട്ടും!; ലാബറട്ടറിയിലേയ്ക്ക്; യിമ്മനത്തിന്റെ പോക്ക്; പ്രസംഗജോലി; സന്ദർശനങ്ങൾ; വൈദ്യപരിശോധനയിൽ; വീട്ടിലെത്തിയാലോ?; കത്തെടപാടുകൾ; ക്ഷേത്രരോഗം മൂർച്ഛിച്ചു; വീണ്ടും കഠിനയത്നത്തിൽ!; വിശ്രമത്തിനു ഭാവമുണ്ടോ?; ഒരല്ലാസയാത്ര.)

XV. പര്യവസാനം—(മറെറാരു യാത്രപറച്ചിൽ; സാനിറേറാറിയത്തിലേയ്ക്ക്; അന്തിമ നിമിഷങ്ങൾ; മരണം; അനന്തരം.)

ERNAKULAM.

മാനസകീർത്തി

1

കൊച്ചുമിടുക്കത്തി

"കുഞ്ഞേ! കുഞ്ഞൊരിയ്യൽ ഭുവനവിശ്രുതയായിത്തീരും! ഹാ!! എത്ര ശോഭനമായ രേഖകം!!!"

ഒരു പ്രവചനം.

—പോളണ്ടിന്റെ തലസ്ഥാനനഗരമായ വാർസായിലെ ഒരു തെരുവീഥിയിൽ നിന്നുകൊണ്ട് ഒരു വൃദ്ധഭിക്ഷുകി പറയുകയായിരുന്നു. കളിക്കുവാനായി വീട്ടിൽനിന്നും വഴിയിലേയ്ക്ക് ചാടിയിറങ്ങിയ ഒരു ബാലികയുടെ കൈപിടിച്ചുനോക്കിക്കൊണ്ടായിരുന്നു ഭിക്ഷുകിയുടെ ഈ പ്രവചനം. ആ ബാലികയുടെ വിശാലമായ നെറ്റിത്തടവും, അതിൽ അലതല്ലിക്കളിക്കുന്ന കറുനിരകളും, അവളുടെ ഉജ്ജ്വലങ്ങളായ നയനങ്ങളും, ചുറുചുറുക്കോടുകൂടിയ നടപ്പും, നല്ല കുറടക്കമുള്ള ആകാരകാന്തിയും ആരേയും ആകഷ്ടിക്കും; സംശയമില്ല. "കയ്യൊന്നു കാണട്ടെ മകളേ", എന്നു് കണ്ടപാടേ കിഴവി ആവശ്യപ്പെട്ടുക

യും, ബാലിക നിഷ്കളങ്കം കൈയങ്ങ നീട്ടിക്കൊടുക്ക കയും ചെയ്തു. അങ്ങനെ അവളുടെ ഹസ്തരേഖ പ രിശോധിച്ചശേഷം ഭിക്ഷുകി പറഞ്ഞ വാക്കുകളം കേട്ടപ്പോൾ, ആ ബാലികയുടെ കളിത്തോഴികളം ചുറ്റുംകൂടി കിഴവിയോട് ഓരോന്നു ചോദിക്കാൻ തുടങ്ങി. "മേരിയൊരു രാജ്ഞിയാകുമോ?" എന്നാ യിരുന്നു ഒരുത്തിയുടെ ചോദ്യം. വൃദ്ധ വിശേഷി ച്ചൊന്നും പറയാതെ സഗൗരവം അവിടെനിന്നും അന്തർദ്ധാനം ചെയ്തു.

'മാഡംകൂറി'—എന്ന നാമധേയത്തിനു് ഇ ന്നു് ലോകമാസകലം സിദ്ധിച്ചിരിക്കുന്ന പ്രസിദ്ധി യും പ്രതിഷ്ഠയും അറിയുന്നവർക്കു്, അന്നു് ആ വഴി ത്താരയിൽവെച്ചു് യാദൃച്ഛികമായുണ്ടായ ഹസ്തരേ ഖാപരിശോധനയുടെ പ്രാധാന്യം മനസ്സിലാകും. സയൻസിന്റെ മൗലികതത്ത്വങ്ങളം മാറ്റിമറിച്ചു് അത്ഭുതകരങ്ങളായ അനേകം കണ്ടുപിടിത്തങ്ങൾക്കു വഴിതെളിച്ചു്, ലോകത്തിനു് ശാശ്വതോപകാരം ചെയ്തു് ശാസ്ത്രമണ്ഡലത്തിൽ യശോധാവള്യം പര ത്തി 'റേഡിയം' പോലെ ശോഭിയ്ക്കുമാറായ 'മാഡം കൂറി' തന്നെയായിരുന്നു, ആ കിഴവി കണ്ട ബാലി ക. റഷ്യയുടെ നിത്യമായ ഭരണനൃകത്തിൻകീഴിൽ അക്കാലം ഞെങ്ങിഞെരുങ്ങിക്കഴിഞ്ഞിരുന്ന പോള ണ്ടിൽനിന്നു് ഒരു പിഞ്ചുകുഞ്ഞങ്ങനെ ഉയർന്നുവരു മെന്നോ? പാറപ്പുറത്തു് പനിനീർച്ചെടിക്കു് വേരു റയ്ക്കുക സാദ്ധ്യമോ? സ്വതന്ത്രങ്ങളായ രാജ്യങ്ങളി

ലും ജനപദങ്ങളിലും സ്വതന്ത്രരായ വ്യക്തികൾക്കു തന്നെ അവരവരുടെ വാസനാവൈഭവം അനുസരിച്ചു വളരുവാൻ എത്രയെത്ര പ്രതിബന്ധങ്ങൾ നാം കാണുന്നു! പരിതഃസ്ഥിതിയുടെ ക്രൂരമായ നിരോധം നിമിത്തം എത്രപേരുടെ വ്യക്തിവിലാസങ്ങളും പ്രതിഭാവിശേഷങ്ങളുമാണ് അലസിപ്പോകാറുള്ളതു്! വളർന്നു് വിളവരുളേണ്ടുന്ന ഇളംതൈകൾ വാടിക്കരിഞ്ഞുപോകുന്ന കാഴ്ച മമ്മദേഭകംതന്നെ! പ്രതിബന്ധങ്ങളോടു് മല്ലടിച്ചുയരുവാനുള്ള മനക്കരുത്തു് മിക്കവരിലും കാണാത്തതാണു് ഏറ്റവും ശോചനീയം! ഹസ്തരേഖയും ശിരോലിഖിതവും കൊണ്ടുമാത്രം ആരും ഉയരുകയോ താഴുകയോ ചെയ്യുന്നില്ല. "ഞാൻ എന്റെ നിയതിയുടെ യജമാനനും, ആത്മാവിന്റെ നിയന്താവുമാകുന്നു." ("I am the master of my fate, I am the captain of my soul") എന്നു് ഹെൻലി പറഞ്ഞിട്ടുള്ളതു് തികച്ചും പരമാർത്ഥമത്രേ. ആത്മവിശ്വാസവും ധൈര്യവും കൈവെടിയാതെ, ഈശ്വരദത്തമായുള്ള സമസ്തശക്തികളും പ്രയോഗിച്ചു് നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്നവർക്കു്, ഇന്നല്ലെങ്കിൽ നാളെ വിജയം കൈവരുമെന്നുള്ളതു് നിശ്ചയമാണു്. മാഡം ക്യൂറിയുടെ ചരിത്രംതന്നെ അതിനു് ഒരു മകുടോദാഹരണമാകുന്നു. നമ്മുടെ കഥാനായിക നടത്തിയ ജീവിതപ്പോരാട്ടത്തിന്റെ സ്വഭാവം ശരിയ്ക്കു് മനസ്സിലാക്കുവാൻ നാം ആദ്യംതന്നെ പോളണ്ടിലെ അന്നത്തെ രാഷ്ട്രീയസ്ഥിതി സ്വല്പം ഗ്രഹിച്ചിരിക്കണം.

പോളണ്ടിന്റെ ഉയ്ർച്ചാം എന്നേ തുടങ്ങിയ താണ്. അസൂയാലുക്കളായ അയൽരാജ്യക്കാർ പോളണ്ടിനെ പല തുണ്ടുകളായി മുറിച്ചു പങ്കുവെച്ചിരുന്ന കാലമായിരുന്നു അത്. കിഴക്കുഭാഗം മുഴുവനും റഷ്യയുടെ വായിലും, പടിഞ്ഞാറ് ഒരംശം ജർമ്മനിയുടെ പിടിയിലും, മറ്റൊരംശം ആസ്ട്രിയായുടെ ചൊല്പടിയിലുമായിരുന്നു. അങ്ങനെ മൂന്നായി മുറിച്ചിട്ടും മുറിക്കുട്ടുവാൻ ഉന്നംവച്ചവരായിരുന്ന ധീരരായ പോളണ്ടുകാർ. പക്ഷേ, പാരതന്ത്ര്യച്ചങ്ങല പൊട്ടിച്ചെറിയുവാൻ അവർ ചെയ്ത അക്ഷീണയത്നങ്ങളെല്ലാംതന്നെ, അല്പമാത്രമായുണ്ടായിരുന്ന സ്വാതന്ത്ര്യത്തെപ്പോലും ഹനിക്കുന്നതിനേ ഉപകരിച്ചുള്ളൂ. ദേശാഭിമാനികളായ എത്രയെത്ര വ്യക്തികളാണ് റഷ്യാക്കാരുടെ വെടിയുണ്ടയിൽ പൂകഞ്ഞും, സൈബീരിയായിലെ മഞ്ഞിൽ മരവിച്ചും മൺമറഞ്ഞതെന്നുള്ളതിനും കണക്കില്ല. ഇത്തരം ദണ്ഡനീതികളുടെ നടുവിലായിരുന്നു നമ്മുടെ കഥാനായികയുടെ നിവാസമെന്നു് നാം പ്രത്യേകം ഓർത്തിരിക്കണം. തനി റഷ്യൻമയമായിരുന്നു അവിടത്തെ ഭരണപരിപാടികളത്രയും. വിദ്യാഭ്യാസംതന്നെ റഷ്യൻ മാതൃകയിലായിരുന്നു. റഷ്യാക്കാരുടെ ഭാഷയും, അവരുടെ സംസ്കാരവും, അവരുടെ പ്രതാപം ഘോഷിക്കുന്ന ചരിത്രവും, റഷ്യൻ മേധാവിത്വം പുലർത്തുന്നതിനുപകരിക്കുന്ന മറ്റു പാഠ

റഷ്യൻ സ്ഥിതി

ങ്ങളുമാണ് പോളണ്ടിലെ കുട്ടികൾ പഠിക്കേണ്ടിയിരുന്നത്. പോളണ്ടിന്റെ വിജ്ഞാനകേന്ദ്രമായിരുന്ന വാർസാ സർവ്വകലാശാലതന്നെ റഷ്യൻഭരണകൂടത്തിന്റെ ഒരു കാവൽഗോപുരമായിരുന്നുവെന്നു പറയാം. പോളണ്ടിനെ ഭരിച്ചിരുന്ന വീരമണികളായ രാജാക്കന്മാരുടേയും രാജ്യതന്ത്രജ്ഞന്മാരുടേയും ചരിത്രത്തെ പുറംതള്ളി, റഷ്യൻഭരണാധികാരികളുടെ അപദാനങ്ങളെ കീർത്തിക്കുന്ന പുസ്തകങ്ങൾക്കു് അഗ്രപൂജ നല്കേണ്ടിവന്നു, പോളണ്ടിലെ ബാലികാബാലന്മാർ! വിദ്യാലയങ്ങളുടെ ഭരണം നടത്തിയിരുന്ന റഷ്യൻ ഉദ്യോഗസ്ഥന്മാരാകട്ടെ, പോളണ്ടുകാരുടെ രഹസ്യജീവിതംപോലും ഉറ്റുനോക്കി അവരെ രാഷ്ട്രീയകുറ്റത്തിനു് ഒറ്റിക്കൊടുക്കാൻകൂടി ചുമതലപ്പെട്ട ചാരന്മാരായിരുന്നുതാനും.

സ്ക്ലോഡോസ്കി കുടുംബം

വാർസാനഗരത്തിൽ നമ്മുടെ കഥാനായികയുടെ വീടിനു് തൊട്ടടുത്തുതന്നെ 'നോവ്ലിപ്കി' എന്ന തെരുവിൽ ഒരു വിദ്യാലയമുണ്ടായിരുന്നു. മാധ്യംകൂറിയുടെ പിതാവായ 'വാഡിസ്ലാവ് സ്ക്ലോഡോസ്കി' ജോലിചെയ്തിരുന്നതു് ആ വിദ്യാലയത്തിലാണു്. അവിടത്തെ ഫിസിക്സ് അദ്ധ്യാപകനായിരുന്ന അദ്ദേഹം. ആ വിദ്യാലയത്തിലെ മേലധികാരി 'ഇവാനോവ്' എന്നപേരുള്ള ഒരു റഷ്യാക്കാരനായിരുന്നു—റഷ്യൻ താല്പര്യങ്ങളെ പരിരക്ഷിക്കുവാൻ ഉഗ്രവ്രതമെടുത്തിരുന്ന ഒരുദ്യോഗ

സ്ഥൻ! സ്കോഡോസ്കിയാണെങ്കിൽ, ദേശാഭിമാനം തികഞ്ഞ ഒരു പോളണ്ടുകാരനും! ഇവർ തമ്മിൽ നിത്യേനയെന്നോണം ഉണ്ടായിക്കൊണ്ടിരുന്ന ഏറ്റുമുട്ടലുകൾക്കു് കണക്കില്ല. തന്റെ മേലധികാരിയിൽ നിന്നു് എന്തെല്ലാം മർദ്ദനങ്ങൾ അനുഭവപ്പെട്ടാലും, പരിതഃസ്ഥിതികളുടെ പ്രതികൂല്യംമൂലം അടങ്ങിയൊതുങ്ങിക്കഴിയുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ, ആ ദേശഭക്തനു്!

സ്കോഡോസ്കിയ്ക്കു് ആകെ അഞ്ചു സന്താനങ്ങളാണു് ഉണ്ടായിരുന്നതു്—നാലു പുത്രിമാരും, ഒരു പുത്രനും. എല്ലാവരിലും ഇളയ സന്താനമായിരുന്ന നമ്മുടെ ചരിത്രനായിക. പോളണ്ടിൽ കുട്ടികളുടെ സാക്ഷാൽപ്പേരുകളെക്കാൾ ഓമനപ്പേരുകൾക്കാണു് പ്രാധാന്യം. മൂത്തമകളുടെ പേരു 'സോഫി' എന്നായിരുന്നുവെങ്കിലും 'സോസിയ' എന്നാണു് വിളിച്ചിരുന്നതു്. രണ്ടാമത്തെപുത്രി 'ബ്രോണിസ്ലാവ'യെ 'ബ്രോണിയാ' എന്നും 'ഹെലൻ' എന്ന മൂന്നാമത്തെ പുത്രിയെ 'ഹെല' എന്നും വിളിച്ചിരുന്നു. നാലാമത്തെ സന്താനം ഒരാൺകുട്ടിയായിരുന്നു. 'ജോസഫ്' എന്ന പേരിട്ട ആ കുട്ടിയെ 'ജോസിയോ' എന്നു വിളിച്ചെങ്കിലേ സ്കോഡോസ്കിക്കും മാഡംസ്കോഡോസ്കിയ്ക്കും തൃപ്തിവന്നിരുന്നുള്ളൂ. അവരുടെ ദാമ്പത്യത്തെ അവസാനമായി അനുഗ്രഹിച്ച അഞ്ചാമത്തെ സന്താനം—നമ്മുടെ കഥാനായിക—1867 നവംബർ 7-ാം തിയ്യതി ജനിച്ചു. മേരി

എന്നാണ് ആ കുഞ്ഞിനു പേരിട്ടതു്. പക്ഷേ, വിളിപ്പേരുകൾ പലതായിരുന്നു. 'മാൻസൂസിയ', 'മാനീയ', 'ആൻസൂപേഷിയോ' എന്നിങ്ങനെ പല പല പേരുകൾകൊണ്ടു് പിതാക്കൾ ആ കനിഷ്ഠസന്താനത്തെ ഓമനിച്ചു.

മാഡം സ്ക്കോഡോസ്കിയുടെ ആരോഗ്യത്തിനു് ഇടക്കാലത്തുവെച്ചു് വലിയ ഹാനി നേരിട്ടു. ഗ്രഹനായകനു കിട്ടുന്ന തുച്ഛമായ ശമ്പളംകൊണ്ടു് ഭാരിച്ച ഒരു കുടുംബം പുലർത്തുവാൻ വിഷമിക്കുക, മനുഷ്യത്വമെന്തെന്നറിയാത്ത മേലധികാരിയുമായി സദാ മല്ലടിച്ചു കഴിയേണ്ടിയിരുന്ന ഭർത്താവിന്റെ മനഃസ്വാസ്ഥ്യത്തിൽ പങ്കുകൊള്ളുക—എന്നിങ്ങനെ പല കാരണങ്ങൾകൊണ്ടുമാവാം, ആ സാധ്വിയുടെ ആരോഗ്യത്തിനു് അകാലത്തിൽത്തന്നെ ക്ഷതം തട്ടിയതു്. അഞ്ചാമത്തെ പ്രസവം കഴിഞ്ഞപ്പോഴേക്കും അവരുടെ ക്ഷീണം വല്ലാതെ മൂർച്ഛിച്ചു. എന്തിനേറെ? മാഡം സ്ക്കോഡോസ്കി ഒരു ക്ഷയരോഗിണിയായിത്തീർന്നു! പണ്ടേ ജീവിതക്ലേശത്തിൽ ആണ്ടിരുന്ന സ്ക്കോഡോസ്കിയുടെ തലയിൽ വീണപുതിയൊരു തീയുണ്ടയായിരുന്നു ഭാര്യയുടെ ഈ മാറാരോഗം. വിദ്യാലയത്തിലെ ജോലിക്കുപുറമെ അദ്ദേഹത്തിനു വീട്ടിലും പിടിപ്പതു ജോലിയായി. ഭാര്യയെ ശുശ്രൂഷിക്കുക, പിഞ്ചുപൈതലായ മേരിയുൾപ്പെടേയുള്ള സന്താനങ്ങളെയെല്ലാം സംരക്ഷിക്കുക, ഭാര്യയുടെ രോഗംനിമിത്തം വന്നുകൂടിയ കൂട്ട

മേരിയുടെ ബാല്യം

തൽ ചിലവുകൾക്ക് വക കാണുക—മുതലായി പുതിയ പുതിയ ചുമതലകൾ പലതും ചെന്നുപതിച്ചു, ആ ഗൃഹനായകന്റെ ചുമലിൽ!

മേരിയുടെ ജ്യേഷ്ഠസഹോദരിയായ സോസിയായ്ക്ക് കഥ പറയുവാൻ നല്ല സാമർത്ഥ്യമുണ്ടായിരുന്നു. അമ്മയുടെ പരിലാളനം പ്രായേണ നഷ്ടപ്പെട്ടുപോയ മേരിയ്ക്ക് ഈ സഹോദരിയുടെ സാഹചര്യം വിശേഷിച്ചും സന്തോഷകരമായിരുന്നു. ജ്യേഷ്ഠത്തിയെക്കൊണ്ട് സമയത്തും അസമയത്തും കഥ പറയിക്കുകതന്നെയായിരുന്നു മേരിയുടെ ഒരു പ്രധാന ജോലി. കുഞ്ഞുസഹോദരിയെ രസിപ്പിക്കുവാൻ തന്റെ കലവറയിലുള്ള കഥകൾ തീരുമ്പോൾ പുതിയ പുതിയ കഥകൾ ഉണ്ടാക്കിപ്പറയുവാനും ജ്യേഷ്ഠത്തി മുതിർന്നിരുന്നു. പറയുന്നതെല്ലാം ഒന്നും വിടാതെ ഉറഞ്ഞുശ്രദ്ധിക്കുന്നതിലായിരുന്നു മേരിയുടെ സാമർത്ഥ്യം. അതുപോലെതന്നെ, വിജനസ്ഥലങ്ങളിൽ ഏകാകിനിയായിരുന്നു ചിന്തിക്കുവാനും അവർക്കു ചെറുപ്പത്തിലേ ഒരു പ്രത്യേക വാസനയുണ്ടായിരുന്നു.

മൂത്തസഹോദരിയിൽനിന്നു കഥകൾ കേട്ടു രസിച്ചതോടെ, രണ്ടാമത്തെ സഹോദരി മുഖേന ക്ലാസ്സിലെ ചില പാഠങ്ങൾ പഠിക്കുവാനും മേരിയ്ക്ക് സൌകര്യം സിദ്ധിച്ചു. ബ്രോണിയ എന്ന ആ സഹോദരി മേരിയുടെ അദ്ധ്യാപികയായിത്തീർന്ന കഥ രസകരമാണ്. പാഠങ്ങൾ എത്ര പണി

'കൊച്ചു മിടുക്കത്തി'

പ്പെട്ട വായിച്ചാലും തലയിൽ കയറുകയില്ലെന്നൊ രു തരക്കേടുണ്ടായിരുന്നു ബ്രോണിയായ്ക്ക്. അതി നു് അവൾതന്നെ കണ്ടുപിടിച്ച ഒരു വിദ്യയാണു് സ്വന്തം പാഠങ്ങൾ മേരിയെ പഠിപ്പിക്കുകയെന്നതു്. ഒരു പിഞ്ചുപൈതലിന്റെ തലയിൽ തന്റെ പാഠ ങ്ങൾ അടിച്ചുകയറുവാൻ സാധിക്കുമെങ്കിൽ, താൻ ജയിച്ചുവെന്നു് അവൾ കരുതിയതിൽ അപാകമില്ല. പഠിക്കുവാൻ പ്രയാസം തോന്നുന്നവർക്കു് പരീക്ഷി ച്ചുനോക്കാവുന്ന കൈകണ്ട ഒരു വിദ്യതന്നെ! സ ഹോദരിയുടെ സ്വാർത്ഥത്തിൽനിന്നു മുളയെടുത്ത ഈ അദ്ധ്യാപനപ്രസ്ഥാനംകൊണ്ടു് മേരി, ഏതാ യാലും, മുതലെടുത്തു. ജ്യേഷ്ഠത്തിയുടെ പാഠങ്ങൾ അനുജത്തി കൂടുതൽ നന്നായി പഠിച്ചുകൊണ്ടിരുന്നു പോലും! ഒരു ദിവസം അച്ഛനമ്മമാരുടെ മുമ്പിൽ ബ്രോണിയ തന്റെ പാഠങ്ങൾ വായിച്ചുകേൾപ്പിക്കേ ണ്ടിവന്നപ്പോൾ, അവൾ വല്ലാതൊന്നു വിഷമിച്ചു. തപ്പിത്തടഞ്ഞു തകരാറായിട്ടായിരുന്നു അവളുടെ വായന. മാതാപിതാക്കൾക്കുത്തു് രസിച്ചില്ല. മേരി ഉടനെ പുസ്തകം തട്ടിപ്പറിച്ചെടുത്തു് പാഠം അസ്സ ലായങ്ങു് വായിച്ചു. അച്ഛനും അമ്മയും അത്ഭുതസ്ത ബ്ധരായി. അവരുടെ ഭാവഭേദം കണ്ടപ്പോൾ മേ രി തെല്ലൊന്നമ്പരന്നു. പഠിക്കുവാൻ പ്രയമാകു ന്നതിനുമുമ്പു് ജ്യേഷ്ഠത്തിയുടെ പാഠങ്ങൾ പഠി ച്ചുവെച്ചതിനു് ശകാരം കിട്ടുമോ എന്നായിരുന്നു പൈതലിന്റെ പേടി. അവൾ പൊട്ടിക്കരഞ്ഞു.

അച്ഛൻ അവളെ വാരിയെടുത്ത് ആലിംഗനം ചെയ്തപ്പോഴേ പിതാക്കളുടെ അന്തഃസ്ഥിതം അവൾക്ക് മനസ്സിലായുള്ളൂ. 'കൊച്ചുമിടുക്കത്തീ, നീയെന്തിനു കരയുന്നു' എന്നു് അമ്മയുടെ അഭിനന്ദനവചനംകൂടി കേട്ടപ്പോൾ അവൾക്കാശ്വാസമായി.

വിദേശ മേധാവിത്വത്തിന്റെ കരാളവക്ത്രത്തിൽപ്പെട്ടുഴലുന്ന മാതൃരാജ്യത്തിന്റെ യാതനകളും, അവയേക്കുറിച്ചുള്ള പ്രതിഷേധങ്ങളും സ്റ്റാഡോസ്റ്റികുടുംബത്തിൽ രഹസ്യമായിട്ടാണെങ്കിലും സദാ തിരതല്ലിക്കൊണ്ടിരുന്നു. മിക്കവാറും രോഗശയ്യയിൽത്തന്നെ കഴിച്ചുകൂട്ടിയിരുന്ന മാഡം സ്റ്റാഡോസ്റ്റിയുടെ ഹൃദയവും പോളണ്ടിന്റെ ദുരന്തദുരിതങ്ങളോർത്തു് വെന്തുനീറുകയായിരുന്നു. ആ കുടുംബത്തിൽ രാഷ്ട്രീയകാര്യങ്ങളേക്കുറിച്ചുള്ള എന്തെങ്കിലും പരാമർശനങ്ങളും നടക്കാത്ത ദിവസങ്ങളും ചുരുക്കമായിരുന്നുവെന്നു് പറയാം. ഗൃഹനായകനു് തന്റെ റഷ്യൻമേലധികാരിയിൽ നിന്നനുഭവപ്പെട്ടുകൊണ്ടിരുന്ന ശല്യങ്ങളുംതന്നെ മിക്കദിവസങ്ങളിലും ഈ സംഭാഷണത്തിനു വിഷയമുണ്ടാക്കിക്കൊടുത്തിരുന്നുവെന്നു് വിചാരിക്കുന്നതിൽ തെറ്റില്ല. അച്ഛനമ്മമാരുടേയും മറ്റും സംഭാഷണത്തിൽ നിന്നു്, 'ഇവാനോവ്.... സാർ..... ...സൈബീരിയ' എന്നിങ്ങനെ ചില 'ഊരും പേരും' പൈതങ്ങളുടെ മനസ്സിലും ഊറി വീണുകൊണ്ടിരുന്നു. ആ സംഭാ

സ്വര മനോഭാവം

ഷണങ്ങളുടെ ഉൗടറിയുവാൻ മേരിയ്ക്കും മറ്റും കഴിഞ്ഞിരുന്നില്ലെങ്കിലും, എന്തോ അവ്യക്തമായ ഒരു സമരമനോഭാവം അവരുടെ അന്തരാത്മാവിൽ വളർന്നിരുന്നുവെന്നതിനു് സംശയമില്ല. അതിന്റെ പ്രതിഫലനം അവരുടെ ബാലലീലകളിൽ തെളിഞ്ഞു കണ്ടിരുന്നതാണും. രണ്ടു ചേരികളായി തിരിഞ്ഞു് യുദ്ധം ചെയ്യുകയായിരുന്നു സ്കോഡോസ്കിക്കുഞ്ഞുങ്ങളുടെ സാധാരണ വിനോദം. മേരി, തന്റെ ഗുരുനാഥയായ ബ്രോണിയായുടെ ഭാഗത്തായിരുന്നു ചേരുക പതിവു്. ബ്രോണിയ കമാൻഡറായും, മേരി ലഫ്ടനൻറായുമാണു് വേഷം കെട്ടുക. ഈ യുദ്ധത്തിൽ ആയുധങ്ങളും ശേഖരിക്കുന്ന കൂമതലമുഖ്യമായേറെറടുത്തിരുന്നതു് മേരിയായിരുന്നു. ഭാവിജീവിതത്തിൽ നടത്തേണ്ടിയിരുന്ന ഘോരമായ പോരാട്ടത്തിന്റെ പ്രഥമ പരിശീലനം നേടുകയായിരുന്നുവോ ആ കുട്ടികൾ?

ശാസ്ത്രീയോപകരണങ്ങൾ

ഒരദ്ധ്യാപകന്റെ നിലയിൽ സ്കോഡോസ്കി പഠിപ്പിച്ചിരുന്ന പ്രത്യേക വിഷയം ഫിസിക്സ് (പദാർത്ഥവിജ്ഞാനീയം) ആണെന്നു മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. ആ വിഷയം സംബന്ധിച്ചുള്ള സാമഗ്രികളും ശാസ്ത്രീയോപകരണങ്ങളും സഹൃഹത്തിൽത്തന്നെയാണു് അദ്ദേഹം സൂക്ഷിച്ചിരുന്നതു്. അദ്ദേഹത്തിന്റെ പഠനമുറി പദാർത്ഥവിജ്ഞാനീയത്തിന്റെ ഒരു പ്രദർശനശാലയായിരുന്നുവെന്നു

പറയാം വീട്ടിൽത്തന്നേയുള്ള ഈ സജ്ജീകരണങ്ങളും അദ്ദേഹത്തിന്റെ സന്താനങ്ങളിൽ ശാസ്ത്രാഭിരുചിയെ അങ്കുരിപ്പിക്കുവാൻ സഹായിച്ചു. മേരി ആ മുറിയിൽ കടന്നു് അതുമിതും ഉറ്റുനോക്കിപ്പരിശോധിക്കുക പതിവായിരുന്നു. ഒരു ദിവസം മേരി ആരുമറിയാതെ പിതാവിന്റെ പഠനമുറിയിൽ പ്രവേശിച്ചു് അവിടെ ഒരു മേശമേൽ നിരത്തി വെച്ചിരുന്ന പദാർത്ഥങ്ങളെ കൈപ്പെരുമാറ്റം ചെയ്യുവാൻ ഭാവിക്കുമ്പോഴാണു് അച്ഛൻ പെട്ടെന്നവിടെ കടന്നുചെന്നതു്. ശകാരം കിട്ടുമോ എന്നു ശങ്കിച്ചു് അവൾ പിതാവിനെ നോക്കി. ആ ചെറുനയനങ്ങളിൽ ഭയവും ജിജ്ഞാസയും തുളുമ്പിനില്ക്കുന്നതായിക്കണ്ട പിതാവാകട്ടെ, അവളെ ശാന്തമായി തലോടിക്കൊണ്ടു് ആ സാമഗ്രികളുടെ സ്വഭാവം അവൾക്കു് വിവരിച്ചു കൊടുത്തു. ഭാവനവിശ്രുതയായിത്തീരുവാനിരുന്ന തനിക്കു് ആദ്യമായി ലഭിച്ച ഈ ശാസ്ത്രാഭ്യസനം അവൾ ആജീവനാന്തം അനുസ്മരിച്ചിരുന്നു. തന്റെ പിഞ്ചുപുത്രിയുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിനു് താൻചെയ്ത ചെറിയ ശ്രമം ഭാവിയിൽ എത്ര വലിയ ഫലങ്ങളേയാണു് ഉളവാക്കുവാനിരുന്നതെന്നു് പിതാവു് അപ്പോൾ അറിഞ്ഞിരുന്നില്ല.

II

വിദ്യാലയജീവിതം

കേവലം ബാലകലവികളിൽ കഴിഞ്ഞിരുന്ന കാലത്തുപോലും, പഠനത്തിൽ അസാധാരണ സാമർത്ഥ്യം കാണിച്ചിരുന്ന മേരിയെ ഇതരംഭേഷ്ടം നിനാം കാണുന്നതു്, മറ്റപ്രകാരം സ്കൂളിൽ ചേർന്നു പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയായിട്ടാണു്. വാർസായിൽത്തന്നെ പെൺകുട്ടികൾക്കുവേണ്ടി നടത്തിയിരുന്ന ഒരു പ്രൈവറ്റ് വിദ്യാലയത്തിലാണു് അവൾ ആദ്യം പ്രവേശിച്ചതു്. 'ഷിക്കോർസ്ക,' എന്ന ഒരു പോളീഷ് വനിതയുടെ പ്രവർത്തനത്തിലായിരുന്ന ആ വിദ്യാലയം. 'ടപ്സിയ' എന്ന ഒരുത്തിയായിരുന്നു മേരിയുടെ അദ്ധ്യാപിക. വിദ്യാലയത്തിൽ നമ്മുടെ കഥാനായികയുടെ സാമർത്ഥ്യവിശേഷങ്ങൾ വെളിപ്പെടുവാൻ അധികകാലം വേണ്ടിവന്നില്ല. അവൾ ഗുരുജനങ്ങളുടേയെല്ലാം കണ്ണിലുണ്ണിയും, മറ്റു വിദ്യാർത്ഥിനികൾക്കൊരു മാതൃകയുമായിത്തീർന്നു.

പോളണ്ടുകാർ നടത്തുന്ന ഇത്തരം പ്രൈവറ്റ് വിദ്യാലയങ്ങൾ റഷ്യൻ മേധാവികളുടെ നിശിതനിരീക്ഷണത്തിനു വിഷയമായിരുന്നുവെന്നു് എടുത്തു പറയേണ്ടതില്ലല്ലോ. റഷ്യൻ ഭാഷയും, റഷ്യയുടെ ചരിത്രത്തിനും സർവ്വപ്രാധാന്യം കല്പിക്കപ്പെ

ട്ടിരുന്ന അന്നത്തെ പോളീഷ് വിദ്യാലയങ്ങളിൽ, പോളണ്ടുകാരുടെ ഭാഷയും ചരിത്രവും പഠിപ്പിക്കണമെങ്കിൽ, അതു് വളരെ ഉപായത്തിൽ വേണ്ടിയിരുന്നു. മേരി പഠിച്ചിരുന്ന സ്കൂളിൽ അതിന്റെ പ്രവർത്തകർ ആ ഉപായം ഒട്ടൊട്ടു് പ്രയോഗിച്ചിരുന്നതാണും. സ്വതവേ ദേശഭക്തയായിരുന്ന മേരി സ്വഭാഷയും, സ്വദേശചരിത്രവും പഠിക്കുവാൻ ലഭിച്ച ഈ സൗകര്യം നല്ലവണ്ണം ഉപയോഗപ്പെടുത്തി. അതോടൊപ്പം, റഷ്യൻ ഭാഷയും റഷ്യൻ ചരിത്രവും പഠിക്കാനും അവൾ അമാന്തം വരുത്തിയില്ല. ഈ ഒടുവിൽ പറഞ്ഞ വിഷയങ്ങളിൽ അവൾ നേടിയ പരിജ്ഞാനം, ചിലപ്പോൾ റഷ്യൻ മേധാവികളുടെ കണ്ണിൽ പൊടിയിടുവാൻ അവളുടെ അദ്ധ്യാപികമാർ ഉപയോഗപ്പെടുത്താറുണ്ടായിരുന്നു. ഒരു സംഭവം പറയാം.

ഒരു ദിവസം ക്ലാസ്സിൽ പോളീഷ് ചരിത്രം പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ "ണീം....ണീം....ണീം" എന്നൊരു മണിയുടെ ശബ്ദം. അദ്ധ്യാപികയും അദ്ധ്യാപികമാരും ഒന്നു ഞെട്ടി. റഷ്യൻ ഇൻസ്പെക്ടരുടെ ആഗമനത്തെ മുൻകൂട്ടി അറിയിക്കുവാൻ പടികാവൽക്കാരൻ മുഴക്കിയ മണിനാദമായിരുന്നു അതു്. രണ്ടുമൂന്നു വിദ്യാർത്ഥിനികൾ പെട്ടെന്നെണീറ്റു്, പോളീഷ് ഭാഷയിലുള്ള എല്ലാപുസ്തകങ്ങളും

വിദ്യാലയത്തെ രക്ഷിച്ചതു്.

വാരിയെടുത്തു് അടുത്ത മുറിയിൽ കൊണ്ടുചെന്നൊ
ളിച്ചുവെച്ചിട്ടു് യഥാസ്ഥാനങ്ങളിൽ ചെന്നിരുന്നു.
പരുന്തിന്റെ ചൂളംവിളികേട്ട കോഴിക്കുഞ്ഞുങ്ങൾ
ക്കുണ്ടാകാവുള്ള പരിഭ്രമമാണു് ആ കുട്ടികളിൽ
അപ്പോൾ കണ്ടതു്. ആ ക്ലാസ്സിൽ ഉടനെ തുന്നൽ
വേല ആരംഭിച്ചു. അദ്ധ്യാപിക ഒരു റഷ്യൻ പുരാ
ണം തുറന്നു് മേശപ്പുറത്തുവെച്ചു. അങ്ങനെ ഇൻ
സ്പെക്ടരെ സന്തോഷിപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്തു
കഴിഞ്ഞതും, ക്ലാസ്സുമുറിയുടെ വാതിൽ തള്ളിത്തുറ
ന്നു് ആ ഉദ്യോഗസ്ഥൻ അകത്തു കടന്നതും ഒന്നിച്ചു
കഴിഞ്ഞു.

'ഹോൺബർഗ്' എന്നു പേരുള്ള ഒരു ഗംഭീര
പുരുഷനായിരുന്നു പരിശോധനയ്ക്കെത്തിയ ആ റ
ഷ്യൻ മേധാവി. അദ്ദേഹത്തെ അനുഗമിച്ചിരുന്ന
സ്ഥൂലാകാരനായ 'ഷിക്കോർസ്കി'യുടെ വദനം വ
ല്ലാതെ വിളറിയിരുന്നു; തന്റെ വിദ്യാലയത്തിനു്
എന്താണു് സംഭവിക്കുവാൻ പോകുന്നതെന്നായിരു
ന്നു അവളുടെ ഭയം. 'ടപ്പ്സിയ' പുഞ്ചിരിയി
ടുവാൻ പണിപ്പെട്ടുവെങ്കിലും അതവളുടെ വരണ്ട
ചുണ്ടിൽ തങ്ങിപ്പോകയാണുണ്ടായതു്. കുട്ടികൾ
നിശ്ശബ്ദരായി എണീറ്റുനിന്നു. ഇൻസ്പെക്ടർ കയ
റിയപാടേ എഴുത്തുമേശയുടെ മൂടി ഒന്നു പൊക്കി
നോക്കി. ഭാഗ്യത്തിനു് വ്യാജച്ചരക്കൊന്നും ക
ണ്ടില്ല. ഷിക്കോർസ്കിയുടെ വിളറിയ മുഖം തെ
ല്ലൊന്നു തെളിഞ്ഞു. "ആഴ്ചയിൽ രണ്ടു മണിക്കൂർ

ഇവക്കു തുന്നലാണു്"—ഇൻസ്പെക്ടരോടു് ഇതുയും പറയാൻ അവക്കു ധൈര്യമുണ്ടായി. ആ ഉദ്യോഗസ്ഥൻ അവിടെ ഒരു കസാലയിൽ ഇരുന്നു. "ഈ കുട്ടികളിൽ ആരെയെങ്കിലും വിളിക്കുക"—അദ്ധ്യാപികയോടായി അയാൾ ആവശ്യപ്പെട്ടു. മൂന്നാമത്തെ വരിയിൽ ആദ്യമായി ഇരുന്നിരുന്ന മേരി പെട്ടെന്നു് മുഖം തിരിച്ചു. അവൾക്കറിയാമായിരുന്നു, അവളുടെ ജോലിയാണു് ഇനിയത്തേതെന്നു്. "ദൈവമേ, എന്നെ വിളിച്ചേക്കരുതേ...." അവൾ മനസാ പ്രാർത്ഥിച്ചു. എന്നാൽ മേരി തന്നെയാണു് ഇൻസ്പെക്ടരെ നേരിടുവാൻ നിയോഗിക്കപ്പെട്ടതു്. വരണ്ട തൊണ്ടയോടും, തുടിക്കുന്ന ഹൃദയത്തോടുംകൂടി അവൾ പതുക്കെ നിവർന്നുനിന്നു. "പ്രാർത്ഥന ചൊല്ലുക"—ഇൻസ്പെക്ടർ ആജ്ഞാപിച്ചു. പ്രാർത്ഥനപോലും റഷ്യൻ ഭാഷയിൽ വേണമെന്നു് നിർബ്ബന്ധമായിരുന്നു. ആ ചെറുവിദ്യാർത്ഥിനി എതുയും വ്യക്തമായി റഷ്യൻ ഭാഷയിൽ പ്രാർത്ഥന ചൊല്ലി. പിന്നീടു് റഷ്യൻ ചരിത്രം സംബന്ധിച്ചു ചോദിച്ചു ചോദ്യങ്ങൾക്കും അവൾ ശരിയായി ഉത്തരം പറഞ്ഞു. ഒടുവിൽ, ഇൻസ്പെക്ടരുടെ ഒരു ചോദ്യം: "ആരാണു് നമ്മെ ഭരിക്കുന്നതു്?" "അലക്സാണ്ടർ രണ്ടാമൻ തിരുമേനി, എല്ലാ റഷ്യാക്കാരുടേയും രാജാവു്"—മേരിയുടെ മറുപടി. റഷ്യാക്കാരുടെ രാജാവു് എന്നു് പറഞ്ഞതിന്റെ വ്യംഗ്യം ഇൻസ്പെക്ടർക്കു മനസ്സിലായില്ല. ഏതായാലും, പരിശോധനയങ്ങനെ

കലാശിച്ചു. ആ ഉദ്യോഗസ്ഥൻ പടികടന്നപ്പോൾ, അദ്ധ്യാപിക മേരിയെ വാത്സല്യപൂർവ്വം ഒന്നു ചുംബിച്ചു. സതീർത്ഥ്യർ അവളെ അഭിനന്ദിക്കുകയും ചെയ്തു.

മേരി, ഇങ്ങനെ, വിദ്യാലയത്തിൽ സ്വസാമർത്ഥ്യം വെളിപ്പെടുത്തിക്കൊണ്ടിരുന്നതിനിടയ്ക്ക്, കുടുംബത്തിലെ ക്ലേശങ്ങൾ ഒന്നിനൊന്നു വർദ്ധിച്ചുവരികയായിരുന്നു. അവളുടെ പിതാവായ സ്കോഡോസ്കിയ്ക്ക് തന്റെ റഷ്യൻ മേലധികാരിയായ ഇവാനോവിൽ നിന്നുണ്ടായിക്കൊണ്ടിരുന്ന ശല്യങ്ങളായിരുന്നു കുടുംബത്തിനു നേരിട്ട പ്രധാനകെടുതി. നിഷ്ഠുരനായ ആ മേലുദ്യോഗസ്ഥൻ സ്കോഡോസ്കിയെ തരം താഴ്ത്തുകയും, അദ്ദേഹത്തിന്റെ ശമ്പളം വെട്ടിക്കുറയ്ക്കുകയും ചെയ്തുവെന്നു മാത്രമല്ല, ഗവർമ്മേണ്ടുവകയായി സൗജന്യപൂർവ്വം അനുവദിച്ചിരുന്ന താമസസ്ഥലത്തുനിന്ന് സ്കോഡോസ്കികുടുംബത്തെ ഇറക്കിവിടുകയും ചെയ്തു. ദേശാഭിമാനം തികഞ്ഞ ആ പോളീഷ് കുടുംബത്തോടു് എന്തൊന്നു കടുംകൈകൾ ചെയ്യാലാണു് ആ റഷ്യൻ മേധാവിയ്ക്കു് മതിവരിക! ആ കുടുംബം വലിയ ക്ലേശത്തിലായി. സ്കോഡോസ്കി പുതിയൊരു വാസസ്ഥലം വാടകയ്ക്കെടുത്തു. പക്ഷെ തന്റെ തുച്ഛമായ ശമ്പളംകൊണ്ടു് കെട്ടിടവാടക കൊടുക്കുവാനും, കുടുംബം പുലർത്തുവാനും അദ്ദേഹം വളരെ വിഷമിച്ചു. ട്യൂഷനു് വരുന്നുണ്ടായിരുന്ന രണ്ടുമൂന്നു വിദ്യാർത്ഥികളെ ത

കുടുംബക്ലേശങ്ങൾ

ന്റെകൂടെ താമസിപ്പിച്ച് അവരിൽനിന്നു കിട്ടുന്ന ബോർഡിംഗ്ഫീസുകൊണ്ട് ഈ വിഷമത്തിനു പരിഹാരമുണ്ടാക്കാമോ എന്നു അദ്ദേഹംപരീക്ഷിച്ചു. സ്റ്റാഡോസ്റ്റിയുടെ ബുദ്ധിമുട്ട വർദ്ധിക്കുന്തോറും ബോർഡിംഗ്വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിപ്പിക്കുകയായി. ഒടുവിൽ അവർ എട്ടുപത്തു പേരായിത്തീർന്നപ്പോൾ, സ്റ്റാഡോസ്റ്റിയുടെ സ്വന്തം കുടുംബാംഗങ്ങൾക്ക് ജീവിതസൌകര്യം വളരെ കുറഞ്ഞു. ആ പെരിയ കെട്ടിടത്തിന്റെ നല്ല ഭാഗങ്ങളും താമസക്കാർക്കു വിട്ടുകൊടുത്തിട്ട്, വീട്ടുകാർ കണ്ട മുക്കിലും മൂലയിലും ഞെരുങ്ങിക്കഴിയേണ്ടതായിട്ടാണ് വന്നതു്.

അവിടെ താമസിച്ചിരുന്ന വിദ്യാർത്ഥികളിൽ ഒന്നുരണ്ടുപേർക്ക് ഒരിക്കൽ 'ടൈഫോയിഡ്' ബാധിച്ചു. സ്റ്റാഡോസ്റ്റികുടുംബത്തിന്റെ ശ്രദ്ധാപൂർവ്വമായ പരിചരണംകൊണ്ട് ആ വിദ്യാർത്ഥികളുടെ സുഖക്കേടു് മാറിയെങ്കിലും, മേരിയുടെ മൂത്ത സഹോദരികളായ സോസിയായും ബ്രോണിയായും പനിപിടിച്ചു കിടപ്പിലായി. 'ക്ഷനിമേൽ കുരുവെന്നോണം' ഇതു് ആ കുടുംബത്തിന്റെ ക്ലേശങ്ങളെ വർദ്ധിപ്പിച്ചു. ഗൃഹനായികയാണെങ്കിൽ, പണ്ടേ രോഗിണി. കുടുംബകാര്യങ്ങളും പിന്നെ ഒരുമട്ടിൽ നടത്തിപ്പോന്നിരുന്ന മൂത്ത സന്താനങ്ങളും രണ്ടും ഇപ്പോൾ കിടപ്പിലും. സ്റ്റാഡോസ്റ്റിയെ ഈ വിഷമാവസ്ഥയിൽ സഹായിക്കുവാൻ ആരുണ്ടു? മേധാലി

കാരിയുടെ അനുഭാവം പറയാനില്ലല്ലോ! യാതന യുടെ നടുക്കായലിൽ കിടന്നുഴലുകയായിരുന്നു, അപ്പോൾ ആ കുടുംബം.

സോസിയായുടെ പനി വല്ലാതെ മൂർച്ഛിച്ചു. എന്തിനധികം? 1876– ജനുവരിമാസത്തിലെ ഒരു ബുധനാഴ്ച അവൾ നിത്യനിദ്രയിലാണ്ടു.

രണ്ടുപേരുടെ മരണം

കൂട്ടിക്കലത്തു മേരിയെ കഥകൾ പറഞ്ഞുരസിപ്പിച്ചിരുന്ന ആ സഹോദരി കഥാവശേഷയായി! നിർമ്മലമായ ശുഭ്രവസ്ത്രങ്ങളണിഞ്ഞു നീരക്തമായ വദനത്തിൽ ഒരു നേരിയ പുഞ്ചിരിയോടുകൂടി വെള്ളപ്പൂക്കളുടെ മദ്ധ്യത്തിൽ ദീർഘനിദ്രകൊള്ളുന്ന ജ്യേഷ്ഠസഹോദരിയെ അവസാനമായി ദർശിച്ചപ്പോൾ, എന്തെന്തു വികാരങ്ങളാവാം മേരിയുടെ ഹൃദയത്തിൽ അലതല്ലിയതു്? അത്രയും തീവ്രമായ ശോകം അതിനു മുൻപൊരിക്കലും അവൾ അനുഭവിച്ചിരുന്നില്ല. മേരിയ്ക്കു് അന്നു് എട്ടുവയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. സ്കോഡോസ്കികുടുംബത്തിനു് കണ്ണുനീരിന്റെ താഴ്വരയിൽനിന്നു് കരേറാനുണ്ടാകുന്ന ലക്ഷണം കണ്ടില്ല. ഇളയ സഹോദരങ്ങൾക്കെല്ലാം താങ്ങും തണലുമായി നിന്നിരുന്ന സോസിയായുടെ ദേഹവിയോഗം കുടുംബത്തിനപരിഹാര്യമായ ഒരു നഷ്ടമായിരുന്നു. ആ മൃത്തപുത്രിയുടെ നിർമ്മാണം മാഡം സ്കോഡോസ്കിയുടെ പര്യവസാനത്തെ തടരിപ്പിക്കുകതന്നെചെയ്തു. ആ സാധുപിന്നെ അ

ധികകാലം ജീവിച്ചില്ല. നിസ്സഹായനായ ഭർത്താവിനേയും, നിരാധാരരായ നാല പൈതങ്ങളേയും ഇങ്ങിനിക്കാണാതവണ്ണം കൈവിട്ടുകൊണ്ടു് 1878ൽ മാഡം സ്ക്കോഡോസ്ക്കി മരണയവനികയ്ക്കുള്ളിൽ മറഞ്ഞു!

ഇനി, മേരിയുടേയും സഹോദരികളുടേയും സ്ഥിതി എന്താണു്? അവർക്കൊരു കൈത്താങ്ങു നൽകുവാൻ ആരുണ്ടു്? എത്രതന്നെ പ്രതിഭാശക്തിയുള്ള കുട്ടികളായിരുന്നാലും, വാടിത്തളർന്ന നിരാശരായിത്തീരാവുന്ന സാഹചര്യങ്ങളെല്ലാംആ കുടുംബത്തിൽ തികഞ്ഞിരിക്കുകയാണല്ലോ. എന്നാൽ സ്ക്കോഡോസ്ക്കിക്കുട്ടികൾ അങ്ങനെ ജീവിതപ്പോരാട്ടത്തിൽ 'അടിയറവു' പറയുന്ന കൂട്ടത്തിലായിരുന്നില്ല. പ്രതികൂലതകൾ വർദ്ധിക്കുന്തോറും കൂടുതൽ കൂടുതൽ ധീരതയോടുകൂടി മുന്നോട്ടു കുതിച്ചു കയറുന്ന പ്രകൃതിക്കാരായിരുന്നു ആ കുട്ടികൾ. മൃത സഹോദരിയായ സോസിയാ മരിച്ചശേഷം, രണ്ടാമത്തെ സന്താനമായ ബ്രോണിയായാണു് കുടുംബകാര്യങ്ങളുടെ ചുമതലയേറ്റതു്. അമ്മയുടെ മരണം കൂടിയായപ്പോൾ, കുടുംബത്തിന്റെ ഭാരം മുഴുവനും അവളുടെ തലയിൽ ചെന്നലച്ചു. വീട്ടുജോലികൾ സകലതും നടത്തിയിരുന്നതോടുകൂടി, അവൾ പാഠവും വിട്ടില്ല.

മടുക്കാത്ത മനക്കരുത്തു്

പ്രതിബന്ധങ്ങളോടു മല്ലടിക്കുന്നതിൽ മേരിയാ

കട്ടെ, മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ മനക്കരുത്ത് കാണിക്കുകയായി. അദ്ധ്യയനത്തിൽ അവൾ പൂർവ്വാധികം ശ്രദ്ധപതിപ്പിച്ചു. സങ്കടങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും മുക്തിനേടുന്നതിനു് മേരി പുസ്തകങ്ങളെയാണു് അഭയം പ്രാപിച്ചതു്. പാഠ്യപുസ്തകങ്ങൾക്കുപുറമേ, മഹനങ്ങളായ അനേകം ഗദ്യഗ്രന്ഥങ്ങളും, കമനീയങ്ങളായ അനവധി കവിതകളും, രസനിഷ്യന്ദികളായ ഒട്ടുവളരെ വീരകഥകളും അവൾ നിരന്തരം വായിച്ചുകൊണ്ടിരുന്നു. സാഹിത്യത്തിലെന്നപോലെ ശാസ്ത്രത്തിലും അവളുടെ ശ്രദ്ധ ഗാഢമായി പതിഞ്ഞു. ശിശുവായിരുന്നപ്പോൾതന്നെ പിതാവിൽനിന്നു് സയൻസിന്റെ "ഹരിശ്രീ" വശമാക്കിയ മേരി പിന്നീടു് അദ്ദേഹത്തിന്റെ സഹായത്തോടുകൂടി സയൻസിലെ ഉപരിഗ്രന്ഥങ്ങൾ പലതും പഠിച്ചുതുടങ്ങി.

പുസ്തകങ്ങൾ വായിക്കുമ്പോൾ മേരി കാണിച്ചിരുന്ന ഏകാഗ്രത ഒന്നു വേറെതന്നെയായിരുന്നു. മിക്കസമയത്തും ആ വീട്ടിൽ പലതരം ശബ്ദകോലാഹലങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നതിനാൽ, മേരിയ്ക്കു വായിക്കുവാനും മറ്റും സാരമായ അസൌകര്യം ഉണ്ടായിരുന്നു. വായിക്കുമ്പോൾ ആവശ്യത്തിൽനിന്നു് രക്ഷനേടുവാൻ, മേരി തന്റെ ചെവികൾ അടച്ചുപിടിക്കുക പതിവായിരുന്നുവത്രെ. തള്ളവിരലുകൾകൊണ്ടു് ചെവിരണ്ടും മൂടി ഗ്രന്ഥം

ഗ്രന്ഥപുരം
വീണകഥ

ഫാലസ്ഥലം മൂടുകരത്തളിരാലെതാങ്ങി' ഏകാഗ്ര
യായി വായിച്ചുകൊണ്ടിരുന്ന മേരിയെക്കണ്ടാൽ നി
ശ്ചലമായ ഒരു ശിലാപ്രതിമയെന്നേ തോന്നുകയു
ള്ളൂ. "ഒരു സമസ്യ ഒരു കാവ്യംമാത്രം ചെയ്യുക. നി
ങ്ങളുടെ ജീവിതം മുഴുവനും ആ ഒരേ ഒരു കാവ്യത്തി
നുമേൽ ആശ്രയിച്ചിരിക്കുന്നുവെന്നോണം അതിൽ ശ്ര
ദ്ധിക്കുകയും വേണം"—ഈ പ്രമാണമാണു് മേരിയു
ടെ ഏകാഗ്രതയെപ്പറ്റി പറയുമ്പോഴും ഓർമ്മയിൽ
വരിക. ഒരിക്കൽ അവളുടെ സഹോദരികയും ഒരു
നേരമ്പോക്കൊപ്പിച്ചു. മേരി മേൽപറഞ്ഞവിധം
പുസ്തകപാരായണത്തിൽ മുഴുകിയിരിക്കുമ്പോൾ, ആ
സഹോദരികയും, വീട്ടിലുണ്ടായിരുന്ന കസേരകളും
മറ്റു തട്ടുമുട്ടുസാമാനങ്ങളും കൊണ്ടുചെന്നു് അവള
ുടെ തൊട്ടുപിന്നിൽ പടിപടിയായി അടുക്കിവെച്ചു്,
തൊട്ടാലിടിഞ്ഞുവീഴത്തക്ക ഒരു ഗോപുരം നിർമ്മി
ച്ചു. തന്റെ പിന്നിൽ നടന്ന ഈ പണിപ്പാടൊ
ന്നും മേരി അറിഞ്ഞില്ല. അവൾ ഇടയ്ക്കു വായന നി
ർത്തി പിന്നോക്കമൊന്നു ചാഞ്ഞപ്പോൾ 'പടപട'
ബ്ദത്തോടുകൂടി ഗോപുരം നിലംപതിച്ചു. മേരിയ്ക്കു
കഥ മനസ്സിലായി. സഹോദരികയും ഒരു മൂലയിൽ
പതുങ്ങിനിന്നു ചിരിക്കുന്നുണ്ടായിരുന്നു. "എന്തൊ
രസംബന്ധമാണിതു്?" എന്നു ഗൌരവഭാവത്തിൽ
പറഞ്ഞുകൊണ്ടു് മേരി തന്റെ വഴിയ്ക്കുപോയി.

മേരി പഠിച്ചിരുന്ന പ്രൈവറ്റു വിദ്യാലയ

ത്തിൽ അവളുടെ അദ്ധ്യയനം അവസാനിച്ചു. എന്നാൽ ഗവമ്മെണ്ടുസ്കൂളിൽ പഠിച്ചു പാസ്സാകുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റു കൊടുക്കുവാൻ പാടുള്ളു എന്നായിരുന്നു അന്നത്തെ ചട്ടം. അതിനാൽ മേരി സഹോദരികൾ 'ജിംനേഷ്യ'ത്തിൽ ചേരേണ്ടതായിവന്നു. ഒളിവിലാണെങ്കിലും, പോളീഷ് വിദ്യാലയത്തിൽ അതേവരെ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം അവർക്ക് അതോടെ നഷ്ടപ്പെട്ടു. പാരതന്ത്ര്യത്തിന്റെ പാരമ്യം കുറിക്കുന്ന പാഠങ്ങളാണ് അവർ ഗവമ്മെണ്ടുവിദ്യാലയത്തിൽ കണ്ടത്. എങ്കിലും കഥാനായിക തന്റെ ദേശാഭിമാനവും ധർമ്മധീരതയും കൈവിട്ടില്ല. പോളണ്ടിനെ വൈദേശിക സംസ്കാരത്തിന്റെ അടിമത്തത്തിൽ പിടിച്ചുകെട്ടുന്ന വിദ്യാഭ്യാസപ്രവർത്തകരോട് അവർക്കു പുച്ഛമായിരുന്നു. മേരി ചെന്നുചേരുവാനിടയായ ഗവമ്മെണ്ടുസ്കൂളിന്റെ മേധാവിത്വം വഹിച്ചിരുന്നതു 'മേജർ' എന്ന പേരായ ഒരു ജർമ്മൻകാരിയായിരുന്നു. ആ സ്ത്രീ റഷ്യൻസംസ്കാരത്തോടൊപ്പം ജർമ്മൻസംസ്കാരവുംകൂടി കുട്ടികളിൽ കുത്തിവയ്ക്കുന്ന കൃത്തിലായിരുന്നു. വിദേശമേധാവിത്വത്തിന്റെ വൈഷമ്യം അവിടെ ഇരട്ടിച്ചിരുന്നുവെന്നു സാരം.

ഗവമ്മെണ്ടുസ്കൂളിൽവെച്ചു ലഭിച്ച കൂട്ടുകാരികളിൽ 'കാസിയാ' എന്ന പേരായ ഒരു പെൺകുട്ടി

ക്കു് മേരിയോടു വലിയ കായ്മയിരുന്നു. കാസിയാ
യുടെ മാതാപിതാക്കൾ വലിയ പണക്കാരായിരുന്നു
വെങ്കിലും, മേരിയും കാസിയായും എപ്പോഴും ഒന്നി
ച്ചായിരുന്നു നടപ്പു്. ഇണപ്രാവുകളെപ്പോലെ
പോകുന്ന ആ പെൺകുട്ടികളെ സൂക്ഷിച്ചുനോക്കി
യാലറിയാം, അവർ രണ്ടുപേരുടേയും ചുറുചുറു
ക്കും തമ്മിലുള്ള അന്തരം. കാസിയായുടെ അമ്മ,
മകളുടെ മുടി ദിവസേന ചീകി മിനുസപ്പെടുത്തി
റിബൺകെട്ടി അലങ്കരിച്ചുവിടുകയായിരുന്നു പതി
വു്; പണത്തിന്റെ പ്രാഭവം ആ കുട്ടിയുടെ മുഖത്തു
കളിയാടുകയും ചെയ്തിരുന്നു എന്നാൽ അമ്മയുടെ
പരിലാളനയോ പണത്തിന്റെ ബലമോ ഒന്നും
ഇല്ലാത്ത മേരിയാകട്ടെ, പാറിപ്പറന്നലക്ഷ്യഭാവ
ത്തിൽ കിടക്കുന്ന മുടിയോടും, വാടിവരണ്ട വദന
ത്തോടുംകൂടിയായിരുന്നു നടക്കുക. എങ്കിലും സൂക്ഷ്മ
ദൃക്കുകൾക്കു് മേരിയുടെ ആന്തരികമഹത്വം മനസ്സിലാ
ക്കാൻ പ്രയാസമുണ്ടായിരുന്നില്ല.

ഒരുദിവസം മേരിയും കാസിയായും പതിവു
പോലെ സ്കൂളിലേയ്ക്കു പോവുകയായിരുന്നു. അ
വരുടെ മറ്റൊരു കൂട്ടുകാരിയായ
'കൃനിക്കാ' എന്ന ബാലിക വഴിമ
ദ്ധ്യേവച്ചു് അവരുടെ കൂട്ടത്തിൽചേർന്നു.

സഹതാപ
ധീരത

അപ്പെൺകുട്ടി അന്നു് അസാധാരണമായ ഏതോ ദുഃഖ
ത്തിലാണ്ടിരിക്കുകയാണെന്നു് അവളുടെ മുഖഭാവം
വെളിപ്പെടുത്തി. കരഞ്ഞു കരഞ്ഞു അവളുടെ

കണ്ണും മുഖവും വീർത്തിരുന്നു. ഈ ദുഃഖത്തിനുള്ള കാരണമെന്താണെന്നന്വേഷിച്ച സഖികളോട് അവൾ ഗൽഗദസ്വരത്തിൽ പറഞ്ഞു: "എന്റെ സഹോദരനെ.... ആരോ ഒറ്റിക്കൊടുത്തിരിക്കുന്നു.... കഷ്ടം! നാളെ വെളുപ്പിനു".... എന്റെ ആങ്ങളയെ.... തൂക്കിലിടുവാൻ.... ഉത്തരവു".... "— റഷ്യൻ മട്ടനത്തിന്റെ സ്വഭാവം നല്ലവണ്ണം അറിഞ്ഞിരുന്ന മേരിയ്ക്ക് കാര്യം ഉടനെ മനസ്സിലായി. ദേശഭക്തനായ ഒരു പേട്രിഷുപൌരന്റെ പ്രാണനെ ആക്രമം അപകടത്തിലാക്കുവാൻ അന്നു് ഒരുപ്രയാസവുമുണ്ടായിരുന്നില്ല. റഷ്യൻ ശവമ്മെണ്ടിന്റെ ശത്രുവാണെന്നു് അധികൃതസ്ഥാനത്തേയ്ക്ക് ഒരു റിപ്പോർട്ടുപോയാൽ, അടുത്തദിവസം അയാളുടെ പ്രാണൻ കഴുമരത്തിൽ കിടന്നു പിടഞ്ഞുകൊള്ളുകയേവേണ്ടൂ! തങ്കളുടെ ഒരു കൂട്ടുകാരിയുടെ സഹോദരനു് ഈ ദുർയ്യോഗം നേരിട്ടിരിക്കുന്നുവെന്നറിഞ്ഞപ്പോൾ, മേരിയും കാസിയായും വളരെ ദുഃഖിച്ചു. തന്റെ മാതൃരാജ്യം അനുഭവിക്കുന്ന കഠിനയാതനകളും ഓർത്തു് മേരിയുടെ ഹൃദയം തകരുകയായിരുന്നു. അന്നു് ക്ലാസ്സിൽ യാതൊന്നിലും ശ്രദ്ധചെലുത്തുവാൻ അവൾക്കു സാധിച്ചില്ല. വിദ്യാലയംവിട്ട ഉടനെ അവൾ കാസിയായേയും കൂട്ടിക്കൊണ്ടു് നേരെ കൃനിക്കായുടെ വീട്ടിലേയ്ക്കാണു് പോയതു്. രാഷ്ട്രീയകുറ്റത്തിനു വിധിക്കപ്പെട്ടിരിക്കുന്ന ഒരു കുറ്റവാളിയുടെ വീട്ടിൽച്ചെന്നു് സഹതാപം കാണിക്കുന്നതിന്റെ അപകട

മൊന്നും അവർ ഗൌനിച്ചില്ല. ധീരമതികളായ ആ ബാലികമാക്ക് ഒന്നേ ചെയ്യുവാൻ കഴിഞ്ഞുള്ളൂ—മരണത്തിനിരയാകുവാൻ പോകുന്ന ആ ദേശാഭിമാനിക്കുവേണ്ടി പ്രാർത്ഥിക്കുക അതവർ ഹൃദയമുരുകിത്തന്നെ നിർവ്വഹിച്ചു. മേരി അന്നാരാത്രി മുഴുവൻ ഉറക്കമിളച്ച് ആ ഗൃഹത്തിൽത്തന്നെ കഴിച്ചുകൂട്ടി. നേരം പ്രഭാതമായപ്പോൾ കൃനിക്കായുടെ സഹോദരൻ വധസ്ഥലത്തേയ്ക്ക് ആനീതനായി. അനേരം ആ കുടുംബാംഗങ്ങളുടെ കരംപിടിച്ചൊട്ടി ആകാശത്തിലേയ്ക്കുയർന്ന പ്രാർത്ഥനയിൽ പങ്കുകൊണ്ടിട്ടാണ് മേരി സഭാഗൃഹത്തിലേയ്ക്ക് പിൻതിരിഞ്ഞത്.

പ്രശസ്ത വിജയങ്ങൾ

നമുക്ക് സ്കോഡോസ്കിക്കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയേത്തന്നെ അനുധാവനം ചെയ്യാം. കഷ്ടതയുടേയും കണ്ണുനീരിന്റേയും താഴ്വരയിൽ കരുത്ത ആ കുമളങ്ങളം പതുക്കെപ്പതുക്കെ പരിമളം തുകി വിടർന്നുവരികയായിരുന്നു. മേരിയുടെ മൂത്തസഹോദരിയായ ബ്രോണിയാ, 1881-ൽ പ്രശസ്തമായ വിജയം വരിച്ചുകൊണ്ട് ശവമ്മെണ്ട് ജീംനേഷ്യം വിട്ടു; അവൾക്ക് ആ വിദ്യാലയത്തിൽനിന്നും ഒരു സ്വർണ്ണമുദ്ര ലഭിക്കുകയും ചെയ്തു. പിറേറക്കൊല്ലം സഹോദരൻ ജോസഫും അതേ വിദ്യാലയത്തിൽനിന്നും സുവർണ്ണമെഡൽ കരസ്ഥമാക്കിക്കൊണ്ട് പരീക്ഷയിൽ വിജയിച്ചു. ഈ സംഭവ

ങ്ങൾക്കെല്ലാം മകടം ചാർത്തുന്ന ഒന്നായിരുന്നു 1883 ജൂൺമാസത്തിൽ ഗവമ്മെണ്ടു് ജീംനേഷ്യത്തിൽ മേരിയ്ക്കു ലഭിച്ച നേട്ടം. മേരിയുടെ പരീക്ഷാവിജയം പ്രമാണിച്ചു് ഗവമ്മെണ്ടുവിദ്യാലയത്തിൽ വെച്ചതന്നെ അവൾക്കു പരസ്യമായ അഭിനന്ദനം ലഭിച്ചതായി കാണുന്നുണ്ടു്. വിദ്യാഭ്യാസഡയറക്ടരുടെ അദ്ധ്യക്ഷതയിൽക്കൂടിയ ഒരു യോഗത്തിൽവെച്ചു് മേരിയ്ക്കു് സ്വർണ്ണമെഡലും, മറ്റു പല സമ്മാനങ്ങളും നൽകപ്പെട്ടു. അവളുടെ ദേശാഭിമാനത്തെ ആശങ്കയോടെ വീക്ഷിച്ചിരുന്ന റഷ്യൻഗ്രന്ഥത്തിന്നു്, അന്യാദൃശമായ ആ വിജയത്തെ അഭിനന്ദിക്കാതിരിക്കുവാൻ സാധിച്ചില്ല. അന്നു് അകംനിറഞ്ഞ കൃതാർത്ഥതയോടും, കൈനിറയെ സമ്മാനങ്ങളോടുംകൂടിയാണു് മേരി പിതാവൊന്നിച്ചു് സ്വഗൃഹത്തിലേയ്ക്കു തിരിച്ചതു്. ജീവിത ക്ലേശങ്ങളുടെ എരിവെയിലേറ്റു വലഞ്ഞിരുന്ന സ്ക്ലോഡോസ്കി അന്നു് മകളോടൊന്നിച്ചു് വീട്ടിലേയ്ക്കു മടങ്ങിയപ്പോൾ പ്രത്യാശയുടെ തൈത്തെന്നലേറ്റു് തെല്ലൊന്നു സമാശ്വസിച്ചിരിക്കാം!

III

ലോകരംഗത്തേയ്ക്ക്

റഷ്യൻ നിയമപ്രകാരം പോളണ്ടിലെ ബാലികമാർക്ക് അക്കാലം അനുവദിക്കപ്പെട്ടിരുന്ന വിദ്യാഭ്യാസം, മേരിയും അവളുടെ സഹോദരി ബ്രോണിയായും പൂർത്തീകരിച്ചുവെന്നു നാം കണ്ടുവല്ലോ. 'ജിംനേഷ്യം' എന്നു പേരുപറയപ്പെട്ടിരുന്ന ആ സാമാന്യവിദ്യാലയത്തിലെ അദ്ധ്യയനം കഴിഞ്ഞാൽ, ആൺകുട്ടികൾക്കു മാത്രമേ കോളേജിൽ പ്രവേശനം അനുവദിക്കപ്പെട്ടിരുന്നുള്ളൂ. പെൺകുട്ടികൾക്ക് ഉപരിവിദ്യാഭ്യാസത്തിനു പോളണ്ടിൽ യാതൊരു സൗകര്യവുമുണ്ടായിരുന്നില്ലെന്നു താല്പര്യം. അതിനാൽ മേരിയുടേയും മറ്റും അദ്ധ്യയനതൃഷ്ണ ആ നിർദ്ദിഷ്ട നിയമത്താൽ തൽക്കാലം നിരോധിക്കപ്പെട്ടുകതന്നെ ചെയ്തു. സഹോദരൻ ജോസഫിനു വാർസാസർവ്വകലാശാലയിൽപ്രവേശം ലഭിച്ചു. വൈദ്യമായിരുന്നു അയാളുടെ അദ്ധ്യയനവിഷയം. കോളേജുവിദ്യാഭ്യാസത്തിനു ഭാഗ്യം സിദ്ധിക്കാതിരുന്ന സഹോദരികൾക്ക് അവസരം കിട്ടുമ്പോഴെല്ലാം, ജോസഫിനോട് കോളേജുവർത്തമാനങ്ങൾ ചോദിച്ചറിയുക പതിവായിരുന്നു. കലാലയജീവിതസുഖം പറഞ്ഞുകേട്ടെങ്കിലും ആസ്വദിക്കുവാനായിരു

ന്നു, മേരിയുടേയും മറ്റും മോഹം. ആ കലാകാമിനികൾക്കു് സഹോദരന്റെ ഭാഗ്യത്തിൽ തെല്ലൊരസൂയ തോന്നിയിരുന്നുവോ എന്നു സംശയം!

ബ്രോണിയാ, ഏതായാലും, ഗൃഹഭരണത്തിന്റെ ചുമതല മുഴുവൻ ഏറ്റുകഴിഞ്ഞു. വീട്ടുചിലവു കുറയ്ക്കേണ്ടതത്യാവശ്യമായിരുന്നതിനാൽ, വേലക്കാരുടെ എണ്ണം ചുരുക്കി മിക്ക ജോലികളും അവൾതന്നെ ചെയ്യുവാൻ തുടങ്ങി. പിതാവിന്റെ പാദശുശ്രൂഷയും, സഹോദരങ്ങളുടെ പരിചര്യയും, അടുക്കളയിലെ പാചകജോലിയും, ഇതിനെല്ലാം പുറമെ ഒരു വിദ്യാർത്ഥിസദനത്തിന്റെ വിഷമമേറിയ പ്രവർത്തനവും അവൾ എതൃയും നിരാക്ഷേപമായിത്തന്നെ നിർവ്വഹിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ ജോലിക്കായിമാത്രം തന്റെ ജന്മം തീരെഴുതുന്ന ലക്ഷണം അവളിൽ കണ്ടില്ല. തന്റേയും സഹോദരങ്ങളുടേയും ഭാവിയെ സംബന്ധിക്കുന്ന ചിന്തയാണു് അവളുടെ മനസ്സിൽ എപ്പോഴുംമുന്നിനിന്നിരുന്നതു്.

നമ്മുടെ കഥാനായികയായ മേരിയും ഇതിനിടയ്ക്കു് അലസയായിരുന്നില്ല. ആസ്ത്രിയൻതലസ്ഥാനത്തിന്റെ കീഴിലുള്ള 'ക്രേക്കോവു്' സർവ്വകലാശാലയിൽ പ്രവേശംകിട്ടുവാൻ അവൾ ശ്രമിച്ചു. തന്റെ വാസനയ്ക്കനുരൂപമായി സയൻസിൽ ഉപരിപഠനം നടത്തുവാനായിരുന്നു അവളുടെ ഉന്നം. എന്നാൽ പെൺകുട്ടികൾക്കു് സയൻസുക്ലാസ്സിൽ പ്ര

വേതനം അനുവദിക്കുവാൻ തരമില്ലെന്നും, വേണമെങ്കിൽ മേരിയെ പാചകക്ലാസ്സിൽ ചേർക്കാമെന്നുമായിരുന്നു സർക്കലാശാലാധികൃതന്മാരുടെ മറുപടി. എന്തുചെയ്യാം! പോളണ്ടിലെ പെൺകുട്ടികൾക്ക് അവരുടെ വാസനാബലം അനുസരിച്ച് അക്കാലം കോളേജ് വിദ്യാഭ്യാസം ചെയ്യണമെങ്കിൽ, നാടുവിട്ട് പാരീസിലോ മറേറാ പോകേണ്ടിയിരുന്നു. കണക്കില്ലാതെ പണം ചെലവുചെയ്ത് അത്ര ദൂരത്തു് മേരിയെ ഉപരിപഠനത്തിന്നയയ്ക്കുവാൻ സ്ക്ലാഡോസ്കിക്കുടുംബത്തിനുണ്ടോ ശക്തി? മേരി ഇങ്ങനെ ഭഗ്നാശയായിക്കഴിയുമ്പോൾ, അവളുടെ പിതാവൊരുപദേശിച്ചു—നാട്ടിൻപുറത്തുചെന്നു് കുറച്ചുകാലം വിശ്രമിക്കുവാൻ അവരുടെ ചില ബന്ധുക്കൾ നാട്ടിൻപുറത്തു് താമസിക്കുന്നുണ്ടായിരുന്നു. പിതാവിന്റെ നിർദ്ദേശവും നിയന്ത്രണവും അനുസരിച്ച് മേരി ചാച്ച്ക്കാരുടെ ഒരു വീട്ടിൽചെന്നു് താമസമാക്കി. ആ വിശ്രമജീവിതത്തിനിടയ്ക്ക് അവൾ ചില കുട്ടികളെ പഠിപ്പിക്കുവാൻ ശ്രമിച്ചതിനാൽ, സ്വന്തം ചിലവിനു വലിയ പരാശ്രയം വേണ്ടിവന്നില്ല.

ഉല്ലാസജീവിതം

'നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറത്തെ' ഈ നിവാസം മേരിയ്ക്ക് ഏറ്റവും ഹൃദ്യമായിത്തോന്നി. പ്രകൃതിസൗന്ദര്യം ആസ്വദിക്കുവാൻ അവൾക്ക് പ്രകൃത്യാ ഉണ്ടായിരുന്ന താല്പര്യം സഫലമായതു് ഇവിടെവെച്ചായിരുന്നു. പരമരമണീയമായ ആ ഗ്രാമപ്രദേശത്തു് ഒരു ചിത്രശലഭത്തെ

പ്പോലെ അവൾ പാറിപ്പറന്നു കളിക്കുകയായി. പച്ചവിരിച്ച പാടങ്ങളും, താരുംതളിരും അണിഞ്ഞ തരുലതാദികളും, അമല മനോഹരങ്ങളായ അരുവികളും അവളെ അത്യന്തം രസിപ്പിച്ചു. അടവികളിൽ കടന്നു പൂവറുക്കുക; അരയന്നപ്പിടയെപ്പോലെ അരുവികളിൽ നീന്തിക്കളിക്കുക; കളകളസ്വനമുതിർക്കുന്ന കിളികളെ അനുകരിച്ചു് വെളിംപ്രദേശങ്ങളിൽ മൂളിപ്പാട്ടുപാടി നടക്കുക; ആട്ടിൻകിടാങ്ങളോടൊന്നിച്ചു് കുന്നിൻചരിവുകളിൽ വിഹരിക്കുക—എന്നിവയെല്ലാം അവളുടെ നിത്യവിനോദങ്ങളായിരുന്നു. ആ നാട്ടിൻപുറത്തു് നടന്നിരുന്ന നിർദ്ദോഷങ്ങളായ നൃത്തങ്ങളിൽപങ്കുകൊള്ളുവാനും അവൾ താല്പര്യം കാണിച്ചു. നഗരങ്ങളിൽ അസുലഭമായ ഇത്തരം സുഖാനുഭൂതിയിൽ മേരി എത്രമാത്രമാണു് നിർല്ലീനയായിത്തീർന്നതെന്നു് അവൾ തന്റെ സ്നേഹിതയായ കാസിയയ്ക്കു് എഴുതിയ ഒരു കത്തിൽ നല്ലവണ്ണം സൂചിപ്പിച്ചിട്ടുണ്ടു്. വിദ്യാലയത്തിൽവെച്ചു താൻ പഠിച്ച പാഠങ്ങളെല്ലാം മറന്നുകഴിഞ്ഞിരിക്കുന്നുവെന്നാണു് മേരി ആ കത്തിൽ പറയുന്നതു്. പക്ഷിവേഗത്തിൽ നാലുപാടും പാഞ്ഞെത്തി പ്രകൃതിസൌന്ദര്യം ആസ്വദിക്കുവാനുള്ള സൌകര്യത്തിനുവേണ്ടിയാവാം—മേരി ഈ ഗ്രാമീണ ജീവിതത്തിനിടയ്ക്കു് സൈക്കിൾ സവാരിയും ശീലിക്കുകയുണ്ടായി.

ഒരു കൊല്ലം അങ്ങനെ വിശ്രമിച്ചശേഷം

1884—ൽ സെപ്റ്റമ്പർ മാസത്തിൽ മേരി വാർസാ
യിലേക്കു തിരിച്ചു. എല്ലാംകൊണ്ടും
വീണ്ടും വാർസായിലേയ്ക്കു അവളിൽ ഒരു നവോന്മേഷം പ്രത്യ
ക്ഷപ്പെടുകയായി. ഇതിനകം സ്ക്ലോ
ഡോസ്ക്കികുടുംബം വിദ്യാലയത്തിനാ
ടുത്തു് മുമ്പു പാർത്തിരുന്ന വീട്ടിലേയ്ക്കുതന്നെ താമ
സം മാറിയിരുന്നു. പിതാവിന്റെ ശമ്പളംകൊ
ണ്ടു് ഗൃഹകാര്യങ്ങളെല്ലാംനിർവ്വഹിക്കുവാനുള്ള വൈ
ഷമ്യം അന്നും മാറിയിരുന്നില്ല. പോരെങ്കിൽ, അ
ദ്ദേഹത്തിനു് ഉദ്യോഗത്തിൽനിന്നു് പിരിയേണ്ട
കാലവും അടുത്തുതുടങ്ങി. അതുംകൂടിയാകുമ്പോൾ
കുടുംബത്തിന്റെ സ്ഥിതി കൂടുതൽ പരുങ്ങലിലാകു
മെന്നു് മേരിയും സഹോദരങ്ങളും മനസ്സിലാക്കിയ
തിനാൽ, എന്തെങ്കിലും ജോലികളിൽ ഏർപ്പെടേ
ണ്ടതു് ജീവിതസന്ധാരണത്തിനാത്യാവശ്യമാണെ
ന്നു് അവർ കണ്ടു. ഒരുവിധം കഴിച്ചിലിനു വകയു
ള്ള കുടുംബങ്ങളിൽ ചെന്നു് കുട്ടികളെ പഠിപ്പിക്കു
ന്ന ജോലിചെയ്യുന്നോക്കുവാനാണു് അവർ തൽക്കാ
ലം തീർച്ചയാക്കിയതു്. പല വീടുകളിലും ഇങ്ങനെ
തൊഴിലന്വേഷിച്ചു മേരി അലഞ്ഞു നടക്കേണ്ടതാ
യിവന്നു. പത്രങ്ങളിൽ പരസ്യം കൊടുത്തും പരീ
ക്ഷിച്ചുനോക്കി. മേരിയുടെ സഹോദരനായ ജോ
സഫിന്റെ വകയായി അക്കാലം പത്രങ്ങളിൽ ചേ
ർത്തിരുന്ന ഒരു പരസ്യം ശ്രദ്ധാർഹമാണു്. "ഒരു
വൈദ്യവിദ്യാർത്ഥി കുട്ടികളെ ഭൂമിശാസ്ത്രവും, ഗ്ര

ജ്യോഷ്ഠയും മിതമായ ഫീസിനു് പഠിപ്പിക്കുവാൻ തയ്യാറുണ്ടു്"—എന്നായിരുന്നു ആ പരസ്യത്തിന്റെ സാരം. ഉപജീവനവ്യഗ്രത കൊണ്ടു് അദ്ധ്യാപന ജോലിക്കു് പുറപ്പെട്ട ആ വൈദ്യവിദ്യാർത്ഥിക്കു് വല്ല പ്രോത്സാഹനവും കിട്ടിയോ എന്നറിഞ്ഞില്ല.

മേരി, ഏതായാലും, മനംമടുക്കാതെ അദ്ധ്യാപനജോലിയേത്തന്നെ മുറുകെപ്പിടിച്ചു. പതിനേഴു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ പാവപ്പെട്ട യുവതി, മരംകോച്ചുന്ന മഞ്ഞിൽ വേച്ചും വിറച്ചും വിദ്യാർത്ഥികളുടെ വീടുകളിലേക്കു് പോകുന്ന കാഴ്ച ഹൃദയസ്പൃക്കായിരുന്നു. ചില വീടുകളിൽ ചെല്ലുമ്പോൾ, "മേരിയോടു് അവിടെ നിൽക്കാൻ പറയൂ, കുട്ടി കുറെ കഴിഞ്ഞേ വരൂ" എന്നു് ഗൃഹനായികമാർ വേലക്കാർമുഖേന നൽകുന്ന ആജ്ഞയായിരിക്കും, ആ അദ്ധ്യാപികയെ സ്വാഗതം ചെയ്യുക. പണക്കാരും പട്ടമടിയന്മാരുമായ ചില കുട്ടികളുടെ സൌകര്യം പാർത്തിരിക്കേണ്ടിയിരുന്നു പാവപ്പെട്ട ആ ഗുരുനാഥ. അതുമാത്രമോ? രമ്പളം സമയത്തു കിട്ടുന്നകാര്യത്തിലും വലിയ വിഷമമുണ്ടായിരുന്നു. ജോലി കൊടുത്തതുതന്നെ ഒരു ദാക്ഷിണ്യമായി കരുതുന്നവരുണ്ടോ, സമയത്തു രമ്പളം കൊടുക്കുന്നു? പരിഭവം കാണിക്കാനോ, കണക്കു് പറയുവാനോ മേരിയ്ക്കു് തരമുണ്ടായിരുന്നില്ല.

അദ്ധ്യാപന ജോലിയിൽ

കാലക്ഷേപം മാത്രമായിരുന്നില്ല, മേരി സ്ത്രീ

കരിച്ച ഉദ്യോഗത്തിന്റെ ഉന്നമെന്നു് നാം മനസ്സിലാക്കേണ്ടതുണ്ടു്. അടിമത്തത്തിൽ ആണ്ടുകിടന്നിരുന്ന പോളണ്ടിന്റെ സ്വാതന്ത്ര്യലബ്ധിയേക്കൂടി ലക്ഷ്യം വച്ചുകൊണ്ടായിരുന്നു അവർ തന്റെ ജോലി നിർവ്വഹിച്ചിരുന്നതു്. റഷ്യൻമേധാവിത്വം തട്ടിനീക്കുവാൻ ശ്രദ്ധമായി പല സംരംഭങ്ങളും അന്നു നടക്കുന്നുണ്ടായിരുന്നു. തരം കിട്ടിയാൽ വാർസായിലെ ഗവണ്മെന്റിനെ വെടിവെയ്ക്കുവാനും, പോരാ, കണ്ടെത്തിയാൽ സാർ ചക്രവർത്തിയേത്തന്നെ ബോംബെറിയുവാനും വെമ്പുന്ന ആത്യന്തികമായ വിപ്ലവംവരെ പോകുന്നതായിരുന്നു ചിലരുടെ പരിപാടികൾ. ഇത്തരം വിപ്ലവകാരികളുമായും മേരി അതിനകം പരിചയപ്പെട്ടുകഴിഞ്ഞിരുന്നു. അവരെ ചില കാര്യങ്ങളിൽ മേരി സഹായിച്ചിട്ടുമുണ്ടു്. ചില വിപ്ലവകാരികൾക്കു് പാസ്പോർട്ടു വാങ്ങിക്കൊടുക്കുന്ന കാര്യത്തിലായിരുന്നു മേരിയുടെ സഹായമധികവും. എന്നാൽ വിപ്ലവംകൊണ്ടു് കാര്യം നേടാമെന്നു് അവർ വിശ്വസിച്ചിരുന്നില്ല. അന്ധവും സംഹാരാത്മകവുമായ വിപ്ലവത്തിനുപകരം സൃഷ്ടിപരമായ വിദ്യാഭ്യാസമാണു് രാജ്യോദ്ധാരണത്തിനു് അവർ കണ്ടിരുന്ന മാർഗ്ഗം. പോളീഷ് ജനതയിൽ ഒരു വലിയപങ്കും റഷ്യൻ വിദ്യാഭ്യാസമാകുന്ന മയക്കുമരുന്നേറ്റു് മന്ദിച്ചു കിടക്കുകയാണെന്നു് അവർ മനസ്സി

രാഷ്ട്രീയ സേവനം

ലാക്കിയിരുന്നു. ദേശാഭിമാനം നിവേശിപ്പിച്ചു് അവരെ ഉണർത്തണമെങ്കിൽ, ദേശീയവിദ്യാഭ്യാസം ശരിയ്ക്കു് പ്രചരിപ്പിക്കണമെന്നു് അവർ വിചാരിച്ചതിൽ അബദ്ധമില്ല. പലരും ഈ ആശയത്തെ അനുകൂലിച്ചു. എന്നാൽ ഉദ്ദേശസിദ്ധിയ്ക്കു് പരസ്യമായ ഒരു വിദ്യാഭ്യാസപദ്ധതി നടപ്പാക്കുക സാദ്ധ്യമല്ലായിരുന്നു. അതുകൊണ്ടു് അഡിയേരണ ഒരു 'രഹസ്യവിദ്യാഭ്യാസസംഘം' സ്ഥാപിതമായി.

രഹസ്യവിദ്യാഭ്യാസസംഘത്തിൽ

ദേശീയോല്ക്കർഷത്തിനായുള്ള ഈ പ്രവർത്തനത്തിൽ മേരി ഒരു നല്ലപങ്കു വഹിച്ചിരുന്നു. "വിദ്യാഭ്യാസത്തിന്റെ മഹത്തായ ഉദ്ദേശ്യം വിജ്ഞാനമല്ലാ, പ്രവർത്തനമാകുന്നു" എന്നു് ഹെർബർട്ടു് സ്പെൻസർ പറഞ്ഞിട്ടുള്ള അഭിപ്രായമാണു് മേരിയുടെ ഈ സേവനചൈതന്യം നമ്മെ അനുസ്മരിപ്പിക്കുന്നതു്. നാടിന്റേയും നാട്ടാരുടേയും ഉദ്ധാരണത്തിനായി പ്രവർത്തിക്കുവാനുള്ള സവിശേഷമായ ഒരു ചുമതല അഭ്യസ്തവിദ്യരായ എല്ലാ യുവാക്കൾക്കുമുണ്ടു്. നിരക്ഷരകുക്ഷികളായ ജനങ്ങളുടെയിടയിൽ ദേശീയോല്ക്കർഷത്തിനുപകരിക്കുന്ന വിജ്ഞാനപ്രകാശം പരത്തുകയാണു് വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ ഒരു പ്രധാന കർത്തവ്യം. ഇത്തരം ഒരു സേവനമാണു് മേൽപ്പറഞ്ഞ വിദ്യാഭ്യാസസംഘം മുഖേന മേരിയും മറ്റും നിർവ്വഹിച്ചു

തു്. സ്വന്തം ഭാഷയിലും സംസ്കാരത്തിലും ചരിത്രത്തിലും, പോളീഷ് ജനതയെ പ്രബുദ്ധരാക്കുകയും, ദേശീയജീവിതസമരത്തിനു അവരെ പ്രാപ്തരാക്കുവാൻ പറ്റിയ സാമൂഹികശാസ്ത്രവും, ആരോഗ്യശാസ്ത്രവും, സാമ്പത്തികശാസ്ത്രവും ശീലിപ്പിക്കുകയുമായിരുന്നു ആ സംഘത്തിന്റെ പ്രധാന ഉദ്ദേശ്യം. സംഘത്തിന്റെ പ്രവർത്തകർ രാത്രികാലങ്ങളിൽ ഓരോ സ്ഥലത്തു ഗൂഢമായി സമ്മേളിച്ചു പ്രസ്തുത വിഷയങ്ങളേപ്പറ്റി പഠിക്കുകയും, പ്രചരണ പരിപാടികൾ തയ്യാറാക്കുകയും ചെയ്തിരുന്നു. പണ്ടേ അദ്ധ്യാപനജോലിയിൽ ഏർപ്പെട്ടിരുന്ന മേരി ഈ പുതിയ വിദ്യാഭ്യാസപദ്ധതി നടപ്പാക്കുവാൻ കൊണ്ടുപിടിച്ചു പരിശ്രമിച്ചു. തൊഴിലാളികളുടേയും കൃഷീവലരുടേയും ഇടയിൽ ചുറ്റിസ്സഞ്ചരിച്ചു് അവർ പ്രവർത്തനം നടത്തി. ഈ പുതിയ പാഠ്യപദ്ധതിയുമായി അവർ ആദ്യം ചെന്നതു് ഉടുപ്പുകൾ ഉണ്ടാക്കുന്ന ഒരു തൊഴിൽശാലയിലായിരുന്നു. പോളീഷ് ഭാഷയിലുള്ള പല പുസ്തകങ്ങളും ആ തൊഴിലാളികളുടെ ഇടയിൽ അവർ വിതരണം ചെയ്തു. ദേശീയ പ്രബുദ്ധതയുളവാക്കാൻ പറ്റിയ പല പാഠങ്ങളും അവർ അവരെ പഠിപ്പിച്ചു. ചുരുക്കിപ്പറയാം: ഏറെക്കാലമായി പോളണ്ടിൽ കെട്ടിയുറപ്പിച്ചിരുന്ന റഷ്യൻ കോട്ടയെ തുരങ്കംവെച്ചു് ക്രമേണ തകർക്കുവാനുള്ള സൂക്ഷ്മപരമായ ഒരു കർമ്മ പരിപാടിയാണു് അവിടെ നടപ്പായതു്. ആ സം

ഘത്തിന്റെ ആവിർഭാവത്തിന്നിടയാക്കിയ ആശയത്തിലും ആവേശത്തിലുമെന്നപോലെ, അതിന്റെ പ്രവർത്തനത്തിലും നമ്മുടെ കഥാനായികയ്ക്ക് ഒരു വലിയ പങ്കുണ്ടായിരുന്നു.

ഇങ്ങനെ സ്വരാജ്യത്തിന്റെ ഉദ്ധാരണത്തിനു വേണ്ടി പരസ്യമായും രഹസ്യമായും വിദ്യാവിതരണം ചെയ്തിരുന്ന മേരി, സ്വന്തം വിദ്യാഭ്യാസത്തിന്റെകാര്യം ഒട്ടും വിസ്മരിച്ചിരുന്നില്ല. ഉന്നത വിദ്യാഭ്യാസം—അതായിരുന്നു നിരന്തരം അവളുടെ ചിന്താവിഷയം. വാർസായിലെ തൊഴിൽശാലകളിലും വീടുകളിലും, പലേ ഗ്രാമസ്ഥലങ്ങളിലും ചുറ്റിനടന്നു് അദ്ധ്യാപനജോലി നിർവ്വഹിക്കുന്നതിനിടയ്ക്കുതന്നെ, അവളുടെ ആശകം ചിറകുവിരിച്ചു് അന്യത്ര വിഹരിക്കുകയായിരുന്നു. വീണ്ടും വിദ്യാർത്ഥിനിയായിത്തീരുവാൻ വെമ്പുന്ന ഒരു അദ്ധ്യാപികയായിരുന്നു അവൾ! അതിന്നായി മനോരാജ്യത്തിൽ കോട്ടകെട്ടിക്കൊണ്ടായിരുന്നു അവളുടെ നടപ്പു്. കുട്ടിക്കാലത്തു് പിതാവിന്റെ ശിക്ഷണത്തിൽ സമാരംഭിച്ച ശാസ്ത്രപരിശീലനം പൂർത്തിയാക്കുവാൻ പറ്റിയ ഉന്നത വിദ്യാലയങ്ങളം തേടി അവളുടെ മനസ്സു് ദൂരസ്ഥങ്ങളായ പല ദിക്കുകളിലേയ്ക്കും പായുന്നുണ്ടായിരുന്നു. അക്കൂട്ടത്തിൽ, പാരീസ് സർവ്വകലാശാലയാണു് അവളുടെ വീക്ഷണത്തിൽ ഉയർന്നുവന്ന വിജ്ഞാനകേന്ദ്രം. വിശ്രുതമായ ആ ക

ആകാശക്കോട്ടകം

ലാശാലയുടെ വിജയസ്തംഭങ്ങളായി വിലസുന്ന വിദ്വന്മണികളായ അദ്ധ്യാപകന്മാർ; അവരുടെ പാണ്ഡിത്യത്തെ വിളംബരം ചെയ്തുകൊണ്ട് ആ വിദ്യാലയാന്തരീക്ഷത്തിൽ നിത്യവും മുഴങ്ങുന്ന പ്രസംഗങ്ങൾ; ഏതുതരം പരീക്ഷണത്തിനും ഗവേഷണത്തിനും പറ്റിയ നിരവധി സാമഗ്രികൾ നിരത്തിവെച്ചിരിക്കുന്ന ലാബറട്ടറികൾ; അവയിലിരുന്നു് ഓരോരോ പരീക്ഷണം നടത്തി പ്രകൃതിയുടെ പരമരഹസ്യങ്ങൾ കണ്ടറിയുവാൻ തലപുകഞ്ഞാലോചിക്കുന്ന പഠിതാക്കൾ; ലോകത്തിന്റെ വിജ്ഞാന സമ്പത്തത്രയും തരം തിരിച്ചടക്കിവെച്ചിരിക്കുന്ന വിപുലങ്ങളായ ഗ്രന്ഥശാലകൾ—എന്നിങ്ങനെ പല ചിത്രങ്ങളും അവളുടെ ചിന്തയിൽ നടമാടിക്കൊണ്ടിരുന്നു. മറ്റുള്ളവർ പറഞ്ഞുള്ള കേൾവികൊണ്ടുമാത്രം പരിചയപ്പെട്ടിരുന്ന ആ സർവ്വകലാശാലയുടെ സർവ്വരംഗങ്ങളും അവൾ ദൂരത്തിരുന്നങ്ങനെ സങ്കല്പദൃഷ്ടിയിൽ കണ്ടുകണ്ടാനന്ദിച്ചിരുന്നുവെന്നു സാരം.

എന്നാൽ പാരീസിൽപോയി ഉപരിപഠനം നടത്തുവാൻ വേണ്ടുന്ന പണത്തിനെന്താണു് മാർഗ്ഗം? ആ പ്രശ്നം അപ്പോഴും അവശേഷിച്ചിരുന്നു. മേരിയേപ്പോലെതന്നെ അവളുടെ സഹോദരി ബ്രോണിയായും ഉന്നത വിദ്യാഭ്യാസം മോഹിച്ചു കാലം പോക്കുകയായിരുന്നുവെന്നു് നാം മനസ്സിലാക്കിയിട്ടുണ്ടല്ലൊ. പാരീസിൽചെന്നു് വൈദ്യവിദ്യാഭ്യാസം

നടത്തണം എന്നായിരുന്നു അവളുടെ ആഗ്രഹം. സഹോദരൻ ജോസഫാണെങ്കിൽ വൈദ്യപഠനം പൂർത്തിയാക്കി ഒരു ഡോക്ടറായിത്തീരുവാൻ ഒരുങ്ങുകയായിരുന്നു. സംഗീതത്തിൽ ബിരുദം നേടിയിരുന്ന ഹെലൻ എന്ന സഹോദരി ആ ജോലിയിൽത്തന്നെ ഏർപ്പെടുവാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു. മേരിയുടേയും, ബ്രോണിയായുടേയും കാര്യമാണ് ഒരു തീരുമാനത്തിലും എത്താതെ ശേഷിച്ചിരുന്നത്. അവരുടെ ഭാവിയെക്കുറിച്ച് അവർക്കും അവരുടെ പിതാവിനും വലിയ ഉല്ക്കണ്ഠയുണ്ടായിരുന്നു.

ഒരു ദിവസം മേരി ജോലികഴിഞ്ഞു വീട്ടിലെത്തിയപ്പോൾ, ബ്രോണിയാ ചില കണക്കുകൾ കൂട്ടിക്കുറിച്ച് ചിന്താമഗ്നയായിട്ടിരിക്കുകയായിരുന്നു. "കണക്കെപ്പോൾ സാഹിത്യകാരിയെപ്പോലെയിരിക്കുന്നു? പാരീസിലേയ്ക്ക് പോകാനുള്ള പണം തികഞ്ഞോ?"—എന്ന് ജ്യേഷ്ഠത്തിയുടെ സ്നേഹപൂർവ്വം പരിഹസിച്ചുകൊണ്ട് അനുജത്തി അടുത്തുചെന്നു.

"എന്നെ കളിയാക്കുകയാണ്, അല്ലേ?"—എന്നായി ബ്രോണിയാ.

മേ: "കളിയാക്കുവാനല്ല, കാര്യം അറിയുവാൻ ചോദിക്കുകയാണ്. പാടുള്ള സഹായം ഞാനും ചെയ്യാം."

സഹോദരിയുടെ പരമാർത്ഥ നല്ലവണ്ണം അറി

ഞെട്ടിത്തിരുന്ന ബ്രോണിയാ പറഞ്ഞു: "കുഞ്ഞേ നിന്നിൽ നിന്നു് മറച്ചുവെയ്ക്കേണ്ടതായി ഒരു കാര്യവും എനിക്കില്ല. എല്ലാം തുറന്നു പറയാം."

"എന്നിട്ടും ഇതേവരെ പറഞ്ഞില്ലല്ലോ"— മേരി പരിഭവം നടിച്ചു.

"കുഞ്ഞു് എന്നെ തെറ്റിദ്ധരിച്ചിരിക്കയാണോ?" ബ്രോണിയാ സചഞ്ചലം ഉല്ക്കണ്ഠയോടുകൂടി ചോദിച്ചു.

മേ: "എന്റെ ജ്യേഷ്ഠത്തിയെ ഞാൻ തെറ്റിദ്ധരിക്കുമെന്നോ? നമ്മളം രണ്ടുപേരുടേയും ലക്ഷ്യം ഒന്നുതന്നേയാണു്. അതു് നമ്മളം ഒറ്റപ്പെട്ടു നിന്നിട്ടല്ലാ, ഒന്നുചേർന്നു് നിന്നിട്ടാണു് സാധിക്കേണ്ടതു്."

ബ്രോ: "കുഞ്ഞേ, നിന്റെ സന്മനോഭാവം ഞാൻ നല്ലവണ്ണം മനസ്സിലാക്കുന്നുണ്ടു്."

മേ: "അങ്ങനെയെങ്കിൽ കാര്യം എന്നോടു് തുറന്നു പറയുക. ജ്യേഷ്ഠത്തിയുടെ പഠനത്തിനുള്ള വക മുഴുവൻ ജ്യേഷ്ഠത്തിതന്നെ ഇങ്ങനെ ആറുനോറുണ്ടാക്കാൻ പോയാൽ പറ്റുമോ? അഞ്ചുകൊല്ലത്തേയ്ക്കു് ആവശ്യമുള്ള പണം മുഴുവൻ ശേഖരിച്ചിട്ടു് പാരീസിലേക്കു് പുറപ്പെടാമെന്നു് വെച്ചാൽ അതു് നടപ്പുള്ള കാര്യമാണോ?"

ബ്രോ: "അതു് എളുപ്പമല്ലെന്നു് എനിയ്ക്കറിയാം ഏതായാലും ഇക്കാര്യത്തിൽ ഞാൻ എന്റെ കുഞ്ഞു സഹോദരിയെ ഭാരപ്പെടുത്താൻ വിചാരിക്കുന്നില്ല. നിന്റെ ഭാവിയേപ്പറ്റി നിനക്കും ചിന്തിക്കേണ്ടതില്ലേ?"

മേ: 'അതുതന്നെയാണു് ഞാൻ പറഞ്ഞതു്. നമ്മം രണ്ടുപേരും ഇങ്ങനെ ഒറ്റതിരിഞ്ഞു് ശ്രമിച്ചിട്ടു് യാതൊരു പ്രയോജനവുമില്ല. ഉള്ള പണവും കൊണ്ടു് ജ്യേഷ്ഠത്തി ഉടനെ പാരീസ്സിൽ ചെന്നു് പഠനം തുടങ്ങുക. ശേഷം വേണ്ടതു് ഞാനും പിതാവുംകൂടി നോക്കാം.»

ബ്രോ: «നീ എന്തു കമ്പമാണു് പറയുന്നതു്? യാത്രച്ചിലവിനും, കഷ്ടിച്ചു് ഒരുകൊല്ലത്തെ ഫീസിനുംവേണ്ട വകയേ എന്റെ പക്കലുള്ളു. ഫീസുതന്നെ മണിക്കൂറിനു് അര പൗണ്ടിൽവീതം വരുമെന്നറിഞ്ഞുകൂടേ?»

ബ്രോണിയായുടെ മുഖത്തു് രക്തപ്രസാദം കുറഞ്ഞു. അവൾ തല താഴ്ത്തി നിലത്തു് നിരാശയുടെ ചില ശിഥിലരേഖകൾ വരയ്ക്കുകയായി.

«ജ്യേഷ്ഠത്തി എന്തിനാണിങ്ങനെ നിരാശപ്പെടുന്നതു്? ഞാനില്ലേ സഹായത്തിനു്? ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു് നമുക്കു മുന്നോട്ടുപോകാം.»— മേരി ജ്യേഷ്ഠത്തിയുടെ കൈപിടിച്ചുകൊണ്ടു് പറഞ്ഞു.

ഭാവിയിൽ 'റേഡിയം' കണ്ടുപിടിച്ചു് ലോകത്തെ ഉത്തേജിപ്പിക്കുവാനിരുന്ന സഹോദരി, തന്റെ അന്തരാത്മാവിലേയ്ക്കു് ആശയുടേയും ധൈര്യത്തിന്റേയും കാന്തികന്ദളം കോരിപ്പകരുന്നതായിട്ടാണു് അപ്പോൾ ബ്രോണിയായ്ക്കു് അനുഭവപ്പെട്ടതു്.

അത്ഭുതവും ആശയും ഇടകലർന്ന വികാരങ്ങ

ളോടുകൂടി ബ്രോണിയാ ചോദിച്ചു: "നീ എങ്ങനെയാണു് എന്നെ സഹായിക്കാൻ ശക്തയാവുക? നിനക്കും ഉന്നതവിദ്യാഭ്യാസത്തിനു മോഹമില്ലേ? നീ എന്നെ പഠിപ്പിക്കുവാൻ തുനിഞ്ഞാൽ നീ എങ്ങനെ പഠിക്കും?"

മേരി സ്വല്പം ചൊടിച്ചുകൊണ്ടു് പറഞ്ഞു: "ജ്യേഷ്ഠത്തിയ്ക്കു് ഇനിയും സംഗതി മനസ്സിലാകുന്നില്ലേ? ജ്യേഷ്ഠത്തി പഠിക്കുമ്പോൾ, ഞാൻ സഹായിക്കാം; അതുകഴിഞ്ഞു് ഞാൻ പാരീസിലേയ്ക്കു് പോകുമ്പോൾ ജ്യേഷ്ഠത്തിയ്ക്കു് എന്നെയും സഹായിക്കാമല്ലോ."

ബ്രോ: "എന്റെ മൗഢ്യം ക്ഷമിക്കണം. എന്നാൽ നീതന്നെ ആദ്യം പാരീസിലേയ്ക്കു് പുറപ്പെടുക. ഞാൻ നിന്നെ സഹായിക്കാം. പഠിക്കാൻ മിടുക്കത്തിയും നീതന്നേയാണല്ലോ."

മേ: "ഒരു മൗഢ്യത്തിൽനിന്നു മാറുമ്പോൾ മറെറാരു മൗഢ്യത്തിൽ ചെന്നു ചാടാതിരിക്കണം."

ബ്രോ: "എന്താണതു്?"

മേരി: "ജ്യേഷ്ഠത്തിയ്ക്കു് വയസ്സെത്രയായി? ഇരുപതു്, അല്ലേ? എനിയ്ക്കു്, പതിനേഴും. ആരാണു് ആദ്യം പഠിച്ചുപോരേണ്ടതു്?"

ബ്രോ: "നിന്റെ യുക്തി തട്ടിക്കുവാൻ ഞാനാളല്ല. എന്നാൽ നീ എങ്ങനെയാണു്, എന്നെ പഠിപ്പിക്കുവാൻ പണമുണ്ടാക്കുക?"

മേ: 'അതൊന്നും ചിന്തിച്ചു് ജ്യേഷ്ഠത്തി വെ

ഒതേ തല പുണ്ണാക്കേണ്ടാ. ഞാൻ ജ്യേഷ്ഠത്തിയുടെ പഠനം തീരുന്നതുവരെ, ഒരു കുബേരകുടുംബത്തിൽ കുട്ടികളെ സൂക്ഷിക്കുവാനും പഠിപ്പിക്കുവാനും പോകയാണു്. കൊല്ലത്തിൽ നാന്നൂറു രൂബിളോ സ്വല്പം കൂടുതലോ സമ്പളം കിട്ടും. ഭക്ഷണവും മറ്റും ആ കുടുംബത്തിൽത്തന്നെ കഴിയും. എനിക്കു കിട്ടുന്ന സമ്പളം മുഴുവൻ ജ്യേഷ്ഠത്തിയ്ക്കു് അയച്ചുതരും. ധൈര്യപൂർവ്വം പാരീസ് സർവ്വകലാശാലയിലേയ്ക്കു് പുറപ്പെടുക.”

ബ്രോണിയായ്ക്കു് മേരിയുടെ ഈ മഹാമനസ്കത നല്ലവണ്ണം മനസ്സിലാക്കുവാൻ കഴിഞ്ഞു. ‘എന്റെ മാനീയ എന്റെറ, മാൻയൂസിയ’ എന്നിങ്ങനെ മേരിയുടെ കുട്ടിക്കാലത്തെ ഓമനപ്പേരുകൾ പലതും പറഞ്ഞു് അവൾ അനുജത്തിയെ മാറോടണച്ചാശ്ലേഷിച്ചു.

13 Ok

IV

വിവിധജോലികൾ

ബ്രോണിയ, ഏതായാലും, സഹോദരി നല്കിയ പ്രോത്സാഹജനകമായ ഉപദേശം സ്വീകരിക്കുവാൻതന്നെ ഉറച്ചു. അടുത്ത അവ ജ്യേഷ്ഠത്തി പാരീസിൽ സരത്തിൽത്തന്നെ 'സോർബോൺ' (Sourbone) സർവ്വകലാശാലയിൽ അവർക്കു, പ്രവേശം ലഭിച്ചു. വൈദ്യവകുപ്പിലാണു് അവർ ചേർന്നതു്. താമസം ലാറിൻ കാർട്ടേർസിലായിരുന്നു വിദേശങ്ങളിൽ നിന്നു വരുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്കു് ചുരുങ്ങിയ ചിലവിൽ കഴിച്ചുകൂട്ടുവാൻ പറ്റിയ ഒരു നിവാസകേന്ദ്രമായിരുന്നു അതു്. ബ്രോണിയാ കഴിയുന്നതും കുറഞ്ഞ തുകയ്ക്കു് ആ സദനത്തിൽ ഒരു മുറി വാടകയ്ക്കെടുത്തു ഗൃഹഭരണത്തിന്റെ എല്ലാ വശങ്ങളിലും പണ്ടേ പരിചയം നേടിയിരുന്ന ആ യുവതിയുടെ സഹായശീലം, ഈ പുതിയ ജീവിതത്തിൽ അവർക്കു് വളരെ പ്രയോജനകരമായിത്തീർന്നു. ഭക്ഷണം പാകം ചെയ്യുന്നതും, വെള്ളം കോരുന്നതും, വസ്ത്രങ്ങൾ അലക്കുന്നതും, മുറി അടിച്ചുവെടിപ്പാക്കുന്നതുമെല്ലാം അവർ തന്നേയായിരുന്നു. ഇങ്ങനെ പണച്ചിലവും പരാശ്രയവും കഴിയുന്നതും ചുരുക്കി ബ്രോണിയ പഠനം ആരംഭിച്ചു.

ജ്യേഷ്ഠത്തിയെ പാരീസിലേയ്ക്ക് പറഞ്ഞയച്ചതോടെ മേരിയുടെ പരിശ്രമശീലം പതിന്മടങ്ങ് വർദ്ധിച്ചു. അന്നുമുതൽ അവളുടെ വൃഥാ മുഴുവനും സഹോദരിയെ സഹായിക്കാൻവേണ്ട പണമുണ്ടാക്കുവാനായിരുന്നു. ഉദ്ദേശിച്ചിരുന്നപോലെതന്നെ, അവൾ ഒരു ധനികകുടുംബത്തിൽ കുട്ടികളെ പരിപാലിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ജോലി കയ്യേറ്റു. വാർസാനഗരത്തിൽത്തന്നെ അങ്ങനെയൊരു ജോലി ഒത്തുകിട്ടിയതിൽ ചില പ്രത്യേക സൌകര്യങ്ങളുണ്ടായിരുന്നു. ജ്യേഷ്ഠത്തിയുടെ അസാന്നിദ്ധ്യത്തിൽ പിതാവിനെ ഇടയ്ക്കിടയ്ക്ക് സന്ദർശിച്ച് വേണ്ട ശുശ്രൂഷകൾ ചെയ്യുവാനും, താൻ മുമ്പേ ഏറ്റെടുത്തിരുന്ന രഹസ്യ വിദ്യാഭ്യാസപ്രവർത്തനം തുടരുവാനും മേരിയ്ക്ക് സൌകര്യം ലഭിച്ചു. പക്ഷേ, സഹോദരിയെ സഹായിക്കുവാൻവേണ്ടി ധാരാളം പണമുണ്ടാക്കണമെന്ന് അവൾക്കുണ്ടായിരുന്ന ഉദ്ദേശം അത്രതന്നെ സഫലമായില്ല. കിട്ടുന്ന ശമ്പളത്തിന്റെ ഒരു വലിയഭാഗം മേരിയുടെ സ്വന്തം ചില്ലറച്ചിലവുകൾക്കുതന്നെ വേണ്ടിവന്നു. താമസം പട്ടണത്തിലാകുമ്പോൾ, തൊട്ടതിനും തൊട്ടതിനൊക്കെ ചിലവു വർദ്ധിക്കുക പതിവാണല്ലൊ. ബ്രോണിയായ്ക്ക് പണം അയച്ചുകൊടുക്കുന്നു കാര്യം മാത്രമല്ല, ഉദ്യോഗത്തിൽനിന്ന് പിരിയാറായിരുന്ന പിതാവിന്റെ കാര്യവും മേരിയുടെ ഉൽകണ്ഠയെ വർദ്ധിപ്പിച്ചു.

മേരി ഉദ്യോഗത്തിൽ

അപ്പൊഴപ്പൊഴം നേരിടുന്ന വിഷമങ്ങൾക്കു് എന്തെങ്കിലും ഒരു പ്രതിവിധികണ്ടുപിടിക്കുവാൻ നമ്മുടെ കഥാനായികയ്ക്കു് ഒരു പ്രത്യേക നൈപുണ്യം ഉണ്ടായിരുന്നു. വന്നുമുട്ടുന്ന ഏതു വിഷമപ്രശ്നങ്ങൾക്കും അവൾ ഉടനടി പ്രതിവിധികാണും. വരാനിരിക്കുന്ന പ്രശ്നങ്ങളേപ്പറ്റി അവൾ വളരെയൊന്നും ക്ലേശിക്കാറുമില്ല—ഇതു് മേരിയുടെ ഒരു പ്രത്യേക പ്രകൃതിയായിരുന്നു. വാർസാനഗരത്തിൽ സചീകരിച്ചു ജോലിയുടെ വരുമാനംകൊണ്ടു് കായ്ക്കങ്ങൾ നടത്താൻ പ്രയാസമായിക്കണ്ടപ്പോൾ, അവളുടെ ചിന്ത പുതിയ മാർഗ്ഗങ്ങളിലേയ്ക്കു് തിരിഞ്ഞു. പട്ടണത്തിൽനിന്നു് പത്തുപതു് മൈൽ അകലെ ഷ്ജുക്കി എന്നു പറയപ്പെടുന്ന ദിക്കിലുള്ള ഒരെസ്റ്റേററിൽ നല്ലൊരു ജോലിക്കു് തരമുണ്ടെന്നു് അവൾക്കു് ആയിടെ അറിവുകിട്ടി. ആ എസ്റ്റേററിന്റെ ഉടമസ്ഥൻ തന്റെ മകളെ പഠിപ്പിക്കുവാൻ സമർത്ഥയായ ഒരദ്ധ്യാപികയെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. മേരി ആ ജോലിക്കു് അപേക്ഷിക്കേണ്ടതാമസം, അവൾക്കു് അതു് നിഷ്പ്രയാസം ലഭിച്ചു. പിതാവിനേയും സ്വജനങ്ങളേയും വിട്ടുപിരിയുവാൻ അവൾക്കു് വിഷമം തോന്നാതിരുന്നില്ല. എങ്കിലും ജ്യേഷ്ഠത്തിയെ സഹായിക്കുകയും, കുടുംബത്തിന്റെ ഭാവിയെ ഭദ്രമാക്കുകയും ചെയ്യേണ്ട ചുമതലയുടെ ചൂടുകൊണ്ടു് അവൾ അതിനു് ഒരുമ്പെട്ടുവെന്നുമാത്രം.

മേരി പുതിയജോലി സ്വീകരിക്കുവാൻ എ
സ്റ്റേററിൽ എത്തിച്ചേർന്നു. ബ്രോൺകോ എന്നായി
രുന്നു ആ എസ്റ്റേറ്റുടമസ്ഥന്റെ പുത്രി
ഗ്രാമസേവനം യുടെ പേർ അവർക്കു് ഗുരുനാഥ
യേക്കാൾ വയസ്സേറും എന്നൊരു പ്ര
ത്യേകതയുണ്ടായിരുന്നു—ഗുരുനാഥയ്ക്കു് പതിനെ
ട്ടും, ശിഷ്യത്തിയ്ക്കു് ഇരുപതും! ബ്രോൺകായ്ക്കു്
തന്റെ അദ്ധ്യാപികയെ വലിയ ബഹുമാനമായിരു
ന്നു മേരിയുടെ ഉദ്ബോധനങ്ങളെല്ലാം അവർ
അക്ഷരംപ്രതി അനുവർത്തിക്കുവാൻ തുടങ്ങി. താൻ
ഒരു കുബേരകുമാരിയാണെന്നുള്ള കുമ്പൊന്നും അ
വളിൽ കണ്ടില്ല. ഗുരുനാഥയെ അവർ ഒരമ്മയേ
പ്പോലെ ബഹുമാനിച്ചു. ഒഴിവുസമയങ്ങളിൽ ഗു
രുനാഥയും ശിഷ്യയുംകൂടി ആ നാട്ടിൻപുറത്തു ചു
റ്റിനടക്കുക പതിവായിരുന്നു ഈ സഞ്ചാരത്തിനി
ടയ്ക്കു് ഗ്രാമീണജീവിതത്തിന്റെ പല വശങ്ങളും
മേരി ശ്രദ്ധിച്ചു് പഠിക്കയുണ്ടായി. മണ്ണും ചള
യും പുരണ്ടു് പ്രാകൃതവേഷത്തിൽ നടക്കുന്ന ഗ്രാമീ
ണബാലകരുടെ നിസ്സഹായസ്ഥിതി അവളുടെ ശ്ര
ദ്ധയെ പ്രത്യേകം ആകർഷിച്ചു. അക്ഷരജ്ഞാനമി
ല്ലാതെ അലഞ്ഞു നടക്കുന്ന ആ ഭാവിപൗരന്മാർക്കു്
എന്തെങ്കിലും പഠനസൗകര്യമുണ്ടാക്കിക്കൊടുക്കുന്ന
തു് ഒരു വലിയ രാജ്യസേവനമായിരിക്കുമെന്നു് അ
വർ കണ്ടു.

രാഷ്ട്രത്തിന്റെ നട്ടെല്ലായ നാട്ടിൻപുറങ്ങ

ളെ അവഗണിച്ചുകൊണ്ടുള്ള രാജ്യസേവനത്തിന്റെ നിരർത്ഥകത്വം ഇവിടെവെച്ചാണ് മേരി നല്ലവണ്ണം മനസ്സിലാക്കിയതു്. പട്ടണത്തിലെന്നതിനേക്കാൾ ഇത്തരം ഉൾനാടുകളിലാണ് രഹസ്യവിദ്യാഭ്യാസസംഘത്തിന്റെ പ്രവർത്തനം ഉജ്ജീവിപ്പിക്കേണ്ടതെന്നും അവൾ ഗ്രഹിച്ചു. ആ ഗ്രാമീണബാലകരെ വിദ്യാഭ്യാസം ചെയ്യിച്ചു് അവരിൽ ദേശീയപ്രബുദ്ധത കൈവളർത്തുവാനായി, മേരിയുടെ പിന്നത്തെ ശ്രമം. മേരി ഇതിനേക്കുറിച്ചു് തന്റെ ശിഷ്യയായ ബ്ലോൺകായോടു് സംസാരിച്ചപ്പോൾ, അവൾക്കും ആ പ്രസ്ഥാനത്തിൽ വലിയ താല്പര്യം തോന്നി. തന്റെ ഗൃഹത്തിൽത്തന്നെ അവർക്കുവേണ്ടി ഒരു ക്ലാസ്സു തുടങ്ങുവാൻ വേണ്ട ഒരുക്കം ചെയ്യാമെന്നു് ബ്ലോൺകാ വാഗ്ദാനംചെയ്തു. റഷ്യൻ അധികാരികൾ ഈ സംരഭത്തെപ്പറ്റി അറിഞ്ഞാൽ തങ്ങളെ സൈബീരിയായിലേയ്ക്കു് നാടുകടത്താൻപോലും ഇടയുണ്ടെന്നുള്ള വസ്തുത മേരി തന്റെ ശിഷ്യയോടു തുറന്നുപറഞ്ഞു. ബ്ലോൺകായ്ക്കു് അതുകൊണ്ടൊന്നും കുലുക്കമുണ്ടായില്ല; ഗുരുനാഥയുടെ ധീരോദാത്തത ശിഷ്യയിലും ധാരാളം പകർന്നുകഴിഞ്ഞിരുന്നു. മുല്ലപ്പൂമ്പൊടിയുടെ സമ്പർക്കത്താൽ കല്ലിനും സൌരഭ്യമുണ്ടാകുമെന്നല്ലേ ചൊല്ലു്. വീട്ടിൽത്തന്നെ ഒരു ക്ലാസു് നടത്തുവാൻ പിതാവിനോടു് അവൾ അനുവാദം വാങ്ങി.

മേരി മുറയ്ക്കു് ക്ലാസ്സു് ആരംഭിച്ചു. വിദ്യാഭ്യാ-

സത്തിനു് അശേഷം വാസനയും താല്പര്യവും ഇല്ലാതിരുന്ന ആ ഗ്രാമീണബാലകരെ കൂട്ടിപ്പിടിച്ചു് ക്ലാസ്സിൽ കൊണ്ടുവരിക അത്ര എളുപ്പമായിരുന്നില്ല. മേരി സ്വന്തം കൈച്ചിലവിൽ പുസ്തകങ്ങളും മറ്റും വാങ്ങിക്കൊടുത്താണു് അവരിൽ പലരേയും ആകർഷിച്ചതു്. ആ കുട്ടികളിൽ ചിലർ പോളിഷ് ഭാഷ കഷ്ടിച്ചൊഴുതുവാനും വായിക്കുവാനും പ്രാപ്തരായെന്നു കണ്ടപ്പോൾ, മേരിയ്ക്കു് വലിയ കൃതാർത്ഥതയുണ്ടായി. എന്നാൽ ഈ ചാരിതാർത്ഥ്യം അധികം നീണ്ടുനിന്നില്ല. എത്രയൊക്കെ പരിശ്രമിച്ചിട്ടും വേണ്ടത്ര കുട്ടികളെ കിട്ടാതെ ആ ക്ലാസ്സു് അചിരേണ നാമാവശേഷമായിത്തീർന്നു. മേരിയുടെ കയ്യിൽനിന്നു് കുറെ പണം നഷ്ടപ്പെട്ടതുതന്നെ മിച്ചം എങ്കിലും ആ നാട്ടിൻപുറത്തുനിന്നു് അജ്ഞതയുടെ കൂരിരുൾ നീക്കംചെയ്യുവാൻ ആദ്യമായി ഒരു കൈത്തിരിയെങ്കിലും കൊളുത്തുവാൻ സാധിച്ചല്ലോ എന്നു് അവൾ സമാധാനിച്ചു.

തന്നത്താൻ പഠിക്കുന്നു

ഉദ്യോഗംകൊണ്ടു് താൻ ഉന്നിയ പ്രധാനകാര്യം പിന്നെയും പരാജയമടയുകയാണു് ചെയ്യുന്നതെന്നു് മേരി മനസ്സിലാക്കി. സഹോദരിയെ സഹായിക്കുവാനും, സ്വന്തം ഉപരിവിദ്യാഭ്യാസത്തിനു് വഴിതുറക്കുവാനും വേണ്ട വകയൊന്നും ഈ പുതിയ ഉദ്യോഗംകൊണ്ടും ലഭ്യമായില്ല. ഇക്കണക്കിനു്, സഹോദരിയും താനുംകൂടി ഉദ്ദേശിച്ചിരുന്ന

പ്പാനെല്ലാം എങ്ങനെ ചെന്നുകലാശിക്കുമെന്ന കാര്യത്തിൽ മേരിയ്ക്ക് ആല്പം ആശങ്കതോന്നി. സ്വന്തം വിദ്യാഭ്യാസകാര്യം ഒരന്തരവുമില്ലാതെ അങ്ങനെ നീട്ടിനീട്ടിക്കൊണ്ടുപോയാൽ പന്തിയാവുകയില്ലെന്നു് അവൾ നിശ്ചയിച്ചു. സ്വകലാശാലയിൽ ചെന്നെത്തുവാൻ സാധിക്കുംമുമ്പു്, താനേ പഠിക്കുവാൻ സാധിക്കുന്നതെല്ലാം എങ്ങനേയും പഠിക്കുക എന്നൊരു പുതിയ വ്രതം അവൾ കൈക്കൊണ്ടു. ആ നാട്ടിൻപുറത്തുണ്ടോ, വിജ്ഞാനവികസനത്തിനു് വേണ്ടത്ര സൌകര്യം ലഭിക്കുന്നു? ചുറ്റിനോക്കിയതിൽ, അടുത്തുള്ള ഫാക്ടറിയോടനുബന്ധിച്ചു് ഒരു ചെറിയ ലൈബ്രറിയുണ്ടെന്നു് മേരി മനസ്സിലാക്കി. അവിടെ ചെന്നു്, കണ്ടെടത്തോളം പുസ്തകങ്ങളം പരിശോധിച്ചെടുത്തു. പദാർത്ഥവിജ്ഞാനീയവും സാമൂഹികശാസ്ത്രവുംസംബന്ധിച്ചു് ചില നല്ല പുസ്തകങ്ങളം അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അവയെല്ലാം അവൾ മനസ്സിരുത്തിപഠിച്ചു. ഇതിനിടയ്ക്കു് ഗണിതശാസ്ത്രം സംബന്ധിച്ചു് പിതാവുമായി കത്തിടപാടുകളം നടത്തി, ആ വിഷയത്തിലും ഉപരിവിജ്ഞാനം സമ്പാദിച്ചുകൊണ്ടിരുന്നു. എത്ര കടുത്ത പ്രതിബന്ധങ്ങളം നേരിട്ടാലും മടുത്തുമാറാത്ത വാസനാവൈഭവത്തിന്റേയും വിജ്ഞാനതൃഷ്ണയുടേയും വിളയാട്ടമാണു് കഥാനായികയിൽ പ്രത്യക്ഷപ്പെട്ടിരുന്നതു്. നിരാശതോന്നുമ്പോഴെല്ലാം പൂർവ്വാധികം ഉശിരോടുകൂടി മുമ്പോട്ടു കുതിച്ചുപോകു

ന്ന ഈ ശീലം മേരിയുടെ ജീവിതത്തിൽ ഉടനീളം കാണാം.

കാലചക്രം പിന്നെയും ഉരുണ്ടുരുണ്ട്, രണ്ടുമൂന്നാണ്ടുകൾ പിന്നിലായി. മേരി അപ്പോഴും ഉദ്യോഗവശാൽ നാട്ടിൻപുറത്തുതന്നെ താമസിച്ച് പഠനത്തിൽ കൊണ്ടുപിടിച്ചു സാഹിക്കുകയായിരുന്നു. ഇതിനകം മേരിയുടെ പിതാവായ വാഡിസ്ലാവ് സ്കോഡോസ്കി പ്രൊഫസ്സറുദ്യോഗത്തിൽനിന്നു പെൻഷൻപറ്റിപ്പിരിഞ്ഞു. ജോലി ചെയ്യുമ്പോൾപോലും ജീവനക്കുലികിട്ടാത്ത ഒരു ഉദ്യോഗത്തിൽനിന്നു പെൻഷൻപറ്റി പിരിഞ്ഞാലുള്ള കഥ പറയാനുണ്ടോ? വൃദ്ധനായ ആ കുടുംബനായകൻ പിന്നെയും ജോലിചെയ്യുവാൻതന്നെ നിർബ്ബന്ധനായി — അതായിരുന്നല്ലോ പരിതഃസ്ഥിതികം! തക്കതായ ഒരു പുതിയ ജോലി അന്വേഷിച്ച് അദ്ദേഹം കറങ്ങി. ഒടുവിൽ വാർസായിലെ റിഫോം സ്കൂളിലെ ഡയറക്ടറുദ്യോഗം കിട്ടി. കുറ്റപ്പുള്ളികളായ കുട്ടികളുടെ ശിക്ഷണത്തിനുള്ള ആ വിദ്യാലയം ഒരുവക കാരാഗൃഹംതന്നെയായിരുന്നു എന്നു പറയാം. അവിടെ സ്കോഡോസ്കിക്കു ലഭിച്ച ഉദ്യോഗത്തിനു് അന്തസ്സു കുറവായിരുന്നുവെങ്കിലും, മമ്പളത്തിന്റെ കാര്യത്തിൽ അതു് താരതമ്യേന തെല്ല ഭേദമായിരുന്നു. ഏതായാലും ഈ പുതിയ ഉദ്യോഗത്തിൽനിന്നുള്ള വരു

പിതാവു് വീണ്ടും ജോലിയിൽ

മാനമധികവും ബ്രോണിയായുടെ ഉപരിവിദ്യാഭ്യാസത്തിനുവേണ്ടി ചിലവിട്ടുവാനാണ് സ്റ്റാഡോസ്കി ഒരുങ്ങിയതു്. വാഛ്യമായിട്ടും, മക്കളുടെ ഉൽക്കഷ്ടത്തിന്നായി വെമ്പുന്ന പിതൃവാത്സല്യം!

പിതാവിൽനിന്നു് പണം കിട്ടിത്തുടങ്ങിയതോടെ, ബ്രോണിയാ അനുജത്തിയെ ഒരു സംഗതി എഴുതി അറിയിച്ചു. മേലാൽ തനിക്കു് പണം അയക്കേണ്ട ആവശ്യമില്ലെന്നും, ജോലിചെയ്തു് കിട്ടുന്ന പണം കഴിയുന്നതും സ്വന്തം വിദ്യാഭ്യാസത്തിനായി സൂക്ഷിച്ചുകൊള്ളണമെന്നുമായിരുന്നു എഴുത്തിന്റെ സാരം. പിതാവിനോടും അവൾ ഒരു സംഗതി ആവശ്യപ്പെട്ടു—തനിയ്ക്കു് പ്രതിമാസം അയച്ചുകൊണ്ടിരിക്കുന്ന നാല്പതു റൂബിളിൽനിന്നു് എട്ടു റൂബിൾ മേരിയ്ക്കു കൊടുത്തുകൊള്ളണമെന്നു്. സഹോദരി തന്നോടുകാണിച്ച ഔദാര്യത്തിനെല്ലാം പ്രത്യുപകാരം ചെയ്യുവാൻ ബ്രോണിയായ്ക്കുള്ള താല്പര്യമാണു് നാം ഇവിടെ കാണുന്നതു്. അനുജത്തിയേയും ഉയർത്തിക്കൊണ്ടുവരണമെന്നു് അവൾക്കു് ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്നു.

ബ്രോണിയായുടെ വിദ്യാഭ്യാസം എതാണ്ടു് പൂർത്തിയാകുന്നതിന്നായി. ഇതിനകം ഒരു വിവാഹാലോചനയും അവളുടെ ഉള്ളിൽ കടന്നുകൂടിയിട്ടുണ്ടു്. മെഡിക്കൽ കോളേജിൽത്തന്നെ പഠിച്ചിരു

ബ്രോണിയായുടെ വിവാഹാലോചന

ന്ന കാസ്സിമീർ ഡുസ്സി എന്ന ഒരു പോളീഷ് യുവാവാണു് അവളുടെ പ്രണയഭാജനമായിത്തീർന്നതു്. അയാൾ തന്റെ വൃദ്ധയായ മാതാവൊന്നിച്ചു് പാരീസിൽ താമസിക്കുകയായിരുന്നു. സമർത്ഥനും സുന്ദരനുമായിരുന്ന ആ യുവാവു് ഒരു സംഗീതപ്രിയനുംകൂടിയായിരുന്നു. റഷ്യൻ ഭരണാധികാരികളുടെ വിരോധം നിമിത്തം അയാൾക്കു് പോളണ്ടിലേയ്ക്കു് തിരിച്ചുപോകാൻ സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടു് ആ അമ്മയും മകനും പാരീസിൽത്തന്നെ സ്ഥിരതാമസമാക്കിയ കൂട്ടത്തിലായിരുന്നു. ബ്രോണിയായ്ക്കും പാരീസിൽത്തന്നെ പാർപ്പുറപ്പിക്കുവാനായിരുന്നു താല്പര്യം. വൈദ്യപരീക്ഷ പാസ്സായിക്കഴിഞ്ഞാൽ, അവിടെത്തന്നെ ജോലിചെയ്യുകടണമെന്നാണു് അവൾ പ്ലാനിട്ടിരുന്നതു്. അനുജത്തിയുടെ ഉപരിപഠനത്തിനു് ഈ സാഹചര്യം ഉപകരിപ്പിക്കാമെന്നൊരു ന്യായവും അവൾ അതിനു കണ്ടുവെച്ചിരുന്നു.

മേരിയ്ക്കു് എസ്റ്റേറിലുണ്ടായിരുന്ന ജോലി അവസാനിച്ചതിനാൽ, അവൾ വാർസായിലേയ്ക്കു തിരിച്ചുപോന്നു. നാട്ടിൽത്തന്നെ വീണ്ടും ഒരു ജോലി കണ്ടുപിടിക്കുവാനാഗ്രഹത്തിൽ യി, അവളുടെ പിന്നത്തെ ശ്രമം. ധനികനായ ഒരു കമ്പനിയുടമസ്ഥന്റെ വീട്ടിൽ അവൾക്കൊരു ജോലികിട്ടി. പരിഷ്കാരത്തിലും പ്രതാപത്തിലും മുഴുകിക്കഴിഞ്ഞിരുന്ന ഒന്നായിരുന്നു ആ കുടുംബം; ഗൃഹനായിക വലിയൊരാ

ഡംബരപ്രിയയും! മേരിയോട് ആ സ്ത്രീയ്ക്ക് എന്തോ ഒരു പ്രത്യേകസ്നേഹം തോന്നി. താൻ പോകുന്നിടത്തെല്ലാം മേരിയേയും കൊണ്ടുപോകണമെന്നു് അവക്കു് നിർബ്ബന്ധമായിരുന്നു; മറ്റുള്ളവരുടെ മുമ്പിൽ മേരിയുടെ ഗുണഗണങ്ങളെ കീർത്തിക്കുവാൻ വലിയൊരുത്സാഹവും. ആ ഗൃഹനായിക നടത്തുന്നതും സംബന്ധിക്കുന്നതുമായ സല്ക്കാരങ്ങളിലും നൃത്തങ്ങളിലുമെല്ലാം മേരി ഒരു പ്രധാന സ്ഥാനം വഹിക്കണമെന്നായി. ആഡംബരത്തിലും സുഖലോലുപതയിലും നമ്മുടെ കഥാനായിക ആദ്യമായും അവസാനമായും ഇടപെടേണ്ടിവന്ന ഒരു ഘട്ടമാണിതു്. സംഗതിവശാൽ മേരി ആഡംബരത്തിന്റെ അലകളിൽ ഒട്ടൊട്ടു പെട്ടുപോയെങ്കിലും, കൂടെക്കൂടെ പിതാവിനെ സന്ദർശിച്ചു് തന്റെ വിജ്ഞാനഭണ്ഡാഗാരം പോഷിപ്പിക്കുന്നതിനും, താൻ പണ്ടേ പങ്കെടുത്തിരുന്ന രഹസ്യവിദ്യാഭ്യാസസംഘത്തിന്റെ പ്രവർത്തനം തുടരുന്നതിനും അവൾ അമാന്തം വരുത്തിയില്ല.

ബ്രോണിയായുടെ നിർദ്ദേശം

ഇങ്ങനെയിരിക്കെ ഒരുദിവസം മേരിയ്ക്ക് ബ്രോണിയായുടെ ഒരെഴുത്തുകിട്ടി—ഒരു ഗ്രാഫ്കടലാസ്സിൽ ബദ്ധപ്പെട്ടെഴുതിയ ഒരു ലിഖിതം. ആലോചനയിൽ ഇരിക്കുന്ന സന്റെ വിവാഹം നടന്നുകഴിഞ്ഞാൽ മേരിയ്ക്ക് പാരീസിൽ താമസിച്ചു പഠിക്കുവാൻ സൌകര്യമുണ്ടാകുമെന്നും, അടുത്തകൊല്ലംതന്നെ ഉപരിപഠനത്തിനു് പുറപ്പെ

ട്ടുവാൻ ഒരുങ്ങിക്കൊള്ളണമെന്നുമായിരുന്ന ആ കത്തിന്റെ ഉള്ളടക്കം. എന്തോ, മേരിയ്ക്ക് അക്കാര്യത്തിൽ വലിയ ഉത്സാഹം തോന്നിയില്ല. ഉപരിവിദ്യാഭ്യാസത്തിനുള്ള അവളുടെ തൃഷ്ണ കെട്ടുപോയിട്ടാണോ? അതാവില്ല. താൻ പുതുതായി ഏറ്റെടുത്തിരിക്കുന്ന ജോലിയുടെ കാലാവധി കഴിയാത്തതും, സ്വന്തം കാലിന്മേൽ ഉറച്ചുനിന്നു ഉപരിവിദ്യാഭ്യാസം സമാരംഭിക്കുവാനുള്ള സജ്ജീകരണം പൂർത്തിയാകാത്തതുമാവാം, അമാന്തത്തിനുണ്ടായ കാരണം. ബ്രോങ്ങ്യാ പിന്നെയും സഹോദരിയെ ഉപരിപഠനത്തിനു പ്രേരിപ്പിച്ചുവെങ്കിലും, മേരി തല്ക്കാലം ജ്യേഷ്ഠത്തിയെ ബുദ്ധിമുട്ടിക്കാൻ കൂട്ടാക്കിയില്ല. ഏതായാലും ബ്രോണിയായുടെ വിദ്യാഭ്യാസം പൂർത്തിയാവുകയും, അതിനെത്തുടർന്നു അവളുടെ വിവാഹം നടക്കുകയും ചെയ്തു. വൈദ്യബിരുദങ്ങൾ നേടിയ ആ വധൂവരന്മാർ പാരീസിൽത്തന്നെ പ്രാക്ടീസ് ആരംഭിച്ചു. മേരിയുടെ ഭാവി ഇനിയും അനിശ്ചിതാവസ്ഥയിൽത്തന്നെ!

വാർസായിലെ ആ കുടുംബത്തിൽ അവശം ഏറിനിന്ന ജോലിയുടെ കാലാവധി കഴിഞ്ഞു. പിതാവിനു കിട്ടിയ രണ്ടാമുദ്യോഗത്തിന്റെ അവധിയും അവസാനിച്ചു. സ്വന്തം ഭാവിയെപ്പറ്റി മേരിയെ ഇരുത്തിച്ചിന്തിപ്പിക്കുന്ന ഒരു സന്ദർഭമായിരുന്നു അത്. മറ്റു സഹോദരങ്ങളെല്ലാം

ഓരോരോ നിലകളിലെത്തി. മേരിമാത്രം ജീവിത പ്പെരുവഴിയുടെ കവലയിൽ എങ്ങോട്ട്, എങ്ങനെ തിരിയണമെന്നറിയാതെ നിന്നു കറങ്ങുകയാണ്. ഇനിയും വളരെദൂരം സഞ്ചരിച്ചിട്ടുമാത്രം പ്രാപിക്കാവുന്ന ഒരു ലക്ഷ്യമാണ് അവളുടെ വിഭാവനയിൽ നീണ്ടുനീണ്ടങ്ങനെ നില്ക്കുന്നതു്. ഏതായാലും, ഒരുകൊല്ലം പിതാവിനോടുകൂടി താമസിച്ച് തെല്ലൊന്നു വിശ്രമിക്കുവാൻ അവൾ നിശ്ചയിച്ചു. ആ വിശ്രമത്തിനിടയ്ക്കും ഉപരിവിദ്യാഭ്യാസത്തിനുപകരിക്കുന്ന ചില പരിശ്രമങ്ങളിൽ അവൾ ഏർപ്പെടാതിരുന്നില്ല. ഒരുവഴിക്കു് മേരിയുടെ സഹോദരനെന്നു പറയപ്പെടാവുന്ന ജോസഫ് ബോഗുസ്കി എന്നൊരാൾ, ഒരു കലാമന്ദിരം നടത്തിക്കൊണ്ടിരുന്നു. "The Museum of Industry and Agriculture"—എന്നാണ് ആ സ്ഥാപനത്തിനു് പേരുകൊടുത്തിരുന്നതു്. മ്യൂസീയം എന്ന പേരുകേട്ടാൽ അതൊരു പ്രദർശനശാലയെന്ന പ്രതീതിയാണല്ലോ ഉണ്ടാവുക. അവിടെ യഥാർത്ഥത്തിൽ പഠിപ്പിക്കുന്ന വിഷയങ്ങളും റഷ്യൻമേധാവികളുടെ ദൃഷ്ടിയിൽപ്പെടാതിരിക്കുന്നതിനുള്ള ഒരു മൂടുപടമായിരുന്നു ഈ നാമധേയം. വാസ്തവത്തിൽ ദേശീയോൽക്കർഷത്തിനുപകരിക്കുന്ന ശാസ്ത്രാഭ്യസനമാണ് അവിടെ നടന്നിരുന്നതു്. പണ്ടേതന്നെ രഹസ്യവിദ്യാഭ്യാസസംഘത്തിലെ ഒരു സജീവപ്രവർത്തകയായിരുന്ന മേരിയ്ക്കു് അവിടെ പ്രവേശം ലഭിക്കുവാൻ പ്രയാസമുണ്ടായില്ല.

ആ ശാസ്ത്രമന്ദിരത്തിലെ ലാബറട്ടറിയിൽ കാലൂന്നിയതോടെ മേരിയുടെ ചിരപ്രതീക്ഷിതമായ ഒരഭിലാഷം ചിറകുവിരിച്ചുവിഹരിക്കുവാൻ തുടങ്ങി. കുട്ടിക്കാലത്തു് പിതാവിന്റെ പഠനമുറിയിൽ കടന്നു് ശാസ്ത്രീയോപകരണങ്ങളെ കൈപ്പെരുമാറാംചെയ്ത പഴയ കഥകൾ തുടങ്ങി, പാരീസ് സർവ്വകലാശാലയിലെ ശാസ്ത്രമണ്ഡലത്തിൽ കയറിപ്പറ്റുവാനുള്ള മോഹത്തിൽ ആറേഴുകൊല്ലക്കാലമായി നടത്തിക്കൊണ്ടിരുന്ന പരിശ്രമങ്ങൾവരെ, എന്തെല്ലാം സ്മരണകളാണു് ഈ അവസരത്തിൽ അവളുടെ അകതാരിൽ അലതല്ലിയതെന്നു് വിവരിക്കുവാൻ പ്രയാസം. തൽക്കാലം തനിക്കുകിട്ടിയ ലാബറട്ടറിയിലെ സജ്ജീകരണം തുലോം പരിമിതമായ ഒന്നായിരുന്നുവെങ്കിലും, അവിടംകൊണ്ടു് സാധിക്കാവുന്ന പരിശീലനങ്ങളും പരീക്ഷണങ്ങളുമെല്ലാം തികഞ്ഞ ഉത്സാഹത്തോടുകൂടിതന്നെ അവൾ നടത്തിക്കൊണ്ടിരുന്നു. പകൽസമയം മുഴുവൻ ആ പരീക്ഷണശാലയിൽ തലപുകഞ്ഞു പണിയെടുത്തശേഷം വീട്ടിലെത്തിയാലും, മേരിയുടെ വിജ്ഞാനോത്സുകയ്ക്കു വിശ്രമം ലഭിച്ചിരുന്നില്ല. ഭാവിയിൽ വിശേഷാത്തരങ്ങളായ പല ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ വിളനിലമായിത്തീരുവാനിരുന്ന അവളുടെ തലച്ചോറിനുണ്ടോ തളർച്ചയുണ്ടാകുന്നു? ഉണ്ടെങ്കിലും ഉറക്കത്തിലുമെല്ലാം അവളുടെ ചിന്ത ശാസ്ത്രം ഒന്നുമാത്രം!

ഏറെക്കഴിയുന്നതിനു് മുൻപു്, പരിമിതമായ ഈ അദ്ധ്യയനരംഗംവിട്ടു് പാരീസിലെ സർവ്വകലാശാലയിലേയ്ക്കു് പറന്നെത്തുവാൻ മേരി വെമ്പൽകൊള്ളുകയായി. ഇപ്പോഴും അവൾ ബ്രോണിയായുടെ സഹായം അഭ്യർത്ഥിച്ചു. പാട്ടുള്ള എല്ലാ സഹായങ്ങളും ചെയ്യാമെന്നു് ജോഷ്വത്തി എഴുതി അയച്ചു. "പിതാവു" ഈ അവസരത്തിലും എങ്ങനേയൊ കുറെ പണം സരിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. മേരിയുടെ യാത്രയെ തടസ്സപ്പെടുത്തുന്ന ഒരു സാഹചര്യവും ഇതിനകം വന്നുചേരുകയായി. രഹസ്യവിദ്യാഭ്യാസസംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിവരങ്ങൾ റഷ്യൻ ഭരണാധികാരികൾക്കു് അറിവുകിട്ടിത്തുടങ്ങി; അതോടെ അതിന്റെ ചില പ്രവർത്തകന്മാരെ അറസ്റ്റുചെയ്യുവാനും ആരംഭിച്ചു. ഇനിയും വാർസായിൽ താമസിച്ചാൽ തന്റെ ഭാവി അപകടത്തിലായേക്കുമെന്നു് മേരിയ്ക്കു് സൂചനയുണ്ടായിരിക്കാം. ഏതായാലും, യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടന്നു. തന്റെ കൈവശമുണ്ടായിരുന്ന സല്പമാത്രമായ പണംകൊണ്ടു് സാധിക്കേണ്ട കാര്യങ്ങളുടെയെല്ലാം ഒരു കണക്കു് അവൾ ആദ്യമേ കുറിച്ചുതയ്യാറാക്കി. പാസ്പോർട്ടിനു് ഇത്ര, യാത്രച്ചിലവിനു് ഇത്ര, പെട്ടി ഉടുപ്പു് മുതലായ ഉപകരണങ്ങൾക്കിത്ര, കൂടെക്കൊണ്ടുപോകേണ്ട ഭക്ഷണപദാർത്ഥങ്ങൾക്കിത്ര — എന്നിങ്ങനെ ; ഉപ്പുതൊട്ടു കർപ്പൂരം

പാരീസിലേയ്ക്കുള്ള പരിപ്പാടു്

വരെ നീളുന്ന ഒന്നായിരുന്നു ആ കണക്കു്. വാർസാ യിൽനിന്നു് ജർമ്മനിയുടെ അതിർത്തിവരെ മൂന്നാം ക്ലാസു് വണ്ടിക്കാണു് ടിക്കറ്റെടുത്തതു്; ജർമ്മനി യിൽ നാലാംക്ലാസു് വണ്ടിക്കുള്ളതും. ഇപ്പറഞ്ഞ നാലാംക്ലാസു് ഒരു മാതിരി 'ചരക്കും വണ്ടി'യുടെ ചന്തത്തിൽ ഉള്ളതായിരുന്നു; അതിൽ യാത്രചെയ്യു മ്പോൾ ഉപയോഗിക്കുവാൻവേണ്ടി മേരി ഒരു ചെ റിയ ചാരുകസേരകൂടി കൈവശം കരുതിയിരുന്നു വെന്നു പറഞ്ഞാൽ, അവളുടെ സജ്ജീകരണക്ഷമത നമുക്കു് ഏതാണ്ടൊന്നു മനസ്സിലാക്കാം. മേരിയെ യാത്രയാക്കുവാൻ അവളുടെ പിതാവു്, പല സുഹൃ ത്തുക്കളും സ്റ്റേഷനിൽ എത്തിയിരുന്നു. പിതാവി നെ ആലിംഗനം ചെയ്തു് അനുഗ്രഹം വാങ്ങി അ വശം യാത്ര പറഞ്ഞു. വിദ്യാഭ്യാസസ്വാതന്ത്ര്യം പോലുമില്ലാതെ അടിമത്തത്തിൽ ആണ്ടുകിടക്കുന്ന സ്വദേശത്തെ വിട്ടു് ഉപരിവിദ്യാഭ്യാസത്തിനാ യി വിദേശത്തേയ്ക്കു് പോകുന്ന ഈ വിദ്യാർത്ഥിനി എന്തെന്തു വികാരങ്ങളോടുകൂടിയായിരിക്കാം, ത ന്റെ ജന്മഭൂമിയോടു് അപ്പോൾ യാത്ര പറഞ്ഞതെ ന്നു് നമുക്കു് വിഭാവനം ചെയ്യുവാൻ സാധിക്കും. വിദേശത്തുവെച്ചു് തനിക്കു സമാർജ്ജിക്കുവാൻ സാ ധിക്കുന്ന വിദ്യാബിരുദങ്ങളെയും ഒരുകാലത്തു് ത ന്റെ ജന്മഭൂമിയുടെ സ്വാതന്ത്ര്യോൽക്കർഷാങ്കുരാ യി വിനിയോഗിക്കണം എന്നൊരു വ്രതം അവൾ അ അവസരത്തിൽ എടുത്തിരിക്കാം.

V

നവ്യകലാശാലയിൽ!

പാരീസിൽ ചെന്നിറങ്ങിയപ്പോൾ മേരിയ്ക്കുണ്ടായ സന്തോഷമൊന്നും പറയാനില്ല. ഏറെക്കാലമായിട്ട് തന്റെ വിഭാവനയിൽ കൊട്ടിലതാ, കലാശാലയിൽ! കൊണ്ടിരുന്ന ആ വിജ്ഞാനകേന്ദ്രത്തിൽ കാലുംനീയതോടെ, അവൾക്കു് ദേഹമാസകലം ഒരു കോരിത്തരിപ്പുണ്ടായി. സ്വാതന്ത്ര്യത്തിന്റെയും സംസ്കാരത്തിന്റെയും പരകോടിയിലെത്തിനിന്നിരുന്ന ആ നാടെവിടെ? അടിമത്തത്തിൽ ആണ്ടുകിടന്നിരുന്ന പോളണ്ടെവിടെ? പാരീസ് നഗരത്തിൽ ഉടനീളം ഇടതിങ്ങിനില്ക്കുന്ന മണിമേടകളും ഗോപുരങ്ങളും ഒന്നിനൊന്നു് മേല്ക്കുമേൽ തല ഉയർത്തിപ്പിടിച്ചു്, ആ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ പ്രഖ്യാപിക്കുന്നതായി മേരിയ്ക്കു തോന്നി. ജനങ്ങൾ തങ്ങൾക്കിഷ്ടമുള്ള ഭാഷ സംസാരിച്ചുകൊണ്ടു് പൊതുനിരത്തിൽക്കൂടി നടക്കുന്നതുതന്നെ സ്വാതന്ത്ര്യത്തിന്റെ വലിയൊരു ജൈത്രയാത്രയായിട്ടാണു് അവൾ കരുതിയതു്. വിദേശാധിപത്യത്തിന്റെ വിലങ്ങുതടികളൊന്നും അവിടെ കണ്ടില്ല. ആർക്കും സ്വതന്ത്രമായി അഭിപ്രായം പറയാം; മാതൃഭാഷ ഉപയോഗിക്കാം; മാനമായി ജീവിക്കാം. റെ

യിൽവെസ്റ്റേഷനിലും തെരുവീഥികളിലും വില്പനയ്ക്കായി നിരത്തിവെച്ചിരുന്ന സാധനങ്ങളിൽ മേരിയുടെ പ്രത്യേക ശ്രദ്ധയെ ആകർഷിച്ചതു് പുസ്തകങ്ങളായിരുന്നു. ഏതു ഭാഷയിലും ഏതു വിഷയത്തെക്കുറിച്ചുമുള്ള നല്ലനല്ല പുസ്തകങ്ങളും അവിടെ സുലഭമാണെന്നു് അവൾ മനസ്സിലാക്കി. വൃത്താന്തപത്രങ്ങൾക്കും അവിടെ ശരിയായ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നുവെന്നു് അവൾ കണ്ടു.

ഇടയ്ക്കെങ്ങും തങ്ങാതെ മേരി ചെന്നുചെന്നു് സോർബോൺ സർവ്വകലാശാലയുടെ നടവഴിയിലെത്തി. ആ കലാലയത്തെക്കുറിച്ചു് അവൾക്കുണ്ടായിരുന്ന മധുരസ്വപ്നങ്ങൾ മുന്നൊരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവിടെ ശാസ്ത്രവിഭാഗത്തിനുള്ള മന്ദിരത്തിലേയ്ക്കു് (Faculty of Science) മേരി മതിമറന്നങ്ങനെ നടകൊണ്ടു. ആ വിദ്യാകേന്ദ്രത്തിലേയ്ക്കു് കാൽവെയ്ക്കുവാനുള്ള അവളുടെ വെമ്പൽ ഒന്നു കാണേണ്ടതുതന്നെയായിരുന്നു. ഏറെനാൾ വേർപെട്ടിരുന്നിട്ടു് മാതൃസവിധത്തിലേയ്ക്കോടിയണയുന്ന ഒരു കുട്ടിയുടേതായിരുന്നു, അവളുടെ അപ്പോഴത്തെ ഗതിവേഗം. ഈ ബദ്ധപ്പാടിൽ അവൾ ഒരു വഴിപോക്കന്റെമേൽ ചെന്നൊന്നു മുട്ടുകയുണ്ടായി. പഥികനോടു് ഫ്രഞ്ചുഭാഷയിൽ തപ്പിത്തടഞ്ഞു് മാപ്പപേക്ഷിച്ചുകൊണ്ടു് പിന്നെയും അവൾ മുന്നോട്ടുപാഞ്ഞു. അന്നുതന്നെ സയൻസുകോളേജിൽ അവൾക്കു് പ്രവേശം ലഭിച്ചു.

ആ സുദിനം—1891 നവമ്പർ 8-ാം തിയ്യതി—മേരി സ്ക്ലോഡോസ്കിയുടെ ജീവിതവിജയത്തിന്റെ നാന്ദിയെ കുറിക്കുന്ന ഒന്നായിരുന്നു.

കോളേജിൽനിന്നു കുറെ അകലേയുള്ള ഒരു ഡിക്കിലാണു്, മേരിയുടെ ജ്യേഷ്ഠത്തി ബ്രോണിയായും അവളുടെ ഭർത്താവായ കാസ്സിമീർ ഡുസ്കിയും താമസിച്ചിരുന്നതു്. അവിടെയെത്താൻ കോളേജിന്റെ ഭാഗത്തുനിന്നു് ഒരു മണിക്കൂർ ബസ്സുയാത്ര ചെയ്യേണ്ടിയിരുന്നു. മേരി അവിടെ ജ്യേഷ്ഠത്തിയുടെകൂടെത്തന്നെയാണു് തല്ക്കാലം താമസമുറപ്പിച്ചതു്. കോളേജിൽ മേരിയ്ക്കു് പരിചയക്കാരായി ആരുംതന്നേയുണ്ടായിരുന്നില്ല; കണ്ടമാനം സ്നേഹിതരെ സമ്പാദിക്കാനുള്ള വാസന അവൾക്കുണ്ടായിരുന്നില്ലതാനും. നഗരജീവിതത്തിന്റെ പ്രലോഭനങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുനിന്നു് പഠനകാര്യത്തിൽമാത്രം ശ്രദ്ധപതിപ്പിക്കണമെന്നുള്ള നിശ്ചയം അവളുടെ മുഖത്തു് സഗൗരവം നിഴലിച്ചുനിന്നിരുന്നു. അതിനാൽ അവളെ അലട്ടുവാൻ ആരും ധൈര്യപ്പെട്ടതുമില്ല. സർവ്വകലാശാലയിൽ അദ്ധ്യയനം ആരംഭിച്ചപ്പോൾ മേരിയ്ക്കു് പല ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടുതുടങ്ങി. ഫ്രഞ്ചുഭാഷയിൽ തനിക്കു് തെല്ലൊരു സ്വാധീനമുണ്ടെന്നായിരുന്നു, അവളുടെ അന്നേവരേയുള്ള ധാരണ. പക്ഷെ, സോർബോൺ സർവ്വകലാശാലയിലെ വിദ്വന്മണികളു-

നിരാശയുടെ നിഴൽ

യ പണ്ഡിതന്മാർ ക്ലാസ്സിൽ ചെയ്യുന്ന പ്രസംഗങ്ങൾ മുഴുവനായങ്ങു മനസ്സിലാക്കുവാൻ അവൾക്കു് സാധിച്ചില്ല അതുപോലെതന്നെ, ഗണിതശാസ്ത്രത്തിൽ താൻ നേടിയിരുന്ന അറിവും ആവശ്യത്തിനു് മതിയാകുന്നില്ലെന്നു് അവൾക്കു് ബോദ്ധ്യപ്പെട്ടു. ലാബറട്ടറിപ്പരിശീലനത്തിന്റെ കഥയും തഥൈവ. ഇപ്പറഞ്ഞ കാര്യങ്ങളിലെല്ലാം കഴിയുന്നത്ര കൈമുതൽ കരുതിവയ്ക്കുവാൻ മേരി സ്വന്തം നിലയിൽ നേരത്തേ പരിശ്രമിച്ചിരുന്നെങ്കിലും, പാരീസ് സർവ്വകലാശാലയിലെ അദ്ധ്യയനസമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം, അതെല്ലാം അപര്യാപ്തമായിത്തീരുകയാണുണ്ടായതു്. അതിനാൽ, നമ്മുടെ വിദ്യാർത്ഥിനി ആകപ്പാടെ ഒന്നമ്പരന്നു. ആ കലാശാലയിൽനിന്നു് കഷ്ടിച്ചെന്തെങ്കിലും ഒരു ഡിഗ്രി കരസ്ഥമാക്കുവാൻ സാധിക്കുമോ എന്നുപോലും അവൾ ശങ്കിച്ചു. അറിയാതെതന്നെ അവളുടെ ധൈര്യത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും ഒരു നിഴൽ അവളെ ചുഴലുകയായി.

എന്നാൽ അവൾ അതിനു് വഴങ്ങിക്കൊടുക്കുകയുണ്ടായില്ല. എത്ര കടുത്ത പ്രതിബന്ധങ്ങളോടും പോരാടിജ്ജീവിച്ചിട്ടുള്ള മേരിയുടെ ആത്മധൈര്യം സമരചൈതന്യം ഈ ഘട്ടത്തിൽ തലയുയർത്തി. 'അസാദ്ധ്യ'മെന്നൊരു വാക്കു് തന്റെ ജീവിതനിഘണ്ടുവിൽ കടന്നുകൂടുവാൻ മേരി സമ്മതിക്കുമോ? ഒരിക്കലുമില്ല. നമ്മിൽ

പലക്കും പരാജയംപറ്റാവുന്ന ഒരു പരീക്ഷണഘട്ട മായിരുന്നു അത്. ഒരു കാര്യം വിചാരിച്ചപോലെ എളുപ്പമല്ലെന്നു തോന്നുക, അതോടെ അതു് അസാദ്ധ്യമെന്നു കരുതി ആ ഉദ്യമത്തിൽനിന്നു് പിൻവാങ്ങുക—ഇതാണു് പലരുടേയും പരാജയത്തിന്റെ നിദാനം. എമിലി കൊയ് (Emile Coue) പറഞ്ഞിട്ടുള്ള ഒരു ഘട്ടം പ്രകൃതത്തിൽ സ്മരണീയമാകുന്നു. "ഒരു സംഗതി ചെയ്യുവാൻ കഴിയുമെന്നു് നിങ്ങളിൽത്തന്നെ ഒരുറപ്പുവരുത്തുവാൻ സാധിക്കുമെങ്കിൽ, ആ സംഗതി എത്ര പ്രയാസമുള്ളതാണെങ്കിലും നിങ്ങൾ ചെയ്തീർക്കും. നേരേമറിച്ചു് ഏറ്റവും എളുപ്പമുള്ള ഒരു സംഗതിയായാലും ശരി, നിങ്ങൾക്കതു് സാദ്ധ്യമല്ലെന്നു തോന്നിപ്പോയാൽ, അതു അസാദ്ധ്യമായിത്തന്നേയിരിക്കും. ചെറിയ മൺകൂനകൾപോലും അപ്രാപ്യങ്ങളായ മഹാപർവ്വതങ്ങളായിട്ടായിരിക്കും നിങ്ങൾക്കു് അപ്പോൾ തോന്നുക"—ഈ മനഃശാസ്ത്രതത്ത്വം നമ്മുടെ കഥാനായികയായ മേരി സ്ക്ലോഡോസ്കി നല്ലവണ്ണം ഗ്രഹിച്ചിരുന്നുവെന്നു് അവളുടെ ഇതേവരെയുള്ള ചരിതവും, ഇനിയുള്ള ചര്യയും വേണ്ടുവോളം വ്യക്തമാക്കുന്നുണ്ടു്. പാരീസ് സർവ്വകലാശാലയിൽ വെച്ചു് ആരംഭത്തിൽ അനുഭവപ്പെട്ട അധൈര്യം അപ്പാടേ തട്ടിമാറ്റി അവൾ തീവ്രമായ പരിശ്രമം കൊണ്ടു് അദ്ധ്യയനത്തിൽ പുരോഗമിക്കുകതന്നെ ചെയ്തു.

അങ്ങനെ ആത്മധൈര്യം പ്രാപിച്ചപ്പോൾ അവളുടെ പ്രസന്നതയും, പഠനത്തിലുള്ള ഉത്സാഹവും വർദ്ധിച്ചു. പോരാ, ആപ്പൽ തുടങ്ങിയ വിശ്രുതശാസ്ത്രജ്ഞന്മാരുടെ പ്രസംഗങ്ങൾ ശ്രവിക്കുമ്പോൾ അവാച്യമായ ഒരാനന്ദാനുഭൂതിയാണു് അവൾക്കുണ്ടായിക്കൊണ്ടിരുന്നതു്. ആ പണ്ഡിതന്മാർ ഗഹനങ്ങളായ ശാസ്ത്രീയതത്ത്വങ്ങളെ യുക്തിയുക്തം പ്രതിപാദിച്ചുകേൾക്കുമ്പോൾ, മേരിയ്ക്കു തോന്നും, അതെല്ലാം ശ്രവിക്കുവാനും പഠിക്കുവാനുംവേണ്ടി എന്തെന്തു ത്യാഗങ്ങൾ സഹിച്ചാലാണു് അധികമാവുക എന്നു്. അപ്രകാരംതന്നെ, ലാബറട്ടറിയിൽച്ചെന്നു് വിശേഷപ്പെട്ട ശാസ്ത്രീയോപകരണങ്ങൾകൊണ്ടു് ഓരോ പരീക്ഷണം നടത്തുമ്പോഴും, അവളുടെ ആത്മാവു് ആനന്ദത്തിൽ ആറാടുക പതിവായിരുന്നു. കേവലം ഒരു ഡിഗ്രിക്കുവേണ്ടിയോ, വല്ലോണം ഒരു പരീക്ഷ പാസ്സാകുവാൻവേണ്ടിയോ പഠിക്കുന്ന സമ്പ്രദായമല്ലാ അവളിൽ കണ്ടതു്. വിശേഷാത്തരമായ ഒരുദ്ദേശത്തെ മുൻനിർത്തി വിജ്ഞാനത്തിന്റെ ആഴങ്ങളിലേയ്ക്കു് ചുഴിഞ്ഞിറങ്ങുന്ന ഒരു വിദ്യാർത്ഥിനിയായിരുന്നു അവൾ. വിജ്ഞാനത്തിനുവേണ്ടി മേല്ക്കുമേൽ വിജ്ഞാനം സമാർജ്ജിച്ചു് ലോകോപകാരത്തിനൊരുങ്ങുക—അതായിരുന്നു അവളുടെ അദ്ധ്യയനാദർശം.

അദ്ധ്യയനാദർശം

ജ്യേഷ്ഠത്തിയുടെ വസതിയിലുള്ള താമസംപറ

നത്തിനു് സൌകര്യപ്രദമല്ലെന്നു് മേരിയ്ക്കു് തോ
ന്നിത്തുടങ്ങി. അവിടെനിന്നു് കോ
സ്ഥലംമാറ്റം ളേജിലേയ്ക്കുള്ള ബസ്സുയാത്രതന്നെ പ
ഠനത്തിനു് വലിയൊരു അസൌകര്യ
മായിരുന്നു—പണച്ചിലവിന്റെ കാര്യവും മേരി
ചിന്തിച്ചിരിക്കാം. കൂടാതെ, ജ്യേഷ്ഠത്തിയുടെ വീ
ട്ടിൽ ചില ചില്ലറ അസൌകര്യങ്ങളുണ്ടായിരുന്നതാ
നും. മേരി നിഗ്ഗുബ്ബമായിരുന്നു് വല്ലതും പഠിക്കു
വാൻ തുടങ്ങുമ്പോഴായിരിക്കും, ജ്യേഷ്ഠത്തിയുടെ ഭ
ർത്താവു് 'പിയാനോ' വായിക്കാൻ തുടങ്ങുക; അല്ലെ
ങ്കിൽ, ജ്യേഷ്ഠത്തി സംഭാഷണത്തിന്നായെത്തുക.
അതുപോലെതന്നെ, മേരി വിഷമമേറിയ ഒരു കണ
ക്കു് ചെയ്യുകൊണ്ടിരിക്കുമ്പോഴായിരിക്കും, ചികിത്സ
യ്ക്കായെത്തുന്ന ചില രോഗികൾവന്നു് ആളറിയാ
തെ അവളുടെ വാതിലിൽ മുട്ടുക. രണ്ടു ഡോക്ടർ
മാരുള്ള ആ വീട്ടിൽ ഇമ്മാതിരി തട്ടുംമുട്ടും പതിവാ
യുണ്ടായിക്കൊണ്ടിരുന്നു. ഇപ്പറഞ്ഞ അസൌകര്യ
ങ്ങൾകൊണ്ടെന്നതിനേക്കാൾ, ഏകാകിനിയായി ക
ഴിയുവാൻ സ്വതവേ തനിക്കുള്ള ആഗ്രഹംകൊണ്ടാ
വാം, സ്ഥലമൊന്നു മാറുവാൻതന്നെ മേരി തീരുമാ
നിച്ചതു്. ജ്യേഷ്ഠത്തിയുമായാലോചിച്ചു്, കോളേ
ജിനടുത്തുള്ള 'ലാററിൻ ക്വാർട്ടേഴ്സിൽ' ഒരു മുറി
വാടകയ്ക്കെടുത്തു് അവൾ അങ്ങോട്ടു താമസം
മാററി.

ഈ സ്ഥലംമാററത്തോടെ, മേരിയുടെ സകല

കാര്യങ്ങളും അവൾതന്നെ നോക്കേണ്ടതായിവന്നു. അവളുടെ കൈവശം ശേഷിച്ചിരുന്ന സ്വല്പംപണവും, പിതാവു് മാസന്തോറും അയച്ചുകൊടുത്തിരുന്ന നാല്പതു റൂബിളും മാത്രമാണു് ചിലവു നടത്തുവാൻ അവൾക്കുണ്ടായിരുന്ന അവലംബം. ഇതുയും പരിമിതമായ വരുമാനംകൊണ്ടു് കഴിച്ചുകൂട്ടുന്ന വിദേശികളായ വിദ്യാർത്ഥികൾ മേരിയുടെ സഹപാഠികളായുണ്ടായിരുന്നു. പക്ഷെ അവർ നാലഞ്ചു പേരൊന്നിച്ചു് ഒരു മുറിയിൽ താമസിച്ചോ, അതല്ലാ, തനിച്ചുതാമസിക്കുകയാണെങ്കിൽ പാചകകൃത്യവും ശുചീകരണവേലയും സ്വയം നിർവ്വഹിച്ചിട്ടോ ആണു് കഴിഞ്ഞിരുന്നതു്. മേരിയ്ക്കാകട്ടെ, മറ്റുള്ളവരോടൊന്നിച്ചു് ഒരു മുറിയിൽ താമസിക്കുക ഒട്ടും ഇഷ്ടമായിരുന്നില്ല. അതിനാൽ തനിച്ചൊരുമുറിയിൽ താമസിച്ചു് സകല ജോലികളും സ്വയം നിർവ്വഹിക്കുവാനാണു് അവൾ ഒരുങ്ങിയതു്. ബ്രോണിയാ പഠിച്ചിരുന്ന കാലത്തു് 'ലാററിൻ ക്വാർട്ടേഴ്സിൽ' കഴിച്ചുകൂട്ടിയിരുന്നതു് അങ്ങനെയാണെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഇക്കാര്യത്തിൽ ബ്രോണിയായ്ക്കുണ്ടായിരുന്നതു സാമർത്ഥ്യവും പരിചയവും മേരിയ്ക്കില്ലായിരുന്നു. ജ്യേഷ്ഠത്തി പാചകവിഷയത്തിൽ അദ്വിതീയയായിരുന്നുവെങ്കിൽ, ഒരു സൂപ്പുണ്ടാക്കുവാൻ ഉപയോഗിക്കേണ്ടെ സാധനങ്ങളും എന്തെന്നുപോലും അനുജത്തിക്കു നിശ്ചയമുണ്ടായിരുന്നില്ല. ശാസ്ത്രപഠനത്തിലും പരീ

ക്ഷണത്തിലും സദാ ഏർപ്പെട്ടുകൊണ്ടിരുന്ന മേരിയ്ക്കു ണ്ടോ മറ്റു ജോലികൾക്കു സമയം ലഭിക്കുന്നു?

ഏകാഗ്രത തേടിത്തേടി, ഒരു കെട്ടിടത്തിന്റെ ആറാമത്തെ നിലയിലുള്ള ഒരു ചെറിയ മുറിയിലാണ് മേരി താമസമുറപ്പിച്ചതു്. ആറാം നില ഇരുപതു ഫ്രാങ്കായിരുന്ന ആ മുറിയുടെ വാടക. അവിടെ വൈദ്യുതവിളക്കോ, പൈപ്പുവെള്ളമോ ഒന്നും ലഭിച്ചിരുന്നില്ല; അങ്ങേഅറ്റം മഞ്ഞുകാലത്തു് ശൈത്യബാധയിൽനിന്നു് മുക്തിനേടുവാനുള്ള സജ്ജീകരണംപോലുമുണ്ടായിരുന്നില്ല. വെളിച്ചം കടക്കാൻ മേൽക്കൂട്ടിൽ ഉണ്ടായിരുന്ന ഒരു ദ്വാരം ഒഴിച്ചാൽ, ആ മുറി കേവലം ഒരു ഗുഹപോലെയായിരുന്നു. മേരി തന്റെ സാധനസാമഗ്രികളെല്ലാം ആ മുറിയിൽ ക്രമപ്പെടുത്തിവെച്ചു. ചുരുക്കാവുന്ന ഒരിരുമ്പുകട്ടിലും കിടയ്ക്കയും ഒരുവശത്തു്; മറ്റൊരുഭാഗത്തു് ചെറിയൊരെഴുത്തുമേശയും കസേരയും; അന്യത്ര ഒരു സ്റ്റൗവിട്ടുപ്പു്, ഭക്ഷണം പാകംചെയ്യുവാൻ; അതിനരികേ, വെള്ളം കോരുവാനുള്ള ഒരു ബക്കറ്റു്; തൊട്ടടുത്തു് ഒന്നുരണ്ടു പാത്രങ്ങളും, ഒരു കയിൽ, കാപ്പു്, കത്തി എന്നിങ്ങനെ ഒരാൾക്കു് അത്യാവശ്യമുള്ള മറ്റുപകരണങ്ങളും. ഒഴിച്ചുകൂടുവാൻ പാടില്ലാത്ത വല്ല അതിഥികളും വന്നാൽ, അവരെ സല്ക്കരിക്കുവാൻ ഒരു ചായപ്പാത്രവും മൂന്നു ഗ്ലാസ്സുകളും മേരി വിശേഷാൽ കരുതിയിരുന്നു. അ

ങ്ങനെയുള്ള സല്ലാരാവസരങ്ങളിൽ അവളുടെ പെട്ടിയായിരിക്കും കസേരയുടെ സ്ഥാനം വഹിക്കുക. മുറി വൃത്തിയാക്കുന്നതും, വെള്ളം കൊണ്ടുവരുന്നതുമെല്ലാം മേരിതന്നെയായിരുന്നു. തണുപ്പുകാലത്തു് തീ കായുവാൻ ആവശ്യമുള്ള കൽക്കരി, അടുത്തൊരിടത്തുനിന്നു് വാങ്ങി കെട്ടിടത്തിന്റെ ആറാം നിലയിൽ എത്തിക്കുന്നതും മറ്റാരുമായിരുന്നില്ല. ചിലപ്പോൾ കൽക്കരിയുംകൊണ്ടു് കോവണി കയറി ഓരോ തട്ടിലുമെത്തുമ്പോൾ, ആ പാവം നിന്നു കിതയ്ക്കുന്നതു് പലരും കണ്ടിട്ടുണ്ടു്.

മിതവ്യയശീലം

മാസത്തോറുമുള്ള ചിലവിനു് പണം മതിയാകുന്നില്ലെന്നു കണ്ടപ്പോൾ, അവൾ ലാബറട്ടറിയിലെ ചില ചില്ലറ ജോലികൾ കയ്യേല്ക്കുവാൻകൂടി മുതിർന്നുവന്നു. കുപ്പികൾ കഴുകുക, ശാസ്ത്രീയോപകരണങ്ങൾ ശരിപ്പെടുത്തിവയ്ക്കുക മുതലായ ആ ജോലികൾക്കു് ചെറിയൊരു പ്രതിഫലമുണ്ടായിരുന്നു. ചിലവു ചുരുക്കുവാൻ പാടുള്ള എല്ലാ വിധത്തിലും മേരി പരിശ്രമിക്കാതിരുന്നുമില്ല. എണ്ണ ലാഭിക്കുവാൻവേണ്ടി, അടുത്തുള്ള ഒരു വായനശാലയിൽ ചെന്നിരുന്നാണു് അവൾ രാത്രിസമയത്തു് വായിക്കുക. പത്തുമണിക്കു് ആ വായനശാല പൂട്ടുമ്പോൾ, പാപ്പുമുറിയിലേയ്ക്കു് തിരിച്ചുവന്നു് സ്വന്തം വിളക്കു തെളിച്ചു് മൂന്നുനാലു മണിക്കൂർ പിന്നെയും വായിക്കും. കോളേജിലേക്കു് കാൽനടയായിട്ടേ അവൾ

പോകാറുള്ളൂ. വല്ലപ്പോഴും വിശ്രമത്തിനു തെല്ല സമയം കിട്ടിയാൽ അവൾ ഉന്നൽജോലിയിൽ ഏർപ്പെട്ടിരുന്നതു കാണാം. സ്വന്തം ഉടുപ്പുകളുടെ കേടുപാടുകൾ പോക്കിവയ്ക്കുവാനായിരുന്നു ആ പരിശ്രമം. പണച്ചിലവു് ചുരുക്കുവാനുള്ള വ്യഗ്രതമൂലം മഞ്ഞുകാലത്തു് വേണ്ടതു കൽക്കരി കത്തിച്ചു് മുറി ചൂടാക്കുവാൻപോലും അവൾ കൂട്ടാക്കാറില്ല. മരം കൊച്ചുന്ന തണുപ്പിൽ അവളുടെ കരചരണങ്ങൾ മരവിച്ചുപോകാറുണ്ടു്. എങ്കിലും അതൊന്നും വകവയ്ക്കാതെ അവൾ ഇടവിടാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നതു കാണാം. തണുപ്പുകാലത്തു് ഇറച്ചിയും സൂപ്പും അത്യാവശ്യമാണെന്നാണു് വെച്ചിട്ടുള്ളതെങ്കിലും, മേരി അതും കഴിയുന്നതു വർജ്ജിക്കുകയായിരുന്നു പതിവു്. റൊട്ടിയും വെണ്ണയും ചായയും കൊണ്ടതന്നെ അവൾ കഴിച്ചുകൂട്ടിയ ആഴ്ചവട്ടങ്ങൾ ഉണ്ടു്. വിശേഷിച്ചൊരു സദ്യവട്ടം വേണമെന്നു തോന്നിയാൽ അടുത്തുള്ളൊരു ഹോട്ടലിൽച്ചെന്നു് രണ്ടു മുട്ടയോ, സ്വല്പം ചോക്കലേറോ പഴങ്ങളോ വാങ്ങിക്കഴിക്കും—അതും വല്ലപ്പോഴും മാത്രം!

ക്ഷീണക്കുറവു മൂലം

മതിയായ ആഹാരമോ വേണ്ടതു വിശ്രമമോ ഇല്ലാതെയുള്ള കഠിനമായ അദ്ധ്വാനം മേരിയുടെ ആരോഗ്യത്തെ ഹനിക്കുമെന്ന ലക്ഷണം ആരംഭത്തിലേ കണ്ടുതുടങ്ങി. പുതിയ സ്ഥലത്തേയ്ക്കു് താമസം മാറിയിട്ടു് അധികദിവസം കഴിയും മുൻപുതന്നെ അവളുടെ ശരീരം വല്ലാതെ ശോ

ഷീച്ചു; മുഖത്തു് രക്തപ്രസാദം കുറഞ്ഞു. ബ്രോണിയായും ഭർത്താവും മേരിയുടെ ക്ഷീണം മനസ്സിലാക്കി ആരോഗ്യവിഷയത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നു് അവളെ ഉപദേശിക്കാറുണ്ടായിരുന്നു "സാരമില്ല, കുറച്ചധികം വായിച്ചതുകൊണ്ടുള്ള ക്ഷീണമാണു്" എന്നതേ മേരി പറയാറുണ്ടായിരുന്ന സമാധാനം. എന്നാൽ ആരോഗ്യരക്ഷയ്ക്കു പറഞ്ഞ ആഹാരപദാർത്ഥങ്ങളം കഴിക്കുവാനോ വിശ്രമിക്കുവാനോ, അവൾക്കൊട്ടു സാധിച്ചതുമില്ല. ക്ഷീണം ക്രമേണ വർദ്ധിച്ചുകൊണ്ടേയിരുന്നു. ഒരുദിവസം അവൾ തലകറങ്ങി നിലത്തുവീഴുകപോലുമുണ്ടായി. ആ വിവരം അവളുടെ ഒരു സഹപാഠിമുഖേന ബ്രോണിയായുടെ ഭർത്താവറിഞ്ഞു. ആ ഡോക്ടർ അതു കേട്ടപാടേ മേരിയുടെ താമസസ്ഥലത്തെത്തി പരിശോധനനടത്തിയതിൽ, ആഹാരക്കുറുക്കംകൊണ്ടുണ്ടായ തരക്കേടാണെന്നു് മനസ്സിലായി രണ്ടുദിവസമായിട്ടു് വെറും ചായയും കുറെ ചെറിപ്പഴവും കൊണ്ടാണത്രെ മേരി കഴിച്ചുകൂട്ടിയിരുന്നതു്. വിവരം ഗ്രഹിച്ചപ്പോൾ ഡസ്ഡിയ്ക്കു് വലിയ വിഷാദം തോന്നി. മേരി പറഞ്ഞ ഒഴികഴിവുകളൊന്നും വകവയ്ക്കാതെ അയാൾ തൽക്ഷണംതന്നെ അവളെ സ്വവസതിയിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. അനുജത്തിയെ ശ്രദ്ധാപൂർവ്വം പരിചരിച്ചു് ക്ഷീണം മാറുവാൻ ബ്രോണിയാ പ്രത്യേകം പരിശ്രമിച്ചു.

ശരിയായ ആഹാരവും വിശ്രമവുംകൊണ്ട് ഏ
താനും ദിവസത്തിനകം മേരിയുടെ ആരോഗ്യ
സ്ഥിതി നന്നായിത്തുടങ്ങി. അതോ
ത്യാഗ ടെ, തന്റെ ഏകാന്തവാസസ്ഥലത്തേ
ചൈതന്യം യ്ക്ക് പിന്തിരിയുവാൻ അവർ ബല
പ്പെട്ടു. ജ്യേഷ്ഠത്തിയും ജ്യേഷ്ഠനും അത
ത്ര പെട്ടെന്ന് സമ്മതിച്ചില്ല. ഒടുവിൽ, പരീക്ഷയുടെ
ക്കാറായി എന്ന പേരുംപറഞ്ഞ് മേരി സ്വന്തം വ
സതിയിലേയ്ക്ക് തിരിച്ചു. ഭക്ഷണത്തിന്റേയും വി
ശ്രമത്തിന്റേയും കാര്യത്തിൽ കൂടുതൽ ശ്രദ്ധിച്ചു
കൊള്ളാമെന്നുറപ്പുപറഞ്ഞുകൊണ്ടാണ് അവർ മട
ങ്ങിയതെങ്കിലും, അതെല്ലാം പിന്നെയും അമാന്യ
ത്തിൽത്തന്നെ കലാശിച്ചതേയുള്ളൂ. ശാസ്ത്രത്തി
ന്റെ സർവ്വശാഖകളിലും പാടുള്ളതു അവഗാഹം നേ
ടുവാനായി അഹോരാത്രം യത്നിച്ചിരുന്ന ആ വിദ്യാ
ർത്ഥിനിക്കുണ്ടോ, തീനിലും കുടിയിലും തൃപ്തിതേടു
വാൻ തരപ്പെടുന്നു? സർവ്വസംഗപരിത്യാഗികളായി
മുക്തിമാർഗ്ഗമാരായുന്ന സന്ന്യാസികളുടെ ത്യാഗ
ചൈതന്യത്തിന്റെ ഒരു വകഭേദമാണ് അവളിൽ
തെളിഞ്ഞുകണ്ടിരുന്നതു്. മേരിയുടെ സാമർത്ഥ്യവും
സ്ഥിരോത്സാഹവും മനസ്സിലാക്കിയ പ്രൊഫസ്സർ
മാർ പലപല ഗവേഷണങ്ങളുടെ ചുമതലയും അവ
ളെ ഏല്പിക്കാറുണ്ടായിരുന്നു. എത്ര പ്രയാസമുള്ള
കാര്യവും ഏറ്റെടുക്കാൻ മേരിയ്ക്ക് ഒരു മടിയും ഉ
ണ്ടായിരുന്നില്ല. "ചെയ്യാൻ ഭയംതോന്നുന്ന കാര്യമേ

തോ, അതുതന്നെ ചെയ്യുക." (Do that which you fear to do") എന്നു് എമേഴ്സൺ പറഞ്ഞിട്ടുള്ള പ്രമാണം അവളുടെ പ്രവർത്തനങ്ങളിൽ പ്രകാശിച്ചു കണ്ടിരുന്നു.

കൊല്ലം രണ്ടു തികയുന്നു, മേരി സോർബോൺ സർവ്വകലാശാലയിൽ ചേർന്നിട്ടു്. ബിരുദം നൽകുവാനുള്ള വാഷ്പികപ്പരീക്ഷയുടെ കാലമായി. 1893 ജൂലായിമാസത്തിൽ നടന്ന ആ പരീക്ഷയ്ക്കു് മേരിയും എഴുതുവാനിരുന്നു. "നല്ലശിക്ഷ ലഭിച്ചോക്കുമില്ല വിശ്വാസമാത്മനി" എന്നു പറഞ്ഞമട്ടായിരുന്ന അവളുടെ അപ്പോഴത്തെ സ്ഥിതി. ചോദ്യക്കടലാസു വായിച്ചിട്ടു് അവയ്ക്കാദ്യമൊന്നുംതന്നെ മനസ്സിലായില്ലപോലും. എങ്കിലും, ശാന്തമായി ചിന്തിച്ചു് അവയ്ക്കു ആവുംമട്ടിലുത്തരമെഴുതിക്കൊടുത്തു. പരീക്ഷയ്ക്കിരിക്കുമ്പോൾ, ഒന്നും അറിഞ്ഞുകൂടല്ലോ എന്നു് പരിഭ്രമിക്കുന്നതും, എല്ലാം അറിയാമെന്നു ഭ്രമിക്കുന്നതും രണ്ടും ആപല്ക്കരമാണു്. വിജയം നിശ്ചയമാണെന്നു് നിനച്ചിട്ടുണ്ടാകുന്ന അലക്ഷ്യഭാവംകൊണ്ടു അപജയത്തിൽ ചെന്നുചാടുന്ന മിടുക്കരുണ്ടു്; നല്ലവണ്ണം അറിയാവുന്ന കാര്യംപോലും പരിഭ്രമംമൂലം എഴുതിയൊപ്പിക്കാൻ കഴിയാതെ കുഴയുന്നവരും ചുരുക്കമല്ല. മേരി ഇപ്പറഞ്ഞ രണ്ടു കൂട്ടുകളിലും പെടാതെ ഒഴിഞ്ഞാണു് നിന്നിരുന്നതെന്നുതോന്നുന്നു. വിജയം കണ്ടറിയണം, എന്നൊരുനിലയേ അവളിൽ കണ്ടുള്ളൂ.

പരീക്ഷക്കാലം

ഒടുവിൽ, പരീക്ഷാഫലം പ്രഖ്യാപിക്കുന്ന ദിവസമായി. അന്നു് സർവ്വകലാശാലയുടെ അങ്കണത്തിൽ വലിയൊരു ജനസഞ്ചയം തിങ്ങിക്കൂടിയിരുന്നു. ഏറ്റവും കൂടുതൽ മാർക്കു് കിട്ടിയിരിക്കുന്ന ക്രമം നോക്കിയാണു് വിജയികളുടെ പേരുകൾ പ്രഖ്യാപനം ചെയ്യുക. അതിനാൽ ആദ്യം വിളിക്കുന്ന പേരു് ആരുടേതെന്നു് കേൾക്കുവാനാണു് എല്ലാവരും ചെവിക്കൂർപ്പിച്ചുനിന്നിരുന്നതു്. പരീക്ഷയ്ക്കിരുന്നവരും അവരുടെ ബന്ധുമിത്രാദികളും അങ്ങനെ ശ്വാസമടക്കി നിശ്ശബ്ദരായി നില്ക്കുമ്പോൾ, "മേരീ സ്റ്റോഡോസ്കി" എന്ന പേർ അവിടെ ആദ്യമായി മുഴങ്ങി. ആ ജനക്കൂട്ടത്തിൽ നിന്നിരുന്ന ചടച്ചു വിളറിയ ഒരു പെൺകിടാവു് അതു കേട്ടപാടേ "ഓ!" എന്നൊരു ശബ്ദം പുറപ്പെടുവിച്ചൊന്നു ഞെട്ടി! ആരാണു് ഈ "മേരി സ്റ്റോഡോസ്കി" എന്നു് എല്ലാവരും അന്വേഷിച്ചു എല്ലാ നയനങ്ങളും ആ വിളറിയ മുഖത്തേയ്ക്കു് തിരിഞ്ഞു. പിന്നെ അനുമോദനത്തിന്റേയും വിജയാശംസയുടേയും ബഹളമായി. ആ തിരക്കിൽനിന്നു് നമ്മുടെ കഥാനായിക ഒരു കണക്കിനൊഴിഞ്ഞു മാറുവാൻ ശ്രമിച്ചു. അന്നു് 'മാസ്റ്റർ ഓഫ് സയൻസ്' എന്ന ബിരുദം കിട്ടിയവരിൽ അഗ്രപൂജയെ അർഹിച്ച ആ യുവതിയിൽ, വിശേഷാലൊരു മാറ്റവും കണ്ടില്ല—വിജയംകൊണ്ടു് അവളുടെ വിനയം അല്പംകൂടി വർദ്ധിച്ചുവെന്നുമാത്രം!

വിജയവും വിനയവും

VI

ആ കുടിക്കാഴ്ച

സോർബോൺ സർവ്വകലാശാലയിൽ നിന്നും പ്രശസ്തവിജയംനേടിയ മേരിസ്ക്ലോഡോസ്കി, ഉടൻ തന്നെ സ്വദേശത്തേയ്ക്കു തിരിച്ചു. വൃദ്ധനായ പിതാവിനെ കാണ്മാനായി സന്നിധിയിൽ ചെന്ന അവളുടെ ബദ്ധപ്പാടു്. തന്റെ വിജയവിവരം അവർക്കു് കായ്മായി ആരെയെങ്കിലും ഒന്നറിയിക്കുവാനുണ്ടായിരുന്നുവെങ്കിൽ, അതു് അദ്ദേഹത്തെത്തന്നെയായിരുന്നു തമ്മിൽക്കണ്ടപ്പോൾ ആ പിതാവും പുത്രിയും അനുഭവിച്ച ആനന്ദം വായനക്കാർ ഊഹിക്കുകയേവേണ്ടൂ. കൂട്ടിക്കാലത്തു് പിതാവിന്റെ പഠനമുറിയിൽക്കയറി പേടിച്ചു പേടിച്ചു് സയൻസു് സാമഗ്രികൾ കൈപ്പെരുമാറ്റം ചെയ്യുവാൻ മുതിർന്ന മേരിയാണു്, ഇപ്പോൾ പാരീസിൽനിന്നു് 'മാസ്റ്റർ ഓഫ് സയൻസ്', എന്ന ഉന്നതബിരുദം പ്രശസ്തമായ നിലയിൽ കരസ്ഥമാക്കി മടങ്ങിയെത്തിയിരിക്കുന്നതു്. അന്നു് ആ പിഞ്ചുപുത്രിക്കു് സയൻസിൽ പ്രാരംഭപരിശീലനം നൽകി അവളുടെ വാസനയെ പ്രോത്സാഹിപ്പിച്ച പിതാവിനു് ഇന്നുണ്ടായ ചാരിതാർത്ഥ്യം പറയാനുണ്ടോ? പരീക്ഷാവിജയം നേടി മേരി മടങ്ങിവന്നിരിക്കുന്നവിവരം അറിഞ്ഞു് നാട്ടുകാർ പലരും അവ

ളെ അനുമോദിക്കുവാൻ എത്തിക്കൊണ്ടിരുന്നു. ബന്ധുക്കൾ അവളെ ക്ഷണിച്ചു് സല്ക്കരിക്കുവാനും അമാന്തം വരുത്തിയില്ല.

മാസം അങ്ങനെ നാലഞ്ചു കഴിഞ്ഞു. മേരിയ്ക്കു് അത്യാവശ്യമായിരുന്ന വിശ്രമവും ഒട്ടൊക്കെ ലഭിച്ചു. എന്തിലേയ്ക്കാണു് ഇനി അവൾ തിരിയുകയെന്നു് ആർക്കുമൊന്നും മനസ്സിലായില്ല. കിട്ടിയ ബിരുദവുംകൊണ്ടു് അവൾ വല്ല ഉദ്യോഗത്തിലും ചെന്നു കടുങ്ങുവാൻ ഉദ്യമിച്ചിരുന്നുവോ? അതില്ല. പിന്നെയും പഠിക്കണമെന്നുതന്നെയായിരുന്നു അവളുടെ മോഹം. ഗണിതശാസ്ത്രത്തിലുംകൂടി ഒരു ബിരുദം നേടുവാൻ വഴിയെന്തെന്നു് അവൾ ആലോചിച്ചു. ധനസഹായത്തിനുള്ള മാർഗ്ഗമൊന്നും തെളിഞ്ഞുകണ്ടില്ല. "അലക്സാണ്ടർ റോവിച്ചു് സ്കോളർഷിപ്പു്" എന്ന പേരിൽ അറുനൂറു രൂബിളോളം വരുന്ന ഒരു വിദ്യാർത്ഥിവേതനം പോളണ്ടിലുള്ളതായി മേരി അറിഞ്ഞിരുന്നു. വിദേശങ്ങളിൽ പോയി അദ്ധ്യയനം നടത്തുവാൻ സാമർത്ഥ്യമുണ്ടെന്നു കാണുന്നവരെ സഹായിക്കുവാനുള്ളതായിരുന്ന ആ നിക്ഷേപം. മേരിയ്ക്കു് അതു് ആവശ്യപ്പെട്ടുവാൻ അർഹതയുണ്ടായിരുന്നു. മറ്റുള്ളവരെ സഹായിക്കുവാൻ എന്തു ബുദ്ധിമുട്ടും സഹിക്കുവാൻ സന്നദ്ധതയുണ്ടായിരുന്ന മേരിയ്ക്കു്, സ്വന്തം ആവശ്യത്തിനു് ആരോടും ഒരു സഹായവും ചോദിക്കുവാൻ മനസ്സു

സ്കോളർഷിപ്പു്

വന്നില്ല. എന്നാൽ, ദൈവഗത്യാ ഒരു സ്നേഹിതൻ മുഖേന അവർക്കു് മേൽപറഞ്ഞ സ്കോളർഷിപ്പു് ലഭിക്കുവാനിടയായി.

ഇങ്ങനെയൊരു ധനസഹായം കിട്ടുമെന്നായപ്പോൾ, മേരി സമയമൊട്ടും നഷ്ടപ്പെടുത്താതെ പാരീസിലേയ്ക്കു് തിരിച്ചു. സ്വന്തം പണം പോലെതന്നെ അന്യരുടെ പണവും സൂക്ഷിച്ചു ചെലവുചെയ്യണമെന്നു് മേരിയ്ക്കു് നിഷ്ഠയുണ്ടായിരുന്നു. സ്കോളർഷിപ്പു് കിട്ടിയെന്നുവെച്ചു് അവർ ചെലവൊന്നും വർദ്ധിപ്പിച്ചില്ല. കായ്ങ്ങളെല്ലാം പഴയപടിതന്നെ തുടർന്നുവന്നു. താമസം ആറാം നിലയിലെ ചെറിയ മുറിയിൽത്തന്നെ. കൽക്കരിവാങ്ങുന്ന കായ്ത്തിലുള്ള പിശുക്കുപോലും കൈവിട്ടിരുന്നില്ല. രാത്രികാലത്തു് തണുപ്പുസഹിയ്ക്കാതെ കയ്യും മെയ്യും മരവിച്ചുതുടങ്ങുമ്പോൾ, മുറിയുടെ മൂലയിലിരിക്കുന്ന കൽക്കരിച്ചാക്കിലേക്കു് അവളൊന്നു നോക്കും—കരി ഒരു കഷണംപോലും അതിൽ ശേഷിച്ചിട്ടില്ലെന്നു കണ്ടാൽ പിന്നെ പഠനം നിർത്തി തലയൊന്നു ചായ്ക്കാമെന്നാകും. തണുപ്പിന്റെ കാഠിന്യം കൊണ്ടു് ചിലപ്പോൾ കയ്യിൽ കിട്ടിയ വസ്ത്രങ്ങളും പുസ്തകങ്ങളും വലിച്ചുവാരി മേലിട്ടുകൊണ്ടായിരിക്കും മേരി കിടക്കുക. പുസ്തകങ്ങളുടെ ചൂടേറുകൊണ്ടുള്ള കിടപ്പു് ആ പുസ്തകപ്രേമിക്കു് സുഖപ്രദമായിരുന്നിരിക്കാം! എന്തെല്ലാം തട്ടുമുട്ടുസാമാനങ്ങൾ

വാരിപ്പുതച്ചാലും തടുക്കാൻ വഹിയാത്ത തണുപ്പാണ് ചില ദിവസങ്ങളിൽ അനുഭവപ്പെട്ടിരുന്നതു്. അധികച്ചിലവു വരാതെ കഴിക്കുവാൻവേണ്ടി നമ്മുടെ അധ്യേത്രി അതെല്ലാം സഹിക്കുകതന്നെ ചെയ്തു. അവർക്കൊരുല്ലാസമേയുണ്ടായിരുന്നുള്ളു— പഠിച്ചു പഠിച്ചു മനംമടുക്കുമ്പോൾ നാട്ടിൻപുറത്തിറങ്ങി ഒന്നു ചുറ്റിനടക്കുക. ആ യാത്രയ്ക്കിടയിൽ, അവർ കിട്ടുന്നതു കാട്ടുപൂക്കളും കൌതുകപദാർത്ഥങ്ങളും ശേഖരിക്കാറുണ്ടായിരുന്നു. ചുരുക്കംചില സന്ദർഭങ്ങളിൽ തിയേറ്ററിലും ഒന്നു പോയെന്നുവരും

ഗണിതശാസ്ത്രബിരുദം നേടുവാനായി സർവ്വകലാശാലയിൽ അദ്ധ്യയനം നടത്തിക്കൊണ്ടിരിക്കുന്നതിനിടയ്ക്ക്, പുറമെനിന്നു തെല്ലൊരു പ്രതിഫലം കിട്ടാവുന്ന ഒരു ഗവേഷണജോലിയിലും മേരി ഏർപ്പെടുകയുണ്ടായി. ചലേതരം ഉരുക്കുകളിൽ കാന്തം എങ്ങനെ പ്രവർത്തിക്കുമെന്നു പരീക്ഷണം നടത്തി റിപ്പോർട്ടു് സമർപ്പിക്കുവാനുള്ള ചുമതലയാണു് അവർ കയ്യേറ്റതു്. "Society for the Encouragement of National Industry" എന്ന പേരിൽ, ദേശീയവ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി ഏർപ്പെടുത്തപ്പെട്ടിരുന്ന ഒരു സ്ഥാപനത്തിൽ നിന്നാണു് മേരി ആ ജോലി സ്വീകരിച്ചതു്. ഇക്കാര്യം നിർവ്വഹിക്കുവാൻ നല്ലൊരു ലാബറട്ടറിയുടെ സഹായം അത്യാവശ്യമായിരുന്നു. പ്രൊഫസ്സർ

ഗവേഷണ ജോലി

ലിപ്പ്മാൻ എന്നൊരു ശാസ്ത്രജ്ഞൻ നടത്തിയിരുന്ന പരീക്ഷണശാലയാണു് മേരി ഇതിന്നായി തൽക്കാലം ശരണം ഗമിച്ചതു്. വളരെയധികം ലോഹങ്ങളും ലോഹധാതുക്കളും ഉപയോഗിച്ചുനടത്തേണ്ടിയിരുന്ന ആ പരീക്ഷണത്തിന്നുവേണ്ട സ്ഥലസൗകര്യം അവിടെയുണ്ടായിരുന്നില്ല. പറഞ്ഞിയ വേറൊരു സ്ഥലം കണ്ടുപിടിക്കുവാൻ കഴിയാതെ മേരി കുഴങ്ങുകയായി.

അങ്ങിനെയിരിക്കുമ്പോൾ, പോളണ്ടുകാരനായ പ്രൊഫസ്സർ കോവാസ്കി എന്നൊരു പണ്ഡിതൻ പാരീസിൽ എത്തിയിട്ടുണ്ടെന്നു അവർക്കു് അറിവുകിട്ടി. അക്കാലം ജമ്മനിയിലെ 'ഹീബർഗ്ഗ്' സർവകലാശാലയിലെ ഫിസിക്സ് പ്രൊഫസറായിരുന്നു അദ്ദേഹം. മേരി പണ്ടു് ഷ്ചൂക്കിയിൽ ഒരു ട്യൂഷൻ കൊടുത്തിരുന്ന കാലത്തു് സംഗതിവശാൽ അദ്ദേഹവുമായി പരിചയപ്പെട്ടിരുന്നു. ആ പൂർവ്വപരിചയം ഒന്നു പുതുക്കുവാൻ മേരി ആഗ്രഹിച്ചു. പ്രൊഫസർ കോവാസ്കിയും ഭാര്യയും തങ്ങളുടെ മധുവിധു ആഘോഷിക്കാനാണു് അപ്പോൾ പാരീസിൽ എത്തിയിരുന്നതു്. അവർ പലസ്ഥാപനങ്ങളും സന്ദർശിച്ചുകൊണ്ടു് അങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രൊഫസ്സർ കോവാസ്കി ചിലവിദ്വത്സദസ്സുകളിൽ പ്രസംഗത്തിനു ക്ഷണിക്കപ്പെടുകയുമുണ്ടായി. അതിനിടയ്ക്കു് മേരിസ്കോഡോസ്കിയേക്കുറിച്ചു് ആ പ

സഹായവാഗ്ദാനം

ണ്ഡിതൻ അനേപക്ഷിക്കാതിരുന്നില്ല. ഒടുവിൽ അവർ തമ്മിൽ കണ്ടു സംസാരിക്കുവാനിടവന്നു. താൻ കയ്യേറിരിക്കുന്ന ഗവേഷണജോലിയേക്കുറിച്ച് മേരി അദ്ദേഹത്തോടു പറയുകയുണ്ടായി. സൌകര്യപ്രദമായ ഒരു ലാബറട്ടറി കണ്ടുകിട്ടുവാനുള്ള പ്രയാസവും അവൾ സൂചിപ്പിക്കാതിരുന്നില്ല. അദ്ദേഹം അല്പം ആലോചിച്ചിട്ടു പറഞ്ഞു: "കൊള്ളാം, അതിനൊരു വഴിയുണ്ട്. ഗവേഷണവിഷയത്തിൽ തല്പരനായ ഒരു ശാസ്ത്രജ്ഞനെ ഞാനറിയും. 'സ്കൂൾ ഓഫ് ഫിസിസ്' ആൻഡ് കെമിസ്ട്രി' എന്ന സ്ഥാപനത്തിലാണ് അദ്ദേഹം ജോലി ചെയ്യുന്നതു്. നിങ്ങൾ കേട്ടിരിക്കാം—'പിയർ ക്യൂറി' എന്നാണു് അദ്ദേഹത്തിന്റെ പേരു്. അദ്ദേഹം ജോലി ചെയ്യുന്ന ലാബറട്ടറിയിലെ ഒരു മുറി ഒഴിവാക്കിത്തരുവാനും, നിങ്ങൾക്കുവേണ്ട ഉപദേശം നൽകുവാനും അദ്ദേഹത്തിനു സാധിക്കും. നിങ്ങൾ ഒന്നുചെയ്യുക, നാളെ വൈകുന്നേരം ചായകഴിക്കുവാനായി, ദയവുചെയ്ത് ഞങ്ങളുടെ താമസസ്ഥലത്തു് വരണം. ഞാൻ പിയർ ക്യൂറിയേയും ആ സമയം അവിടേയ്ക്ക് ക്ഷണിച്ചുകൊള്ളാം"

പാരീസിലുള്ള ഒരു ഹോട്ടലിലായിരുന്നപ്രൊഫസ്സർ കോവാസ്കിയും ഭാര്യയും താമസിച്ചിരുന്നതു്. മേരി പിറേറദിവസം നിശ്ചിത പിയർക്യൂറി സമയത്തുതന്നെ അവിടെ എത്തി. പിയർ ക്യൂറിയും യഥാവസരം വന്നുചേർന്നു. നിയതിയുടെ നിഗൂഢമായ നീണ്ടൊരു പ

രിപാടിയുടെ നാന്ദിയാണു് അവിടെ നടക്കുവാൻ പോകുന്നതെന്നു്, അപ്പോഴും അവിടെ കൂടിയിരുന്ന വരാരുംതന്നെ സംശയിച്ചില്ല. പിയർ ക്യൂറിയേയും മേരിസ്ക്ലോഡോസ്കിയേയും പ്രൊഫസ്സർ കോവാസ്കി പരസ്പരം പരിചയപ്പെടുത്തി. പിയർ ക്യൂറി ഒരു ഗംഭീരപുരുഷനാണു്. ഏറ്റെടുക്കുന്ന ഏതു കാര്യത്തിലും നിസ്സന്ദേഹമായി പ്രയത്നിക്കുമെന്നുള്ള ഒരു പ്രതിജ്ഞാർഢ്യം അദ്ദേഹത്തിന്റെ മുഖത്തു് തെളിഞ്ഞു കാണാം. വെട്ടിയൊതുക്കിനിർത്തിയിരിക്കുന്ന താടിമീശയും, ചിന്താദ്യോതകങ്ങളായ ചെറുനയനങ്ങളും, അദ്ദേഹത്തിന്റെ ഗൌരവത്തിനു മാറ്റുകൂട്ടിയിരുന്നു. ഉടുപ്പിലും കെട്ടിലും ആഡംബരമോഹമില്ലാത്ത അദ്ദേഹത്തിനു് സ്വാഭാവികമായിത്തന്നെ ഒരു സുഭഗതയുണ്ടുതാനും. അദ്ദേഹം ഒരു ഡോക്ടരുടെ പുത്രനാണു്. പാരീസിൽ 'സോ' എന്ന സ്ഥലത്തു് മാതാപിതാക്കളൊന്നിച്ചാണു് അദ്ദേഹത്തിന്റെ താമസം. 'ജാക്വസ്' എന്നു പേരായി അദ്ദേഹത്തിനൊരു സഹോദരനുമുണ്ടു്.

പിയർ ക്യൂറി വിദ്യാഭ്യാസം ആരംഭിച്ചതു് പിതാവിന്റെ കീഴിൽത്തന്നെയായിരുന്നു. പിന്നീടു് 'ബാസില്ലി' എന്നൊരു പണ്ഡിതന്റെ കീഴിൽ പഠിച്ചുകൊണ്ടു്, അദ്ദേഹം പതിനാറാമത്തെ വയസ്സിൽ B. Sc. ബിരുദവും പതിനെട്ടാമത്തെ വയസ്സിൽ M. Sc. ബിരുദവും കരസ്ഥമാക്കി. ഉടനെതന്നെ പ്രൊഫസ്സർ ഡിസെയിൻസിന്റെ കീ

ഴിൽ സയൻസുകോളേജിൽ ഒരുദ്യോഗം കിട്ടുകയും ചെയ്തു. സഹോദരൻ ജാക്വസും ഗവേഷണസാമർത്ഥ്യമുള്ള ഒരു നല്ല ശാസ്ത്രജ്ഞനാണു്. ഈ സഹോദരന്മാർ രണ്ടുപേരും കൂടിയാണു "പീസൊ വിദ്യുച്ഛക്തി" (Piezo-electricity) കണ്ടുപിടിച്ചതു്. സ്കൂൾ ഓഫ് ഫിസിക്സ് ആൻഡ് കെമിസ്ട്രി എന്ന കലാലയത്തിൽ പിയർ ക്യൂറിക്കു് ഉദ്യോഗം ലഭിച്ചതു് 1883-ലായിരുന്നു. അവിടത്തെ ലാബറട്ടറി അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണെന്നു മുൻപു് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അയിടയ്ക്കു് അദ്ദേഹം അക്കങ്ങളെ (Crystals) സംബന്ധിക്കുന്ന ചില ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

ശാസ്ത്രമണ്ഡലത്തിൽ ഉത്തരോത്തരം പ്രവണത നേടുവാനുദ്യമിച്ചുകൊണ്ടിരുന്ന രണ്ടു ജ്വലതാരങ്ങൾ തമ്മിലാണു് അന്നു കണ്ടുമുട്ടുവാനിടയായതെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. അവരുടെ സംഭാഷണം പ്രായേണ ശാസ്ത്രീയവിഷയങ്ങളെക്കുറിച്ചുതന്നെയായിരുന്നു. രണ്ടുപേരുടേയും ധിഷണാവൈഭവം ആ സംഭാഷണംകൊണ്ടങ്ങുമിങ്ങും നല്ലവണ്ണം മനസ്സിലായി. പ്രതിബന്ധങ്ങളോടു മല്ലടിച്ചു യശസ്സുവാൻ പ്രയത്നിക്കുന്ന മേരിസ്ക്ലോഡോസ്കിയുടെ പ്രതിഭാവിശേഷത്തേയും, ദൃഢാർഡ്യത്തേയും പിയർ ക്യൂറിക്കു് വിലയിരുത്തുവാൻ സാധിച്ചു. ഗണിതശാസ്ത്രത്തിൽ M. Sc പരീക്ഷയ്ക്കു പ

പ്രഥമ സന്ദർശനം

റിക്കുന്നതോടുകൂടിത്തന്നെ, ഉരുക്കുകളുടെ കാന്തഗുണത്തെക്കുറിച്ചു് ഗവേഷണം നടത്തുവാൻ പണിപ്പെട്ടിരുന്ന ആ വിദുഷിയുടെ പരിശ്രമശീലത്തെ അത്യേഹം അഭിനന്ദിക്കുകയും, അക്കാര്യത്തിൽ പാടുള്ള എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയുമുണ്ടായി. പ്രതിഭയിലും, പ്രയത്നശീലത്തിലും, പ്രവർത്തനോദ്ദേശ്യത്തിലും പരസ്പരം പൊരുത്തം കണ്ടെത്തുവാൻ സാധിച്ച ആ യുവതീയുവാക്കന്മാരുടെ പ്രഥമസന്ദർശനം അങ്ങനെ അവസാനിച്ചു.

പരിചയം വർദ്ധിക്കുന്നു

ഗവേഷണജോലിസംബന്ധിച്ചുതന്നെ മേരിയും പിയർ ക്യൂറിയും തമ്മിലുള്ള പരിചയം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു—അതോടെ, അവർക്കന്യോന്യമുണ്ടായിരുന്ന ബഹുമാനവും. മേരിയെസ്സംബന്ധിച്ചിടത്തോളം ആ സമ്പർക്കത്തിൽ അസാധാരണമായൊന്നുമുണ്ടായിരുന്നില്ല. എന്നാൽ അവളെ ആദ്യമായിക്കണ്ട അവസരത്തിൽത്തന്നെ, പിയർ ക്യൂറി, അവളെ തന്റെ ജീവിതസഹകാരിണിയായെണ്ണിക്കഴിഞ്ഞിരുന്നു. രണ്ടുപേരുടേയും ഗുണവിശേഷങ്ങൾക്കുമാത്രം പൊരുത്തമുണ്ടായിരുന്നുവെന്നു് സാരം. പിയർ ക്യൂറി തന്റെ ഒരു പുതിയ പുസ്തകം മേരിയ്ക്കു് സമ്മാനിച്ചതിൽ ഇങ്ങനെ എഴുതിയിരുന്നു: "മേരിസ്ക്ലോഡോസ്കിയ്ക്കു്—ഗ്രന്ഥകർത്താവിന്റെ സ്നേഹാദരങ്ങളോടുകൂടി—പി. ക്യൂറി".

ഈ "സ്നേഹാദരങ്ങളെ" പ്രണയചാപല്യങ്ങളോളമെത്തിക്കുവാൻവേണ്ടും പിടിപ്പുകുറഞ്ഞ ആളായിരുന്നില്ല പിയർകൃറി. മേരിയാണെങ്കിൽ, പ്രേമപ്രലോഭനങ്ങളിലൊന്നും മയങ്ങുന്നവളുമായിരുന്നില്ല. ഗഹനങ്ങളായ ശാസ്ത്രീയചിന്തകളിലും പരീക്ഷണങ്ങളിലും എപ്പെട്ടിരുന്ന അവരിരുവരുടേയും സ്വഭാവഗൗരവത്തിനും ഒരു പൊരുത്തമുണ്ടായിരുന്നു. കണ്ടപാടേ പ്രേമവിവാഹത്തിനു് കൈകൊടുക്കുന്നകൂട്ടത്തിലായിരുന്നില്ലെന്നുസാരം. "ഞാൻ ജീവിതത്തിൽ പല വിഡ്ഢിത്തങ്ങളും പ്രവർത്തിച്ചേക്കാം. എന്നാൽ പ്രേമവിവാഹത്തിനു് ഞാൻ ഒരിക്കലും ഉദ്യോഗിക്കുന്നില്ല"—എന്നു് മിസറേലി പറഞ്ഞിട്ടുള്ള വാക്കുകളും അവരും എറെപരയുമായിരുന്നു.

ശാസ്ത്രീയവിഷയങ്ങളേപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുവാൻ രണ്ടുപേർക്കും വലിയ സന്തോഷമായിരുന്നു. ആ കൂട്ടത്തിൽ, പിയർകൃറി സന്ദർഭംപോലെ തന്റെ ചില കുടുംബവിശേഷങ്ങളും, ബാല്യകാലസ്മരണകളും, ഭാവിപരിപാടികളും സൂചിപ്പിക്കാറുണ്ടായിരുന്നതാണും. പക്ഷേ, അതിനെന്തെങ്കിലും പ്രത്യേക ഉദ്ദേശമുള്ളതായി മേരി മനസ്സിലാക്കിയിരുന്നില്ല. പാരീസ് പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള കുന്നിൻതലപ്പുകളിലും തോപ്പുകളിലും കളിയാടിക്കഴിഞ്ഞ ബാല്യകാലത്തെ പിയർകൃറി വിവരിക്കുമ്പോൾ, നാട്ടിൻപുറത്തു് ഒരു

ചിത്രശലഭത്തെപ്പോലെ സൈരമായി വിഹരിച്ചിരുന്ന സുന്ദരദിനങ്ങളെ മേരിയും അനുസ്മരിച്ചിരുന്നുംവെന്നുമാത്രം. രണ്ടുപേരുടേയും ബാലകലവികളിൽപോലും കണ്ടിരുന്ന ഈ പൊരുത്തം, മേരിയെസ്സംബന്ധിച്ചിടത്തോളം, ഒരു മറപൊരുളായിരുന്നതേയുള്ളൂ. 1306

ഗണിതശാസ്ത്രത്തിൽ മേരി ഉദ്ദേശിച്ചിരുന്ന ബിരുദം ഇതിനകം അവർക്കു കിട്ടിക്കഴിഞ്ഞു. അതോടെ, സ്വദേശത്തേയ്ക്കു് തിരിക്കുവാൻ അവർ ബദ്ധപ്പെട്ടുതുടങ്ങി. ഒരു ദിവസം പിയർ കൂറിയുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവർ തന്റെ യാത്രയേക്കുറിച്ചു പറഞ്ഞു. ഉടനെ പിയർ കൂറി ചോദിച്ചു: "പോയാലും ഒക്ടോബർ മാസത്തിൽ തിരിച്ചുവരുമല്ലോ?"—ആ ചോദ്യത്തിന്റെ പിന്നിൽ ചോദ്യചിഹ്നം, ഒന്നല്ലാ പലതുണ്ടായിരുന്നു. "പോളണ്ടിൽ താമസിച്ചാൽ ഈ ഗവേഷണങ്ങളൊന്നും മുഴമിപ്പിക്കാൻ തരമാവില്ല. ഇതെല്ലാം മുപേക്ഷിച്ചിട്ടുപോകുന്നതു് ശരിയല്ലതാനും"—അദ്ദേഹം ആ ചോദ്യത്തിന്റെ പിരി ഒന്നുകൂടി മുറുക്കി. "ഉപേക്ഷിച്ചുപോകുന്നതു് ശരിയല്ല" എന്നു പിയർ കൂറി പറഞ്ഞതിന്റെ വ്യംഗ്യം മേരി ശരിയായി മനസ്സിലാക്കിയില്ലെന്നുതോന്നുന്നു.

ഗണിതശാസ്ത്രത്തിൽ ബിരുദം

"നിങ്ങളം പറഞ്ഞതു് ശരിയാണു്. മടങ്ങിവ

രണമെന്നതന്നെയാണു് എന്റെ ആഗ്രഹം"—എന്നു മേരി മറുപടിപറഞ്ഞു. ഈ മറുപടി എങ്ങും തൊടാത്തതാണെന്നു് പിയർ കൂറി മനസ്സിലാക്കി. അതിനാൽ അദ്ദേഹം അടുത്ത ദിവസം മേരിയോടു് തന്റെ ആഗ്രഹം തുറന്നുതന്നെ പറഞ്ഞു. പക്ഷേ, ആ വിവാഹാഭ്യർത്ഥന മേരിയെ വല്ലാതെ വിഷമിപ്പിച്ചു. ജന്മഭൂമിയേയും, സ്വപിതാവിനേയും, സ്വന്തം ജനങ്ങളേയും വിട്ടുപിരിഞ്ഞു് ഒരു ഫ്രഞ്ചുകാരന്റെ ഭാര്യയായി വിദേശത്തു കഴിച്ചുകൂട്ടുക—അതു ചിന്തിക്കുവാൻതന്നെ അവൾക്കു് വിഷമമായിരുന്നു. അങ്ങിനെയൊരു ബന്ധത്തിനു വഴിപ്പെടുന്നതു്, സ്വരാജ്യത്തോടും സ്വകുടുംബത്തോടും ചെയ്യുന്ന വലിയൊരു വഞ്ചനയായിട്ടാണു് അവൾക്കു തോന്നിയതു്. ആ വിവാഹാഭ്യർത്ഥന വന്നപാടേ അവൾ നിരസിച്ചു. പിയർ കൂറി വിഷമത്തിലായി.

വിവാഹാഭ്യർത്ഥന

ആ സ്രഷ്ടാവുമായുള്ള സമ്പർക്കത്തിൽ മേരി പരിപാലിച്ചുപോന്നിരുന്ന സംശുദ്ധിയാണു് ഈ സംഭവത്തിൽ തെളിഞ്ഞുകാൺന്നതു്. മേരി ഉടനെതന്നെ പോളണ്ടിലേയ്ക്കു് തിരിച്ചു. പാരീസിലേക്കു മടങ്ങിച്ചെല്ലുന്ന കാര്യത്തെക്കുറിച്ചു് അവൾ പിയർ കൂറിയോടു് പിന്നെ ഒരക്ഷരവും പറഞ്ഞില്ല.

ഈ വേർപാടു് ജൂലായിമാസത്തിലായിരുന്നു. ഒക്ടോബർമാസത്തിൽ തിരിയെ വരുമെന്നു പിയറിനുണ്ടായിരുന്ന ആശയുടെ അടിവേരുപോലും അ

ത്തുകൊണ്ടായിരുന്നുവല്ലോ മേരിയുടെ പോക്ക്. പിയർ കൂറി അക്കാലമത്രയും നിരുന്മേഷനായിട്ടാണ് കാണപ്പെട്ടതു്. മേരി നാട്ടിൽചെന്നശേഷം ചിതാഭൊന്നിച്ചു വിശ്രമാർത്ഥം സ്വിറ്റ്സർലണ്ടിലേക്കു തിരിച്ചുതായി അദ്ദേഹം അറിഞ്ഞു. അങ്ങോട്ടുപോകുവാൻ അദ്ദേഹം ഒരുങ്ങിയെങ്കിലും, സംഗതിവശാൽ അതു സാധിച്ചില്ല.

VII

'മാഡംക്യൂറി'

ആ ദിവസങ്ങളിൽ, പിയർക്യൂറിയുണ്ടായിരുന്ന മനസ്സുല്ലാസംതന്നെ മേരിയുടെ അനുഭവപ്പെട്ടിരുന്നു. ഒരാത്മസുഹൃത്തിനോടുള്ള തന്റെ ആ പെരുമാറ്റം തുലോം പരുഷമായിപ്പോയില്ലേ എന്നവൾ ഖേദിച്ചു. അദ്ദേഹവുമായി പരിചയപ്പെട്ട ആദ്യനിമിഷം മുതല്ക്കുള്ള സ്മരണകൾ പലതും അവളുടെ ഹൃദയവേദിയിൽ ഒന്നൊന്നായി ഉയർന്നുകൊണ്ടിരുന്നു. ആ ശാസ്ത്രജ്ഞന്റെ സർവ്വതോമുഖമായ പാണ്ഡിത്യവും, ശാസ്ത്രീയഗവേഷണത്തിൽ അദ്ദേഹം തനിക്കു നൽകിക്കൊണ്ടിരുന്ന കൈത്താങ്ങും, അദ്ദേഹത്തിന്റെ ആചാരമര്യാദകളും മനോദൃഷ്ടാന്തത്തിൽ അവൾ നിഴലിച്ചുകണ്ടു. സർവ്വോപരി രണ്ടുപേരുടേയും ജീവിതത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന പൊരുത്തം അവളെ ഇരുത്തിച്ചിന്തിപ്പിക്കുകയായി. ആലോചിക്കുന്തോറും, പിരിച്ചാൽ പിരിയാത്തൊരുബന്ധം പിയർ ക്യൂറിയുമായി താനറിയാതെതന്നെ തന്നിൽ ഉറച്ചുകിടക്കുന്നുണ്ടെന്നു മേരി മനസ്സിലാക്കി. നിയതിയുടെ അദൃശ്യകരം, രണ്ടാത്മാക്കളെ പരിശുദ്ധമായ ഒരു ബന്ധത്തിൽ കൂട്ടിയിണക്കുവാൻ പോകയാണെങ്കിൽ, അതിനെ നിഷേധിക്കുക ശരിയല്ലെന്നു

പിയർ ക്യൂറിയുടെ പുനർവിവാഹം

ന്നു. മേരിയുടെ പിതാവും പിയർക്കൂറിയുടെ പിതാവിന്റെ പക്കൽ തന്റെ മകളെ പിടിച്ചേല്പിച്ചപ്പോൾ പറഞ്ഞ വാക്കുകൾ സ്മരണീയങ്ങളാണു്. "നിങ്ങളുടെ വാത്സല്യത്തിനു തികച്ചും അർഹതയുള്ളവളാണു് മേരി. ജനനംമുതൽ ഇന്നോളം അവൾ ഒരു കാര്യത്തിലും എന്നെ വേദനപ്പെടുത്തിയിട്ടില്ല"—മാഡംകൂറി നേടിയിട്ടുള്ള സകല കലാബിരുദങ്ങളേക്കാളും വിലപ്പെട്ടൊരു സാക്ഷിപത്രമാണിതു്. പിതാക്കളെ സങ്കടപ്പെടുത്താത്തൊരു പുത്രി—ഇതിനേക്കാൾ അഭിമാനകരമായ എന്തൊരു പ്രശംസയാണു് ഒരു യുവതിയ്ക്കു് ലഭിക്കേണ്ടതു്? അമ്മയില്ലാതെ വളർന്നൊരു പെൺകിടാവു്—ജീവിതക്ലേശങ്ങളുടെ നെല്ലിപ്പടികണ്ടൊരു തരുണീമണി—പ്രലോഭനങ്ങൾ നിറഞ്ഞ പലപല പ്രവർത്തനരംഗങ്ങളിലും ഏകാകിനിയായിക്കഴിഞ്ഞുകൂടിയ ഒരു സൌന്ദര്യധാമം—ആ യുവതീരത്നത്തിന്റെ ജീവിതനൈർമ്മല്യത്തെ സമഗ്രമായി പ്രകാശിപ്പിക്കുന്ന ഒന്നായിരുന്നു, അവളുടെ വിവാഹദിനത്തിൽ സപത്നിമാതാവിന്റെ അധരങ്ങളിൽനിന്നും പുറപ്പെട്ട അനുഗ്രഹപൂർണ്ണമായ ആ മംഗളവാചകം!

ഈ നവദമ്പതികളുടെ മധുവിധുഘോഷത്തിനും ഒരു പ്രത്യേകതയുണ്ടായിരുന്നു. മദനലഹരിയിലങ്ങനെ മതിമറന്നു നടക്കുന്നവരല്ല, അവർ. വിനോദയാത്രകൾക്കിടയിലും തങ്ങൾ കയ്യേറ്റിരിക്കുന്ന ഗവേഷണവിഷയങ്ങളേക്കുറിച്ചും, പല

മധുവിധു

ശാസ്ത്രീയതത്ത്വങ്ങളെക്കുറിച്ചുമുള്ള ചർച്ചയിലാണ് അവർ സമയമധികവും വിനിയോഗിച്ചതു്. സ്വന്തം കലാശാലയിൽ അടുത്തകൊല്ലത്തെ ഫൈല്ലോഷിപ്പു് പരീക്ഷയ്ക്കു് മേരി ചേരണമെന്നുപോലും അവർ അതിനകം ആലോചിച്ചുറച്ചു. കല്യാണസ്സമ്മാനമായിക്കിട്ടിയിരുന്ന കുറെ പണംകൊണ്ടു് അവർ രണ്ടു് പുതിയ സൈക്കിൾ വാങ്ങിച്ചിരുന്നു. രാവിലെ സൈക്കിളിൽ കയറി രണ്ടുപേരും നാട്ടിൻപുറത്തെത്തിയാൽ പിന്നെ, കണ്ട കുന്നിൻപുറങ്ങളിലും പൂന്തോപ്പുകളിലും ചുറ്റിനടന്നു് പ്രകൃതിരാമണീയകം ആവോളം ആസ്വദിക്കും. പ്രേമത്തിന്റെ ഭാഷയെന്നു് പ്രകീർത്തിക്കപ്പെട്ടുന്ന പുഷ്പങ്ങൾ വേണ്ടുവോളം ശേഖരിക്കുവാൻ രണ്ടുപേരും അമാന്തം വരുത്തിയില്ല. കൂടെക്കൊണ്ടുപോയിരുന്ന അപ്പവും വെണ്ണയും പഴങ്ങളും വല്ല വള്ളിക്കുടിലിലോ കാട്ടരുവിത്തീരത്തോ ഇരുന്നു ഭുജിക്കും. ചിലപ്പോൾ സത്രങ്ങളിൽക്കയറി വിശ്രമിക്കും. പുരാതന വീരചരിതങ്ങൾ ചിത്രീകരിച്ചിട്ടുള്ള വല്ല ഭിത്തികളോ ചരിത്രപ്രാധാന്യമുള്ള വല്ല ശിലാലിഖിതങ്ങളോ, ശാസ്ത്രീയപരീക്ഷണത്തിനുതകുന്ന വല്ല പദാർത്ഥങ്ങളോ കണ്ടാൽ, അവയെക്കുറിച്ചുള്ള ചർച്ചയിൽ മുഴുകും. അല്ലെങ്കിൽത്തന്നെ, അക്കങ്ങളും കാന്തഗുണങ്ങളും ഒക്കെയായിട്ടു് പ്രതിപാദനത്തിനും പരിചിന്തനത്തിനും പറ്റിയ ഗവേഷണവിഷയങ്ങൾ പലതും രണ്ടുപേരുടേയും കൈവശമുണ്ടല്ലോ. ഉരു

ക്കുകളുടെ കാന്തഗുണത്തേയോ, അടുത്തകൊല്ലത്തെ ഫെല്ലോഷിപ്പു് പരീക്ഷയേയോ കുറിച്ചു് ഭായ്യ സംസാരിക്കുമ്പോഴും, അക്കങ്ങളെ സംബന്ധിച്ചുള്ള ഗവേഷണങ്ങളുടെ അറ്റം കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങളേക്കുറിച്ചു് ഭർത്താവു് വിവരിച്ചുതുടങ്ങും. അങ്ങനെ ആ വധൂവരന്മാരുടെ മധുവിധുഘോഷത്തിലും ശാസ്ത്രവ്യവഹാരമാണു് മുന്തിനിന്നിരുന്നതു്.

ആഗസ്റ്റു്, സെപ്തമ്പർ എന്നീ രണ്ടു മാസങ്ങൾ ഒഴിവുകാലമായിരുന്നതുകൊണ്ടു് പിയർ കൂടുതൽ, മാഡംകൂടുതൽ ബന്ധുജനങ്ങളെ സന്ദർശിക്കുവാനും അവരോടൊന്നിച്ചുല്ലസിക്കുവാനും ധാരാളം സൌകര്യമുണ്ടായിരുന്നു. മകളുടെ വിവാഹം പ്രമാണിച്ചു് പാരീസിൽ എത്തിയിരുന്ന സ്കോഡോസ്കിയും കുറേനാൾ അവിടെത്തന്നെ താമസിച്ചു. അദ്ദേഹം ഫെലയോടൊന്നിച്ചു് ഒരു ഗ്രാമപ്രദേശത്താണു് കഴിച്ചുകൂട്ടിയതു്. ബ്രോണിയായും, ഡുസ്കിയും, ഡുസ്കിയുടെ അമ്മയും, നമ്മുടെ നവദമ്പതികളുമെല്ലാവരും കൂടിച്ചേർന്നു് അവിടെ പല ദിവസങ്ങൾ സന്തോഷമായി ചിലവഴിച്ചു.

കുടുംബജീവിതം

ഒഴിവുകാലം കഴിഞ്ഞു് ഒക്ടോബർമാസമായപ്പോൾ നവദമ്പതികൾ അവരുടെ കുടുംബജീവിതത്തിന്നായി തിരിച്ചു. ഔഡിലാഗ്ലോസിയർ എന്ന സ്ഥലത്തു് ഒരു കെട്ടിടത്തിന്റെ നാലാംനിലയിലുള്ള മൂന്നു മുറികൾ അവർ വാടകയ്ക്കെടുത്തു. അടുത്തുള്ള ഒരുദ്യാനത്തിന്റെ ഭംഗിയെമാത്രം ഉന്നം

വെച്ചുകൊണ്ടാണ് അവർ ആ മുറികളം തെരിഞ്ഞെടുത്തത്. മുറികളം മോടിപിടിപ്പിക്കുവാൻ പറഞ്ഞിയ പല പലസാമാനങ്ങളം കൊടുത്തയയ്ക്കുവാൻ പിയർകൂറിയുടെ പിതാവ് തയ്യാറായിരുന്നുവെങ്കിലും, മക്കളം അതൊന്നും സ്വീകരിച്ചില്ല. ആ സാമാനങ്ങളം വൃത്തിയായി സൂക്ഷിക്കുന്നതിനു് സ്വന്തം സമയം ചിലവഴിക്കുന്നതിനോ, അതിന്നായി വേലക്കാരെ നിയമിക്കുന്നതിനോ അവർക്കിഷ്ടമില്ലായിരുന്നു. പാപ്പിടത്തിന്റെ ആഡംബരംകൊണ്ടു് അതിഥികളെ ആകഷ്ടിക്കുവാൻ അവക്കുദ്ദേശമുണ്ടായിരുന്നുമില്ല. അവക്കൊന്നേ ആവശ്യമുണ്ടായിരുന്നുള്ളു—ശാസ്ത്രീയജോലികളം ചെയ്യു മുഷിയുമ്പോളം ആരാമഭംഗി ആസ്വദിച്ചു് മനസ്സിനൊരു മാറ്റം വരുത്തുക. സ്ഥലം തെരിഞ്ഞെടുത്തപ്പോളത്തന്നെ അതിന്നുള്ള സൌകര്യം അവർ കണ്ടിരുന്നു. പ്രധാനമുറിയിൽ ഒരു മേശയും അതിന്റെ രണ്ടറ്റത്തായി ഓരോ കസാലകളം ഇണക്കിയപ്പോളം, അവരുടെ ജോലിക്കു വേണ്ടുന്ന സജ്ജീകരണങ്ങളായി. പിന്നെ അവക്കു വേണ്ടിയിരുന്നതു് പുസ്തകങ്ങളാണു്. അവ ധാരാളമുണ്ടായിരുന്നതാനും. മേശവിളക്കു് രണ്ടുപേക്കുംകൂടി ഒന്നുമാത്രം. പുതിയ പുതിയ പൂക്കളം ശേഖരിച്ചുവെച്ചിട്ടുള്ള ഒരു പാത്രം മേശപ്പുറത്തെപ്പോഴും കാണാം.

ഒതുങ്ങിയ ജീവിതവും ഉയർന്ന ചിന്തയും—ഇതായിരുന്നു അവരുടെ ദാമ്പത്യത്തിന്റെ അടി

സ്ഥാനം. പിയർക്കുറിയുടെ പ്രതിമാസശമ്പളം അഞ്ഞൂറ് ഫ്രാങ്കുമാത്രമായിരുന്നു; ശരിയായ മിതവ്യയശീലം കൂടാതെ അതുകൊണ്ട് രണ്ടുപേരുടേയും ചിലവുവഹിക്കുക സാദ്ധ്യമായിരുന്നില്ല. ശാസ്ത്രീയഗവേഷണങ്ങളിലും, അതിനിടയ്ക്ക് യൂനിവേർസിറ്റി ഫെല്ലോഷിപ്പ് പരീക്ഷയ്ക്കുള്ള അദ്ധ്യയനത്തിലും ബദ്ധശ്രദ്ധയായിരുന്ന മാഡംക്യൂറിതന്നെയാണ്, വീട്ടുജോലികളും നടത്തിയിരുന്നത്. വേലക്കാർ ആരുംതന്നെ ഉണ്ടായിരുന്നില്ല. മാർക്കറ്റിൽപോയി സാമാനങ്ങൾ വാങ്ങിക്കൊണ്ടുവരുന്നതും, അടുക്കളയിൽകടന്ന് ഭക്ഷണം പാകംചെയ്യുന്നതുമെല്ലാം മാഡംക്യൂറിതന്നെ. പാചകജോലിയിൽ തനിക്കുണ്ടായിരുന്ന പരിചയക്കുറവ്, വിവാഹത്തിനു മുമ്പുതന്നെ ബ്രോണിയായോടു ശിഷ്യപ്പെട്ടു അവൾ പരിഹരിച്ചിരുന്നു. എളുപ്പം പാകംചെയ്യാവുന്ന പല ഭക്ഷണപാനീയങ്ങളും, തന്റെ ശാസ്ത്രീയപരിചയം കൊണ്ട് അവൾ കണ്ടുപിടിക്കുകയുമുണ്ടായി. ചന്തയിൽ ചെന്ന് സാമാനങ്ങൾ വാങ്ങുന്നതു താൻതന്നെയായിരുന്നതുകൊണ്ട്, ഗുണവും ആദായവുമുള്ള പദാർത്ഥങ്ങൾ തെരിഞ്ഞെടുക്കുവാൻ ആ ശാസ്ത്രജ്ഞയ്ക്ക് സാധിച്ചു. പാകംചെയ്യുമ്പോൾ പദാർത്ഥങ്ങൾ കരിഞ്ഞും പുകഞ്ഞും പോകാതെ തീ പാകത്തിനു കത്തിക്കുവാൻ അവൾ തന്റെ ശാസ്ത്രപാണ്ഡിത്യം ഉപയോഗപ്പെടുത്തി. ശുചിയുടെ കാ

യ്ത്തിൽ അവൾ പ്രത്യേകം നിഷ്കർഷിച്ചു. അടുക്കളയാണു് ആരോഗ്യത്തിന്റെ അടിത്തറയെന്നു് മനസ്സിലാക്കി, അവൾ തന്റെ പഠിപ്പും പാണ്ഡിത്യവും അടുക്കളക്കായ്ത്തിലും ആവതോളം പ്രയോജനപ്പെടുത്തി. കലാശാലാബിരുദം നേടിയതുകൊണ്ടു് അടുക്കളപ്പണിയിൽ മാഡംക്യൂറിയ്ക്കു് മടുപ്പും മാനക്കേടും തോന്നിയില്ല.

അതിരാവിലെ ആ ഗൃഹനായിക മാർക്കറ്റിലേയ്ക്കുപോയി ആവശ്യമുള്ള പുതിയ സാമാനങ്ങളെ ല്ലാം വാങ്ങിക്കൊണ്ടുവരും. പിന്നെ കഴിഞ്ഞ ദിവസത്തെ രേനേരം പാചകജോലിയുടെ തിരക്കിലായിരിക്കും. കറിക്കു വെട്ടാനും മറ്റും പിയർക്യൂറിയും കൂടിയെന്നുവരും. ഉച്ചഭക്ഷണം പാകപ്പെടുത്തിവെച്ചിട്ടു മാഡംക്യൂറി ഭർത്താവൊന്നിച്ചു് ലാബറട്ടറിയിലേയ്ക്കുപോകും. പിന്നെ കൊണ്ടുപിടിച്ചുള്ള ശാസ്ത്രീയ ഗവേഷണങ്ങളായി. ഉച്ചഭക്ഷണത്തിനുള്ള സമയമൊഴിച്ചാൽ, പകൽ സമയം മുഴുകെ എട്ടുമണിക്കൂർ ഗവേഷണജോലിക്കായിട്ടാണു് മാഡംക്യൂറി വിനിയോഗിക്കുക. വൈകുന്നേരം ഭർത്താവൊന്നിച്ചു് താമസസ്ഥലത്തേയ്ക്കു മടങ്ങുംവഴി വാങ്ങേണ്ട വീട്ടുസാമാനങ്ങൾ എന്തൊക്കെയാണെന്നു് അവൾ ഓർത്തിരിക്കും. രണ്ടുപേരും കൂടി അവ വാങ്ങിക്കൊണ്ടുപോരും. വീട്ടിലെത്തിയാൽ ആദ്യം അത്താഴം തയ്യാറാക്കുന്ന ജോലിയായി. ഒടുവിൽ ഭക്ഷണം കഴിഞ്ഞു്, അവർ

രും എഴുത്തുമേശയുടെ രണ്ടറ്റത്തായി സ്ഥലം പിടിക്കും. "ചിലവുകഥം" എന്നു് പേരെഴുതിയിട്ടുള്ള പുസ്തകമാണു് മാഡംകൂറി ആദ്യം തുറക്കുക. അവയം അന്നത്തെ ചിലവുകളെല്ലാം അതിൽ എഴുതും. ഭത്താവിന്റേയും ഭാര്യയുടേയും സ്വകാര്യച്ചിലവുകഥം വെവ്വേറെ എഴുതുകയാണു് പതിവു്.

ഈ കണക്കെഴുത്തുകഴിഞ്ഞാൽ, മാഡംകൂറി ഫെല്ലോഷിപ്പുപരീക്ഷയ്ക്കുള്ള പഠനത്തിൽ മുഴുകുകയായി. തത്സമയം പിയർകൂറി മേശയുടെ അങ്ങേത്തലയ്ക്കൽ ഇരുന്നു് ക്ലാസ്സിലെ പാഠ്യവിഷയങ്ങഥംക്കു പരിപാടി തയ്യാറാക്കുകയോ, സ്വന്തം ഗവേഷണപ്രശ്നങ്ങഥം ചർച്ചചെയ്യുകയോ ആയിരിക്കും. പിന്നൊ രണ്ടു മൂന്നുമണി വെളുപ്പാകുന്നതുവരെ, കടലാസ്സിൽ പേനയോടുന്ന ശബ്ദമോ, പുസ്തകങ്ങളുടെ പേജുകഥം മറിയുന്ന ശബ്ദമോ മാത്രമേ ആ മുറിയിൽ കേഥംക്കാനുള്ളൂ.

സർവ്വകലാശാലയിലെ ഫെല്ലോഷിപ്പുപരീക്ഷയ്ക്കുള്ള പഠനം മേരി മുറയ്ക്കു തുടർന്നുകൊണ്ടിരുന്നു. ആ പരീക്ഷ പാസ്സാകുന്നവർക്കുമാത്രമേ ഫെല്ലോഷിപ്പു് കലാശാലയിൽ പഠിപ്പിക്കുവാനുള്ള ലൈസൻസു് കിട്ടിയിരുന്നുള്ളൂ. ഭത്താവിന്റെ വരവുകൊണ്ടുമാത്രം കുടുംബച്ചിലവുകഥം മുഴുവൻ വഹിക്കുവാനുള്ള വിഷമം മനസ്സിലാക്കിത്തുടങ്ങിയ മാഡംകൂറി, ഇങ്ങനെയൊരു പരീക്ഷയോടൂടികൂടി കൈവശപ്പെടുത്തിവെയ്ക്കുവാൻ

ബഹുപ്പെട്ടതിൽ അത്ഭുതപ്പെടുവാനില്ല. അദ്ധ്യാപനജോലിയാണെങ്കിൽ, അവർക്കു് പണ്ടേ പ്രിയങ്കരവുമാണല്ലോ. 1895-ാമാണ്ടിൽത്തന്നെ മാഡം കൂറി ഫെല്ലോഷിപ്പുപരീക്ഷയിൽ ജയിച്ചു. ആ വിജയവും ഒന്നാംതരത്തിൽത്തന്നെയായിരുന്നു. പരീക്ഷാഫലം അറിഞ്ഞപ്പോൾ പിയർകൂറി ഒരു ചുംബനംകൊണ്ടാണു് ഭാര്യയെ അനുമോദിച്ചതു്. ഭർത്താവിന്റെ ആത്മാർത്ഥമായ ആ ചുംബനം താനഹിക്കുന്ന ഏറ്റവും വലിയൊരു പാരിതോഷികമാണെന്നു് മാഡംകൂറി അഭിമാനിച്ചിരിക്കണം! അക്കൊല്ലത്തെ ഒഴിവുകാലം ആ ദമ്പതികൾ കഴിച്ചുകൂട്ടിയതു്, ആൽപ്സ് പർവ്വതപ്രദേശത്തുള്ള ആവേണ എന്ന സ്ഥലത്തായിരുന്നു.

മാഡംകൂറിയുടെ വൈവാഹികജീവിതത്തിലെ ഒന്നാംവത്സരം ഒരു പരീക്ഷാവിജയത്താലാണു് ധന്യമായതെങ്കിൽ, രണ്ടാംവത്സരം സന്താനലാഭത്താലാണു് അനുഗ്രഹീതമായതു്. ഗർഭിണിയായിരുന്ന കാലത്തും ഗവേഷണജോലിയിൽനിന്നു് ആ രാസ്ത്രീ വിരമിച്ചിരുന്നില്ല. വളരെ ക്ലേശങ്ങൾ സഹിച്ചു് വീട്ടുജോലിയും ഗവേഷണവുമെല്ലാം ആ മഹതി വേണ്ടവിധം നടത്തിക്കൊണ്ടിരുന്നു. ഒരു പിഞ്ചുകുഞ്ഞിനെ കണ്ടാനന്ദിക്കുവാനുള്ള ആഗ്രഹാതിരേകത്തിൽ മാഞ്ഞുപോകാത്ത ക്ലേശങ്ങളെന്തുള്ളു? സമയത്തിന്റെ പൂർണ്ണതയിൽ മാഡംകൂറി ഒരു മാ

മാതൃത്വം

താവായി—പിയർക്യൂറി ഒരു പിതാവും! അവരുടെ ദാമ്പത്യവല്ലരിയിൽ കുരുത്ത പ്രഥമസൂനം ഒരു പെൺപൈതലായിരുന്നു. ഐറിൻ എന്നാണു് ആ കുട്ടിക്കു് പേരിട്ടതു്. ആ പിഞ്ചുപുത്രിയെ എങ്ങിനെയെല്ലാമാണു് പിതാക്കൾ താലോലിച്ചുതുടങ്ങിയതെന്നു് വർണ്ണിക്കുവാൻ പ്രയാസം. എന്നേരവും ശാസ്ത്രത്തിന്റെ ഉന്നതമണ്ഡലങ്ങളിൽ സൈരവപൂർവ്വം വിഹരിച്ചിരുന്ന ആ ഭാര്യാഭർത്താക്കന്മാരുടെ ജീവിതത്തിൽ പെട്ടെന്നൊരു പരിവർത്തനം പ്രത്യക്ഷപ്പെടാതിരുന്നില്ല. ആ പിഞ്ചുപൈതൽ പൊഴിച്ച പുഞ്ചിരിച്ചന്ദ്രനിലാവിൽ അവർ പുളകം കൊള്ളുകയായി. "നരജീവിതമായ വേദന"യെല്ലാം മറന്നു് അവർ ഒരു പുതിയ യുഗത്തിന്റെ പുലരിയെ ഭജിച്ചു.

പ്രസവംനടന്നു് ഏറെനാൾകഴിയുംമുമ്പുതന്നെ മാഡംക്യൂറി തന്റെ ഗവേഷണജോലി തുടരുവാൻ നിർബ്ബന്ധയായി. ഉരുക്കുകളിൽ കാന്തശക്തിയുടെ പ്രവർത്തനം സംബന്ധിച്ചു് മൂന്നുനാലു കൊല്ലമായിട്ടു് ആ ശാസ്ത്രജ്ഞ നടത്തിക്കൊണ്ടിരുന്ന ഗവേഷണത്തിന്റെ ഫലം പ്രസിദ്ധപ്പെടുത്തേണ്ടുന്ന അവസരമായിരുന്നു അതു്. തന്നിമിത്തം പ്രസവരക്ഷയിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ സാധിക്കാതെ തന്റെ സമയമധികവും ലാബറട്ടറിയിൽത്തന്നെ അവശം കഴിച്ചുകൂട്ടേണ്ടതായിവന്നു. ശിശുവിനെ ഒരാ

ഗവേഷണഫലം

യയുടെ പക്കൽ ഏല്പിച്ചുകൊണ്ടാണു്, മാഡംക്യൂറി ഗവേഷണശാലയിലേയ്ക്കു പോയിരുന്നതു്; ഇടയ്ക്കിടെ കുഞ്ഞിന്റെ സ്ഥിതിയറിയാൻ ആ മാതാവു് വീട്ടിലേയ്ക്കു് പാഞ്ഞെത്താറുണ്ടായിരുന്നു. ഗവേഷണം സംബന്ധിച്ചു ചെയ്യേതീക്കുവാനുണ്ടായിരുന്ന ജോലി ഒട്ടും നിസ്സാരമായിരുന്നില്ല. മാഡംക്യൂറി ആ അവസരത്തിൽ അങ്ങനെ ക്ലേശിച്ചു ജോലി ചെയ്യുന്നതു് ആരോഗ്യത്തിനു് അത്യന്തം ഹാനികരമാകുമെന്നു് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. പക്ഷേ, അതൊന്നും വകവയ്ക്കാതെ, അവർ ഭാരമേറിയ ആ ഗവേഷണച്ചുമതല യഥാസമയംതന്നെ നിറവേറ്റി. പ്രസവം കഴിഞ്ഞിട്ടു് അപ്പോഴേയ്ക്കു് മൂന്നുമാസമേ ആയിരുന്നുള്ളൂ.


ദേശീയവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സ്ഥാപനത്തിനുവേണ്ടിയാണു് മാഡംക്യൂറി ഈ ഗവേഷണം നടത്തിയിരുന്നതെന്നു് മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. ആ സ്ഥാപനത്തിൽനിന്നു അവർക്കു് നല്ലൊരു പ്രതിഫലം കിട്ടി. ഉപരിവിദ്യാഭ്യാസത്തിനായിറങ്ങിയശേഷം മാഡംക്യൂറിക്കു് ആദ്യമായി ലഭിച്ച പ്രതിഫലമായിരുന്നു ഇതു്. അടിയന്തിരമായ സന്തം ആവശ്യങ്ങൾ പലതുണ്ടായിരുന്നുവെങ്കിലും, ഈ പണംകൊണ്ടു് അതുതന്നെ ചുമതലയില്ലാത്ത ഒരു ബാദ്ധ്യത വീട്ടുവാനായിരുന്നു ആ മഹതിയുടെ

ഷ്ലൂളർ ഷിപ്പ് മടക്കി ക്കൊടുത്തു

ഉദ്യമം. രണ്ടാമത്തെ പ്രാവശ്യം ഉപരിപഠനത്തിന്നായി പാരീസിലേയ്ക്ക് പുറപ്പെട്ടപ്പോൾ പോളണ്ടിൽനിന്നൊരു സ്കോളർഷിപ്പ് വാങ്ങിയിരുന്നില്ലേ? അതു മടക്കിക്കൊടുത്താൽ പാവപ്പെട്ട പോളീഷ് യുവാക്കളിൽ ആർക്കെങ്കിലും ആ പണം വീണ്ടുമുപകാരപ്പെടുമല്ലോ എന്നായിരുന്നു മാഡംക്യൂറിയുടെ വിചാരം. വാസ്തവത്തിൽ മേല്പറഞ്ഞ 'അലക്സാണ്ട്രോവിച്ച് സ്കോളർഷിപ്പ്' മടക്കിക്കൊടുക്കേണ്ട ഒരു വിദ്യാർത്ഥിവേതനമേ ആയിരുന്നില്ല. ആരും അതു മടക്കിക്കൊടുക്കുവാനുദ്യമിച്ചതായി അതിന്റെ ചരിത്രത്തിൽ അന്നോളം കേട്ടുകേൾവിപോലും ഇല്ലായിരുന്നു. മാഡംക്യൂറി ആ സ്കോളർഷിപ്പ് തിരിച്ചടയ്ക്കുവാൻ പോകുന്നവിവരം അറിയിച്ചപ്പോൾ, അതിന്റെ പ്രവർത്തകന്മാർ അത്ഭുതസ്തബ്ധരായി. അസാധാരണമായ ഈ പ്രവൃത്തിക്ക് നമ്മുടെ ചരിത്രനായികയെ പ്രേരിപ്പിച്ച ന്യായങ്ങളെ അവർ അത്യന്തം അഭിനന്ദിച്ചു. ആ മഹതിയുടെ ഹൃദയത്തിൽ പ്രകാശിപ്പിച്ച സ്വദേശസ്നേഹവും നീതിബോധവും ത്യാഗബുദ്ധിയും, ആരാണ് മാനിക്കാതിരിക്കുക? മടക്കിക്കൊടുക്കുവാൻ യാതൊരു ബാദ്ധ്യതയുമില്ലാത്ത പണമാണ് മാഡംക്യൂറി പാവപ്പെട്ട മറ്റു വിദ്യാർത്ഥികളുടെ ഉന്നതിക്കായി തിരിച്ചേല്പിച്ചതെന്നു നാം പ്രത്യേകം മനസ്സിലാക്കണം.

VIII

റേഡിയം ഗവേഷണം



ആറുകൊല്ലംമുമ്പ് സോർബോൺ സർവ്വകലാശാലയിൽ പ്രവേശം തേടിച്ചെന്ന ആ പാവപ്പെട്ട വിദ്യാർത്ഥിനിയല്ലാ, ഇപ്പോൾ നമ്മുടെ കഥാനായിക; ഇന്ന് അവൾ പ്രശസ്തമതിയായ ഒരു പണ്ഡിതയാണ്.

നിത്യ വിദ്യാർത്ഥിനി

ശാസ്ത്രശാഖയിൽ ഞന്നെ ഒന്നുപോലെ രണ്ടുന്നതബിരുദങ്ങളും, സർവ്വകലാശാലയിലെ ഫെല്ലോഷിപ്പും, അവൾ കരസ്ഥമാക്കിയിരുന്നു; പോരെങ്കിൽ, വിജയപര്യവസായിയായ ഒരു ഗവേഷണം കൊണ്ട് സമാർജ്ജിച്ചിട്ടുള്ള പ്രശസ്തിയും. എന്നാൽ മാഡംക്യൂറിയുടെ വിജ്ഞാനപിപാസയ്ക്ക് ഇതുകൊണ്ടൊന്നും ശമനമുണ്ടായില്ല. ലോകോപകാരത്തിനായി പിന്നെയും കൂടുതൽ വിജ്ഞാനമാർജ്ജിക്കുവാൻ തന്നെയായിരുന്നു അവളുടെ ഉദ്യമം. അജ്ഞാതമായ എന്തോ ഒന്നിനെ ആരായുന്നതിൽ അവളുടെ അന്തരാത്മാവും എന്നേരവും വ്യാപൃതമായിരുന്നു. അകലെയകലെ അദൃശ്യമായ ഏതോ ഒരു മഹനീയലക്ഷ്യത്തിലെത്തിച്ചേരുവാൻവേണ്ടി അവൾ ഒരു 'നിത്യവിദ്യാർത്ഥിനി'യായിത്തീർന്നിരിക്കുകയാണ്.

എതെങ്കിലും ഒരു പ്രത്യേക ഗവേഷണംമൂലം

ഡോക്ടർബിരുദം കരസ്ഥമാക്കുവാനായിരുന്നു അവ
ളുടെ പിന്നത്തെ പരിശ്രമം. ഈ ഗ
പുതിയ വേഷണത്തിനുള്ള വിഷയം മനുഷ്യ
ഗവേഷണം രാശിക്കാകമാനം ഉപകാരമുള്ളതായി
രിക്കണമെന്നു് അവർക്കു് നിർബ്ബന്ധ
വുമുണ്ടായിരുന്നു. അക്കാലത്തു് ശാസ്ത്രലോകത്തി
ന്റെ സവ്വപ്രധാനമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ച
ഒരു കണ്ടുപിടുത്തമായിരുന്നു എക്സ്റേ. റോൺട
ജൻ എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ച ഈ പുതിയ
രശ്മിവിശേഷം ശാസ്ത്രമണ്ഡലത്തിൽ അത്ഭുതകരമാ
യ ഒരു വെളിച്ചം വീശുകയുണ്ടായി. ലോഹത്ത
കിടെഴികെ മിക്ക ഘനപദാർത്ഥങ്ങളേയും ഭേദി
ച്ചു് അപ്പുറം കടക്കുവാനുള്ള എക്സ്റേ കണ്ടുപിടിച്ച
പ്പോൾ, സ്വയംപ്രകാശശക്തിയുള്ള ധാതുക്കളിൽ
സൂര്യരശ്മിതട്ടിയാൽ പ്രസ്തുത രശ്മിവിശേഷം സംജാ
തമാകുമെന്നു് ഒരഭിപ്രായം ശാസ്ത്രജ്ഞന്മാരുടെയിട
യിൽ പരന്നു. ഈ ആശയം പിടിച്ചു പരീക്ഷണം
നടത്തിയ ഹെൻറി ബെക്കുറെൽ എന്ന ശാസ്ത്രജ്ഞൻ
യുറേനിയംലവണങ്ങളുടെ (Uranium salts) ഒരു പ്ര
ത്യേകഗുണം കണ്ടുപിടിച്ചു കറുത്ത കടലാസ്സോ,
മറ്റേതെങ്കിലും ഘനപദാർത്ഥങ്ങളോകൊണ്ടു് പൊ
തിഞ്ഞുവെച്ചാലും, അവയെ ഭേദിച്ചു അടുത്തിരിക്കു
ന്ന ഛായാഗ്രാഹിത്തകിടുകളെ (Photographic plates)
ബാധിക്കുവാൻ പര്യാപ്തമായ കിരണങ്ങളെ ഉല്പാ
ദിപ്പിക്കുന്നതിനു് മേല്പറഞ്ഞ ലവണങ്ങൾക്കു ശക്തി

യുണ്ടെന്നുള്ള ഒരു പുതിയ കണ്ടുപിടുത്തത്തിലാണ് അദ്ദേഹം എത്തിച്ചേർന്നതു്. യുറേനിയത്തിൽനിന്നുള്ള വികിരണത്തിനു്, ഛായാഗ്രാഹിത്തകിടുകളെ ബാധിക്കുവാനുള്ള ഈ ശക്തിക്കുപുറമേ, സാധാരണ വൈദ്യുതവാഹിയല്ലാത്ത (nonconductor of electricity) വായുവിനെ വൈദ്യുതവാഹി (conductor) യാക്കിത്തീർക്കുവാനുള്ള കഴിവുകൂടിയുണ്ടെന്നു് വ്യക്തമായി. ഒരു ഇരുട്ടറയിൽ സൂര്യരശ്മി തട്ടാതെ എത്ര ദിവസം വെച്ചിരുന്നാലും യുറേനിയത്തിന്റെ ശക്തിക്കു് കുറവു് ഭവിക്കുകയില്ലെന്നും അദ്ദേഹം പരീക്ഷിച്ചറിഞ്ഞു. പക്ഷേ, സൂര്യപ്രകാശസ്പർശം കൂടാതെ യുറേനിയത്തിൽനിന്നുണ്ടാകുന്ന ഈ വികിരണം (Radiation) കാര്യകാരണസഹിതം വിശദീകരിക്കുവാൻ ആർക്കും സാധിച്ചില്ല. മഹനമായ ഈ പ്രതിഭാസം സംബന്ധിച്ചുള്ള ഗവേഷണത്തിനാണു് മാഡംക്യൂറി മുതിർന്നതു്. ഈ പ്രശ്നത്തെ, ശാസ്ത്രമണ്ഡലത്തിൽ ഒരു നവീനമാർഗ്ഗത്തിലേക്കുള്ള ചൂണ്ടുപലകയായി നമ്മുടെ കഥാനായിക പരിഗണിച്ചു. താൻ അഭിലഷിക്കുന്ന ഡോക്ടർബിരുദത്തിനുള്ള ഗവേഷണവിഷയം ഇതുതന്നെയെന്നു് അവർ തീർച്ചയാക്കുകയും ചെയ്തു.

എന്നാൽ കേവലം നവീനമായ ഈ ഗവേഷ

ണത്തിനു് പററിയ സ്ഥലവും ഉപകരണങ്ങളും എവിടെ? പിയർകൃറി ജോലിചെയ്തിരുന്ന കലാലയത്തിൽ ഒരു ചെറിയ മുറി ഈ ആവശ്യത്തിന്നായി ഒടുവിൽ ഒഴിഞ്ഞുകിട്ടി. ഒരു ശാസ്ത്രീയഗവേഷണത്തിന്നു പററിയ സജ്ജീകരണങ്ങളൊന്നുംതന്നെ അവിടെയുണ്ടായിരുന്നില്ല; എന്നുവേണ്ടാ, മഞ്ഞിലും മഴയിലുംനിന്നു് രക്ഷനേടുവാനുള്ള മാർഗ്ഗവും മതിയാവോളം ഉണ്ടായിരുന്നില്ല, ആ മുറിയിൽ. ചിലപ്പോൾ മജ്ജയേപ്പോലും മരവിപ്പിക്കുന്ന തണുപ്പേറുകൊണ്ടാണു് മാഡംകൃറി ആ ഗവേഷണശാലയിൽ ജോലി ചെയ്തിരുന്നതു് മുറിയിലെ ചൂടു് അവർ ദിവസേന ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിവയ്ക്കാറുണ്ടായിരുന്നു. അങ്ങനെ കറിച്ചുവെച്ചിട്ടുള്ളതിൽനിന്നു് ഒരു ദിവസത്തെ ചൂടു് 44°F. (44 ഡിഗ്രി ഫാരൻഹീറ്റു്) മാത്രമായിരുന്നുവെറിയുന്ന 98·4°F. ചൂടുള്ള മനുഷ്യദേഹം ഇത്രയുംകൊടിയ ശൈത്യത്തിൽ മരവിച്ചു നിശ്ചേഷ്ടമാവാതെ തരമില്ല. എന്നാൽ മേല്പറഞ്ഞ ദിവസത്തിലും മാഡംകൃറി പതിവുപോലെ എട്ടുമണിക്കൂറോളം ജോലി ചെയ്തതായി പറയപ്പെടുന്നു. പുറമേയുള്ള ശൈത്യത്തെയെല്ലാം വെല്ലുന്ന വലിയൊരു ചൂടു് അവളുടെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്നുവെന്നേ ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതുള്ളു. സ്ഥലത്തിന്റെ കാര്യം അങ്ങനെയായി. ഉ

പ്രതിബന്ധങ്ങൾ

പകരണങ്ങളോ? പിയർകൂറിയും സഹോദരനും കൂടി കണ്ടുപിടിച്ചിരുന്ന ചില ഉപകരണങ്ങളും മാത്രമായിരുന്നു അവർക്ക് അക്കാലത്തിൽ അവലംബം.

ഇങ്ങനെ, വേണ്ടത്ര സ്ഥലസൌകര്യമോ ഉപകരണസഹായമോ കൂടാതെയാണ് മാഡംകൂറി തന്റെ ഗവേഷണം സമാരംഭിച്ചതെങ്കിലും, അത് പുതിയ പുതിയ കണ്ടുപിടിത്തങ്ങളിലേയ്ക്കു പടിപടിയായി വഴിതെളിച്ചുകൊണ്ടേയിരുന്നു. യൂറേനിയത്തിന്റെ വികിരണശക്തി, ആ ധാതുവിന്റെ അളവിനെ (quantity) അനുസരിച്ചു കുറയുകയും കൂടുകയും ചെയ്യുമെന്നും, വെളിച്ചവും ചൂടും വികിരണത്തെ ബാധിക്കുകയില്ലെന്നും, അവർ പരീക്ഷണംമൂലം ഗ്രഹിച്ചു. യൂറേനിയം മാത്രമാണോ ഈ വികിരണശക്തിയുള്ള ധാതുവെന്നായി, അവളുടെ പിന്നത്തെ അന്വേഷണം. അന്നേവരെ അറിയപ്പെട്ടിരുന്ന എല്ലാ രാസപദാർത്ഥങ്ങളും (chemical substances) നമ്മുടെ ശാസ്ത്രജ്ഞ പരീക്ഷിച്ചുനോക്കി. വളരെ ക്ലേശാവഹമായ ഈ പരീക്ഷണംകൊണ്ട് ആദ്യമാദ്യം പറയത്തക്ക ഫലമൊന്നും കണ്ടില്ല. ഒടുവിൽ 'തോറിയം' എന്ന ധാതുവിനും യൂറേനിയത്തിന്റെ വികിരണഗുണം ഉണ്ടെന്ന് അവർ കണ്ടുപിടിച്ചു. ഇതുമായപ്പോൾ, ആറ്റത്തിന്റെ ഏതോ ഒരു ആന്തരികപ്രവർത്തനമാണ് യൂറേനിയം

മുതലായ ധാതുക്കളുടെ വികിരണത്തിനു് നിദാനമെന്നു് അവർ ഊഹിക്കുകയായി. മാഡംക്യൂറിയും ഭർത്താവുംകൂടി ആലോചിച്ചു് ഇത്തരം ധാതുക്കളുടെ ശക്തിപ്രകടനത്തിനു് വികിരണപ്രവർത്തനം (radioactivity) എന്നു പേരുകൊടുത്തു. യുറേനിയം മുതലായ ആ ധാതുക്കൾക്കു് വികിരണധാതുക്കൾ (radio-elements) എന്നാണു് അവർ സംജ്ഞനല്കിയതു്. ആറാമിക്കു് ശാസ്ത്രത്തിന്റെ പ്രഥമാദ്ധ്യായത്തെ കുറിക്കുന്ന ഈ ഗവേഷണം നമ്മുടെ കഥാനായികപിന്നെയും തുടർന്നുകൊണ്ടിരുന്നു.

യുറേനിയം, തോറിയം മുതലായ ധാതുക്കളെ ഉൾക്കൊള്ളുന്ന പല അസംസ്കൃതലോഹങ്ങളും (crude ores) ഖനിജങ്ങളും (minerals) പിച്ച്ബ്ലെൻഡ് അവർ മുറയ്ക്കു പരീക്ഷിക്കുകയായി. ഇക്കൂട്ടത്തിൽ പിച്ച്ബ്ലെൻഡ് (pitch blend) എന്ന ലോഹം പ്രത്യേകം ശ്രദ്ധാർഹമായിത്തീർന്നു. യുറേനിയം കലർന്നിട്ടുള്ള ഈ അസംസ്കൃതധാതുവിനു് തോറിയത്തേയും യുറേനിയത്തേയുംകാൾ വളരെ കൂടുതൽ വികിരണശക്തിയുണ്ടെന്നു വെളിപ്പെട്ടു. ശാസ്ത്രജ്ഞയ്ക്കു് അതിൽ അത്ഭുതം തോന്നാതിരുന്നില്ല. പരീക്ഷണത്തിൽ വല്ല പിശകും പറ്റിയിരിക്കുമോ എന്നവർ ശങ്കിച്ചു. അതിനാൽ പത്തിരുപതു് പ്രാവശ്യത്തോളം പരീക്ഷണം ആവർത്തിച്ചുനോക്കി. ഫലം ഒന്നുതന്നെയായിരുന്നു. പിച്ച്ബ്ലെൻഡിന്റെ

ഡിന്റെ ശക്തി

അന്യാദൃശമായ ഈ ശക്തിവിശേഷം മാഡംക്യൂറി യുടെ ചിന്താഗതിയെ ഒരു പുതിയ സരണിയിലേയ്ക്കു തിരിച്ചു. വികിരണപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം യുറേനിയത്തേയും തോറിയത്തേയും ബഹുദാ അതിശയിക്കുന്ന ഏതോ ഒരുവസ്തു പിച്ച്ബ്ലെൻഡിൽ ഉണ്ടെന്നും, അതു് അന്നോളം അറിയപ്പെട്ടിട്ടില്ലാത്ത ഒരു മൂലധാതുവാണെന്നും,അവർക്കു ബോദ്ധ്യമായി.

അജ്ഞാതമായ ഈ പുതിയ വസ്തുവിനെ അന്വേഷിക്കുന്നതിൽ മാഡംക്യൂറിയെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം, നിരുത്സാഹപ്പെടുത്തുവാനാണു് അന്നത്തെ പല ശാസ്ത്രജ്ഞന്മാരും ഒരുമ്പെട്ടതെന്നുതോന്നുന്നു. അമ്മാതിരി പ്രതികൂല്യം സഹിയാഞ്ഞിട്ടാവാം, നമ്മുടെ കഥാനായിക തന്റെ ജീവിതസഖിയായ ബ്രോണിയായെ സമീപിച്ചു് ഗവേഷണഗതിയേക്കുറിച്ചു് ഒരിക്കൽ വിസ്തരിച്ചു് പറഞ്ഞതു്. പുതിയ വസ്തുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള നിഗമനം അബദ്ധമാണെന്നു് ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുകയും അപഹസിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, അതു് കണ്ടുപിടിച്ചു തെളിയിക്കുവാൻ സാധിക്കുമെന്നകാര്യത്തിൽ തനിക്കു് യാതൊരു സന്ദേഹവുമില്ലെന്നു് മാഡംക്യൂറി സഹോദരിയോടു തീർത്തുപറഞ്ഞു. പ്രതിബന്ധങ്ങളൊന്നും വകവെയ്ക്കാതെ മുന്നോട്ടുതന്നെ പോകുവാൻ ബ്രോണിയ, സഹോദരിയെ പ്രോത്സാഹിപ്പിച്ചു. പിയർക്യൂറി

അക്കുങ്ങളേ സംബന്ധിച്ചുള്ള ഗവേഷണത്തിൽ അന്നും ഭർത്തൃശ്രദ്ധനായിക്കഴിയുകയായിരുന്നുവെങ്കിലും, ഭാര്യയുടെ ഉദ്യമത്തിൽ അവളെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. ഇങ്ങനെ ഭർത്താവിന്റേയും സഹോദരിയുടേയും പ്രോത്സാഹനംകൊണ്ട്, അതുവരേയുള്ള തന്റെ ഗവേഷണഫലം ശാസ്ത്രലോകത്തിന്റെ മുമ്പിൽ പ്രഖ്യാപിക്കുവാൻ മാഡംകൂറി മടിച്ചില്ല. "അത്യധികം ശക്തിമത്തായ വികിരണപ്രവർത്തനമുള്ള ഒരുപുതിയ മൂലധാതു പിച്ച്ബ്ലെൻഡ് എന്ന ലോഷ്ടത്തിൽ ഉള്ളതായി മേരിസ്ക്ലോഡോസ്കികൂറി പറയുന്നു" എന്നു് പ്രൊഫസർ ലിപ്പ്മാൻ അക്കാഡെമിയെ അറിയിക്കുകയും, ആ വസ്തുത 1898 ഏപ്രിൽ 12-ാം തിയതിയിലെ പ്രൊസീഡിംഗ്സിൽ പരസ്യപ്പെടുത്തുകയും ചെയ്തു.

അങ്ങനെ, ആ പുതിയ വസ്തുവിനേക്കുറിച്ചു് പുറത്തു പറയാമെന്നായി. എന്നാൽ ആ ധാതു എന്താണെന്നും അതിന്റെ ഗുണമെന്താണെന്നും പറയാറായോ? ഇല്ല. ഇനിയും നീണ്ടൊരു പരീക്ഷണവും പരിശ്രമവും കൊണ്ടുമാത്രം സാധിക്കേണ്ട കാര്യമാണതെല്ലാം. അതേവരെ പിയർകൂറി, ഭർത്തൃയുടെ ഗവേഷണത്തെ ഉപദേശനിർദ്ദേശങ്ങൾ കൊണ്ടു പ്രോത്സാഹിപ്പിച്ചിരുന്നുവെന്നല്ലാതെ, അതിൽ കാര്യമായ പങ്കൊന്നുമെടുത്തിരുന്നില്ല. അദ്ദേഹം അക്കുങ്ങളുടെ ഗവേഷണത്തിൽ മുഴുകിയിരുന്ന

പിയറും പങ്കെടുക്കയായി

താണ് അതിനും കാരണം. എന്നാൽ ഭാഗ്യം നടത്തിയിരുന്ന ഗവേഷണം കൂടുതൽ ഗൗരവമുള്ളതായിക്കണ്ടതുകൊണ്ടാവണം, അദ്ദേഹം തല്ക്കാലം സ്വന്തം ഗവേഷണം നിർത്തിവെച്ച് ഈ പുതിയ പരീക്ഷണത്തിൽ പങ്കെടുക്കുവാൻ തീച്ചയാക്കിയതു്. അജ്ഞാതമായ നവീനധാതുവിനെ പിടികൂടുവാനുള്ള യത്നത്തിൽ രണ്ടുതലയും നാലുകൈയും അങ്ങനെ ഇണങ്ങിച്ചേർന്നു. ഇനിയത്തെ പരിശ്രമങ്ങളെല്ലാം രണ്ടുപേരുടേയും കൂട്ടുസ്വത്തായിത്തന്നെ കണക്കാക്കണം. പിച്ച്ബ്ലെൻഡിലെ വിവിധ ധാതുക്കളെ അപഗ്രഥനം ചെയ്തിട്ടൊന്നും, പ്രതീക്ഷാവിഷയമായ പുതിയ വസ്തു ദൃശ്യമായിത്തീന്നില്ല. അണുസമാനം പരിമിതമായിരിക്കണം ആ ധാതുവെന്നു് പിയറും ഭാഗ്യും ഊഹിച്ചു. പിച്ച്ബ്ലെൻഡ് ഒരു അസംസ്കൃത ലോഷ്ടമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അതിൽനിന്നു് വേർതിരിച്ചെടുക്കുന്ന യുറേനിയത്തേക്കാൾ നാലിരട്ടി വികിരണശക്തി ആ അസംസ്കൃതലോഷ്ടത്തിനു് സ്വതവേയുണ്ടെന്നു കണ്ടുപ്പോൾ, അതിൽ മറഞ്ഞുകിടക്കുന്ന മൂലധാതുവിന്റെ മാറ്റിനേക്കുറിച്ചു് നമ്മുടെ ഗവേഷകക്കുള്ള മതിപ്പു വർദ്ധിച്ചു. പിച്ച്ബ്ലെൻഡിലെ ഓരോ ധാതുഘടകത്തേയും രാസപ്രയോഗംകൊണ്ടു് വേർതിരിച്ചു പരീക്ഷിക്കുവാൻ അവർ ഒരുങ്ങി. അതിസൂക്ഷ്മമായ ഈ അപഗ്രഥനത്തിനു് അവർ ഒരു പുതിയ ഉപകരണം നിർമ്മിക്കുകയും ചെയ്തു. അങ്ങനെ

പിച്ച് ബ്ളെൻഡിന്റെ ഓരോ അംശവും പ്രത്യേകം പരിശോധിച്ചു പരിശോധിച്ചു ചെന്നപ്പോൾ, അതിലെ രണ്ടംശങ്ങളാണ് അസാമാന്യമായ വികിരണശക്തി ഉൾക്കൊള്ളുന്നതെന്ന് വ്യക്തമായി. ഒരു കള്ളനെ തേടിപ്പുറപ്പെട്ടിട്ട് രണ്ടു കള്ളന്മാരുടെ കാൽപ്പാടാണ് കണ്ടുതുടങ്ങിയതു്. പക്ഷേ, കായ്ത്തിനു തുമ്പുണ്ടാവാൻ പരീക്ഷണം പിന്നെയും പലതു കഴിയേണ്ടിയിരുന്നു.

1898-ജൂലായി മാസത്തോടുകൂടി മേല്പറഞ്ഞ രണ്ടു ധാതുക്കളിൽ ഒന്നിനെ പിടികിട്ടിക്കഴിഞ്ഞു. "ഇതിനു് ഒരു പേരിടണമല്ലോ"—മാഡംകൂറിയോടു് ഭർത്താവു പറഞ്ഞു.

പൊളോണിയം

സ്വന്തം ശിശുവിനു് പേരിടുന്നകാര്യം ആലോചിക്കുന്നതുപോലെ ആ ദമ്പതികൾ കുറച്ചുനേരം ചിന്തിച്ചുകൊണ്ടിരുന്നു. "പൊളോണിയം' എന്നായാലെന്താണു്?"—മാഡംകൂറി അഭിപ്രായപ്പെട്ടു. തന്റെ ജന്മഭൂവായ പോളണ്ടിന്റെ പേരിനു് ശാസ്ത്രലോകത്തിൽ പ്രതിഷ്ഠനല്കുവാൻ ആ മനസ്വിനിക്കുള്ള മോഹം നോക്കുക. ഒരു ഫ്രഞ്ചുകാരനെ വിവാഹംചെയ്തു് ഫ്രാൻസിൽ സ്ഥിരതാമസമാക്കിയിരിക്കയാണെങ്കിലും, തന്റെ മാതൃഭൂമിയെ ആ മഹതി മറന്നില്ല. റഷ്യൻമേധാവിത്വത്തിലാണ്ടു് ഭൂപടത്തിൽനിന്നു് നിർമ്മാർജ്ജനം ചെയ്യപ്പെട്ടുതുടങ്ങിയ പോളണ്ടിന്റെ നാമം തന്റെ ഒരു ശാസ്ത്രീയ കണ്ടുപിടിത്തത്തിന്റെ പേ

രിനാലെങ്കിലും അനുസ്മരിക്കപ്പെടട്ടെ എന്നു് മാഡംക്യൂറി കരുതിയിരിക്കാം. പിയർക്യൂറിയാകട്ടെ, ഭാര്യയുടെ സ്വദേശാഭിമാനത്തെ ആദരിച്ചതേയുള്ളു. അങ്ങനെ ക്യൂറിമാരുടെ ഗവേഷണത്തിന്റെ പ്രഥമസന്താനത്തിനു് 'പൊളോണിയം' (Polonium) എന്ന പേരുതന്നെ നടപ്പായി.

പിച്ച്ബ്ലെൻഡിലെ മറ്റൊരു ധാതുംശത്തിൽ മറഞ്ഞുകിടന്നിരുന്ന രണ്ടാമത്തെ വികിരണവസ്തുവിന്റെ അസ്തിത്വവും ഉപരി റേഡിയം പരീക്ഷണംകൊണ്ടു് തെളിഞ്ഞു. സ്വപ്രധാനമായ അക്കായ്ത്തിനു് ഒരല്പൊരു തുമ്പുണ്ടായതു്, 1898 ഡിസംബർമാസത്തിലായിരുന്നു. ആ പുതിയ ധാതുവിനു് ക്യൂറിമാർ റേഡിയം എന്നു പേരിട്ടു. റേഡിയത്തിന്റെ അസ്തിക്യം കാര്യകാരണസഹിതം സമർത്ഥിച്ചുകൊണ്ടു് അവർ ഒരുരേഖ തയ്യാറാക്കി അക്കാഡെമിക്ക് അയച്ചുകൊടുക്കുകയുംചെയ്തു. ആ രേഖയിൽനിന്നു ഒരു വാചകം ഉദ്ധരിക്കാം: "ഞങ്ങൾ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞ വിവിധകാരണങ്ങളാൽ, പുതിയ വികിരണവസ്തു ഒരു പുതിയ മൂലധാതുവിനെ ഉൾക്കൊള്ളുന്നുവെന്നു് ഞങ്ങൾ വിശ്വസിക്കുകയും, ഞങ്ങൾ അതിനു് 'റേഡിയം' എന്നു് പേരിടുകയും ചെയ്യുന്നു." ഈ പുതിയ ധാതുവിന്റെ വികിരണവീര്യം അപാരമായിരിക്കുമെന്നു് ക്യൂറിമാർ ആ റിപ്പോർട്ടിൽത്തന്നെ എടുത്തു പറഞ്ഞിരുന്നു.

എന്നാൽ ഇതുയൊക്കെയായിട്ടും, ശാസ്ത്രസമ്മതമായ രൂപത്തിലെത്തിയോ, നമ്മുടെ ഗവേഷകരുടെ കണ്ടുപിടിത്തം? ഇല്ല. പൊളോണിയം, റേഡിയം എന്നീ പുതിയ ധാതുക്കളുടെ പ്രതിഭാസം സയൻസിൽ അന്നോളം ആദരിക്കപ്പെട്ടുപോന്നിരുന്ന പല മൗലികതത്വങ്ങളേയും മാറ്റി മറിക്കുമെന്നുള്ള കാരണംകൊണ്ടുതന്നെ ശാസ്ത്രജ്ഞന്മാർ പലരും കൂറിമാരുടെ ഗവേഷണത്തെ ആശങ്കയോടുകൂടിയാണ് വീക്ഷിച്ചിരുന്നതു്. ആ സ്ഥിതിയ്ക്കു് പുതിയ ധാതുക്കളെ സംയുക്തലവണങ്ങളിൽനിന്നു് പ്രത്യേകം പ്രത്യേകം വേർതിരിച്ചെടുത്തു് അവയെ സ്ഥിരീകരിച്ചും, ഉരുക്കിയും മെരുക്കിയും, അളന്നും തൂക്കിയും തിട്ടപ്പെടുത്തുവാൻ തക്കപാകത്തിൽ പ്രദർശിപ്പിച്ചാലല്ലാതെ ശാസ്ത്രസമ്മതം ലഭിക്കുക സാദ്ധ്യമായിരുന്നില്ല. പുതിയ വസ്തുവിന്റെ ആറ്റമികഘനം (atomic weight) നിർണ്ണയിക്കേണ്ടതും അനിവാര്യമായ ഒരാവശ്യമായിരുന്നു. 'ആറ്റമികഘനം പറയാനില്ലെങ്കിൽ, റേഡിയവുമില്ല. "കുറെ റേഡിയം കാണിച്ചുതരിക, ഞങ്ങളം നിങ്ങളെ വിശ്വസിക്കാം"—ഇതായിരുന്നു ശാസ്ത്രജ്ഞന്മാർ കൂറിമാരുടെ നേരെ മുഴക്കിയ വെല്ലുവിളി. തങ്ങളം കണ്ടുപിടിച്ച ശാസ്ത്രസന്താനങ്ങളുടെ അസ്തിത്വത്തിൽ തങ്ങൾക്കുള്ള ബോദ്ധ്യംപൂർത്തിയാക്കുവാനും, ആ വസ്തുത ശാസ്ത്രലോകത്തിനു് നി

ശാസ്ത്രസമ്മതമാണിയം, റേഡിയം എന്നീ പുതിയ ധാതുക്കൾ?

സ്തക്കം സമ്മതമാക്കിത്തീക്കുവാനും പാവപ്പെട്ട കൃ
റിമാർ ഇന്നിയും വളരെ പരിശ്രമങ്ങൾ നടത്തേ
ണ്ടിയിരിക്കുന്നു. നാലുകൊല്ലം ദീർഘിച്ച ആ പ്രയ
തനമെന്നുപറഞ്ഞാൽ, അതിന്റെ ഗൗരവം നമുക്കു
മനസ്സിലാക്കാം. അക്കാര്യത്തിൽ അവർക്കുണ്ടായിരു
ന്ന പ്രതികൂലസാഹചര്യങ്ങളുടെ സ്വഭാവം സ്വല്പ
മൊന്നു മനസ്സിലാക്കിയിരുന്നാൽ മാത്രമേ നമുക്ക്
അവരുടെ പരിശ്രമത്തിനു വിലയിരുത്താൻ സാ
ധിക്കൂ.

IX

വിജയമകുടം

മുഖ്യമായി മൂന്നു പ്രതിബന്ധങ്ങളാണ് കൃറിമാർ തരണംചെയ്യേണ്ടിവന്നതു്. ഒന്നാമതു്, റേഡിയം ഉണ്ടാക്കിക്കാണിക്കാൻ ആവശ്യമുള്ളതു പിച്ച്ബ്ലെൻഡ് കിട്ടുവാനുള്ള പ്രയാസം. അനേകം ടൺ പിച്ച്ബ്ലെൻഡ് ശുദ്ധിചെയ്യുമ്പോഴത്തെങ്കിലേ, ഒരുപണമിടറേഡിയം ലഭിക്കാനിടയുള്ളുവെന്നു് നമ്മുടെ ഗവേഷകർ അതിനകം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. യുറേനിയം എടുക്കുവാനുപയോഗിക്കുന്ന ആ ലോഷ്ടത്തിനു് വില വളരെക്കൂടുതലായിരുന്നതാണം. അതുയും വിലപ്പെട്ട ഒരു ലോഷ്ടം ടൺകണക്കിനു വാങ്ങി റേഡിയംഗവേഷണം നടത്താൻ കൃറിമാക്കുണ്ടോ പണക്കരുത്തു്? അതേവരെ നടന്ന പരീക്ഷണംകൊണ്ടു് മാഡംകൃറി ഒരു പാഠം പ്രത്യേകം ഗ്രഹിച്ചിരുന്നു—യുറേനിയം നീക്കിക്കഴിഞ്ഞാലും, പിച്ച്ബ്ലെൻഡിലുള്ള പൊളോണിയത്തിന്റേയും റേഡിയത്തിന്റേയും അംശങ്ങളം നഷ്ടപ്പെടുകയില്ലെന്നു്. അതിനാൽ യുറേനിയം എടുത്തശേഷമുള്ള കീടൻ കിട്ടിയാലും, തങ്ങളുടെ ആവശ്യത്തിനു് അതു് ധാരാളം മതിയാകുമെന്നു് അവർ കണക്കാക്കിവെച്ചു. കണ്ടുപിടിത്തത്തിൽത്തന്നേ

കീടത്തിനുവേണ്ടി അപേക്ഷ

ഒരു കണ്ടുപിടിത്തം! ആസ്ട്രിയായിൽ സെയിൻറ്
യോക്കിംസ്ഥാൽ എന്ന സ്ഥലത്തുള്ള ഖനിയിൽനി
ന്നു് ധാരാളം പിച്ച്ബ്ലെൻഡ് ലഭിക്കുന്നുണ്ടെ
ന്നും, അവിടെത്തന്നെ ഗവർമ്മെണ്ടുവകയായുള്ള
രാസശാലയിൽവെച്ചു് സ്റ്റഡികവ്യവസായത്തിനു
വേണ്ടി യുറേനിയംലവണങ്ങൾ എടുത്തശേഷം
പിച്ച്ബ്ലെൻഡിൻെറ കീടനത്രയും വെറുതേകി
ളയുകയാണെന്നും നമ്മുടെ ഗവേഷകർക്കറിവുകിട്ടി.
അവർ ഉടനെ ആ കീടൻ കുറെ കിട്ടണമെന്നു് ആ
സ്ട്രിയൻ ഗവർമ്മെണ്ടിനോടപേക്ഷിച്ചു. ഒന്നിനും
കൊള്ളാതെ കാട്ടിൽ കളയുന്ന പിച്ച്ബ്ലെൻഡ്
കീടൻ അപേക്ഷിക്കുന്ന ആ ഭ്രാന്തന്മാർ ആരാണെ
ന്നു് ഗവർമ്മെണ്ടധികാരികൾ അത്ഭുതപ്പെട്ടിരിക്കാം!

എന്നാൽ പിച്ച്ബ്ലെൻഡിൻെറ കീടൻ കി
ട്ടിയാലും, ടൺ കണക്കിനുള്ള ആ പദാർത്ഥം ശേഖ
രിച്ചുവെച്ചു് ശരിയ്ക്കു് പരീക്ഷണം നട
സ്ഥലത്തിൻെറ ത്താൻ പറ്റിയ ഒരു ലാബറട്ടറിയു
കാര്യമോ? ണ്ടോ? അതായിരുന്നു രണ്ടാമത്തെ
വൈഷമ്യം. തങ്ങളുടെ ഗവേഷണം
കൂടുതൽ വിപുലമായ തോതിൽ തുടരുവാനുപയുക്ത
മായ ഒരു സ്ഥലം അനുവദിക്കണമെന്നുകാണിച്ചു്
പിയർക്യൂറി സർവ്വകലാശാലയുടെ അധികൃതന്മാർക്കു്
എഴുതിയയച്ചു, ഫലമുണ്ടായില്ല. 'സ്കൂൾ ഓഫ് ഫി
സിക്സ്' എന്ന സ്ഥാപനത്തിൻെറ ഔദാര്യംകൊ
ണ്ടു് മാഡംക്യൂറിയ്ക്കു് മുമ്പേ ലഭിച്ചിരുന്ന ഗവേഷ

ണസ്ഥലംതന്നെയായി, ഒടുവിൽ അവക്ക് ഇക്കായ്ത്തിലും അവലംബം. ആ പെറിയ മുറിയുടെ എതിർഭാഗത്ത് അതുപോലെതന്നെ പരിത്യക്തമായ ഒരു പഴയ ചെറപ്പുര മഞ്ഞും മഴയുമേറ്റ് ജീർണ്ണപ്പെട്ടുകിടന്നിരുന്നു. അതിലിരുന്ന് ജോലിചെയ്യണമെന്നാവശ്യപ്പെട്ടാൽ ഒരു സാധാരണ കൂലിവേലക്കാരൻപോലും പ്രതിഷേധിക്കും. അതു അലങ്കോലമായിട്ടായിരുന്നു അതിന്റെ കിടപ്പ്. ഏതായാലും, ആക്ഷം വേണ്ടാത്ത ആ പഴയ ഷെഡ്ഡുകൂടി കൃറിമാരുടെ ജഗൽപ്രസിദ്ധമായ പുതിയ ശാസ്ത്രീയഗവേഷണത്തിന്റെ ആവശ്യത്തിന്നൊഴിഞ്ഞുകിട്ടി. റേഡിയംപോലെ വിലപ്പെട്ട ഒരു വസ്തുവിന്റെ കണ്ടുപിടിത്തംകൊണ്ട് ധന്യമാകാനുള്ള ഭാഗ്യം ഇങ്ങനെ ചില 'ഓണംകേറാമൂലകൾ'ക്കായതു് വിചിത്രംതന്നെ! അഥവാ, കൂപ്പയിലായാലും മാണിക്യത്തിന്റെ മാറിനു് കുറവില്ലല്ലോ.

ഗവേഷണത്തിനുള്ള ധാതുദ്രവ്യം കീടനായിട്ടെങ്കിലും കിട്ടാനുള്ള വഴിയായി; അതു് ശേഖരിച്ചുവെച്ച് പരീക്ഷണം നടത്താനുള്ള സ്ഥലവുമായി. മൂന്നാമതൊരു വൈഷമ്യം പിന്നെയും ശേഷിച്ചിരുന്നു. കൈവശം കുറച്ചെങ്കിലും പണമില്ലാതെ അതു പരപ്പേറിയ ഒരു പരീക്ഷണജോലി എങ്ങനെയാണു് നിർവ്വഹിക്കുക? ഒരാളുടെ തുച്ഛമായ ശമ്പളംകൊണ്ടു് കഷ്ടിച്ചുകഴിയുന്ന കൃറിക്കുടുംബത്തിന്നു

പണം എവിടെനിന്നു്?

ണ്ടോ, അത്രമാത്രം പണക്കരുത്തു്? എറിയുന്നവന്റെ കയ്യിൽ വടി കൊടുക്കുകയില്ലെന്നുള്ളതു് ലോകസ്വഭാവമാണല്ലോ. ശാസ്ത്രമേ ശരണം എന്നു് കരുതിനടക്കുന്ന ഒരു സ്ത്രീയുടെ അഭ്യൂഹങ്ങളിൽ മാത്രം കിടക്കുന്ന ഏതോ കാര്യത്തിനുവേണ്ടി പണം മുടക്കാനാരാണുണ്ടാവുക? ശവമ്മെണ്ടിനോടോ, സർവ്വകലാശാലക്കാരോടോ, ആ സന്ധിയിൽ വല്ല സഹായവും ആവശ്യപ്പെട്ടാൽ തങ്ങൾ പരിഹാസപാത്രങ്ങളാവുകയേയുള്ളുവെന്നു് കൂറിമാക്കിയാമായിരുന്നു. ആത്മാഭിമാനംവിട്ടു് ആരോടും യാതൊന്നും അർത്ഥിക്കുവാൻ അവക്കു് സാദ്ധ്യമായിരുന്നില്ല. ഒടുവിൽ, വീട്ടുചിലവെല്ലാം ഒന്നുകൂടിച്ചുരുക്കി സ്വല്പം പണം മിച്ചമുണ്ടാക്കി, അതു് ഈ പുതിയ ശവേഷണത്തിന്നായി ചെലവഴിക്കാനാണു് മാഡംകൂറി തീർച്ചയാക്കിയതു്. വിദ്യാഭ്യാസകാലത്തു് പ്രതിമാസം നാല്പതു രൂബിൾകൊണ്ടു് പാരീസിൽ കഴിച്ചുകൂട്ടിയിരുന്ന ആ മഹതിയ്ക്കുണ്ടോ, ചിലവു ചുരുക്കാൻ പ്രയാസം? ഇപ്പോൾ ഒരു പിഞ്ചുകുഞ്ഞുംപ്പെടേയുള്ള കുടുംബത്തിന്റെ നിത്യച്ചിലവു് വെട്ടിച്ചുരുക്കിയാണു് ശാസ്ത്രീയശവേഷണത്തിനു പണമുണ്ടാക്കാൻ മാഡംകൂറി മുതിരുന്നതെന്നു് നാം പ്രത്യേകം മനസ്സിലാക്കണം. ലോകോപകാരത്തിന്നായി പ്രയത്നിക്കുവാൻ വ്രതമെടുത്തിരിക്കുന്ന ആ ശാസ്ത്രജ്ഞയുടെ ത്യാഗവായ്പോ, അവരുടെ ശാസ്ത്രവാസനയോ, ഏതാണു് കൂടുതൽ ശ്ലാഘ്യമെന്നു് വായനക്കാർതന്നെ നിശ്ചയിച്ചുകൊള്ളുക.

ഒരു ദിവസം 'സ്ക്കൂൾ ഓഫ് ഫിസിക്സ്', എന്ന കലാലയത്തിന്റെ മുമ്പിൽ ഒരു ലോറി വന്നു നിന്നു. ചെമന്ന പൊടിപുരണ്ട കുറെ കീടൻ കീട്ടി ചാക്കുകെട്ടുകളാണ് അതിൽ നിറച്ചിരുന്നതു്. കലാലയത്തിന്റെ കവാടം കടന്നു് രണ്ടുപേർ ബദ്ധപ്പെട്ടു് ലോറിയുടെ പക്കലെത്തി—ഒരു സ്ത്രീയും ഒരു പുരുഷനും. സ്ത്രീ ഒരു പഴയ ഗൗണാണു് ധരിച്ചിരുന്നതു്; തൊപ്പിയുണ്ടായിരുന്നില്ല; പൊടിപുരണ്ട തലമുടി പാറിപ്പറന്നങ്ങനെ കിടന്നിരുന്നു. അവർ ചെന്നപാടേ വണ്ടിയിൽനിന്നു് ഒരു ചാക്കു വലിച്ചു താഴത്തിട്ടു് കെട്ടഴിച്ചു്, ചെങ്കല്ലിന്റെ പൊടിപോലുള്ള എന്തോ ഒരു സംഗതി രണ്ടുകയ്യും നിറയെ വാരിയെടുത്തു. അതാണു് പിച്ച്ബ്ലെൻഡിന്റെ കീടൻ—ശരി, അതേറെറടുക്കാൻ അത്ര അത്യാർത്തിയോടെ പാഞ്ഞെത്തിയ സ്ത്രീയും പുരുഷനും ആരായിരുന്നുവെന്നു് ഇനി പറയേണ്ടതില്ലല്ലോ. ആസ്ത്രിയാഗവമ്മേണ്ടു് വാഹനച്ചിലവുമാത്രം ചുമത്തി സൌജന്യമായി അയച്ചുകൊടുത്ത ആ കീടൻ ഏതാണ്ടൊരു ടൺ ഉണ്ടായിരുന്നു. ചുരുങ്ങിയ വിലയ്ക്കു് ആ പദാർത്ഥം എത്രവേണമെങ്കിലും മേലാൽ അയച്ചുകൊണ്ടിരിക്കാമെന്നു് ആ ഗവമ്മേണ്ടിന്റെ മറുപടിയും വന്നുചേർന്നു. കിട്ടിയ കീടനത്രയും എന്തോ ഒരമൂല്യനിക്ഷേപമെന്നോണം മാഡംക്യൂറിയും ഭർത്താവുംകൂടി തങ്ങളുടെ ഗവേഷണശാലയിൽ സൂക്ഷിച്ചുവെച്ചു.

പരീക്ഷണത്തിനുള്ള പദാർത്ഥം കിട്ടിക്കഴിഞ്ഞപ്പോൾ നമ്മുടെ ഗവേഷകർ പൂർവ്വാധികം ഉത്സാഹത്തോടെ ജോലി തുടർന്നു. റേഡിയവും, പൊളോണിയവും വേറേറ തിരിച്ചെടുക്കുവാനായിരുന്നു അവരുടെ പിന്നത്തെ ശ്രമം. ഇതു വളരെ ക്ലേശാവഹമായ ഒരു ജോലിയായിരുന്നു. പിച്ച് ബ്ലെൻഡിന്റെ കീടൻ ഉരുക്കുകയും തിളപ്പിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന പുകയും മലിനവായുക്കളും പുറത്തേയ്ക്കു പോകുവാൻ ഒരു ചിമ്മിനിപോലും അവരുപയോഗിച്ചിരുന്ന ഷെഡ്ഡിൽ ഉണ്ടായിരുന്നില്ല. അതിനാൽ മേല്പറഞ്ഞ ജോലി വെളിയിൽവെച്ചാണു് അവർ മിക്കവാറും നടത്തിയിരുന്നതു്. മഴവരുമ്പോൾ അടുപ്പും പാത്രങ്ങളും കെട്ടിപ്പെറുക്കിയെടുത്തു ഷെഡ്ഡിലേയ്ക്കോടുന്ന മാഡംകൂറിയോടും ഭർത്താവിനോടും കാണികൾക്കു് സഹതാപത്തേക്കാൾ പരിഹാസമാണു് തോന്നിയിരിക്കുക!

റേഡിയത്തിന്റെ പിറകേ

ഒരു കൊല്ലത്തോളം ഈ പരീക്ഷണം തുടർച്ചയായി നടന്നിട്ടും പൊളോണിയമോ, റേഡിയമോ ശുദ്ധമായ തനിരൂപത്തിൽ തിരിച്ചെടുക്കുവാൻ സാധിച്ചില്ല സംയുക്തരൂപമാത്രമായ ലവണങ്ങളായിട്ടേ അവ കിട്ടിയുള്ളൂ. ഇപ്പറഞ്ഞ രണ്ടു ലവണങ്ങളിൽ റേഡിയം ഉൾക്കൊള്ളുന്ന വിഭാഗത്തിലാണു് നമ്മുടെ ഗവേഷകർ ശ്രദ്ധ കേന്ദ്രീകരിച്ചതു്. ഇതു സംബന്ധിച്ചുള്ള ഗവേഷണംതന്നെ രണ്ടായിപ്പകു

ത്തു് ഭാര്യയും ഭർത്താവും ഓരോ ചുമതല പ്രത്യേകം പ്രത്യേകം ഏറെറടുത്തു. തനി റേഡിയം തിരിച്ചെടുത്തു് അതിന്റെ ആറ്റമികഘനം നിർണ്ണയിക്കുവാനുള്ള ഭാരമാണു് മാഡംക്യൂറി കയ്യേറ്റതു്; റേഡിയത്തിന്റെ വികിരണപ്രവർത്തനത്തേക്കുറിച്ചുള്ള ഉപരിപരീക്ഷണങ്ങളും പിയർക്യൂറിയും. ഗവേഷണത്തിൽ അധ്വാനമേറിയ ഭാഗം അബലയായ സ്ത്രീയാണു് ഏറെറടുത്തതെന്നു സ്പഷ്ടം. ഒരു കൂലിവേലക്കാരൻ സാധാരണ ചെയ്യാറുള്ളതിൽ കൂടുതൽ അധ്വാനം മാഡംക്യൂറി ദിവസേന ചെയ്യുണ്ടതായിവന്നു. നീണ്ടൊരുടുപ്പും ധരിച്ചു് പൊടിയും പുകയും വകവയ്ക്കാതെ, ലവണങ്ങളുടെ അപഗ്രഥന ജോലി നിരന്തരം നടത്തിക്കൊണ്ടിരുന്ന ആ ശാസ്ത്രജ്ഞയുടെ പരിശ്രമസ്ഥൈര്യം അത്ഭുതകരമെന്നേ പറയേണ്ടു. പിച്ച്ബ്ലെണ്ടിന്റെ കീടൻ ആസ്പീയായിൽനിന്നു് ടൺകണക്കിനു് പിന്നെയും വന്നുകൊണ്ടിരുന്നു. അതെല്ലാം ഉരുക്കിത്തെളിച്ചു് മാഡംക്യൂറി ഗവേഷണം തുടർന്നു. എത്ര പണിപ്പെട്ടിട്ടും റേഡിയം തിരിച്ചെടുക്കുവാൻ സാധിച്ചില്ല. പരമാണുപ്രായത്തിൽ മറെറാ പദാർത്ഥങ്ങളോടു് അത്ര സൂക്ഷ്മമായി ഒട്ടിച്ചേർന്നിരിക്കുന്നതിനെ ഒളിച്ചുകളി നടത്തുകയായിരുന്നു ആ കള്ളൻ! അടുക്കുന്തോറും അകന്നകന്നുപോകുന്ന ഒരു നിഴലിനെ അനുധാവനം ചെയ്തുകൊണ്ടു് അനന്തമായി ഈവിധം അധ്വാനിക്കുവാൻ ആർക്കാണു് കഴിയുക?

ഗവേഷണം പുരോഗമിച്ചുകൊണ്ടിരുന്നതിനി

ടയ്ക്ക് ഒന്നരണ്ടു സംഗതികൾ വിശേഷാൽ വെളിപ്പെട്ടു. പിച്ച്ബ്ലെണ്ടിൽനിന്നു കിട്ടുന്ന റേഡിയത്തിന്റെ പരിമാണം വിചാരിച്ചിരുന്നതിനേക്കാൾ തുലോം പരിമിതമാണെന്നും, എന്നാൽ അതിന്റെ വികിരണവീര്യം പ്രതീക്ഷിച്ചിരുന്നതിനേക്കാളെല്ലാം വളരെ വളരെക്കൂടുതലാണെന്നും നമ്മുടെ ഗവേഷകർക്കു ബോദ്ധ്യമായി. കൂടാതെ റേഡിയത്തിന്റെ സമീപത്തിരിക്കുന്ന ഏതൊരു വസ്തുവിലേയ്ക്കും അതിന്റെ വികിരണശക്തി പകരുമെന്നും അവർ പഠിച്ചു. റേഡിയത്തോടടുത്തു പെരുമാറുന്ന മനുഷ്യരും ഈ വികിരണപ്രവർത്തനത്തിനു വിധേയരാകുമെന്നുവന്നതിനാൽ, മാഡംകൂറിക്കും മറ്റും ചില ശല്യങ്ങളും ഉണ്ടാകാതേയുമിരുന്നില്ല. സമീപസ്ഥിതമായ വസ്തുവിലേയ്ക്കു സംക്രമിക്കുന്ന ഈ ശക്തിവിശേഷത്തിനു 'പ്രേരിതവികിരണപ്രവർത്തനം' (induced radioactivity) എന്നാണു കൂറിമാർ പേരിട്ടതു്. റേഡിയത്തിനുണ്ടെന്നു കണ്ടുപിടിച്ച ഈ പുതിയ ഗുണത്തേക്കുറിച്ചു് ഒരു റിപ്പോർട്ടു് തയ്യാറാക്കി അവർ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി.

പിയറിന്റെ മനം മടുപ്പു്

കൊല്ലം മൂന്നുനാലായി, മാഡംകൂറിയും ഭർത്താവും ആ കിടനിൽ കിടന്നു കഴഞ്ഞുതുടങ്ങിയിട്ടു്. വികിരണശക്തിയെ പുരസ്കരിച്ചുള്ള ഗവേഷണത്തിൽ കൂറിമാരോടു സഹകരിക്കുവാൻ തുടങ്ങിയ ആൺഡ്രെ ഡെബീയെൺ (Andre Debierne) എന്ന ഒരു യുവശാസ്ത്രജ്ഞൻ 'ആക്ടിനീനിയം' (actinium)

എന്നൊരു പുതിയ വസ്തുകൂടി കണ്ടുപിടിച്ചു. എന്നാൽ സവ്വപ്രധാനമായ റേഡിയം അതിന്റെ തനിരൂപത്തിൽ ഇനിയും പിടികിട്ടിക്കഴിഞ്ഞിട്ടില്ല. മാഡം കൂറി അതിനകം എത്ര ടൺ പിച്ച്ബ്ലെൻഡ് കീടൻ ഉരുക്കിക്കഴിഞ്ഞുവെന്നതിന്റെ കണക്കു് അവക്കുമാത്രമേ അറിഞ്ഞുകൂടൂ. എത്ര മനഃസ്ഥൈര്യമുള്ള വക്കും മടുപ്പുതോന്നിക്കുന്ന ഒരു ജോലിയായിരുന്നു അതു്. വാസ്തവം പറഞ്ഞാൽ, പിയർകൂറിക്കു് ആ ഗവേഷണം തല്ക്കാലമൊന്നു നിത്തിവെച്ചാൽ കൊള്ളാമെന്നുപോലും മോഹമുണ്ടായി. തീരെ വിട്ടുകളയണമെന്നല്ലാ, കുറേക്കൂടി അനുകൂലമായ സാഹചര്യമുണ്ടായിട്ടു് ഗവേഷണം തുടരണമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. യുദ്ധം ചെയ്യുമ്പോൾ ഒരു താല്ക്കാലികസന്ധിയുണ്ടായാൽ കൊള്ളാമെന്നു്, സമരത്തിലേർപ്പെട്ടിരിക്കുന്നവർ ആഗ്രഹിക്കാറില്ലേ? അതുപോലെ പിച്ച്ബ്ലെൻഡ് കീടനുമായുള്ള ആ യുദ്ധത്തിനു് ഒരു താല്ക്കാലികസന്ധി അദ്ദേഹം നിർദ്ദേശിച്ചുനോക്കി. മാഡംകൂറിയുണ്ടോ, അതിനു വഴിപ്പെടുന്നു? റേഡിയം ഒരണുവെങ്കിലും വേർതിരിച്ചെടുക്കാതെ, യാതൊരുവക സന്ധിയുദ്ധം വിശ്രമത്തിനും ആ ധീരവനിത തയ്യാറില്ലായിരുന്നു. ഒരു ദിവസം മാഡംകൂറി ഭർത്താവിനോടു് പെട്ടെന്നു ചോദിക്കുകയാണു്: "ഞാൻ റേഡിയം വേർതിരിച്ചെടുത്തുകഴിയുമ്പോൾ, അതിന്റെ നിറം എന്തായിരിക്കണമെന്നാണു് നിങ്ങൾ

ആഗ്രഹിക്കുന്നതു്—ഭർത്താവിനെ ഉത്സാഹിപ്പിക്കാനാണെന്നുതോന്നുന്നു, ഈ ചോദ്യമെടുത്തിട്ടതു്. "കാണുവാൻ കൗതുകമുള്ള ഒരു നിറമായാൽകൊള്ളാമെന്നുണ്ടു്"—പിയർകൃറി മറുപടി പറഞ്ഞു.

ശാസ്ത്രീയപരീക്ഷണത്തിൽ കുറേക്കൂടി പ്രായോഗികപരിചയം നേടിയിരുന്ന പിയർകൃറിക്കുണ്ടായ നിരാശയെപ്പോലും നിർമ്മാജ്ജനം ചെയ്യത്തക്ക വീറോടുകൂടി മാഡംകൃറി ഗവേഷണം തുടർന്നു. അവർ വളരെ ബുദ്ധിമുട്ടിത്തെളിച്ചെടുത്ത റേഡിയം ലവണങ്ങളും സൂക്ഷിച്ചുവെയ്ക്കാൻ ഭദ്രമായ ഒരു സ്ഥലമില്ലാതിരുന്നതുകൊണ്ടു പല ബുദ്ധിമുട്ടുകളും നേരിട്ടു. വായുവിലുള്ള അഴുക്കുകളും ആ ലവണങ്ങളിൽ കലർന്നതുനിമിത്തം അവ വീണ്ടും വീണ്ടും ശുദ്ധിചെയ്യേണ്ടിവന്ന സന്ദർഭങ്ങളും കുറവായിരുന്നില്ല. പരീക്ഷണമദ്ധ്യേ നേരിട്ട ചില പുതിയ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ, രസതന്ത്രത്തിന്റെ ആഴങ്ങളിലേയ്ക്കു് അവർ മുഴുഞ്ഞിറങ്ങേണ്ടിവന്ന ഘട്ടങ്ങളും പലതുണ്ടായി. കണ്ടുമുട്ടിയ പ്രയാസങ്ങളെയെല്ലാം മേല്പ്പുമേൽ എതിരിട്ടു് മാഡംകൃറി ഒടുവിൽ, 1902-ൽ ഒരു ഡെസിഗ്രാം തനി റേഡിയം ക്ലോറൈഡ് തിരിച്ചെടുക്കുകയും, അതിന്റെ ആറ്റമിക്ഘനം 226.45 എന്നു് ആദ്യമായി നിർണ്ണയിക്കുകയും ചെയ്തു. ഒരു ഡെസിഗ്രാം എന്നു പറഞ്ഞാൽ, ഒരു ഗ്രാമിന്റെ പത്തിലൊരംശം എന്നർത്ഥം! കിട്ടിയ വ

വിജയഘട്ടം

സ്വവിന്റെ പരിമാണം എത്ര പരിമിതമായിരുന്നാലും, റേഡിയത്തിനുവേണ്ടിയുള്ള യുദ്ധം ജയിച്ചു് ശാസ്ത്രലോകത്തിൽ വെന്നിക്കൊടി നാട്ടുവാൻപോരുന്നതായിരുന്ന ആ നേട്ടം റേഡിയംഗവേഷണം ഒരു സ്ത്രീയുടെ വെറും സ്വപ്നമല്ലെന്നമോ കമ്പമോ ആണെന്നു് പുച്ഛിച്ചിരുന്ന ശാസ്ത്രജ്ഞന്മാരെയും, കൂറിമാരുടെ മുമ്പിൽ തലകുനിക്കേണ്ടിവന്ന ഘട്ടമായിരുന്ന അതു്. നിഷ്ഫലവും നിസ്സാരവുമായ സദുദ്യമങ്ങളും പ്രതിബന്ധങ്ങളേയും പ്രയാസങ്ങളേയും തരണംചെയ്തു് ഒടുവിൽ വിജയമകുടം ചൂടുമെന്നുള്ളതിനു് ഇതിൽപരം തെളിവെന്തുവേണം? മാഡംകൂറിതന്നെ ഒരിക്കൽ പറഞ്ഞിട്ടുള്ള വാക്കുകളും ഇവിടെ ഉദ്ധരിക്കാം. "ജീവിതസമരം ആർക്കും അത്ര സുകരമല്ല. അതിനെന്തു്? നമുക്കു് സ്ഥിരോത്സാഹവും ആത്മവിശ്വാസവും ഉണ്ടായിരിക്കണം. എന്തെങ്കിലും ഒരു പ്രത്യേകകാര്യം ചെയ്യുന്നതിനു് നാം പ്രാപ്തരാണെന്നു് സ്വയം ഉറയ്ക്കണം. എന്തുവന്നാലും അക്കാര്യം സാധിക്കുകയും വേണം."

X

ത്യാഗപരമ്പര

ഒന്നുപറയുവാൻ വിട്ടുപോയി,—1900-ാമാണ്ടു് മുതൽക്കു് 'ബൌലിവാർഡു്' കെല്ലർമേൻ'എന്ന സ്ഥലത്തുള്ള ഒരു ചെറു ഭവനത്തിലായിരുന്നു, കൃഗറിക്കുടുംബത്തിന്റെ താമസം. സന്ദർശകരേക്കൊണ്ടു വലിയശല്യമൊന്നും ഉണ്ടാകുവാൻ വഴിയില്ലാത്ത ഒരൊതുങ്ങിയ ഭവനമായിരുന്നു അതു്.

റേഡിയത്തിന്റെ തനിനിറം

ഒരു ദിവസം രാത്രി പിയർകൃറി ആ വസതിയിൽ മന്ദമന്ദം ചാത്തിക്കൊണ്ടിരിക്കയായിരുന്നു. മാഡംകൃറി അടുത്തിരുന്നു് ഫൈറിൻകഞ്ഞിന്റെ ഒരുടുപ്പു നന്നാക്കുകയാണു്. പെട്ടെന്നു് തയ്യൽ നിത്തിയിട്ടു് അവൾ പറഞ്ഞു: "നമുക്കു് അവിടംവരെ ഒന്നുപോയാലെന്താണു്?"—റേഡിയംധാതുദ്രവ്യങ്ങൾ സൂക്ഷിച്ചിരുന്ന ലാബ്രട്ടറിയെ ഉദ്ദേശിച്ചായിരുന്നു ഈ നിർദ്ദേശം. പിയർകൃറി തടസ്ഥമൊന്നും പറയാതെ ഭാര്യയെ അനുഗമിച്ചു. അവിടെ ചെന്നപ്പോൾ, മാഡംകൃറി താക്കോലെടുത്തു് ഷെഡ്ഡിന്റെ വാതിൽ തുറന്നു. രണ്ടുപേരും പെട്ടെന്നൊന്നു ഞെട്ടിപ്പോയി. ആ മുറിയിലാസകലം അസാമാന്യമായൊരു പ്രഭാപൂരത്തിന്റെ വെട്ടിത്തിളക്കം! റേഡിയംലവണങ്ങൾ പകർന്നുവെച്ചിരുന്ന സ്ഫടികപ്പാത്രങ്ങളും മറ്റും

മിന്നിത്തിളങ്ങുന്നു! "നോക്കൂ, റേഡിയത്തിന്റെ നിറം ബോദ്ധ്യമായോ?"—അതു് കാണ്മാൻ കൗതുകമുള്ള ഒന്നായാൽ കൊള്ളാമെന്നാഗ്രഹിച്ചിരുന്ന പിയറിനോടു് മാഡംക്യൂറി ചോദിച്ചു. കണ്ണഞ്ചിക്കുന്ന പ്രഭാപൂർണ്ണമായ ആ വർണ്ണവിശേഷം കണ്ടു് അവർ സ്തംഭിച്ചു നിന്നുപോയി!

റേഡിയത്തിന്റെ നിറം കണ്ടാനന്ദിക്കാറായെങ്കിലും, അതിനകം ക്യൂറിക്കുടുംബം പുറത്താരുമറിയാത്ത പല യാതനകളും സഹിച്ചു പോരുകയായിരുന്നുവെന്നു് നാം മനസ്സിലാക്കണം. എന്തെങ്കിലും സാങ്കേതികജ്ഞാനമുള്ള ഒരു ഫാക്ടറിത്തൊഴിലാളിക്കു കിട്ടുന്നതിലും കുറഞ്ഞ ശമ്പളമാണു്, ഒരു കലാശാലയിൽ കഠിനയത്നം ചെയ്തിരുന്ന മഹാശാസ്ത്രജ്ഞനായ പിയർക്യൂറിക്കു് അദ്ദേഹത്തിന്റെ അധികാരികൾ വിധിച്ചിരുന്നതു്! വീട്ടിലെ നിത്യച്ചിലവിനുതന്നെ മതിയാകാത്ത ആ വരുമാനത്തിൽനിന്നു് മിച്ചം വരുത്തി, വലിയ പണച്ചിലവുള്ള ഒരു ഗവേഷണംകൂടി നടത്തിയിരുന്ന ആ കുടുംബം നിസ്സഹായതയുടെ നെല്ലിപ്പടി കണ്ടതുടങ്ങിയതിൽ അത്ഭുതപ്പെടുവാനില്ല. അതിനാൽ വരുമാനം വല്ലോണമൊന്നു് വർദ്ധിപ്പിക്കേണ്ടതു്, അന്നു് ആ കുടുംബത്തെ സംബന്ധിച്ചേടത്തോളം, ഒഴിച്ചുകൂടാത്ത ഒരാവശ്യമായിരുന്നു. സോർബോൺ സർവ്വകലാശാലയോടനുബന്ധിച്ചുള്ള ഒരു വിദ്യാലയ

ക്ലേശത്തിന്റെ നെല്ലിപ്പടി

ത്തിൽ കുറച്ചുകൂടി ഭേദപ്പെട്ടൊരു ശമ്പളം കിട്ടുമെന്നായപ്പോൾ, പിയർകൃറി ആ വഴിക്കൊന്നു ചാഞ്ഞുനോക്കി. മറെറാരു വിദ്യാലയത്തിൽ മാഡംകൃറിയും ഒരു ജോലി സ്വീകരിക്കാമെന്നായി. ലോകോപകാരാർത്ഥം ജോലിചെയ്യുന്ന ത്യാഗികളെ അറിയുകയും ആദരിക്കുകയും ചെയ്യുക പതിവില്ലാത്ത ലോകത്തിൽ കഴിച്ചുകൂട്ടുവാൻ, ഇത്തരം അഴലുകൾ ഒഴിച്ചുകൂടാത്തതാണല്ലോ. ജീവനക്കൂലിയുടേയും കുടുംബവേതനത്തിന്റേയും (Living wage and Family wage) സൽപ്രമാണങ്ങളെ ലംഘനംകൊണ്ടുമാത്രം ആദരിക്കുന്ന ക്രൂരമായ ഒരു സാമൂഹികക്രമത്തിൽപ്പെട്ടുകഴുങ്ങുന്ന വ്യക്തികൾ, എന്തെന്തു വ്യഗ്രതസഹിച്ചാലാണ് ജീവസന്ധാരണം സാധിക്കുക! ലോകത്തിൽ റേഡിയത്തിന്റെ വെളിച്ചം വീശിത്തുടങ്ങിയ കൃറിമാരും അങ്ങനെ അരിഷ്ടിക്കുകയായിരുന്നുവെന്നു് ഇതുമുതൽ പറഞ്ഞതുകൊണ്ടു് വ്യക്തമായല്ലോ. ലോകത്തിന്റെ അനീതിയും അനാദരവുമാകുന്ന അന്ധകാരത്തെ സഹിച്ചുകൊണ്ടു്, അവർ ലോകത്തിനു് വെളിച്ചം നല്കുവാൻ ശ്രമിക്കുകയായിരുന്നു. ക്ലേശങ്ങളുടെ നടുവിൽ നിന്നുകൊണ്ടുള്ള സേവനത്തിനു് പുണ്യംകൂടുമെന്നു്, സുഖഭോഗങ്ങളുടെ പൂമെത്തയിൽ കിടന്നുകൊണ്ടു് വേദാന്തമോതുന്നവരെ ശ്രവിക്കുവാൻ കൃറിമാക്കു് നേരമുണ്ടായിരുന്നുമില്ല!

സ്വന്തം ജീവിതക്ലേശങ്ങൾ എങ്ങനെയിരുന്നാ

ലും, ആ ഗവേഷകരുടെ ശാസ്ത്രീയകണ്ടുപിടിത്തങ്ങളും അവർ ആവിഷ്കരിച്ച തത്ത്വങ്ങളും ശാസ്ത്രലോകത്തിന്റെ അവഗാഢമായ ശ്രദ്ധയെ അഹിച്ചുതുടങ്ങിയതിൽ അവക്കു വലിയ ചാരിതാർത്ഥ്യമുണ്ടായി. ഫ്രാൻസിൽ മാത്രമല്ലാ ഇംഗ്ലണ്ടിലും അമേരിക്കയിലുമൊക്കെ റേഡിയത്തിന്റെ ഗവേഷണവൃത്തമാനം പരന്നു. ഇംഗ്ലീഷ് ശാസ്ത്രജ്ഞരായ റാംസേയും, സോഡിയും (Ramsay and Soddy) നടത്തിയ ഉപരിഗവേഷണംകൊണ്ട് 'ഹീലിയം' (helium) എന്നൊരുതരം വാതകം റേഡിയത്തിൽനിന്നു നിർഗ്ഗമിക്കുന്നതായി തെളിഞ്ഞു. ആ വസ്തുവിന്റെ രൂപാന്തരീകരണത്തെ സമർത്ഥിക്കുന്ന ഒന്നാമത്തെ ദൃഷ്ടാന്തമായിരുന്നു അതു്. കുറെക്കഴിഞ്ഞു്, റൂതർഫോർഡ്, (Rutherford) സോഡി എന്നീ ശാസ്ത്രജ്ഞന്മാർ "വികിരണരൂപാന്തരീകരണസിദ്ധാന്തം" (Theory of Radioactive Transformation) എന്ന ഒരു പ്രസിദ്ധീകരണം പുറത്തുകൊണ്ടുവന്നു. 1900—ാമാണ്ടിടയ്ക്കുതന്നെ മാഡംകൂറി ഉന്നയിച്ചിരുന്ന ഒരഭിപ്രായത്തെ സ്ഥിരീകരിക്കുന്നതായിരുന്നു ആ പ്രസിദ്ധീകരണം. റേഡിയംധാതുക്കൾ നിരന്തരപരിണാമത്തിന്നധീനമാണെന്നുള്ള മേൽപറഞ്ഞ ആവിഷ്കരണം, ആറ്റം അഭേദ്യവും അവിഭാജ്യവുമാണെന്നു് അന്നോളമുണ്ടായിരുന്ന ശാസ്ത്രസിദ്ധാന്തത്തെ പാടേ തകർക്കുവാൻ പോരുന്നതായിരുന്നു.

സയൻസിന്റെ മൗലികതത്ത്വങ്ങൾ പലതും പൊളിച്ചെഴുതേണ്ട ഘട്ടമായി.

കൃഷിമാർ പുറത്തുകൊണ്ടുവന്ന റേഡിയത്തിന്റെ വീര്യം വിചാരിച്ചിരുന്നതിനേക്കാൾ അനേകലക്ഷം മടങ്ങ് കൂടുതലാണെന്നും അതി കാൻസറിനു നകം തെളിഞ്ഞു. ഇന്നത്തെ ആറാം പ്രതിവിധി ബോംബിന്റേതു പോലെ ഹിംസാത്മകമായ പ്രയോഗമൊന്നും കൃഷിമാർ തങ്ങളുടെ കണ്ടുപിടിത്തംകൊണ്ടുദ്ദേശിച്ചിരുന്നില്ലെന്നു് സമ്മതിക്കണം; നേരേമറിച്ചു്, തങ്ങളുടെ കണ്ടുപിടിത്തം മനുഷ്യരാശിക്കാകമാനം രക്ഷാകരമാകുമെന്നു കരുതി കൃതാർത്ഥരാകാനുള്ള ഭാഗ്യമാണു് അവർക്കുണ്ടായതു്. വോംക്കോഫ്, ഗിസേൽ എന്നീ ജർമ്മൻശാസ്ത്രജ്ഞന്മാരാണു് (Walkhoff and Giesel) റേഡിയത്തിനുള്ള ഔഷധപരമായ പ്രയോജനം ആദ്യമായി ചൂണ്ടിക്കാണിച്ചതു്. പിയർ കൃറി ഉടനേതന്നെ പരീക്ഷണം നടത്തിനോക്കിയതിൽ, ആ അഭിപ്രായം ശരിയാണെന്നു് ബോദ്ധ്യമായി. ആദ്യം സ്വന്തംശരീരത്തിലും, പിന്നീടു് ചില ജന്തുക്കളിലും പിയർ നടത്തിയ പരീക്ഷണംകൊണ്ടു് രോഗാണുക്കളെ നശിപ്പിക്കുവാനും, കേടുവന്ന മാംസപേശികളെ നന്നാക്കുവാനും, വ്രണങ്ങളെ ഉണക്കുവാനും റേഡിയത്തിനു് ശക്തിയുണ്ടെന്നു് തെളിഞ്ഞു. ചുരുക്കിപ്പറയാം: കാൻസർ എന്നു പറയപ്പെടുന്ന മഹാരോഗത്തിനുപോലും റേഡിയം കൈ

കണ്ട ഒരു പ്രതിവിധിയാണെന്നു വെളിപ്പെട്ടു. കൂ
റിമാരുടെ പേരിനെത്തന്നെ സംവഹിക്കുന്ന 'കൂറി
തെറാഫി' (Curietheraphy) എന്ന ചികിത്സാപദ്ധ
തി ക്ഷണത്തിൽ നടപ്പാവുകയും ചെയ്തു. ഈ പു
തിയ ചികിത്സ നടത്തുന്നതിനു് ഫ്രാൻസിലെ ഡോ
ക്ടർമാർക്കു വേണ്ടിവന്ന ഉപകരണസാഹായ്യം കൂറി
മാർതന്നെ നല്കിപ്പോന്നിരുന്നുവെന്നുള്ളതും ഇവി
ടെ പ്രസ്താവ്യമാകുന്നു.

അർബ്ബുദമഹാരോഗത്തിനുള്ള ഒരു ഔഷധമെ
ന്നുകൂടിവന്നപ്പോൾ, റേഡിയത്തിന്റെ പ്രയോജ
നം വിശ്വവിശ്രുതമായിത്തീർന്നു—അ
പ്രകാരംതന്നെ, കൂറിമാരുടെപേരും!
മുറയ്ക്കൊരു റേഡിയംവ്യവസായം തു
ടങ്ങേണ്ട ദിക്കായി. കൂറിമാരുടെ അ
റിവും ഉപദേശവുംകൂടാതെ, അതു് തു
ടങ്ങാൻ ആരും ധൈര്യപ്പെട്ടുമായിരുന്നില്ല. സ്വ
ന്തം കൈകൊണ്ടു് ഉലോം പരിമിതമായ തോതിൽ
ആദ്യത്തെ റേഡിയം ഉല്പാദിപ്പിച്ച കൂറിമാർ, വേ
ണ്ടിവന്നാൽ വമ്പിച്ചതോതിൽ റേഡിയം തയ്യാറാ
ക്കാനുള്ള ഉപായങ്ങളും അതിനകം കണ്ടെത്തിക്ക
ഴിഞ്ഞിരുന്നു. ഒരു ഗ്രാം റേഡിയത്തിനു് അന്നു്
750,000—സ്വർണ്ണഫ്രാങ്കാണു് വിലമതിച്ചിരുന്ന
തെന്നു പറഞ്ഞാൽ, ആ വ്യവസായത്തിന്റെ
പ്രാധാന്യം നമുക്കു് ഏതാണ്ടു മനസ്സിലാക്കാം. മാ
ഡംകൂറി 1903-ൽ റേഡിയം ഗവേഷണം സംബ

റേഡിയത്തിന്റെ ഉടമസ്ഥത

ഡിച്ചുള്ള 'തീസിസ്' സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും, Researches in Radioactive Substances എന്ന പേരിലുള്ള ആ പ്രബന്ധംമൂലം ഡോക്ടർ ബിരുദം നേടുകയും ചെയ്തു. എല്ലാംകൊണ്ടും റേഡിയത്തിന്റെ ഉടമസ്ഥതതന്നെ കൂറിക്കുടുംബത്തിനുറച്ചുവെന്നു് പറയാൻതക്ക ഒരു നിലയിൽ കാര്യങ്ങളെത്തിക്കഴിഞ്ഞു.

അവരുടെ ത്യാഗം

ഒരു ഞായറാഴ്ച രാവിലെ പിയർ കൂറി ഭാര്യയോടു് പറയുകയായിരുന്നു: "നമുക്കു് നമ്മുടെ റേഡിയത്തെക്കുറിച്ചു് സ്വല്പം സംസാരിക്കാനുണ്ടു്. അതു് വിപുലമായ തോതിലുള്ള ഒരു വ്യവസായമായിത്തീരാൻ പോകയാണെന്നു് ഇതിനകം തീർച്ചപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അപായകരങ്ങളായ വ്രണങ്ങൾക്കു് റേഡിയം ഒരു സിദ്ധൗഷധമാണെന്നു് അടുത്തുണ്ടായ രോഗശമനങ്ങൾ തെളിയിച്ചിട്ടുണ്ടു്. ഏതാനും കൊല്ലത്തിനകം ലോകം മുഴുവനും റേഡിയം ആവശ്യപ്പെട്ടുതുടങ്ങും. ഇപ്പോൾത്തന്നെ അമേരിക്കയിൽനിന്നു് ഒരെഴുത്തുവന്നിരിക്കുന്നു—റേഡിയം ഉണ്ടാക്കേണ്ട വിവരം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു്".

"അതിനെന്താണു്?"—മാഡംകൂറി അലക്ഷ്യഭാവത്തിൽ ചോദിച്ചു.

"അതിനെന്തെന്നു് ചോദിച്ചാൽ, രണ്ടു കാര്യമേ പറയാനുള്ളൂ. ഒന്നുകിൽ, നമ്മുടെ ഗവേഷണ

ത്തിന്റെ ഫലങ്ങൾ—റേഡിയം തെളിച്ചെടുക്കുന്ന തുപ്പെടേയുള്ള സകലവിവരങ്ങളും—കലവറയൊന്നുംവയ്ക്കാതെ പുറത്തു തുറന്നു പറയണം".

"അതേ, അങ്ങനെയാണല്ലോ വേണ്ടതു"—മാഡംക്യൂറി ഇടയ്ക്കു കയറിപ്പറഞ്ഞു.

"അല്ലെങ്കിൽ"—പിയർക്യൂറി തന്റെ ആശയം മുഴുവനാക്കാൻ ശ്രമിച്ചു: "നാംതന്നെ റേഡിയത്തിന്റെ ഉടമസ്ഥരും നിർമ്മാതാക്കളുമായിത്തീരണം. അതാണു് വേണ്ടതെങ്കിൽ, പിച്ചു് ബ്ലെൻഡിൽനിന്നു് നാം റേഡിയം തിരിച്ചെടുത്തരീതി പരസ്യപ്പെടുത്തുംമുമ്പു് ഈ കണ്ടുപിടിത്തത്തിന്റെപേയിറന്റ്'' നമ്മുടെ പേരിൽ രേഖപ്പെടുത്തി, റേഡിയം നിർമ്മാണത്തിൽ നമുക്കുള്ള അവകാശം മുറപ്രകാരം ഉറപ്പിച്ചുവയ്ക്കണം."

മാഡംക്യൂറി തെല്ലുനേരം ചിന്താമഗ്നയായിരുന്ന ശേഷം പറഞ്ഞു: "അതു് ഒരിക്കലും പാടില്ല. ശാസ്ത്രീയമനോഭാവത്തിനുതന്നെ വിരുദ്ധമായിരിക്കും ആ പ്രവൃത്തി."

പിയർക്യൂറിയുടെ മുഖത്തു ഭാവഭേദമൊന്നും കണ്ടില്ല. പറയേണ്ടതായി തോന്നിയ ഒരു കാര്യം പറഞ്ഞു് മനഃസാക്ഷിയുടെ ഭാരം ഒഴിക്കുന്ന ഭാവമാണു് അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടതു്. പിയർ തുടർന്നു:

"എന്റേയും അഭിപ്രായം അതുതന്നെയാണു്.... എന്നാൽ വേണ്ടവിധം ആലോചിക്കാതെ പെട്ടെ

ന്നു് ഇങ്ങനെയൊരു തീരുമാനംചെയ്യുവെന്നു വരുത്തുവാൻ എനിക്കിഷ്ടമില്ല. നമ്മുടെ ജീവിതം പ്രയാസങ്ങം നിറഞ്ഞതാണു്—അതു് എന്നും ക്ലേശകരമായിത്തന്നെയിരിക്കുന്ന ലക്ഷണമാണു് കാണുന്നതും. നമുക്കു് ഒരു മകളുണ്ടു്, ഇനിയും മക്കളുണ്ടാവാം. അവക്കും നമുക്കും ഈ അവകാശംമൂലം വളരെ പണം, അപാരമായൊരു സമ്പത്തു്, ലഭിക്കുവാനിടയുണ്ടു്. അതു് ഭാവിയിലെങ്കിലും നമ്മുടെ സുഖത്തെ ഭദ്രമാക്കുകയും, അഭ്യുദയത്തെ ലഘൂകരിക്കുകയും ചെയ്യും".

ഇതുയും പറഞ്ഞതോടെ, തന്റെ കടമ നിറവേറ്റിക്കഴിഞ്ഞുവെന്നു് പിയർ തികച്ചും കൃതാർത്ഥനായി. അദ്ദേഹം ഉള്ളിൽക്കൊണ്ടുപറഞ്ഞ ഒടുവിലത്തെ വാക്കുകൾക്കു് വലിയ ശക്തിയുണ്ടായിരുന്നു. പാവപ്പെട്ട ആ ചെറുഭവനത്തിന്റെ ഭിത്തികൾ പ്രതിധ്വനിയെന്ന ഭാവേന ആ വാക്കുകളുടെ യാഥാർത്ഥ്യത്തെ ഏറ്റുപറഞ്ഞു! കൂറിക്കുടുംബത്തെ തുറിച്ചുനോക്കിക്കൊണ്ടുനില്ക്കുന്ന പരുഷതം ഉരിതങ്ങൾ ആ അഭിപ്രായത്തെ പിന്താങ്ങുവാൻ കരുമയത്തി! "നമുക്കു് ഒരു മകളുണ്ടു്, ഇനിയും മക്കളുണ്ടാവാം" —ഒരമ്മയുടെ ഉള്ളു പൊള്ളിക്കുവാൻ പോരുന്ന ആ വാക്കുകൾ പിന്നെയുംപിന്നെയും മാറ്റൊലിമുഴക്കിക്കൊണ്ടു് അവിടെ തങ്ങിനിന്നു!

കടലിയായിട്ടു്, പിയർകൂറി ഒന്നുകൂടിപ്പറഞ്ഞു നമുക്കു് നല്ലൊരു ഗവേഷണശാലയുണ്ടാക്കുവാനും

ആ ചണം ഉപകരിക്കും”—ഒരു റേഡിയം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നതു് അദ്ദേഹത്തിന്റെ ആയുഷ്കാലത്തിലെ ഏറ്റവും വലിയ ആശാവിഷയമായിരുന്നു.

അവിടെ ഗംഭീരമായ ഒരു നിശ്ശബ്ദത വ്യാപിച്ചു. മാഡംക്യൂറിയുടെ വിശാലമായ നെറ്റിത്തടത്തിൽ ഒന്നുരണ്ടു് പുതിയ ചുളികൾ വീണു. അവർ ചിന്തയിലാണ്ടു. ഒടുവിൽ ആ മഹതി പറഞ്ഞു: “ശാസ്ത്രജ്ഞന്മാർ തങ്ങളുടെ ഗവേഷണഫലങ്ങൾ പൂർണ്ണമായി പ്രസിദ്ധപ്പെടുത്തുകയാണു് വേണ്ടതു്. നമ്മുടെ കണ്ടുപിടിത്തത്തിനു് ഒരു വ്യവസായവശമുണ്ടെങ്കിൽ, അതു് കേവലം യാദൃച്ഛികമായി വന്നുകൂടിയതാണു്. നാം അതിനെ നമ്മുടെ ആദായത്തിന്നായുപയോഗപ്പെടുത്തുന്നതു് ശരിയല്ല. റേഡിയം രോഗശമനത്തിന്നായി പ്രയോഗിക്കപ്പെടുവാൻ പോകുന്നു. അതിനെ ഒരു കച്ചവടച്ചരക്കാക്കുകയെന്നതു് എനിക്കു് ചിന്തിക്കുവാൻപോലും സാദ്ധ്യമല്ല.”

മാഡംക്യൂറിയുടെ ഈ വാക്കുകൾക്കു് ആ മഹതി കണ്ടുപിടിച്ച റേഡിയത്തേക്കാളും പതിന്മടങ്ങു വില കല്പിക്കേണ്ടിയിരിക്കുന്നു. അന്യരുടെ അദ്ധ്വാനഫലവും അവകാശവും അന്യായമായി തട്ടിയെടുക്കുവാൻപോലും വെമ്പുന്ന സ്വാർത്ഥമതികൾക്കു് ഇതൊരു പാഠമായെങ്കിൽ!

ഭർത്താവിനേക്കൊണ്ടു് തന്റെ അഭിപ്രായം സമ്മതിപ്പിക്കുവാൻ മാഡംക്യൂറി അത്രയൊന്നും ക്ലേശിക്കാൻ പോയില്ല. കുടുംബനായകന്റെ നിലയിൽ അദ്ദേഹം തന്റെ ഒരു കടമ നിറവേറുകയായിരുന്നുവെന്നും, എന്നാൽ ഒരു ശാസ്ത്രജ്ഞന്റെ നിലയിൽ അദ്ദേഹവും തന്റെ അഭിപ്രായത്തെ ആദരിക്കുമെന്നും അവർക്കറിയാമായിരുന്നു.

"ശരി, നമ്മുടെ കണ്ടുപിടിത്തത്തിന്റെ അവകാശം നാം കയ്യടക്കിവയ്ക്കുന്നതു് ശാസ്ത്രീയമനോഭാവത്തിനു് വിരുദ്ധമായിരിക്കും"—പിയർ ക്യൂറി തികഞ്ഞ ആത്മാർത്ഥതയോടുകൂടിത്തന്നെ ഭാര്യയുടെ അഭിപ്രായം ഏറ്റുപറഞ്ഞു. "ഞാൻ ഇന്നുരാത്രിതന്നെ, റേഡിയം ഉണ്ടാക്കേണ്ടവിധം വിവരിച്ചു് അമ്മേരിക്കൻ എഞ്ചിനീയർമാർക്കുള്ള മറുപടി തയ്യാറാക്കാം"—അദ്ദേഹം തുടർന്നു.

എന്തോ ഒരു നിസ്സാരകാര്യത്തെക്കുറിച്ചു് കത്തെഴുതാൻ പോകുന്നുവെന്ന ഭാവമേ അദ്ദേഹത്തിൽ കണ്ടുള്ളൂ. കാണിനേരംകൊണ്ടു് കൂപ്പേരപദമേറുവാൻ കഴിയുമായിരുന്ന ക്യൂറികുടുംബം, ആ സുവർണ്ണസന്ദർഭം കൈവെടിഞ്ഞു് ദാരിദ്ര്യത്തിന്റേയും അരിഷ്ടതയുടേയും കൊടുങ്കാറ്റടിക്കുന്ന വഴിച്ചാലിലേയ്ക്കുതന്നെ എന്നെയ്ക്കുമായി വീഴുവാൻ പോകയാണു്! അത്ര ഗൌരവമേറിയ ഒരു തീരുമാനം ചെയ്യുമ്പോഴും, അവരിൽ എന്തെങ്കിലും കുലുക്കമോ കുണ്ഠിതമോ കണ്ടില്ല. ശാസ്ത്രധർമ്മം പാലിച്ചു് ലോ

കോപകാരം സാധിക്കുവാനുള്ള നിഷ്ഠയിൽ അവർ പണവും സുഖവും തൃണതുല്യം തള്ളിക്കളഞ്ഞു! അതാണു് ത്യാഗത്തിന്റെ പാരമ്യം!

സമസ്തലോകത്തിന്റേയും ശ്ലാഘാപ്രണാമം അഹ്നിക്കുന്ന ഈ ത്യാഗകർമ്മത്തെ തെല്ലെങ്കിലും അഭിനന്ദിക്കുവാൻ ആളുകളുണ്ടായി.

അഭിനന്ദനങ്ങൾ

സ്പിറർ സർലണ്ടുകാരാണു് അഭിനന്ദനം ആദ്യമേ പ്രകാശിപ്പിച്ചതെങ്കിലും, സ്ഥാനമാനങ്ങൾകൊണ്ടു് കൂറിമാരെ ആദ്യമായി അഭിനന്ദിച്ചതു് ഇംഗ്ലീഷുകാരായിരുന്നു. ലണ്ടനിലെ 'റോയൽ സൊസൈറ്റി'ക്കാർ കൂറിമാർക്കു് 'ഡേവി മെഡൽ' (Davy Medal) എന്ന വിശ്രുതമുദ്ര നല്കുവാൻ നിശ്ചയിച്ചിരിക്കുന്നതായി 1903 നവമ്പർ മാസത്തിൽ എഴുതി അറിയിച്ചു. മാഡംകൂറി അന്നു് സുഖമില്ലാതെ കിടക്കുകയായിരുന്നു. അതിനാൽ പിയർകൂറി തനിച്ചാണു് ആ മുദ്ര സ്വീകരിക്കുവാൻ ഇംഗ്ലണ്ടിലേയ്ക്കു് പോയതു്. വളരെ വിലയുള്ള കനത്ത ഒരു കനക മെഡൽ!—കൂറിമാരുടെ പേരുകൾ അതിൽ കൊത്തിയിരുന്നു. ത്യാഗപൂർണ്ണമായ ഒരു സേവനത്തെ അറിയുവാനും അഭിനന്ദിക്കുവാനും ആളുണ്ടെന്നവരുന്നതു്, ചില ഘട്ടങ്ങളിൽ വലിയൊരാശ്വാസമാണു്. ആഗ്രഹിച്ചിട്ടല്ലെങ്കിലും, കൂറിമാർക്കു് ആദ്യമായി ലഭിച്ച ഈ അഭിനന്ദനം അവരുടെ മനസ്സിനു് ഒരുന്മേഷമരുളിയിരിക്കും; സംശയമില്ല. പരിശ്രമശാലികളായ വ്യക്തികളിൽ അമ്മാതിരി നവോന്മേഷം പകരു

കൊണ്ടിരിക്കേണ്ടതു് ദേശീയോല്ക്കൃഷ്ടത്തിനതുല്യവാ
ശ്യമായ ഒരു പൌരധർമ്മമായിത്തന്നെ കണക്കാക്ക
ണം. ആ ഒരു ശീലം നമ്മുടെ നാട്ടുകാക്കിനിയും വേ
ണ്ടിടത്തോളമുണ്ടായിക്കഴിഞ്ഞിട്ടില്ല. 'പരിച്ഛമൌ
നം' മൂലം പൊതുസേവനങ്ങളെ നിഷ്ഫലം ഹനിക്കുന്ന
ഒരു പ്രകൃതിയാണു് നമ്മുടെയിടയിൽ സാധാരണ
മായി കാണുന്നതു്. ഒരു നല്ല പ്രവൃത്തിയെ കൈവെ
ടിയില്ലാത്ത ഒരു നല്ലവാക്കുകൊണ്ടുപോലും അഭിന
ന്ദിക്കുന്ന പതിവു് നമുക്കോ, നമ്മുടെ സംഘടനകൾ
ക്കോ പ്രായേണ ഇല്ലെന്നതന്നെ പറയാം. ശാസ്ത്രങ്ങ
ളിലും കലാവിദ്യകളിലും വളർന്നുയരുവാൻ കരുത്തു
ള്ള എത്രയോ ഇളമുളകളാണു് ഈ പ്രോത്സാഹന
ക്കുറവുമൂലം വാടിക്കരിഞ്ഞു നഷ്ടപ്പെട്ടുന്നതെന്നറി
യാമോ? നമ്മെസ്സംബന്ധിച്ചിടത്തോളം, ഇതൊരു
ദേശീയവിപത്തായിത്തന്നെ തീർന്നിട്ടുണ്ടു്. മംഗളപ
ത്രവും പൂമാലയും പണക്കിഴിയും തേടിനടക്കുന്ന പി
ഴച്ച ശീലത്തെ പ്രോത്സാഹിപ്പിക്കാനല്ലാ, ഇത്രയും
പറഞ്ഞതു്. മാഡംക്യൂറിക്കും ഭർത്താവിനും മേല്പറ
ഞ്ഞ വീരമുദ്രയ്ക്കു പുറമേ മറ്റൊരു സമ്മാനവും ഉട
നേതന്നെ ലഭിക്കുവാനിടയായി

നോബൽ സമ്മാനം

സ്വീഡൻകാരനായ ഡോക്ടർ ആൽഫ്രഡ് ഡി. നോബൽ എന്ന ശാസ്ത്രജ്ഞന്റെ സ്വത്തുകൊ
ണ്ടു് ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന നോ
ബൽ സമ്മാനത്തെക്കുറിച്ചു് കേൾക്കാ
ത്തവരില്ലല്ലോ. ഒരു വലിയ ധനിക
നായിത്തീർന്ന ആ ശാസ്ത്രജ്ഞൻ, ത
ന്റെ സ്വത്തിൽ നല്ലൊരു ഭാഗം ശാസ്ത്രത്തിന്റെ

യും, സാഹിത്യത്തിന്റേയും, സമാധാനത്തിന്റേയും പുരോഗതിക്കായി നീക്കിവെച്ചു. ആണ്ടുതോറും 8000 പവൻ വീതമുള്ള അഞ്ചു സമ്മാനങ്ങൾ—അതുകൊണ്ടു നാല്പതിനായിരം പവൻ—നല്കുന്നതിനു ക്ഷേപമാണു് അദ്ദേഹത്തിന്റെ മരണപത്രികപ്രകാരം ലോകത്തിനു് ലഭിച്ചതു്. ഫിസിക്സ്, കെമിസ്ട്രി, ഫിസിയോളജി എന്നീ മൂന്നു ശാസ്ത്രശാഖകളിൽ വിളിപ്പെട്ട വിജയങ്ങൾ നേടുന്നവർക്കാണു് മൂന്നു സമ്മാനങ്ങൾ; ശേഷിച്ച രണ്ടു സമ്മാനങ്ങളിൽ ഒന്നു്, ആദർശപരമായ സ്വഭാവത്തോടുകൂടിയ ഉത്തമസാഹിത്യകൃതികൾ രചിക്കുന്നവർക്കായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു; അഞ്ചാമത്തെ സമ്മാനം, സമാധാനപരിശ്രമത്തിൽ മുഴുകെ എടുക്കുന്നവർക്കും. മേല്പറഞ്ഞ ഓരോ വിഷയത്തിലും ആണ്ടോടാണ്ടു് നടക്കുന്ന പരിശ്രമങ്ങളെ പരിശോധിച്ചാണു് സമ്മാനങ്ങൾ നല്കുക. 1901-ൽ ഫിസിക്സിനുള്ള നോബൽ സമ്മാനത്തിൽ പങ്കുതി ഹെൻറി ബെക്കറേൽ എന്ന ശാസ്ത്രജ്ഞനും, പങ്കുതി നമ്മുടെ കൂറിമാർക്കും നല്കുവാനാണു് സ്റ്റോക്കു്ഹോമിലെ ശാസ്ത്രപരിഷത്തു് തീർച്ചയാക്കിയതു്. ആ മൂന്നു ശാസ്ത്രജ്ഞരും പദാർത്ഥവിജ്ഞാനീയത്തിന്റെ വിലപ്പെട്ടൊരു നേട്ടത്തിൽ പങ്കാളികളായിരുന്നുവല്ലോ. സംഗതിവശാൽ, പിയർകൂറിയ്ക്കും മാഡംകൂറിയ്ക്കും ആ നോബൽസമ്മാനം നേരിട്ടുപോയി വാങ്ങാൻ സാധിച്ചില്ല. അതിപ്രയത്നംകൊണ്ടു് അവർ വല്ലാതെ ക്ഷീണിച്ചുവ

ായിരുന്ന ആ ശാസ്ത്രജ്ഞക്ക് അത്ര ദീർഘമായ ഒരു യാത്ര ചെയ്യുവാൻ സൗകര്യമുണ്ടായിരുന്നില്ലെന്നുമാത്രം. അവക്കുവേണ്ടി ഫ്രഞ്ചുമന്ത്രിയാണ്, സചീഡിഷ് രാജാവിന്റെ കരങ്ങളിൽനിന്ന് നോബൽ സമ്മാനവും തത്സംബന്ധമായ സാക്ഷ്യപത്രങ്ങളും ഏറ്റുവാങ്ങിയതു്.

പിയർ കൂറിയുടേയും, മാഡംകൂറിയുടേയും പ്രസിദ്ധി അനുദിനം വർദ്ധിച്ചുവരികയായിരുന്നു. ധനസഹായം വല്ലതും ലഭിക്കുന്നതു്, ആവശ്യത്തിന്റെ ശക്തികൊണ്ടു് അവക്കു കീർത്തിയിൽ വൈമുഖ്യം ഭികാമ്യമായിത്തോന്നിയെങ്കിലും, പ്രസിദ്ധിയിൽ തീരെ വൈമുഖ്യമായിരുന്നു രണ്ടുപേർക്കും. ജനങ്ങളുടെ ദൃഷ്ടിയിലും ശ്രദ്ധയിലുംപെടാതെ കഴിക്കുകയായിരുന്നു അവർക്കിഷ്ടം. നാട്ടിൻപുറങ്ങളിൽ ചുറ്റിനടന്നു് ഏകാന്തതയിൽ കഴിച്ചുകൂട്ടുവാൻ അവർക്കു് പണ്ടേ താല്പര്യമായിരുന്നുവല്ലോ. പൊതുജനശ്രദ്ധയിൽ നിന്നൊഴിഞ്ഞിരിക്കുവാൻവേണ്ടി അവർ ആ ശീലം കുറേക്കൂടി വർദ്ധിപ്പിച്ചു. വല്ല സദസ്സുകളിലും ചെന്നു പാർക്കുകയാണെങ്കിൽ, തങ്ങളുടെ ശരിയായ പേരുകുടം അവിടെ എഴുതിക്കാതിരിക്കാൻ അവർ പ്രത്യേകം സൂക്ഷിച്ചിരുന്നു; വേറെവല്ല പേരുമായിരിക്കും പറഞ്ഞു കൊടുക്കുക. അവരുടെ അനാഡംബരമായ ഉടുപ്പും നടപ്പും ഈ പേരുമാറാട്ടത്തിനു് അത്യന്തം സഹായമായിരുന്നുതാനും. ഗ്രാമീണരീതിയിൽ സാധാരണവ

സ്സുങ്കം ധരിച്ച് ഒരുവക പ്രാകൃതവേഷത്തിൽ നടക്കുന്ന ആ സ്ത്രീയും പുരുഷനും, വിശ്രുതശാസ്ത്രജ്ഞരായ മാഡംകൂറിയും പിയർകൂറിയുമാണെന്നു് മനസ്സിലാക്കുവാൻ അധികമാക്കം സാധിച്ചിരുന്നില്ല.

ഒരിക്കൽ ഒരമേരിക്കൻ പത്രപ്രവർത്തകൻ, മാഡംകൂറിയെ കണ്ടു് ഒരഭിമുഖസംഭാഷണം നടത്തുവാനായി ഫ്രാൻസിലെത്തിച്ചേർന്നു. ആളകപ്പെക്ക അയാൾ വളരെ പണിപ്പെട്ടാണു് കൂല്ലും, സ്ഥാനം റിമാരുടെ താമസസ്ഥലം കണ്ടുപിടിച്ചതു്. എന്നിട്ടും, ആളെക്കണ്ടറിയാൻ പ്രയാസമായി. ഒരു ചെറിയ കുടിലിൽ, ചെരിപ്പിൽനിന്നു് പൊടിമണൽ തട്ടിക്കളഞ്ഞുകൊണ്ടു് ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. അവളോടു ചോദിച്ചാൽ മാഡംകൂറിയേപ്പറ്റി വല്ല വിവരവും കിട്ടുമെന്നു് കരുതി നമ്മുടെ പത്രപ്രവർത്തകൻ ആ കുടിലേയ്ക്കടുത്തു. സ്ത്രീ പെട്ടെന്നു് മുഖം ഉയർത്തി അയാളെ ഒന്നു നോക്കി. മാഡംകൂറിയുടെ പടം പലപ്രാവശ്യവും പത്രങ്ങളിൽ കണ്ടു് അയാൾക്കു നല്ല പരിചയമുണ്ടായിരുന്നു. എന്തു്? ആ മുഖം തന്നെയാണു് അയാൾ അവിടെ കണ്ടതു്! രണ്ടുപേരും തെല്ലമ്പരന്നു. ഒരു പത്രറിപ്പോർട്ടരുടെ പിടിയിൽ പെട്ടെന്നു് കുടുങ്ങിപ്പോയല്ലോ എന്നായിരുന്നു മാഡംകൂറിയുടെ പരിഭ്രമം. ആ പത്രപ്രവർത്തകൻ വിട്ടുമാറുന്ന കൂട്ടത്തിലായിരുന്നില്ല. അയാൾ ഓരോന്നു ചോദിച്ചു് കടലാസ്സും പേനയും എടുത്തുകഴി

ഞ്ഞു. റേഡിയം മുതലായശാസ്ത്രീയകണ്ടുപിടിത്തങ്ങളേക്കുറിച്ച് അയാൾ ചെയ്ത ചോദ്യങ്ങൾക്കെല്ലാം മാഡംക്യൂറി ചുരുക്കത്തിൽ മറുപടി പറഞ്ഞു. ഒടുവിൽ, ആ ശാസ്ത്രജ്ഞയുടെ ജീവിതചര്യകളേയും മറ്റും കുറിച്ചായി, പത്രപ്രതിനിധിയുടെ അന്വേഷണം. സംഭാഷണം ഈ ഘട്ടത്തിലെത്തിയപ്പോൾ മാഡം ക്യൂറിയുടെ ഭാവം മാറി. "ശാസ്ത്രത്തിൽ ആളുകൾക്കല്ലാ, കാര്യങ്ങൾക്കാണ് സ്ഥാനം" എന്നൊരൊറ്റ വാചകംകൊണ്ട് നമ്മുടെ കഥാനായിക ആ സംഭാഷണം അവസാനിപ്പിച്ചു. പിന്നെ യാതൊന്നും ചോദിക്കാൻ പത്രപ്രതിനിധിക്ക് ധൈര്യമുണ്ടായില്ല. "ശാസ്ത്രത്തിൽ ആളുകൾക്കല്ലാ, കാര്യങ്ങൾക്കാണ് സ്ഥാനം"—ആ വാക്കുകളുടെ ചൂട് അയാളുടെ കരളിൽ കിടന്നങ്ങനെ നീറിക്കൊണ്ടിരുന്നു.

XI

സുഖദുഃഖങ്ങൾ

ഈ അദ്ധ്യായത്തിൽ വിവരിക്കാൻ പോകുന്ന സംഗതികൾ സുഖദുഃഖസമ്മിശ്രമായ മനുഷ്യജീവിതത്തിന്റെ ഒരു ശരിപ്പകർപ്പാണെന്നു് പെട്ടെന്നൊരു മാറ്റം ആദ്യമേ പറഞ്ഞുകൊള്ളട്ടെ. പ്രകൃതിയിൽ ഇരുട്ടും വെളിച്ചവും പോലെ, രാവും പകലും പോലെ, ജീവിതത്തിൽ ദുഃഖവും സുഖവും ഇടകലർന്നു നില്ക്കുന്നു. സുഖത്തിൽ മതിമറന്നു മദിക്കുന്നതും, ദുഃഖത്തിൽ മനംകലങ്ങി മറിയുന്നതും രണ്ടും മൗഢ്യമത്രേ. നമ്മുടെ കഥാപാത്രങ്ങളിൽ അത്തരം കഥയില്ലായ്മ കാണ്മാൻ നമുക്കിതുവരെ സംഗതിയായിട്ടില്ലെന്നു് ഒരു സമാധാനമുണ്ടു്. കൂറിമാരുടെ പേരും പെരുമയും, അവർക്കും തട്ടക്കാനംവാതവണ്ണം വളർന്നായർക്കൊണ്ടേയിരുന്നു. പണത്തിനും അവർക്കുതന്നെ ക്ലേശം വേണ്ടെന്നുള്ളതിക്കായി. പക്ഷേ, അപ്പോഴെയ്ക്കും മാഡം കൂറിയുടെ പ്രകൃതിയിൽ പെട്ടെന്നൊരു മാറ്റം. വേറൊന്നുമല്ലാ—ജോലിയിൽ ഒരു രസവും ഉന്മേഷവുമില്ലായ്കു! യാതൊന്നും അറിഞ്ഞുകൂടെന്നൊരു വിചാരം! ഒരുകായ്വും സാദ്ധ്യമല്ലെന്നുള്ള നൈരാശ്യവും! 'മാഡംകൂറി' എന്ന പേരും 'റേഡിയം' എന്ന പദാർത്ഥവും സ്മരിക്കുന്നതുതന്നെ അവർക്കൊരു ഭാര

മായിത്തോന്നിയതേ. ഉണ്ണാനും ഉറങ്ങാനുമല്ലാതെ മറെറാന്നിനും ഉത്സാഹമില്ലാതായി. എന്തായിരിക്കാം ഇതിന്റെ കാരണം? അന്നു് അവർക്കു് ശങ്കയുണ്ടായിരുന്നു. എങ്കിലും അതുമാത്രമായില്ല കാരണം. മനസ്സിനും ശരീരത്തിനും യാതൊരുവക വിശ്രമവും നല്കാതെ ആ മഹതി നടത്തിയിരുന്ന നിരന്തരയത്നംമൂലം ഞരമ്പുകൾക്കു് തട്ടിയ ക്ഷീണമാവാം പ്രധാനഹേതു. പ്രയത്നത്തിന്റെ തീവ്രതാഫലോദയംകണ്ടതോടെ തെല്ലൊന്നനിലച്ചപ്പോൾ, അതേവരെ അമർത്തിപ്പിടിച്ചിരുന്ന ക്ഷീണവും സുഖാസക്തിയും തല പൊയ്ത്തിയതാണെങ്കിൽ, അത്ഭുതപ്പെടാനില്ല. മനുഷ്യരിൽ മറഞ്ഞുകിടക്കുന്ന മൃഗീയവാസനകൾ തരംകിട്ടുമ്പോൾ തലപൊക്കുന്ന ഇത്തരം സന്ദർഭങ്ങളുണ്ടാകും — മാധവൻകുറിയുടേതുപോലെ, അതികർക്കശമായ ആത്മാനിഗ്രഹത്തിനും അതിപ്രയത്നത്തിനും വിധേയമാകുന്ന ജീവിതത്തിൽ വിശേഷിച്ചും!

ഈ നിലയധികം ദീർഘിച്ചില്ല! എത്ര കട്ടത്ത മാന്ദ്യത്തേയും തട്ടിമാറ്റുവാൻ പറയുന്ന പുതിയൊരുത്തരവാദിത്വം വന്നുചേർന്നു—

രണ്ടാമത്തെ പുതി

ഒരു പിഞ്ചുപൈതലിന്റെ പുറപ്പാടു്!

"നരജീവിതമായ വേദനയ്ക്കൊരുമട്ടിൽ ഔഷധങ്ങളുതാൻ" എന്ന കവിവാക്യം ഇവിടെ സ്മരണീയമാണു്. കുറിമാരുടെ ദ്വിതീയസന്താനവും ഒരു പെൺകു

ഞ്ഞായിരുന്നു. 1904 ഡിസമ്പർ 6-ാംനു ഭ്രജാത യായ ആ ശിശുവിനു് 'ഈവ്' എന്നു പേരിട്ടു. കുട്ടി യെ ശുശ്രൂഷിക്കുവാൻ ഒരു ധാത്രിക്കുടിയുണ്ടായി രുന്നതുകൊണ്ടും, ജോലികളിൽനിന്നെല്ലാം നിർബ്ബ ന്ധം ഒഴിഞ്ഞിരുന്നതുകൊണ്ടും, ഈ പ്രസവത്തിൽവെച്ചു് മാഡംകൂറിക്കു് തന്റെ ആരോഗ്യം വീണ്ടെടുക്കാൻ വേണ്ടും വിശ്രമം ലഭിച്ചു. സ്വദേശമായ പോളണ്ടിൽനിന്നു് അക്കാലം കിട്ടിക്കൊണ്ടിരുന്ന ചില വർത്തമാനങ്ങളും അവളെ സന്തോഷിപ്പിക്കാതിരുന്നില്ല. 1904-ൽ റഷ്യയിൽ 'സാർഭരണ'ത്തിനെതിരായി പൊട്ടിപ്പുറപ്പെട്ട വിപ്ലവം, പോളണ്ടിന്റെ സ്വാതന്ത്ര്യലബ്ധിയെ സഹായിച്ചേക്കുമെന്നു് അവളും ആശിച്ചു. ചുരുക്കിപ്പറയാം: ഇടക്കാലത്തുണ്ടായ മാന്ദ്യമെല്ലാം മാറി, മാഡംകൂറി പൂർവ്വാധികം ഉൽസാഹത്തോടുകൂടി പതിവുപോലുള്ള ജോലികളിലേയ്ക്കു് പിന്തിരിയുകയായി.

പ്രസംഗ സഞ്ചാരം

നോബൽസമ്മാനം സ്വീകരിച്ചതിനെത്തുടർന്നു് സ്റ്റോക്ക്ഹോമിൽ ചെന്നു് ഒരു പ്രസംഗം ചെയ്യേണ്ട ചുമതലയുണ്ടായിരുന്നതു് കൂറിമാരങ്ങനെ നീട്ടിക്കൊണ്ടുപോവുകയായിരുന്നു. മുകളിൽ പ്രസ്താവിച്ചവിധം പരിതഃസ്ഥിതികൾ ഒട്ടു പ്രസന്നമായപ്പോൾ, അവർ ആ യാത്ര നടത്തിക്കളയാമെന്നു് തീർച്ചയാക്കി. പ്രകൃതിസൌന്ദര്യം തികഞ്ഞ ഒരു പ്ര

ദേശമാണ് സ്റ്റോക്ക്ഹോം. 'ബാഠംടിക്ക് സമ്മാനി' എന്നൊരപരനാമംതന്നെ ആ സ്ഥലത്തിനുണ്ട്. വിജ്ഞാനത്തിനും വ്യവസായത്തിനും ഒരുപോലെ. ഒരു വിളനിലമാണ് ആ മഹാനഗരം. വിശ്രുതരാസ്ത്രജ്ഞരായ കൃറിമാർക്ക് അവിടെ ഉചിതമായ ഒരു സ്മീകരണം നല്കപ്പെട്ടു. അവിടത്തെ വിശ്വവിഖ്യാതമായ രാസ്ത്രപരിഷത്തിൽവെച്ച് പിയർകൃറി, തന്റേയും ഭാര്യയുടേയുംപേരിൽ റേഡിയത്തെക്കുറിച്ച് ഗംഭീരമായ ഒരു പ്രസംഗം ചെയ്തു. രാസ്ത്രത്തിന്റെ സമസ്തശാഖകളിലും റേഡിയം മൂലമുണ്ടാകുന്ന മഹത്കൃത്യങ്ങളായ പരിവർത്തനങ്ങളെ അദ്ദേഹം സവിസ്തരം പ്രതിപാദിച്ചു. റേഡിയം കൊണ്ട് ലോകത്തിനുള്ള ഉപകാരങ്ങളും വിവരിച്ചു കൂട്ടത്തിൽ, അമൂല്യമായ ആ വസ്തുവിന്റെ വികിരണവീര്യത്തെ ലോകത്തിന്റെ വിനാശത്തിനായി വിനിയോഗിക്കുവാനും ആളുകളുണ്ടാകുമെന്ന് പിയർകൃറി സൂചിപ്പിക്കുകയുണ്ടായി. പാതകികളുടെ കയ്യിലാണ് റേഡിയം അപഹൃതമായിത്തീരുവാൻ പോകുന്നതെന്ന് അദ്ദേഹം ഉന്നിപ്പറഞ്ഞു.

രാസ്ത്രീയകണ്ടുപിടിത്തങ്ങളെ അപഹൃതമായി കൈപ്പെരുമാറ്റം ചെയ്യുന്ന ആ പാതകികൾ ആരാണ്? ലോകത്തെ അടിക്കടി യുദ്ധത്തിലേയ്ക്ക് അടിച്ചിറക്കുന്നവരാണ് ആ മഹാപാപികൾ! സയൻസിനെ കൂട്ടുപിടിച്ച് ലോകസമാധാനത്തെ ധ്വം

സിക്കുന്ന ആ സമരപ്രിയന്മാർ ലോകത്തിന്റേയും സയൻസിന്റേയും ശത്രുക്കളാകുന്നു. "ഭൂമിയിലെ ഭൂരിപക്ഷം മനുഷ്യരും യുദ്ധത്തെ വെറുത്തിട്ടും യുദ്ധം ഉണ്ടാവുകതന്നെ ചെയ്യുന്നു" എന്നു് പീറർ ഹവ്വാർഡ് എന്ന ചിന്തകൻ പറഞ്ഞിട്ടുള്ള വാക്കുകൾ ഒരു പരമാർത്ഥം വ്യക്തമാക്കുന്നുണ്ടു് — ചുരുക്കം ചില വ്യക്തികളാണു് ലോകത്തിന്റെമേൽ യുദ്ധത്തെ കെട്ടിവയ്ക്കുന്നതെന്നു്! ആ ചുരുക്കം ചിലർതന്നെയാണു് പിയർകൂറി തന്റെ Lom. Jam പ്രസംഗത്തിൽ ചൂണ്ടിപ്പറഞ്ഞ പാതകികൾ! ലോകത്തിൽ നാകംപൂകുവാൻപോരുന്ന ശാസ്ത്രീയകണ്ടുപിടിത്തങ്ങളേക്കൊണ്ടു് അവർ ലോകത്തിൽ നരകം ചമയ്ക്കുന്നു! ശാസ്ത്രീയകണ്ടുപിടിത്തങ്ങളെ ഇപ്രകാരം ഒറ്റിനിയോഗംചെയ്യുകയാണെങ്കിൽ, പ്രകൃതിരഹസ്യങ്ങളേക്കുറിച്ചു് എന്തെല്ലാം പഠിച്ചറിഞ്ഞാലും മർത്ത്യവംശത്തിന്നെന്താണു് പ്രയോജനമെന്നും പിയർകൂറി പ്രസ്തുത പ്രസംഗമദ്ധ്യേ ചോദിക്കുകയുണ്ടായി. ശാസ്ത്രീയകണ്ടുപിടിത്തങ്ങൾകൊണ്ടു് ശാസ്ത്രകാരന്മാർ ഉദ്ദേശിക്കുന്ന ഫലം ലോകത്തിനു് നിർബ്ബാധം ലഭിക്കണമെങ്കിൽ, യുദ്ധവും യുദ്ധഭീതിയുമില്ലാത്ത ഒരു യുഗം സംജാതമാകണം — സർവ്വരാജ്യക്കാരും ഏകോദരസഹോദരങ്ങളായി വർത്തിക്കുന്ന ഒരു സുവർണ്ണയുഗം! പിയർകൂറി തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചതും അതുതന്നെയാണു്.

സ്റ്റോക്ക്ഹോമിലേയ്ക്കുള്ള യാത്രയും, അവിട

ത്തെ വിജ്ഞാനകേന്ദ്രങ്ങളിൽ തങ്ങൾക്കു ലഭിച്ച സ്വീകരണവും കൂറിമാരെ അത്യന്തം സന്തോഷിപ്പിച്ചു. പുതിയൊരുത്സാഹത്തോടുകൂടിയാണ് അവർ പാരീസിൽ തിരിച്ചെത്തിയതു്. ആ അഭിനന്ദനങ്ങൾ നമ്മുടെ ശാസ്ത്രജ്ഞരെ അഹങ്കാരികളാക്കിത്തീർത്തുവോ? അതില്ല. വിനയത്തിന്റെ വഴിച്ചാലിൽത്തന്നേയായിരുന്നു പിന്നെയും അവരുടെ സഞ്ചാരം. ആംത്തിരക്കൊഴിഞ്ഞ ഒരു മൂലയിലുള്ള ആ ചെറുഭവനത്തിലെ നിവാസം അവർക്കെന്നും പ്രിയങ്കരമായിരുന്നു. വീട്ടുചിലവുകൾ കഴിയുന്നതു ചുരുക്കുന്നകാര്യത്തിൽ അവർ അമാന്തം വരുത്തിയതുമില്ല. കുട്ടികളെ സൃഷ്ടിക്കുവാനും, ഭാരംകൂടിയ ഗൃഹജോലികൾ നടത്തുവാനും ഒന്നുരണ്ടു വേലക്കാരെ നിയമിച്ചിരുന്നു. ശാസ്ത്രീയഗവേഷണവുംമറ്റും സംബന്ധിച്ചു് എത്ര വലിയ ജോലിത്തിരക്കുണ്ടായിരുന്നാലും ശരി, പുതിമാരുടെ സുഖാസുഖങ്ങൾ അന്വേഷിക്കുന്നതിലും, അവർക്കു വേണ്ട ശിക്ഷണം നല്കുന്നതിലും മാഡംകൂറി ഒരിക്കലും വീഴ്ചവരുത്തിയിരുന്നില്ല. പില്ക്കാലത്തു് മാതാപിതാക്കളുടെ കീർത്തിയെ നിലനിർത്തുവാൻ ആ പെൺകുഞ്ഞുങ്ങൾ പ്രാപ്തരായതു് കുട്ടിക്കാലത്തു് അവരുടെ വളർത്തലിൽ മാഡംകൂറി ചെലുത്തിയിരുന്ന ശ്രദ്ധകൊണ്ടാണെന്നു സമ്മതിച്ചേ കഴിയൂ.

വീണ്ടും വിനീത ജീവിതം

ഭുവനവിശ്രുതയായിത്തീർന്ന കാലത്തും ആ ശാ

സൂജ്ഞ പണ്ടേപ്പോലെ ഗൃഹജോലികളിൽ പാട്ട
ള്ളതു ശ്രദ്ധപതിച്ചിരുന്നു—ചില ധനികകുടുംബ
ങ്ങളിലേപ്പോലെ, വീട്ടുകാര്യങ്ങൾ ഭൃത്യവർഗ്ഗത്തി
ന്റെ വരുതിയിൽ വിട്ടിരിക്കുകയല്ലായിരുന്നുവെന്നു്
ചുരുക്കം. വിത്തവും കീർത്തിയും വർദ്ധിക്കുന്തോറും ജീ
വിതം വിനയപ്പെട്ടുത്തുന്ന ശീലമാണു് കൃഷ്ണമാരിൽ
മേല്ക്കുമേൽ തെളിഞ്ഞുകാണുന്നതു്. ആഡംബര
ഭ്രമവും സല്ക്കാരഭ്രമവും അവർക്കു് ലവലേശമില്ലായി
രുന്നു. വിരുന്നുകൾ കൂടാനും അവ കൊടുക്കാനും
അവർ കൂട്ടാക്കിയിരുന്നില്ല. പണവും സമയവും,
അതിനേക്കാളെല്ലാം വിലപ്പെട്ട കാര്യങ്ങൾക്കായി
വിനിയോഗിക്കുവാനുള്ളവയാണെന്നു് അവർ ധരി
ച്ചിരുന്നു. ശാസ്ത്രജ്ഞരെന്നനിലയിൽ, ചില ചി
ല സുഹൃത്സമ്മേളനങ്ങളിൽ സംബന്ധിക്കാതിരി
ക്കാൻ അവർക്കു് നിവൃത്തിയുണ്ടായിരുന്നില്ല. അ
പ്പോഴും, ഉടുത്തുചമഞ്ഞൊഴുകുകാട്ടാനുള്ള മോഹം അ
വർക്കില്ലായിരുന്നു. മാഡംക്യൂറിയുടെ കഴുത്തിൽ ഒ
രു നേരിയമാല ചിലപ്പോൾ കണ്ടെന്നുവരും. നാ
ലാൾ കൂടുന്നേടത്തുചെന്നാൽ, പൊന്നും മിന്നും കെ
ട്ടിത്തൂക്കാതെതന്നെ, ആ നാരീരത്നത്തിനൊരു നി
ലയുണ്ടായിരുന്നതാണു്. വിനയസമ്പന്നമായ വിദ്വ
ത്പവും, സ്ത്രീസഹജമായ അടക്കവും, സേവനനിര
തമായ ജീവിതനൈർമ്മല്യവുംകൊണ്ടു് അവർ സമാ
ർജ്ജിച്ചിരുന്ന വിലയെവിടെ? പകിട്ടിനുവേണ്ടിപ്പേ
രുന്ന സപ്തപ്പുണ്ടകളുടേയും മറ്റും നിലപാടെ
വിടെ?

പിയർകൂറിയും ഭാര്യയും പുതിയപുതിയ പരിശ്രമങ്ങളിലും ഗവേഷണങ്ങളിലും മുഴുകിക്കഴിയുകയായിരുന്നു. ശാസ്ത്രത്തിന്റെ പുരോഗതി ഒന്നുമാത്രമായിരുന്നല്ലോ അവരുടെ ജീവിതോദ്ദേശ്യം. അതിനുപററിയ പരിപാടികളിൽ കിടന്നു തലപുകയുമ്പോഴാണ് അവർക്കു നേർമുണ്ടായിരുന്നുള്ളൂ. കൂറിമാരുടെ കീർത്തിപരിമളം ദിഗന്തങ്ങളിൽ പരന്നു കഴിഞ്ഞപ്പോൾ, ഫ്രാൻസും ആ ശാസ്ത്രജ്ഞരെ പതുക്കെ ആദരിക്കാനൊരുങ്ങിത്തുടങ്ങി. അതുവരെയുള്ള അനുഭവം, മുറത്തെ മുല്ലയ്ക്കു് മണമില്ലെന്നുള്ള മട്ടിൽത്തന്നെയായിരുന്നു. മറുനാടുകളിൽച്ചെന്നലച്ചിട്ടു് ആ പരിമളപ്രവാഹം അതിന്റെ മൂലസ്ഥാനത്തേയ്ക്കു് മറിച്ചുവിടാൻതുടങ്ങിയപ്പോൾ, ഫ്രാൻസിലെ പരിഷത്കേന്ദ്രങ്ങളും കണ്ണുതുറന്നു. 1904-ൽ സോർബോൺസർവ്വകലാശാലയിലെ ഫിസിക്സ്വകുപ്പിൽ പിയർകൂറിക്കുവേണ്ടി ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുവാൻ അധികൃതന്മാർക്കു് കനിവുണ്ടായി. ഗവേഷണവിദഗ്ധനായ ആ പണ്ഡിതനുപററിയ ഒരു പ്രൊഫസ്സറുദ്യോഗം ഒടുവിലങ്ങനെ രൂപമെടുത്തു. അതു് സ്വീകരിക്കുംമുമ്പു് പിയർകൂറി ഒരു സംഗതി, സർവ്വകലാശാലക്കാരോടു വ്യക്തമായി ചോദിച്ചു—പുതിയ ഉദ്യോഗംസംബന്ധിച്ചുള്ള സജ്ജീകരണത്തിൽ ഒരു ലാബറട്ടറിയുംപ്പെടുമോ എന്നു്? പിയർകൂറി അതേവ

പിയറിന്റെ പുതിയ ഉദ്യോഗം

രെ ജോലിചെയ്തിരുന്ന സ്ഥലത്തെല്ലാം ചുരുങ്ങിയ തോതിലെങ്കിലും അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്ന ഒരാനുകൂല്യമായിരുന്നു അതു്. വളരെ ക്ലേശിച്ചിട്ടാണെങ്കിലും, കൃഷിമാരുടെ ഗവേഷണജോലികൾ പുരോഗമിക്കുവാനിടവന്നതു് ആ ഒരു സൌകര്യം കൊണ്ടായിരുന്നുവല്ലൊ. പണവും പദവിയുമല്ലാ, മേത്തരത്തിലുള്ള ഒരു പരീക്ഷണശാലയായിരുന്നു പിയർകൃഷിയുടെ പ്രധാനനോട്ടം—ക്രമേണ ഒരു "റേഡിയം ഇൻസ്റ്റിട്ട്യൂട്ട്", സ്ഥാപിക്കണമെന്നുള്ള മോഹം അന്നും അദ്ദേഹം വിട്ടിരുന്നില്ല.

പിയർകൃഷിയും ഉദ്യോഗത്തിൽ തന്നിക്കുണ്ടായിരുന്ന ദൃഢമായ അഭിപ്രായം

എന്നാൽ പുതിയ ഉദ്യോഗം സംബന്ധിച്ചു് ഒരു ലാബോറട്ടറിയുടെ സജ്ജീകരണം സർവ്വകലാശാലക്കാർ സ്മരിച്ചിരുന്നതേയില്ല. പരീക്ഷണശാലയില്ലെങ്കിൽ ഉദ്യോഗവും വേണ്ടെന്നായി, പിയർകൃഷി. അക്കാര്യത്തിൽ തനിക്കുണ്ടായിരുന്ന ദൃഢമായ അഭിപ്രായം ആ ശാസ്ത്രജ്ഞൻ വളരെ മര്യാദയോടുകൂടിത്തന്നെ അധികൃതന്മാരെ എഴുത്തി അറിയിച്ചു. സർവ്വകലാശാലക്കാർ ഒടുവിൽ ഒരു ലാബോറട്ടറിക്കുവേണ്ടി കുറെ പണം അനുവദിക്കാമെന്നായി. അതോടെ, പിയർകൃഷി ഉദ്യോഗം സ്വീകരിച്ചു. താൻ, ഉദ്ദേശിച്ചിരുന്ന മാതിരിയിലുള്ള ഒരു പരീക്ഷണശാലയുണ്ടാക്കാൻ മേൽപറഞ്ഞ പണം മതിയായില്ലെങ്കിലും, പിയറിനു് സന്തോഷകരമായ വേറെ ഒന്നുണ്ടു പുതിയ കാര്യങ്ങൾ അധി

കാരികം അനുവദിച്ചുകൊടുത്തു. ലാബറട്ടറിജോലിയിൽ അദ്ദേഹത്തെ സഹായിക്കുന്നതിനു് ഏതാനും സഹപ്രവർത്തകരെ അനുവദിക്കുകയും, അതിൽ ഒന്നാംസ്ഥാനത്തു് മാഡംകൂറിയേത്തന്നെ നിയമിക്കുകയും ചെയ്യുവെന്നതായിരുന്നു മേൽപറഞ്ഞ പുതിയ ആനുകൂല്യം. 1904 നവമ്പർ മാസത്തിലായിരുന്നു, മാഡംകൂറിക്കു് ആ ഉദ്യോഗം കിട്ടിയതു്. രമ്പളം പ്രതിവർഷം 2400 ഫ്രങ്കിം മാത്രമായിരുന്നുവെങ്കിലും, യൂനിവേഴ്സിറ്റിസ്ഥാഫിലെ ഒരംഗമെന്നനിലയിൽ ഭർത്താവൊന്നിച്ചു് ഗവേഷണജോലി തുടരുവാൻ സാധിച്ചതു് അവർ ഒരു നേട്ടമായിത്തന്നെ പരിഗണിച്ചു. മേലാൽ തങ്ങളുടെ ശാസ്ത്രീയഗവേഷണങ്ങൾ അങ്ങനെ ഒരംഗീകൃതസ്ഥാനത്തുനിന്നുകൊണ്ടു് നടത്തുവാനിടവന്നതു് കൂറിമാർ രണ്ടുപേരുടേയും ഉത്സാഹത്തിന്നൊരു പോലെ ഉദ്ദീപകവുമായിരുന്നു.

1906 ഏപ്രിൽ 14-ാംനു പിയർകൂറി എഴുതിയ ഒരു കത്തിൽനിന്നു് ഒരു ഘട്ടം ഇവിടെ ഉദ്ധരിക്കാം: "റേഡിയത്തെ, അതിൽനിന്നുള്ള നിസ്സ്മനവീര്യത്തിന്റെ തോതു വെച്ചു് കണിശമായളക്കുവാൻവേണ്ടി, മാഡംകൂറിയും ഞാനുംകൂടി ജോലി ചെയ്യുകയാണു്. ആ പ്രവൃത്തിനിസ്സാരമായിത്തോന്നാം; എങ്കിലും ഞങ്ങളം അതിൽ അനേകം മാസങ്ങളം ചെലവഴിച്ചിട്ടു് ഇപ്പോളം മാത്രമേ മുറ

ആകസ്മിക സൗഖ്യം

യ്യും ഫലം കണ്ടുതുടങ്ങുന്നുള്ള."—ഭാര്യയും താനുംകൂടി നടത്തുന്ന ജോലികളുടെ വിവരം ആ ശാസ്ത്രജ്ഞൻ എത്ര അഭിമാനത്തോടുകൂടിയാണു് മറ്റുള്ളവരെ അറിയിച്ചിരുന്നതെന്നു് നോക്കുക. "പ്രതിഭയിലും പ്രയത്നശീലത്തിലും പ്രവർത്തനോദ്ദേശ്യത്തിലും" അവർക്കന്യോന്യമുള്ള പൊരുത്തം അവർ ആകൃമായി കണ്ടുമുട്ടിയ സന്ദർഭംമുതൽക്കേ രണ്ടുപേർക്കും ബോദ്ധ്യപ്പെട്ടിരുന്നതാണല്ലോ. ആദ്യം പാരീസിലെ ഒരു ഹോട്ടലിൽവെച്ചു് അവിചാരിതമായി കാണുകയും, പിന്നീടു് വിവാഹബന്ധത്തിൽ കൈപിടിക്കുകയും ചെയ്തശേഷം അവരെത്തമാത്രം യോജിച്ചാണു് വർത്തിച്ചിരുന്നതെന്നു് വായനക്കാർ ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു. പ്രയത്നമാകുന്ന കനകശൃംഖലയാണു് അവരുടെ ബന്ധത്തെ മേല്ക്കുമേൽ ഉറപ്പിച്ചുപോന്നിരുന്നതെന്നുള്ള പരമാർത്ഥം അവരുടെ ജീവിതത്തിൽ നെടുനീളം തെളിഞ്ഞുകാണാം. 'എൻസൈക്ലോപീഡിയാ അമ്മേരിക്കാനാ' എന്ന കോശഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, അവരുടെ ജീവിതം "കൂട്ടപ്രവർത്തനത്തിന്റെ ഏറ്റവും മഹത്തായ ഒരു ദൃഷ്ടാന്തമാകുന്നു." മേൽപറഞ്ഞകൃത്തിൽ, "മാഡംക്യൂറിയും ഞാനുംകൂടി ജോലിചെയ്യുകയാണു്" എന്നു് പിയർ എഴുതിയ വാക്കുകളും, ആ കൂട്ടപ്രവർത്തനത്തെ സംബന്ധിക്കുന്ന അവിസ്മരണീയമായ ഒരു പ്രമാണരേഖയായിട്ടാണു് പരിണമിച്ചതു്. അതെങ്ങനെയെന്നു് പുറയാൻ തുടങ്ങുമ്പോൾത്തന്നെ സങ്കടം തോന്നാതെ തരമില്ല.

"മാഡംക്യൂറിയും ഞാനുംകൂടി ജോലി ചെയ്യുകയാണു്" എന്നു് എഴുതിയ ഭവനവിശ്രുതനായ ആ ശാസ്ത്രജ്ഞൻ അന്നയ്ക്കുപോലും ഒരിക്കലും പിയറിന്റെ മരണം ഐഹികവാസം വെടിയേണ്ടതായി ട്ടാണു് വന്നതു്. മരണം എപ്പോഴും, എങ്ങനെയെന്നുള്ളതു് ആർക്കും അജ്ഞാതമാണല്ലോ. പ്രകൃതിരഹസ്യങ്ങളുടെ ആഴവും അറവും കണ്ടറിഞ്ഞ ശാസ്ത്രജ്ഞന്മാർക്കും മരണം അജ്ഞാതമായ ഒരു പരമരഹസ്യംതന്നെയാകുന്നു. തടുത്തുകൂടാത്ത ആ വിധിക്കു് ആരും വിധേയരാകാതെ തരമില്ലതാനും. അദ്ധ്യാത്മശാസ്ത്രത്തിനല്ലാതെ, ഭൗതികശാസ്ത്രത്തിനൊന്നിനും സമാധാനം പറയാൻ സാധിക്കാത്ത ഒരു വിഷമപ്രശ്നമാണു് മരണവും മരണശേഷവും. മരണം എന്ന മൂന്നക്ഷരത്തിന്റെ പൊരുളറിയുവാൻ കലാശാലകൾക്കോ പരീക്ഷണശാലകൾക്കോ ഒന്നും സാദ്ധ്യമല്ല. ജീവിതത്തിൽ അദ്ധ്യാത്മവിചാരം വേണ്ടെന്നുവയ്ക്കുന്ന 'സ്വതന്ത്രചിന്തകർ' തുടങ്ങിയുള്ള ചാർവ്വാകന്മാർക്കും ഒടുവിൽ മരണമാകുന്ന 'അദ്ധ്യാത്മവിദ്യാലയ'ത്തിൽക്കൂടിക്കടക്കാതെ ഗത്യന്തരമില്ല മാനവസമ്പ്രദായമെല്ലാം മാപ്പുപേക്ഷിച്ചു് പരാൽക്കയുടെ തിരുമുമ്പിൽ മുഴങ്കാൽ മടക്കുന്ന മുഹൂർത്തമാണതു്!

1906 ഏപ്രിൽ 19-ാംനു- വ്യാഴാഴ്ച, സാധാരണ പതിവനുസരിച്ചു് പുറത്തേയ്ക്കിറങ്ങിയ പിയർ ക്യൂറി വഴിയിൽവെച്ചു് ഒരു വണ്ടിമുട്ടി തൽക്ഷണം

മൂതിപ്രാപിക്കുകയാണുണ്ടായതു"! കഷ്ടം! മാഡംക്യൂറിയ്ക്കു് അവളുടെ പ്രിയഭർത്താവും പ്രയത്നസഖാവും എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു!—ലോകത്തിനു് ഒരു മഹാശാസ്ത്രജ്ഞനും! മഴയത്തു് ചളിനിറഞ്ഞ വഴിയിൽ മരിച്ചുകിടന്നിരുന്ന ആ ശാസ്ത്രജ്ഞനേപ്പറ്റി പത്രങ്ങൾ ഗംഭീരങ്ങളായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി; ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നു് അനുശോചനസന്ദേശങ്ങൾ ആയിരക്കണക്കിനു് ആ ചെറുഭവനത്തിലേയ്ക്കു് പ്രവഹിച്ചു. മരിച്ചുകഴിഞ്ഞപ്പോൾ ആ ശാസ്ത്രജ്ഞന്റെ കണ്ടുപിടിത്തങ്ങളെ കൊണ്ടാടുവാൻ ആളുകൾ പെരുകി. ശവസംസ്കാരം വളരെ ആഘോഷമായി നടത്തണമെന്നു് ആലോചനവന്നു. ഘോഷയാത്രകളും, ചരമപ്രസംഗങ്ങളുമൊക്കെ വേണമെന്നായി പലരും. അത്തരം ആഘോഷങ്ങളുടെ ആത്മാർത്ഥതയിൽ വിശ്വാസമില്ലാതിരുന്നതുകൊണ്ടോ എന്തോ, മാഡം ക്യൂറി അതൊന്നും സമ്മതിച്ചില്ല. പിയർക്യൂറിയുടെ സംസ്കാരകർമ്മം, തങ്ങളുടെ ജീവിതംപോലെതന്നെ അനാഡംബരമായിരിക്കണമെന്നായിരുന്നു അവളുടെ ആഗ്രഹം. പിയറിന്റെ അമ്മയുടെ മൃതശരീരം സംസ്കരിച്ചിരുന്ന 'സോ' (Sceaux) എന്ന സ്ഥലത്തു് ആ കുടീരത്തിന്നരികേതന്നെ മകനും സംസ്കരിക്കപ്പെട്ടു—ഏപ്രിൽ 21-ാം തിയ്യതി ശനിയാഴ്ച! റേഡിയം ഉൾപ്പെടേയുള്ള അനേകം ശാസ്ത്രീയകണ്ടുപിടിത്തങ്ങളുടെ ഉപജ്ഞാതാവു് അങ്ങ

നെ അന്തർദ്ധാനംചെയ്തു! മാഡംകൂറിയും കുഞ്ഞുങ്ങളും നിരാലംബരായി!

* * * *

സോർബോൺസർവ്വകലാശാലയിൽ ഒഴിവുവന്ന പ്രൊഫസ്സറുദ്യോഗത്തിനപേക്ഷിച്ച പണ്ഡിതൻ ആരാണു്?—അതായിരുന്നു അധികൃതകേന്ദ്രങ്ങളിൽ അപ്പോൾ കൊണ്ടുപിടിച്ചുനടന്നിരുന്ന ആലോചന.

പിയർകൂറിയുടെ അനന്തരാവകാശി ആര്?

പിയർകൂറിയുടെ കുടുംബത്തോടു് എന്തെങ്കിലും ഒരുപചാരം കാണിക്കേണ്ട കാര്യത്തെക്കുറിച്ചും അവർ ചിന്തിക്കാതിരുന്നില്ല. ആ വിധവയ്ക്കും കുഞ്ഞുങ്ങൾക്കും ഒരു പെൻഷൻ അനുവദിക്കാമെന്നു് ശാസ്ത്രമെമ്പെണ്ടു് ഒടുവിൽ തീരുമാനിച്ചു. ആ വിവരം പിയർകൂറിയുടെ സഹോദരനായ ജാക്വസ് കൂറി മുഖേനയാണു് അധികാരികൾ മാഡംകൂറിയെ അറിയിച്ചതു്. ആ ശാസ്ത്രജ്ഞനും സോർബോൺസർവ്വകലാശാലയിലെ ഒരു പ്രൊഫസ്സറായിരുന്നു. പെൻഷൻ സംബന്ധിച്ചുള്ള സന്ദേശവുംകൊണ്ടുചെന്ന അനുജനോടു് മാഡംകൂറി പറഞ്ഞു: "എനിക്കു് അങ്ങനെയൊരു പെൻഷൻ ആവശ്യമില്ല. എന്നേറയും കുഞ്ഞുങ്ങളുടേയും കാലക്ഷേപത്തിനുവേണ്ടി വേലചെയ്യാനുള്ള പ്രായം കഴിഞ്ഞുപോയിട്ടില്ലെന്നു് അധികൃതന്മാരെ ദയവായി അറിയിച്ചേക്കുക."

മാഡംകൂറി കൊടുത്ത ധീരമായ ഈ മറുപ

ടി സ്വീകലാശാലയിൽ ഒരിളക്കമുണ്ടാക്കി. ആ മഹതി പെൻഷൻ സ്വീകരിക്കയില്ല, ഉദ്യോഗം സ്വീകരിച്ചേക്കും—എന്നാൽ അവക്കുപറ്റിയ ഉദ്യോഗം എന്താണു? പിയർകൂറി പ്രധാന പ്രൊഫസ്സരായിരുന്നപ്പോൾ, മാഡംകൂറി അദ്ദേഹത്തിന്റെ കീഴിൽ ജോലിനോക്കിയിരുന്നുവെന്ന കാര്യം ഒന്നുവേറെ. അതുപോലെ, വേറൊരു ചീഫിന്റെ കീഴിൽ അവർ ജോലി നോക്കുമോ? ഭുവനവിശ്രുതയായ ആ ശാസ്ത്രജ്ഞയോടു് അങ്ങനെ ആവശ്യപ്പെട്ടാൽ, പെൻഷന്റെ കാര്യത്തിലുണ്ടായതുപോലെ, വല്ല ചുട്ട മറുപടിയും കിട്ടുവാനല്ലേ ഇടയുള്ളു? സ്വീകലാശാലക്കാരെ വിഷമിപ്പിച്ചതു് ഈയൊരുകാര്യം മാത്രമല്ലായിരുന്നു. പിയർകൂറി എത്രയും കാര്യക്ഷമമായി നടത്തിയിരുന്ന ലാബറട്ടറിയുടെ നേതൃത്വം വഹിക്കാൻ പറ്റിയ ഒരു പ്രൊഫസ്സരെ കണ്ടുകിട്ടുക അത്ര എളുപ്പമായിരുന്നില്ല.

ഈ ഘട്ടത്തിൽ ജാക്വസ് കൂറിയും, അദ്ദേഹത്തിന്റെ സ്നേഹിതനായ ജോഴ്ജസ് ഗോയിയുംകൂടി അധികൃതസ്ഥാനത്തേയ്ക്കു് ഒരു നിവേദനം അയച്ചു. പിയർകൂറിയുടെ സ്ഥാനം വഹിക്കുവാൻ, മാഡംകൂറിയേപ്പോലെ പാണ്ഡിത്യവും ഗവേഷണസാമർത്ഥ്യവുമുള്ള ഒരു ചീഫിനെ കിട്ടുവാൻ പ്രയാസമാണെന്നും, അതുകൊണ്ടു് ആ മഹതിയെത്തൽസ്ഥാനത്തു് നിയമിക്കുകയാണെങ്കിൽ എല്ലാവി

മാഡംകൂറി തന്നെ!

ഷമത്തിനും പരിഹാരമുണ്ടാകുമെന്നുമായിരുന്നു അ
നിവേദനത്തിന്റെ സാരം. സർവ്വകലാശാലയു
ടെ ചരിത്രത്തിൽ അതേവരെയുണ്ടായിട്ടില്ലാത്ത ഒരു
പ്രസ്ഥമാണു് ഈ നിർദ്ദേശംമൂലം ഉന്നയിക്കപ്പെട്ട
തു്—ഒരു സ്ത്രീയെ അത്തരം ഒരു പ്രൊഫസ്സരുദ്യോ
ഗത്തിൽ നിയമിക്കുകയെന്നോ! പുരുഷപ്രാമാണ്യ
ത്തിന്റെ പഴയ പാരമ്പര്യം ആ പ്രമേയത്തെ പ്ര
തിഷേധിച്ചു. ഒടുവിൽ, മാർസെലിൻ ബർത്ത്ലോ
റ്റ്, പോൾ അപ്പെൽ, ഐസ് റെക്ടർ ലിയാർ
ഡ് ആദിയായ വിശാലമതികളായ പണ്ഡിത
ന്മാർ ഇടപെട്ടാണു് ആ പാരമ്പര്യവാദത്തെ തകർത്ത
തു്. ഒഴിവുവന്ന ചീഫ് പ്രൊഫസ്സർസ്ഥാനത്തേ
യ്ക്കു് മാഡംക്യൂറിയെ നിയമിക്കുന്നതു്, സർവ്വകലാ
ശാലയ്ക്കും രാഷ്ട്രത്തിനും അഭിമാനകരവും പ്രയോ
ജനകരവുമായിരിക്കുമെന്നുള്ള അഭിപ്രായം ഒടുവിൽ
വിജയിച്ചു. 1906 മേയ് 13-ാംനു കൂടിയ ശാസ്ത്ര
വിഭാഗസമിതിയോഗത്തിൽവെച്ചു് അതിനേക്കുറി
ച്ചു് ഏകകണ്ഠമായ ഒരു തീരുമാനമുണ്ടായി. പി
യർക്യൂറി അലങ്കരിച്ചിരുന്ന ഉദ്യോഗത്തിൽ മാ
ഡംക്യൂറിതന്നെ അവരോധിക്കപ്പെട്ടു. ഫ്രാൻസി
ലെ വിദ്യാഭ്യാസചരിത്രത്തിൽ എന്തുയും വിളിപ്പെ
ട്ടൊരു സംഭവമാണിതു്.

XII

ഏകയായപ്പോഴും!

ശാസ്ത്രപാരംഗതനും ഗവേഷണവിദഗ്ധനുമായ പിയർക്യൂറിയുടെ സാഹചര്യത്തിലും സാഹായ്യത്തിലും മാഡംക്യൂറി സമാജ്ജിച്ചിരുന്ന വിജയങ്ങൾ നാം കണ്ടുകഴിഞ്ഞു.

ഭാരങ്ങൾ

എന്തെല്ലാം?

എന്നാൽ തന്റെ പ്രയത്നസഖാവും കൂടിയായ പ്രിയതമന്റെ മരണത്താൽ ചുമടെടുത്തു തകർന്നിരിക്കുന്ന കഥാനായിക, ഇനി ഏകാകിനിയായിട്ടാണല്ലൊ ജോലി തുടരേണ്ടതു്. വഹിക്കുവാനുള്ള ഭാരങ്ങളാകട്ടെ, ആരേയും സംഭ്രമിപ്പിക്കത്തക്കവയുമാകുന്നു. രണ്ടു പിഞ്ചു പുത്രിമാരെ പരിരക്ഷിച്ചു് ഒരു കുടുംബം പുലർത്തുവാനുള്ള ചുമതലയൊന്നുമാത്രംമതി, നിസ്സഹായയായ ഒരു വിധവയെ വിഷമിപ്പിക്കുവാൻ! മാഡംക്യൂറിയുടെ ഭാരം അത്രമാത്രമാണോ? സോർബോൺ സർവ്വകലാശാലയിൽ ഭർത്താവെന്തും ശ്രേയസ്കരമായലങ്കരിച്ചിരുന്ന പ്രൊഫസ്സർപദവിയും നിരാക്ഷേപമായി വഹിക്കണം; കലാശാലയോടനുബന്ധിച്ചു് അദ്ദേഹം നടത്തിയിരുന്ന ലാബറട്ടറിയുടെ നിയന്ത്രണമേറ്റെടുക്കയും വേണം; കീഴിലുള്ള പ്രൊഫസ്സർമാർക്കും വിദ്യാർത്ഥികൾക്കും ഗവേഷണങ്ങളായ ശാസ്ത്രീയഗവേഷണങ്ങളിൽ അപ്പപ്പോഴുള്ള മാർഗ്ഗനിർദ്ദേശം നൽകണം; താ

നും ഭർത്താവുംകൂടി കണ്ടുപിടിച്ച റേഡിയംസംബന്ധിച്ച് ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു തുരുതുരേ വന്നുകൊണ്ടിരിക്കുന്ന അനേപ്ഷണങ്ങൾക്കും ചോദ്യങ്ങൾക്കും സമാധാനം കൊടുക്കണം; റേഡിയത്തിന്റെ ഉപരിഗവേഷണത്തിന്നായി പിന്നെയും ഉന്നിവെച്ചിരുന്ന പരീക്ഷണങ്ങൾ തുടരണം; ഇതിനെല്ലാംപുറമേ, ഭർത്താവിന്റേയും തന്റേയും ചിരന്തനചിന്താവിഷയമായിരുന്ന 'റേഡിയം ഇൻസ്റ്റിട്യൂട്ട്' സ്ഥാപിച്ച് ആ പുതിയ ശാസ്ത്രശാഖയ്ക്ക് സ്ഥിരപ്രതിഷ്ഠനല്കണം—എന്നിങ്ങനെ ഭാരമേറിയ നിരവധി കാര്യങ്ങളാണ് ആ മഹതിയുടെ തളർന്ന തോളിൽ തൂങ്ങിനില്ക്കുന്നതു്!

ശക്തിയും പ്രാപ്തിയുമുള്ള പുരുഷപുംഗവന്മാരേപ്പോലും പരിഭ്രമിപ്പിക്കത്തക്ക ഈ ചുമതലകളെല്ലാം അബലയായ ആ സ്ത്രീ ഏകയായിട്ടെങ്ങനെയാണ് നിറവേറ്റിയതെന്നു് നമുക്കു നോക്കാം. ലോകോപകാരത്തിന്നായി ഇത്രയൊക്കെപ്പോരാടിത്തളർന്നിട്ടും, പടക്കളത്തിൽനിന്നു് പിന്തിരിയാത്ത ഒരു ജീവിതമുണ്ടോ? അതും, അബലയെന്നവമാനിക്കപ്പെടുന്ന ഒരു സ്ത്രീയുടെ ജീവിതം! വനിതാലോകത്തിന്റെ ഏറ്റവും ഉത്തുംഗമായൊരു വിജയസ്തംഭമാണ് മാഡംക്യൂറിയും അവളുടെ ചരിത്രവും! വ്യക്തികൾക്കും ജനസമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഉല്ലംഘിമാർഗ്ഗങ്ങളുപദേശിക്കുന്ന എത്രയെത്ര പാഠങ്ങൾ

ആ വീരചരിതം ഇനിയും വെളിപ്പെട്ടുത്താനിരിക്കുന്നു!

ഭാരമേറിയ മറ്റു കാര്യങ്ങളുടെകൂട്ടത്തിൽ, തന്റെ പിഞ്ചുകുമാരികളുടെ കഥ മാഡംകൂറി വിസ്മരിച്ചില്ല. അവരുടെ കാര്യം തെല്ലൊക്കെയും നന്നാക്കിവയ്ക്കണമെന്നു് അവർ ആഗ്രഹിച്ചു. ചെറുപ്പകാലത്തു് താൻ അനുഭവിച്ചവിധത്തിലുള്ള അവശതകൾക്കു് അവരാരും ഇരയാകാതെ കഴിക്കണമെന്നേ അവർക്കുദ്ദേശമുണ്ടായിരുന്നുള്ളു. ആരോഗ്യദായകമായ ഭക്ഷണം, മനസ്സിന്നാഹ്ലാദം നല്കുവാൻകൂടിയുപകരിക്കുന്ന ഒരു നല്ല ഭവനം, ഇഷ്ടംപോലെയുള്ള വിദ്യാഭ്യാസസൌകര്യം, പൈതങ്ങളുടെ നൈസർഗ്ഗികവാസനകളെ വാട്ടംതട്ടാതെ വികസിപ്പിക്കുവാൻവേണ്ടുന്ന മറ്റു വിഭവങ്ങൾ—എന്നിതൊക്കെ വേണമെന്നു് ആ മാതാവിന്റെ വിഭാവനയിലുണ്ടായിരുന്നു. താമസത്തിനു്, ഏതായാലും, 'സോ' എന്ന സ്ഥലത്തു് സൗകര്യപ്രദമായ ഒരു വീടു് (6 Rue du Chemin de Fer) വാടകയ്ക്കെടുത്തു. അന്തികത്തിൽ നല്ലൊരു ആരാമം ഉണ്ടായിരുന്നുവെന്നതത്രെ, ആ വീടിന്റേയും വിശേഷത. ഭർത്താവിനേപ്പോലെതന്നെ മാഡംകൂറിക്കും, പുഷ്പങ്ങളെന്നുവച്ചാൽ പ്രാണനായിരുന്നുവല്ലോ. അവളുടെ നോട്ടത്തിൽ, തോട്ടമായിരുന്ന വീടിന്റെ വെട്ടം. തന്റെ കുട്ടികൾ, കൃത്രിമങ്ങളായ ആഡംബരങ്ങൾക്കു

മക്കളും രോഗിയും

പകരം പ്രകൃതിയുടെ സൌന്ദര്യവിശേഷങ്ങളും ആസ്വദിച്ചു വളരണമെന്നു് അവരും ആഗ്രഹിച്ചു. കുട്ടികൾക്കു് അത്യാവശ്യമായ സുഖവും സൌകര്യവും നല്കുവാനല്ലാതെ, അവരെ സുഖലോലുപതയിലാഴ്ത്തി ലാളിക്കുവാൻ ആ മാതാവൊരുങ്ങിയതുമില്ല.

വേണമെങ്കിൽ, ആ കുമാരികളെ കുബേരപദത്തിൽ കയറിയിരുത്തുവാൻവേണ്ട വക അപ്പോഴത്തന്നെ മാഡംകൂറിയുടെ കൈവശമുണ്ടായിരുന്നു. അവളും ഭർത്താവുംകൂടി സമ്പാദിച്ചുവെച്ചിരുന്ന ആ രാകലം റേഡിയമില്ലേ? അതിനന്നു് പത്തുലക്ഷം സമ്പൻഫ്രാങ്കു് കിട്ടുമായിരുന്നു. ആ മൂല്യം മക്കൾക്കായി മാറിവയ്ക്കണമെന്നു് സുഹൃത്തുക്കളും പലരും മാഡംകൂറിയെ ഉപദേശിച്ചു. കുടുംബക്കാർ കൂട്ടത്തോടെ അക്കാര്യം നിർബ്ബന്ധമായി പിടിച്ചു. താനും ഭർത്താവും കൂടി റേഡിയത്തിന്റെ അവകാശമുത്തയും ലോകത്തിനു വിട്ടുകൊടുത്ത കഥയുടങ്ങി പല കാര്യങ്ങളും മാഡംകൂറി ഈ അവസരത്തിൽ ഓർക്കാതിരുന്നില്ല. പിതാവിന്റെ മരണത്താൽ നിരാലംബരായിത്തീർന്നിരിക്കുന്ന പുത്രിമാരുടെ ഭാവി സുരക്ഷിതമാക്കുന്ന കാര്യത്തിൽ ആ മാതൃഹൃദയത്തിനു് കുറിന്റെ കുറവുണ്ടായിരുന്നില്ലതാനും. എന്നിട്ടും, ആ റേഡിയം താൻ ജോലിചെയ്യുന്ന ലാബറട്ടറിക്കു് സംഭാവനചെയ്യുവാനാണു് അവർ ഒടുവിൽ തീർച്ചയാക്കിയതു്! ഇതിലപ്പുറം ഒരു ത്യാഗമുണ്ടോ?

ഇതു് കുറെകരമായ ഒരു ത്യാഗമായിപ്പോയെന്നു പറഞ്ഞാലും തെറ്റില്ല. എങ്കിലും ശാസ്ത്രാഭിവൃദ്ധിയിൽ ആ മഹതിക്കുണ്ടായിരുന്ന അഭിനിവേശത്തിന്റെ മുമ്പിൽ ലോകം കുമ്പിടുകതന്നെവേണം. മക്കളെ പണംകൊണ്ടു് മൂടിവയ്ക്കുന്നതിനുപകരം, വിജ്ഞാനവും സംസ്കാരവുംകൊണ്ടു് അവരെ മൂടിച്ചൂടിക്കുവാൻ ആ അമ്മ ആകുംവിധം പരിശ്രമിച്ചിരുന്നുവെന്നു് നമുക്കു് സമാധാനിക്കുകയും ചെയ്യാം.

മൂത്ത പുത്രിയായ ഐറിൻ വിദ്യാലയത്തിൽ ചേരേണ്ട പ്രായമായപ്പോൾ, താഴ്ന്ന ക്ലാസ്സുകളിലെ വിദ്യാഭ്യാസരീതിയേക്കുറിച്ചു് മാപുതിയ വിഡംകൂറി ഗാഢമായി ചിന്തിക്കുവാൻ തുടങ്ങി. ഈ വിദ്യാഭ്യാസരീതി നിടവന്നു. ഓടിക്കളിച്ചുനടക്കേണ്ട പ്രായക്കാരായ പൈതങ്ങളെ, ഇടുങ്ങിയ ക്ലാസ്സുമുറികളിൽ പകൽസമയം മുഴുവൻ കെട്ടിപ്പൂട്ടിയിരുത്തി, പലപല വിഷയങ്ങളേക്കുറിച്ചുള്ള അനേകം പാഠങ്ങൾ അവരുടെ തലയിൽ അടിച്ചുകയറ്റുന്ന വിദ്യാഭ്യാസസമ്പ്രദായത്തോടുള്ള അതൃപ്തിയും എതിരഭിപ്രായമാണുണ്ടായിരുന്നതു്. കുട്ടികളെ ആ പ്രായത്തിൽ കുറച്ചു കായ്മ്മംമാത്രം പഠിപ്പിക്കുക; അതു് അവക്കുല്ലാസവും ഉത്സാഹവും തോന്നത്തക്കവിധത്തിൽ ഗ്രഹിപ്പിക്കുക; അവക്കു് ഇഷ്ടാനുസരണം ഓടിക്കളിച്ചു നടക്കാൻ കൂടുതൽ സമയം അനുവദിക്കുക—ഇങ്ങനെയൊരു വിദ്യാഭ്യാസരീതി മാഡംകൂറിയുടെ ഭാവനയിലുണ്ടാ

യിരുന്നു. സ്വകലാശാലയിൽ തന്റെ സഹപ്രവർത്തകരായ പ്രൊഫസ്സർമാരുമായി അവൾ അക്കാര്യം ആലോചിച്ചു. സ്വന്തം കുട്ടികളിൽത്തന്നെ ഈ പുതിയ അദ്ധ്യയനരീതി പരീക്ഷിച്ചുനോക്കുവാൻ അവർ അദ്ധ്യാപകവൃന്ദം തീർച്ചയാക്കി.

അങ്ങനെ, മാഡംകൂറിയുടെ പുത്രിയുംപ്പെടെ പത്തു കുട്ടികളെച്ചേർത്തു് ഒരു ക്ലാസ്സു് ആരംഭിച്ചു. ഒരു ദിവസം ഒരു പാഠംമാത്രം—അതായിരുന്നു ആ ക്ലാസ്സിന്റെ പ്രത്യേകത. ഓരോ പ്രൊഫസ്സരും ഓരോ പാഠം പഠിപ്പിക്കുവാനുള്ള ചുമതല കൈയേറ്റു. ഉയർന്ക്ലാസ്സുകളിൽ മുതിർന്ന വിദ്യാർത്ഥികളെ ഗഹനങ്ങളായ മേത്തരം പാഠങ്ങൾ പഠിപ്പിച്ചുമാത്രം ശീലമുണ്ടായിരുന്ന ആ മഹാപണ്ഡിതന്മാർ, ബാലപാഠക്കാരായ ഈപൈതങ്ങളെ പഠിപ്പിക്കാൻ പുറപ്പെട്ടതിൽവെച്ചു്, ചില പുതിയ പാഠങ്ങൾ പഠിച്ചുകാണും. മാഡംകൂറി ആ കുഞ്ഞുങ്ങളെ 'പദാർത്ഥവിജ്ഞാനീയം' പഠിപ്പിക്കുന്ന ഭാരമാണെടുത്തതു്. വ്യാഴാഴ്ചതോറുമായിരുന്നു ആ ക്ലാസ്സു്. ശിഷ്യക്കളുടെ മനഃസ്ഥിതിയുടെപോക്കു് മനസ്സിലാക്കാൻ വേണ്ടുന്ന മനഃശാസ്ത്രപരിചയവും, അവരുടെ പേരിൽ മാതൃസഹജമായ സ്നേഹവുമുണ്ടെങ്കിൽ, ഏതു വിഷയവും അവരെ പാകംപോലെ പഠിപ്പിക്കുവാൻ കഴിയുമെന്നു് മാഡംകൂറി തെളിയിച്ചു.

ഒരു വ്യാഴാഴ്ച ആ സയൻസ്ക്ലാസ്സിൽ നടന്ന ചില ചോദ്യോത്തരങ്ങൾ കേൾക്കുക:

മാഡംകൂറി: "ഈ പാത്രത്തിലുള്ള ദ്രാവകം തണുക്കാതെ സൂക്ഷിക്കണമെങ്കിൽ നിങ്ങൾ എന്തു ചെയ്യും?"

ഒരു കുട്ടി: "ഞാൻ അതു് രോമക്കമ്പിളികൊണ്ടു് പൊതിഞ്ഞുവയ്ക്കും."

മറെറാരുകുട്ടി: "ഞാൻ അതെങ്ങും തൊടാതെ കെട്ടിത്തൂക്കും."

ഇങ്ങനെ ഓരോ കുട്ടിയും ഓരോ യുക്തിപ്രയോഗിച്ചു് ഓരോ ഉത്തരം പറഞ്ഞു. ഒടുവിൽ ആ ശിശുക്കളോടൊപ്പം അദ്ധ്യാപികയും പറഞ്ഞു ഒരുത്തരം—"ഞാനാണെങ്കിൽ, പാത്രത്തിന്റെ മൂടി നല്ല വണ്ണം മുറുക്കിവയ്ക്കുകയായിരിക്കും ആദ്യം ചെയ്യുക"—എന്നു്.

ഈ അദ്ധ്യാപനരീതിയുടെ പ്രത്യേകതയെന്താണെന്നാണു്, നാം മനസ്സിലാക്കേണ്ടതു്? ശിശുക്കളേക്കൊണ്ടു് യുക്തിപൂർവ്വം ഓരോന്നു് ചിന്തിപ്പിക്കുകയും, അതിൽ അവർക്കുതന്നെ ഒരുത്സാഹവും ആത്മധൈര്യവും ഉളവാക്കുകയും ആയിരുന്നിരിക്കണം അതിന്റെ ലാക്കു്. മാഡംകൂറിയുടെ ഈ പുതിയ രീതിപ്രകാരം അദ്ധ്യയനം ആരംഭിച്ച ശിശുക്കൾ ചെറുപ്പത്തിൽത്തന്നെ 'തെർമോമീറർ' മുതലായചില ശാസ്ത്രീയോപകരണങ്ങൾ ഉണ്ടാക്കിത്തുടങ്ങിയതായും, അവരിൽ പലരും ഒടുവിൽ ശാസ്ത്രാഭ്യസനത്തിലും മറ്റും വലിയ പ്രാവീണ്യം നേടിയതായും പറയപ്പെടുന്നു. മാഡംകൂറിയുടെ സ്വന്തം പുത്രി

പില്ക്കാലത്തു് നോബൽസമ്മാനംപോലും വാങ്ങുകയുണ്ടായി.

സോർബോൺസർവ്വകലാശാലയിലെ ഒരു ചീഫ് പ്രൊഫസ്സറെന്നനിലയിൽ മാഡംക്യൂറി നിർവ്വഹിക്കേണ്ടിയിരുന്ന ഭാരമേറിയ പ്രൊഫസ്സറുടെ ചുമതലകളും മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. റേഡിയത്തിന്റേയും മറ്റും വികിരണപ്രവർത്തനം സംബന്ധിച്ചു് അന്നു് ലോകത്തിലാകേയുള്ള ഒരൊറ്റ ശാസ്ത്രീയക്ലാസ്സാണു് ആ മഹതി കൈകാര്യം ചെയ്തിരുന്നതു്. വിദ്യാർത്ഥികളുടെ സംഖ്യ ദൈനംദിനം വർദ്ധിച്ചുകൊണ്ടേയിരുന്നു. ആൻഡ്രൂകാർണേജി എന്ന അമ്മേരിക്കൻ കോടീശ്വരൻ 1907-ൽ മാഡംക്യൂറിമുഖേന ഏർപ്പെടുത്തിയ ഏതാനും സ്കോളർഷിപ്പുകളും പുതിയ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ കാരണമായി. മാഡംക്യൂറിയുടെ ഗവേഷണസാമർത്ഥ്യംപോലെതന്നെ അദ്ധ്യാപനസാമർത്ഥ്യവും പ്രസിദ്ധമായിത്തീർന്നു. പാരമ്പര്യത്തോടു പോരടിച്ചു് ആ വനിതാപ്രൊഫസ്സറെ സോർബോൺസർവ്വകലാശാലയിൽ നിയമിച്ചവർക്കു് ചാരിതാർത്ഥ്യത്തിനു വകയുണ്ടായുള്ളൂ. ഒരു വിദ്യാർത്ഥിനിയെന്നനിലയിൽ താൻ വീരവിജയങ്ങളും സമാർജ്ജിച്ചിരുന്ന ആ പൂർവ്വവിദ്യാലയത്തിന്റെ കീർത്തി വർദ്ധിപ്പിക്കുവാൻ, ഒരു പ്രൊഫസ്സറെന്ന നിലയിൽ മാഡംക്യൂറി ഉറച്ചപരിശ്രമംചെയ്തു. പിന്നീടു് ലോകോപകാരത്തിനായി

പ്രസിദ്ധപ്പെടുത്താൻ കൂടിപ്പറ്റുന്ന പാകത്തിൽ, പല ശാസ്ത്രീയപാഠങ്ങളും ആ പ്രൊഫസ്സർ തയ്യാറാക്കിക്കൊണ്ടിരുന്നു. അത്തരം പാഠങ്ങളെ ഉൾക്കൊള്ളിച്ച് 1910-ൽ "Treatise on Radioactivity" എന്ന പേരിൽ മാഡംകൂറി പരസ്യപ്പെടുത്തിയ ഒരു പുസ്തകം തന്നെ 971 പേജുകളുള്ള ഒരു വലിയ പ്രസിദ്ധീകരണമായിരുന്നു. ആ ശാസ്ത്രാധ്യാപികയുടെ തൂലികയിൽനിന്നു് ഇതുപോലെ പല സംഭാവനകളും ശാസ്ത്രസാഹിത്യത്തിനു് ലഭിച്ചിട്ടുണ്ടു്.

സർവ്വകലാശാലയിലെ ദൈനംദിനജോലികൾക്കിടയ്ക്കു്, ആ മഹതി ആലസ്യമൊന്നും വകവയ്ക്കാതെ പല പുതിയ ഗവേഷണങ്ങളിൽ ഏർപ്പെടുകയും പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. റേഡിയത്തെക്കുറിച്ചു് ഉന്നിവെച്ചിരുന്ന ഉപരിഗവേഷണങ്ങളാണു് അവളുടെ ചിന്തയിലെന്നേരവും മുന്നിട്ടുനിന്നിരുന്നതു്. ആദ്യം ചെയ്തുപോലെ സല്ലം 'റേഡിയം ക്ലോറയിഡ്' കൂടി ശുദ്ധിചെയ്തെടുത്തു് റേഡിയത്തിന്റെ ആറ്റമിക്ഘനം ഒരിക്കൽക്കൂടി നിർണ്ണയിച്ചു. റേഡിയത്തെ തനി ധാതുവായി തിരിച്ചെടുക്കുവാനായിരുന്നു പിന്നത്തെ ശ്രമം. അതുവരെ ക്ലോറയിഡോ, ബ്രോമൈഡോ ആയിട്ടുമാത്രമാണല്ലോ റേഡിയം സമ്പാദിച്ചിരുന്നതു്. അതുപോരാ, റേഡിയത്തെ അതിന്റെ കേവലാവസ്ഥയിൽത്തന്നെ കണ്ടുപിടിക്കണമെന്നു് മാഡംകൂറി

നിശ്ചയിച്ചു. പണ്ടേ ശാസ്ത്രീയഗവേഷണത്തിൽ തങ്ങളുടെ ഒരു സഹകാരിയും പിയർകൂറിയുടെ ഒരു ആരാധകനുമായിരുന്ന ആൻഡ്രെ ഡെബിയേൺ എന്ന ശാസ്ത്രജ്ഞന്റെ സഹകരണത്തോടുകൂടി, മാഡംകൂറി വളരെ ക്ലേശിച്ച് ഒടുവിൽ അക്കാര്യവും സാധിച്ചു—റേഡിയത്തെ അതിന്റെ തനിരൂപത്തിൽത്തന്നെ കണ്ടു് ആ മഹതി നയനസാഫല്യം വരുത്തി! സയൻസിന്റെ ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ളതിലേയ്ക്കും ഏറ്റവും ക്ലേശകരമായ പ്രയത്നങ്ങളിൽ ഒന്നായിരുന്നു അതു്. പിന്നീടൊരിക്കലും ആ പ്രവൃത്തി ആരുടെ കൈയിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ടെന്നതോന്നുന്നില്ല.

മേല്പറഞ്ഞ ശാസ്ത്രജ്ഞന്റെ സഹകരണത്തോടുകൂടി 'പൊളോണിയ'ത്തിന്റെ രശ്മിവിശേഷങ്ങളും സംബന്ധിച്ചും ചില പുതിയ പാഠങ്ങളും മാഡംകൂറി കണ്ടുപിടിച്ചു.

റേഡിയം അളക്കുവാൻ

റേഡിയം ഒരു ഔഷധമായിട്ടുകൂടി ഉപയോഗിക്കപ്പെട്ടു തുടങ്ങിയതിനാൽ, അതിന്റെ അളവു് അതിസൂക്ഷ്മമായ തോതിൽ നിർണ്ണയിക്കേണ്ടതു് ആവശ്യമായിത്തീർന്നു. ഒരു മില്ലിഗ്രാം (.015 ഗ്രെയിൻ) റേഡിയത്തിന്റെ ആയിരത്തിലൊരംശവും മറ്റുമാണു് ചികിത്സയ്ക്കുപയോഗിക്കേണ്ടതെന്നുവന്നപ്പോൾ, അതിന്റെ തൂക്കം നിർണ്ണയിക്കുവാൻ അന്നു് നിലവിലുണ്ടായിരുന്ന ഒരു യന്ത്രത്തിനും സാധ്യമല്ലാതായി. റേഡിയത്തി

ന്റെ അധിനാഥയായ മാഡംക്യൂറിതന്നെ ആ വിഷമത്തിനും പരിഹാരമുണ്ടാക്കാൻ ശ്രമിച്ചു. റേഡിയം തൂക്കിനോക്കി തോതുകണക്കാക്കുന്നതിനുപകരം അതിൽനിന്നു പുറപ്പെടുന്ന രശ്മികളെ അളന്നു തൂക്കം വിണ്ടുയിക്കാനുള്ള ഒരു പുതിയ വിദ്യ നമ്മുടെ ശാസ്ത്രജ്ഞ കണ്ടുപിടിക്കുകയും, അതു പ്രയോഗത്തിൽ വരുത്തുവാൻ പറ്റിയ ഒരു ഉപകരണമുണ്ടാക്കി തന്റെ ലാബറട്ടറിയിൽ സ്ഥാപിച്ചു് ആവശ്യക്കാരെ സഹായിക്കുകയും ചെയ്തു. ആയിടയ്ക്കുതന്നെ മാഡംക്യൂറി റേഡിയത്തിന്റെ യൂണിറ്റു് നിണ്ണയിക്കുകയുമുണ്ടായി. ഇരുപത്തൊന്നു മില്ലിഗ്രാം തനി റേഡിയം ക്ലോറൈഡ് ഒരു നേർത്ത ചില്ലുകുഴലിൽ അടച്ചു് കഥാനായിക അന്നു നിണ്ണയിച്ച അളവു്, അചിരേണ ഭൂഗോളത്തിന്റെ അഞ്ചു വൻകരകളിലും അംഗീകരിക്കപ്പെട്ടു. റേഡിയം സംബന്ധിച്ചുതന്നെ ഇപ്രകാരം അതിസൂക്ഷ്മങ്ങളായ എത്രയെത്ര കാര്യങ്ങളിലാണു് മാഡംക്യൂറി മനസ്സിരുത്തേണ്ടിവന്നതെന്നു് എണ്ണിക്കുറിക്കുവാൻ പ്രയാസമുണ്ടു്.

ക്യൂറിമാർ കൂട്ടായി സമാഹരിച്ചിരുന്ന യശസ്സിനെയും ബഹുധാ അതിശയിക്കുന്ന കീർത്തിയാണു് മാഡംക്യൂറിയുടെ തനിച്ചുതന്നെ കിട്ടിത്തുടങ്ങിയതു്. വിദേശങ്ങളിലെ പല ശാസ്ത്രസമാജം സുപരിഷത്തുകളും സർവ്വകലാശാലകളും ഫെലോ ആയിട്ടുള്ള ഡോക്ടർ ബിരുദങ്ങൾ (Doctor *honoris causa*) നല്കി നമ്മുടെ

കഥാനായികയെ ബഹുമാനിച്ചു. അത്തരം സ്ഥാനപ്രതികകം മാഡംക്യൂറിയുടെ മേശപ്പുറത്തു് ഡസൻ കണക്കിനാണു് വന്നുവീണുകൊണ്ടിരുന്നതു്. പക്ഷേ, അതെല്ലാം വല്ലേടത്തും പ്രദർശിപ്പിക്കാനോ, അവയുടെ ഒരു ലിസ്റ്റു് തയ്യാറാക്കിവയ്ക്കുവാനോ ഒന്നും അമ്മഹതി കൂട്ടാക്കിയില്ല. സ്വീഡനിലെ രാസപരിഷത്തു് 1911–ൽ 'രസതന്ത്രം' (Chemistry) സംബന്ധിച്ചുള്ള നോബൽസമ്മാനം ആക്കാണു് നല്കേണ്ടതെന്നു് പരിശോധിച്ചതിൽ, മാഡംക്യൂറിതന്നെയാണു് അതിനു് സർവ്വഥാ അർഹയായിക്കണ്ടതു്. ഒരു വ്യക്തിക്കുതന്നെ രണ്ടുപ്രാവശ്യം നോബൽസമ്മാനം കിട്ടുകയെന്നതു് ഒരു അസാധാരണസംഭവംതന്നെയായിരുന്നു. 'സേവയും കാല്പചിട്ടത്തവും' കൊണ്ടു് എന്തെങ്കിലും സ്ഥാനമാനങ്ങൾ തേടിനടക്കുന്നകൂട്ടത്തിലായിരുന്നില്ലല്ലോ മാഡംക്യൂറി. സ്ഥാനങ്ങളും സമ്മാനങ്ങളും അവളറിയാതെതന്നെ വന്നുചേരുകയായിരുന്നു. ത്യാഗപൂർണ്ണമായ സേവനത്തിനും യഥാർത്ഥയോഗ്യതയ്ക്കും ന്യായമായി ലഭിക്കേണ്ടുന്ന ഒരു അഭിനന്ദനം മാത്രമായിരുന്നു അതു്. നോബൽസമ്മാനം വാങ്ങുവാനായി സ്റ്റോക്കു്ഹോമിലേയ്ക്കു് വീണ്ടും പുറപ്പെടണമെന്നുള്ള ക്ഷണം കിട്ടിയപ്പോൾ, മാഡംക്യൂറി വലിയ ക്ഷീണത്തിലും സുഖക്കുറവിലും ഇരിക്കുകയായിരുന്നു. സഹോദരി ബ്രോണിയായേയും കൂട്ടിക്കൊണ്ടാണു്

അവർ ഇത്തവണ യാത്രചെയ്തതു്. കുട്ടിക്കാലത്തു് ഉപരിപഠനത്തിന്നായി പരസ്പരം തുണച്ചും പ്രോത്സാഹിപ്പിച്ചും പോന്നിരുന്ന ആ സഹോദരികൾ രണ്ടുപേരും ജീവിതയാത്രയിൽ പണ്ടേ കൂട്ടുകാരാണല്ലോ. ദിഗന്തവിശ്രുതയായിത്തീർന്ന ആ കൊച്ചുസഹോദരിക്കു് നോബൽസമ്മാനം നല്കുന്ന പരിഷത്സമ്മേളനത്തിൽ പങ്കെടുക്കുവാൻ സാധിച്ചതു് ജ്യേഷ്ഠത്തിയായ ബ്രോണിയാ വലിയൊരഭിമാനമായിത്തന്നെ കരുതിയിരിക്കണം. മാഡംക്യൂറിയുടെ മൂത്ത പുത്രിയായ ഐറിനും കൂടെപ്പോയിരുന്നു. അമ്മയ്ക്കു സമ്മാനം നല്കിയ അന്നത്തെ വിദ്വത്സമ്മേളനത്തിന്റെ വട്ടങ്ങളെല്ലാം ഉറ്റുനോക്കിക്കൊണ്ടിരുന്ന ആ കൊച്ചുകുമാരി, ഇരുപത്തിനാലുകൊല്ലം കഴിഞ്ഞപ്പോൾ അതേസദസ്സിൽ വെച്ചു് അതേ വിഷയത്തിൽത്തന്നെ നോബൽസമ്മാനം വാങ്ങുകയുണ്ടായി! സ്റ്റോക്കു്ഹോമിൽചെന്നു്.നോബൽസമ്മാനം വാങ്ങുന്നതു് ക്യൂറിക്കുടുംബത്തിലെ ഒരു പാരമ്പര്യമായിത്തീർന്നുവെന്നു് പറയാം. കലയിലും ശാസ്ത്രത്തിലും പിതാക്കളുടെ കാലടിപ്പാടുകളെ അനുധാവനംചെയ്യുന്ന കുഞ്ഞുങ്ങളാണു് കുടുംബത്തിൽ അമ്മാതിരി പാരമ്പര്യം സൃഷ്ടിക്കുന്നതു്.

വിദേശങ്ങളിൽ മാഡംക്യൂറിയുടെ പ്രസിദ്ധി

വർദ്ധിക്കുന്തോറും, ഫ്രാൻസിൽ റേഡിയത്തെ സംബന്ധിക്കുന്ന ശാസ്ത്രശാഖയ്ക്ക് ശവമ്മെന്നിൽനിന്നും മറ്റുമുള്ള പ്രോത്സാഹനവും വർദ്ധിച്ചുകൊണ്ടിരുന്നു. പിയർക്യൂറിയേസംബന്ധിച്ചിടത്തോളം കേവലം ഒരു സപ്പന്വിഷയമായിക്കലാശിച്ചതും, എന്നാൽ ഭർത്താവിന്റെ സ്മരണയെ നിലനിർത്തുവാനായി മാഡംക്യൂറി സ്വാത്മനാ നേടിവെച്ചിരുന്നതുമായ 'റേഡിയം ഇൻസ്റ്റിറ്റ്യൂട്ട്' ഒരു യാഥാർത്ഥ്യമായിപ്പരിണമിച്ചു. സോർബോൺസർവ്വകലാശാലയും, പാസ്ച്യൂർ ഇൻസ്റ്റിട്ട്യൂട്ടുമാണ് അക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചതു്. ആസ്ഥാപനത്തിനുള്ള സ്ഥലംതന്നെ, പിയർക്യൂറിയുടെ പേരിനോടനുബന്ധിച്ചു് "Ru Pierre Curie" എന്നു് ആദ്യമേ നാമകരണം ചെയ്യപ്പെട്ടു. ഇൻസ്റ്റിട്ട്യൂട്ടിന്റെ നിർമ്മാണജോലി കയ്യേറ്റതു നാനോ (Nenot) എന്ന ശില്പിവര്യനായിരുന്നു. 1911-ൽ കെട്ടിടത്തിന്റെ പണി ആരംഭിച്ചു. സ്ഥാപനം രണ്ടു വിഭാഗങ്ങളായിട്ടായിരുന്നു. റേഡിയവും അതിന്റെ വികിരണപ്രവർത്തനവും സംബന്ധിച്ചുള്ള ശവേഷണത്തിനായുദ്ദേശിക്കപ്പെട്ടിരിക്കുന്ന ലാബ്രട്ടറിയാണു് ഒരു വിഭാഗം; അതിന്റെ മേൽനോട്ടം മാഡംക്യൂറിക്കായിരുന്നു. ജീവികളുടെമേൽ റേഡിയം പ്രയോഗിക്കുന്നതു് സംബന്ധിച്ചുള്ള ചികിത്സാശവേഷണത്തിനാണു് രണ്ടാത്തെ വിഭാഗം;

റേഡിയം ഇൻസ്റ്റിട്ട്യൂട്ട്

ഒരു പ്രസിദ്ധ ഭിഷഗ്വരനായ പ്രൊഫസ്സർ ക്ലാവ്ഡ് റെഗൗഡ് (Professor Claude Regaud) ആയിരുന്നു അതിന്റെ നിയന്ത്രണം നിർവ്വഹിച്ചതു്.

റേഡിയം ഇൻസ്റ്റിട്ട്യൂട്ടിന്റെ നിർമ്മാണം പൂർത്തിയായതു് 1914 ജൂലായിമാസത്തിലായിരുന്നു. അകാലവാർദ്ധക്യം ഭവിച്ചു് അലസ്യശാസ്ത്രത്തിന്റെ ക്ഷേത്രം ത്തിലാണ്ടുമുങ്ങിയിരുന്ന മാഡംക്യൂറി, തന്റെ ആയുഷ്കാല ചിന്താവിഷയമായ ആ സ്ഥാപനം പൂർത്തിയായിക്കണ്ടപ്പോൾ അനുഭവിച്ച ആനന്ദം എത്രയെന്നു് ഊഹിച്ചുകൊള്ളുകയേ വേണ്ടൂ. ആ മഹാസ്ഥാപനത്തിന്റെ നാമധേയം അതിന്റെ മുൻഭാഗത്തുതന്നെ കല്ലിൽ ഉല്ലേഖനം ചെയ്തിരുന്നു. 'Institut Du Radium, Pavillon Curie' — എന്നുള്ള ആ മുഖരേഖയിൽ പരിശോഭിക്കുന്ന 'ക്യൂറി' എന്ന പദം എന്തെന്തു വികാരങ്ങളോടുകൂടിയാവാം, ഭർത്തൃഭക്തയായ മാഡംക്യൂറി വായിച്ചിരിക്കുക! ഭർത്താവിന്റെ സ്മരണയ്ക്കും, സർവ്വോപരി, ലോകത്തിന്റെ ശാശ്വതോപകാരത്തിന്നുമായി ആ സാധ്വി നേർന്നിരുന്ന ഒരു വലിയ കാര്യം നിറവേറിക്കണ്ടതിൽ അവർക്കുണ്ടായ നിർവൃതി നിസ്സീമമായിരുന്നു. ഇമ്മാതിരി ലാബറട്ടറികളുടെ പ്രാധാന്യത്തെക്കുറിച്ചു് ലൂയി പാസ്ച്യർ എന്ന ഫ്രഞ്ചു ശാസ്ത്രജ്ഞൻ (Louis Pastuer 1822—95) പറഞ്ഞിട്ടുള്ള ഏതാനും വാക്കുകൾ മാഡംക്യൂറി ഈ അവസരത്തിൽ അനുസ്മരി

ച്ചതായിക്കാണുന്നുണ്ട്. വിശ്വവിശ്രുതനായ ആ ശാസ്ത്രകാരൻ ഇതുപോലെതന്നെ ഏറ്റെടുത്തിയ 'പാസ്ച്ചർ ഇൻസ്റ്റിട്യൂട്ട്', മാഡംക്യൂറിയുടെ താല്പര്യപ്രകാരമുള്ള പുതിയ സ്ഥാപനത്തിന്റെ കായ്ത്തിൽ മുന്നിട്ട പ്രവർത്തിച്ചതുകൊണ്ടും, ആ ശാസ്ത്രജ്ഞൻതന്നെ സോർബോൺസർവ്വകലാശാലയിലെ പൂർവ്വസൂരികളിൽ ഒരുവനായിരുന്നതുകൊണ്ടുമാവാം, മാഡംക്യൂറി മേൽപറഞ്ഞ അവസരത്തിൽ അദ്ദേഹത്തിന്റെ വാക്കുകൾ പ്രത്യേകം സ്മരിച്ചതു്. ശാസ്ത്രീയഗവേഷണത്തിനുവേണ്ടിയുള്ള ലാബറട്ടറികളേക്കുറിച്ചു് ലൂയിപാസ്ച്ചർ സന്തം നാട്ടുകാരായ ഫ്രഞ്ചുകാരോടുപറഞ്ഞ ആ വാക്കുകൾ, ഉല്ലംഘിച്ചുയുള്ള ഏതു നാട്ടുകാരും അറിഞ്ഞിരിക്കേണ്ടതാകുന്നു. അതിലെ ഒരു ഘട്ടത്തിന്റെ സാരം ഇവിടെ ഉദ്ധരിക്കാം:

"മനുഷ്യവർഗ്ഗത്തിനുപയോഗപ്രദങ്ങളായ വിജയങ്ങൾ നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്നുവെങ്കിൽ—അത്ഭുതകരങ്ങളായ ശാസ്ത്രീയകണ്ടുപിടിത്തങ്ങളെ പുരോഗമിപ്പിക്കുന്നതിൽ നിങ്ങളുടെ മാതൃരാജ്യം വഹിക്കേണ്ട ഓഹരിയേക്കുറിച്ചു് നിങ്ങൾ അഭിമാനിക്കുന്നുവെങ്കിൽ—ഞാൻ നിങ്ങളോടുപറയുന്നു, ശാസ്ത്രത്തിന്റെ പരിശുദ്ധ സങ്കേതങ്ങളായ ലാബറട്ടറികളെ നിങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നു്. നിങ്ങൾ അവയുടെ സംഖ്യ വർദ്ധിപ്പിക്കുകയും അവയെ അലങ്കരിക്കുകയും ചെയ്യുവിൻ. അവ ക്ഷേമത്തി

ന്റേയും മൈശ്വത്തിന്റേയും ക്ഷേത്രങ്ങളത്രെ. മർത്ത്യവംശം കൂടുതൽ കൂടുതൽ വികാസവും ശക്തിയും ശുദ്ധിയും പ്രാപിക്കാനുള്ള സ്ഥലം അതാകുന്നു. പ്രകൃതിയുടെ പ്രവർത്തനങ്ങളിൽനിന്നു് മനുഷ്യർ പുരോഗതിയേയും സാവ്വത്രികൈക്യത്തേയും കുറിച്ചുള്ള പാഠങ്ങൾ പഠിക്കേണ്ട സ്ഥലവും അത്രേ—ലൂയി പാസ്ച്യൂറിന്റെ വികാരനിർഭരമായ ഈ പ്രശംസയെ തികച്ചും അർഹിക്കുന്ന ഒരു സ്ഥാപനമാണു് മാഡംക്യൂറിയുടെ നേതൃത്വത്തിൽ സംസ്ഥാപിതമായ 'റേഡിയം ഇൻസ്റ്റിറ്റ്യൂട്ട്'. ശാസ്ത്രത്തിന്റെ ഒരു മഹാക്ഷേത്രംതന്നെയായിട്ടാണു് ആ മഹതി അതിനെ കരുതിയതു്. മക്കൾക്കുപോലും കൊടുക്കാതെ താൻ കരുതിവെച്ചിരുന്ന റേഡിയം ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു് മാഡംക്യൂറി പിന്നെയും ശാസ്ത്രത്തെ ഉപാസിക്കുവാനും ലോകത്തെ സേവിക്കുവാനും ഉറച്ചു.

ലോകമഹായുദ്ധത്തിൽ

'റേഡിയം ഇൻസ്റ്റിറ്റ്യൂട്ട്' 1914-ൽ സൂര്യപ്രകാശം കണ്ടുവെങ്കിലും, അതേ കൊല്ലത്തിൽത്തന്നെ ആരംഭിച്ച ഒന്നാം ലോകമഹായുദ്ധം അതിന്റെ പ്രവർത്തനത്തിനു് ഒരു പ്രതിബന്ധമായിത്തീർന്നു. മാഡംക്യൂറിയ്ക്കു്, വേണമെങ്കിൽ, ജോലിയിൽ നിന്നെല്ലാം വ്രമിച്ചു് സ്വല്പം വിശ്രമിക്കാൻ അന്നു വിരോധമുണ്ടായിരുന്നില്ല. പക്ഷേ, ആ വിശ്വമഹാവിപത്തിന്നിടയ്ക്കു് അങ്ങനെ അടങ്ങിയിരിക്കുവാനല്ലാ,

അവശം മുതിന്നതു്. ആളുകളെ കൊല്ലുന്ന യുദ്ധത്തിൽ, ആളുകളെ രക്ഷിക്കുന്ന ജോലിയും ധാരാളം ആവശ്യമാണല്ലോ. ജീവകാരുണ്യപരമായ ആ സേവനത്തിൽ തന്റെ സമയവും ശാസ്ത്രപരിചയവും വിനിയോഗിക്കുവാൻ കഥാനായിക തീച്ചയാക്കി. യുദ്ധരംഗത്തും മറ്റുമുള്ള ആസ്പത്രികളിൽ അക്കാലത്തു് 'എക്സ്റേ'യ്ക്കുള്ള സജ്ജീകരണമുണ്ടായിരുന്നില്ല. മാഡംകൂറി ചുരുങ്ങിയസമയത്തിനകം ആസ്പത്രികളിലെല്ലാം 'എക്സ്റേ' ഉപകരണങ്ങൾഏർപ്പെടുത്തി. മുറിവേറ്റവരെ യുദ്ധരംഗത്തുനിന്നു കൊണ്ടുപോരുന്ന ആംബുലൻസു് വാഹനങ്ങളിലും, എക്സ്റേ സജ്ജീകരണം ഒഴിച്ചുകൂടാത്ത ഒരാവശ്യമാണെന്നവന്നപ്പോൾ, അതിനും മാഡംകൂറി എന്തെങ്കിലും എളുപ്പത്തിൽ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിച്ചു. ഒരു സാധാരണ കാറിൽ 'എക്സ്റേ' ഉപകരണംഘടിപ്പിക്കുകയും കാറിന്റെ യന്ത്രംകൊണ്ടുതന്നെ നടത്തത്തക്കവണ്ണം 'ഡൈനാമൊ' ഘടിപ്പിച്ചുതോടെ, ഒന്നാമത്തെ 'റേഡിയോളൊജിക്കൽകാർ' നടപ്പായി! ഫ്രഞ്ചുവനിതാസംഘത്തിന്റെ ധനസഹായംകൊണ്ടു് മാഡംകൂറി തയ്യാറാക്കിപ്രദർശിപ്പിച്ച ഈ നവീന വാഹനം, വൈദ്യതൽപരകക്ഷി ലഭിക്കാത്തിടത്തും 'എക്സ്റേ' പ്രയോഗം സാദ്ധ്യമാക്കിത്തീർത്തു. 'റേഡിയോളൊജിക്കൽ കാർ' 'റേഡിയോളൊജിക്കൽ സ്റ്റേഷൻ' എന്നിങ്ങനെ യുദ്ധക്കാലത്തു് അത്യന്തം പ്രയോജനകരങ്ങളായിത്തീർന്ന പുതിയ ഏർപ്പാടുകളി

ലെല്ലാം മാഡംകൂറിയുടെ കയ്യുണ്ടായിരുന്നു. അവ നടപ്പിൽവരുത്തുവാൻ പറഞ്ഞിയ ആളുകളെ പരിശീലിപ്പിച്ചു വിട്ടിരുന്നതും മറ്റാരുമായിരുന്നില്ല. നേഴ്സുമാക്കും മറ്റും 'റേഡിയോളൊജി'യിൽ അത്യന്താപേക്ഷിതമായ പരിശീലനം നല്കുന്നതിനു് മാഡംകൂറി പ്രത്യേക ക്ലാസ്സുകളും നടത്തിയിരുന്നു. ആസ്പത്രികളിലെ ആവശ്യത്തിനു് പുതിയ പുതിയ ഉപകരണങ്ങളും ഉണ്ടാക്കിക്കൊടുക്കാനും അവർ ഉറച്ചു പരിശ്രമിച്ചു. ചുരുക്കിപ്പറഞ്ഞാൽ, ആളുകളെ കൊന്നൊടുക്കാനുള്ള ആ യുദ്ധത്തിൽ, ആളുകളെ രക്ഷപ്പെടുത്തുവാൻ ക്ലേശിക്കുകയായിരുന്നു നമ്മുടെ കഥാനായിക!

ജർമ്മൻപട പാരീസിലേയ്ക്കു് പാഞ്ഞെത്തുമെന്നുള്ള ഘട്ടമായപ്പോൾ, മാഡംകൂറി അവിടെനിന്നു് മാറണമെന്നു് പലരും ഉപദേശിച്ചുകൊണ്ടിരുന്നു. പുത്രിമാർ, ഏതായാലും, ബ്രിട്ടാനിയയ്ക്കു് നിയായിലേയ്ക്കു് സ്ഥലം മാറിക്കഴിഞ്ഞിരുന്നു. ശത്രുസൈന്യം പാരീസിൽ കടന്നാൽ, മാഡംകൂറി അപ്പോൾ ജോലി ചെയ്തിരുന്ന വൈദ്യവകുപ്പുകളും താവളം മാറിപ്പിടിക്കുമെന്നുള്ള ധിക്കായി. എന്നാൽ എന്തുവന്നാലും, തന്റെ "റേഡിയം ഇൻസ്റ്റിട്യൂട്ട്" വിട്ടുംവെച്ചു പോകുവാൻ മാഡംകൂറി തയ്യാറുണ്ടായിരുന്നില്ല. ആ പുണ്യക്ഷേത്രം ശത്രുഭടന്മാർ കൊള്ളചെയ്യാനിടവന്നാലത്തെ കഥ ചിന്തിക്കുമ്പോൾ അവളുടെ ഉള്ളുനീ

കയായിരുന്നു. "ഞാൻ ഇവിടെയുണ്ടെങ്കിൽ, ഒരു പക്ഷേ, ജർമ്മൻകാർ ഇവിടം കൊള്ളചെയ്കയില്ല" എന്നു് ആശ്വസിക്കുവാൻ മാഡംകൂറി ശ്രമിച്ചുനോക്കി. എന്നാൽ, അതിൽ ഒരുറപ്പും തോന്നിയില്ല. ലോകത്തിന്റെ സംസ്കാരസമ്പത്തെല്ലാം ചുട്ടു ചാമ്പലാക്കുവാൻ വെമ്പുന്ന ആ സംഗരത്തിൽ, ശാസ്ത്രത്തോടും മറ്റുമുള്ള മതിപ്പുമൂലം ആര്, ആരെ ആദരിക്കുവാൻപോകുന്നു! ആപത്തിന്റെ മുമ്പിലാണു് തന്റെ നിലയെന്നു് മാഡംകൂറി മനസ്സിലാക്കി. കുട്ടിക്കാലംമുതല്ക്കു അവളിൽ ഒളിഞ്ഞുകിടന്നിരുന്ന ക്ഷാത്രവീര്യം വെളിപ്പെട്ടതു് ആ ഘട്ടത്തിലായിരുന്നു. പ്രാണൻ വെടിയേണ്ടിവന്നാലും ശരി, തന്റെ റേഡിയംസ്ഥാപനത്തെ, ആളൊഴിഞ്ഞ ഒരു താവളമായി ശത്രുക്കൾക്കു് വിട്ടുകൊടുക്കുക സാദ്ധ്യമല്ലെന്നു് മാഡംകൂറി തീരുമാനിച്ചു. ഭയം ശത്രുവിനെ ധൈര്യപ്പെടുത്തുമെന്നും, പലായനം പരാജയത്തെ ത്വരിതപ്പെടുത്തുമെന്നുമായിരുന്ന ആ മഹതിയുടെ അഭിപ്രായം.

XIII

അമ്മേരിക്കയിൽ

1396

1918-ൽ ലോകമഹായുദ്ധം അവസാനിച്ചപ്പോൾ, റേഡിയം ഇൻസ്റ്റിട്യൂട്ടിന്റെ പ്രവർത്തനം മുറയ്ക്കു് ഉജ്ജീവിപ്പിച്ചെടുത്തുവാൻ മാഡംക്യൂറിക്കു് സാധിച്ചു. യുദ്ധംമൂലം മുടങ്ങിപ്പോയ ഗവേഷണപരിപാടികളും, യുദ്ധക്കാലത്തു് തുടങ്ങാനിടയായ ജീവകാരുണ്യപരങ്ങളായ ശാസ്ത്രീയജോലികളുമെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടായിരുന്നു, റേഡിയം ഇൻസ്റ്റിട്യൂട്ടിന്റെ പിന്നത്തെ പ്രവർത്തനം. ആ സ്ഥാപനം ശാസ്ത്രത്തിന്റെ ഒരു കേളീരംഗമായിത്തീർന്നു. മാഡംക്യൂറി പുതിയ പുതിയ ഗവേഷണങ്ങളിൽ വ്യാപൃതയായി. യുദ്ധവിമുക്തമായ ഭൂമുഖത്തോടൊപ്പം അവളുടെ മനസ്സും തെളിഞ്ഞു. ഉത്സാഹം വർദ്ധിച്ചു.

കാണ്മാൻ കൊതിച്ചവർ

അതിനകം മാഡംക്യൂറിയെ ഒരു നോക്കുകാണ്മാനും, ആ മഹതിയുടെ ഒരു വാക്കു കേൾക്കാനും, തരമുണ്ടെങ്കിൽ ആ ശാസ്ത്രജ്ഞയുടെ ഒരു കയ്യൊപ്പോ കായിതമോ കിട്ടുവാനും കൊതിച്ചുകൊണ്ടു് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്രപേരാണു് അക്ഷമരായിക്കഴിഞ്ഞിരുന്നെതന്നു് അറിയാമോ? റേഡിയത്തെപ്പോലെ ആക്ഷം പിടിക്കൊടുക്കാതെ വല്ല

കീടനിലും മറഞ്ഞു കിടക്കുന്ന പ്രകൃതിയാണല്ലോ ആ മഹിളാരത്നത്തിനും ഉണ്ടായിരുന്നതു്. അതിനാൽ മാഡംകൂറിയെ കണ്ടുകൂടുവാൻ പണിതന്നേയായിരുന്നു. ന്യൂയോർക്കിലെ ഒരു സുപ്രസിദ്ധ പത്രപ്രവർത്തകയായിരുന്ന മിസ്സിസ് വില്ല്യം ബ്രൗൺ മെലോണി ആ ഒരു കാര്യത്തിനുവേണ്ടിത്തന്നെ ശ്രമിച്ചുതുടങ്ങിയിട്ടു് കാലം കുറേയായി. "സ്ത്രീത്വത്തിന്റെ അത്യുന്നതനിദർശനം"മായിട്ടാണു് ("The highest vision of womanhood") ആ മഹതി മാഡംകൂറിയെ സ്മരിക്കുകയും നമിക്കുകയും ചെയ്തിരുന്നതു്. തന്റെ ആരാധനാപാത്രത്തെ ഒരു കണ്ണു കാണ്മാൻ കൊതിച്ചു് മിസ്സിസ് മെലോണി എഴുതിയ കത്തുകൾ പലതിനും മറുപടികിട്ടാതെ പോകയായിരുന്നു പതിവു്. ഒടുവിൽ അവർ ഒരു കത്തെഴുതി: "ഭവതിയെ ഞാൻ ഇരുപതുകൊല്ലമായിട്ടു് ബഹുമാനിച്ചുപോരുന്നു; ഏതാനും നിമിഷനേരം ഒന്നു കാണ്മാൻ എന്നെ അനുവദിച്ചാലും"—ഹൃദയസ്പർശകമായ ഈ വാക്കുകളെ ചെറുത്തുനില്ക്കുവാൻ മാഡംകൂറിക്കു സാധിച്ചില്ല.

ആ മഹതിയുടെ സന്ദർശനം

1920 മേയ് മാസത്തിലെ ഒരു സുപ്രഭാതം. അമ്മേരിക്കയിൽനിന്നു് മാഡംകൂറിയെ കാണ്മാനെത്തിയിരുന്ന മിസ്സിസ് മെലോണി, സന്ദർശനസമയം പാത്തു് 'റേഡിയം ഇൻസ്റ്റിട്യൂട്ടി'ലെ സന്ദർശകമുറിയിൽ അക്ഷമയായി കഴിച്ചുകൂട്ടുകയായിരുന്നു. ഏതു മഹാരഥന്മാരുടെ മുമ്പിലും ചെന്നു് നിർഭയം ചോദ്യങ്ങൾ ചോദിച്ചും വാ

ത്തകം ശേഖരിച്ചും നല്ല പരിചയമുള്ള ആ പത്രാധിപയ്ക്ക് അന്നു് ആകപ്പാടെ ഒരു പകപ്പുണ്ടായിരുന്നതെന്നു് അവർതന്നെ പിന്നീടു് എഴുതിയിട്ടുണ്ടു്. സന്ദർശനം അനുവദിച്ചിരുന്ന വിവരം മാഡം കൂറി മറന്നുപോയിരിക്കുമോ എന്നു് അവിടെയുണ്ടായിരുന്ന ഒരു പരിചാരികയോടു് അവർ ഇടയ്ക്കു് ചോദിക്കുകയുണ്ടായി. മറുപടിയൊന്നും പറഞ്ഞിരുന്നില്ല. സന്ദർശനം യഥാസമയം നടന്നു. അതിനേക്കുറിച്ചു് മിസ്സിസ് മെലോണിതന്നെ രേഖപ്പെടുത്തിയിട്ടുള്ള വിവരണം ഇവിടെ ഉദ്ധരിക്കാം:

"വാതിൽ തുറന്നു. കറുപ്പുനിറത്തിലുള്ള പഞ്ഞിവസ്ത്രം ധരിച്ചു്, വിളർത്തു ശോഷിച്ച ഒരു സ്ത്രീയെയാണു് ഞാൻ കണ്ടതു്". ഞാൻ ജീവിതത്തിൽ ദർശിച്ചിട്ടുള്ളതിൽവെച്ചു് ഏറ്റവും ദുഃഖഭാവമുള്ള ഒരു മുഖം. കാരുണ്യവും സഹനവും സൌന്ദര്യവും നിഴലിച്ചിരുന്ന ആ വദനത്തിൽ, മറവു കായ്ക്കുകളിലുള്ള വിരക്തിയെ വിളിച്ചറിയിക്കുന്ന വിജ്ഞാനവാസനയാണു് തുളുമ്പിനിന്നതു്. ഞാൻ ആ ശാസ്ത്രജ്ഞയുടെ സമയം നഷ്ടപ്പെടുത്തുന്നല്ലോ എന്നാണു് എനിക്കു പെട്ടെന്നുണ്ടായ വിചാരം.

"അവരേക്കാൾ പകപ്പു് എനിക്കായിരുന്നു. ഇങ്ങനെയുള്ള സന്ദർശനവേളകളിൽ വേണ്ടുവോളം ചോദ്യങ്ങൾ ചോദിച്ചു് വിവരങ്ങൾ ശേഖരിക്കുന്ന ജോലിയിൽ എനിക്കു് ഇരുപതുകൊല്ലത്തെ പരിചയമുണ്ടു്. പക്ഷേ, കറുപ്പുവസ്ത്രമണിഞ്ഞുവന്ന പ്രശാ

ന്തമതിയായ ആ മഹതിയോട് ഒരൊറ്റച്ചോദ്യം പോലും ചോദിക്കാൻ ഞാനാളായില്ല. അമ്മേരിക്കൻ വനിതകളം സുപ്രസിദ്ധയായ ആ രാസ്ത്രജ്ഞയുടെ ജോലിയിൽ വളരെ താല്പര്യപ്പെട്ടിരിക്കയാണെന്നു പറയുവാൻ ഞാൻ ശ്രമിച്ചുനോക്കി. അപ്പോഴും, അവളുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതിനേപ്പറ്റി മാപ്പപേക്ഷിക്കുവാനാണ് എനിക്കു തോന്നിയതു്. എന്റെ പരിഭ്രമം കണ്ടിട്ട് എന്നെ സമാധാനിപ്പിക്കാൻവേണ്ടി, മാഡംക്യൂറി അമ്മേരിക്കയേക്കുറിച്ച് സാസാരിക്കുവാൻ തുടങ്ങി.

"അമ്മേരിക്കയിൽ ഏതാണ്ടു് അമ്പതു് ഗ്രാം റേഡിയമാണുള്ളതു്."—മാഡംക്യൂറി പറഞ്ഞു: 'അവയിൽ നാലുഗ്രാം ബാൾട്ടിമൂറിൽ, ആറു ഗ്രാം ഡെൻവെറിൽ, ഏഴു ഗ്രാം ന്യൂയോർക്കിൽ—ഇങ്ങനെ അമ്മേരിക്കയിൽ റേഡിയത്തിന്റെ ഓരോ തരിയും ഇന്നിന്ന സ്ഥലത്താണിരിക്കുന്നതെന്നു് ആ മഹതി കൃത്യമായി പറഞ്ഞു.

"ഫ്രാൻസിലോ?"—എന്നു് ഞാൻ ചോദിച്ചു.

"എന്റെ ലാബറട്ടറിയിൽ കഷ്ടിച്ചു് ഒരു ഗ്രാം മാത്രമേയുള്ളൂ"

"ഭവതിക്കു് ഒരു ഗ്രാം മാത്രമേയുള്ളോ?" ഞാൻ ആശ്ചര്യപ്പെട്ടു.

"എനിക്കോ? ഓ, എനിക്കൊന്നുമില്ല. ഒരു ഗ്രാം ഉണ്ടെന്നുപറഞ്ഞതു് എന്റെ ലാബറട്ടറിക്കാണു്"—മാഡംക്യൂറി കടന്നുപറഞ്ഞു.

റേഡിയത്തിന്റെ അവകാശം സ്വന്തം പേരിൽ വെച്ചിരുന്നുവെങ്കിൽ എത്രയോ വലിയൊരു സമ്പാദ്യം ഉണ്ടാക്കുമായിരുന്നുവെന്നു് ഞാൻ ചൂണ്ടിക്കാണിച്ചു. അതിനു് മാഡംക്യൂറി പറഞ്ഞ ശാന്തമായ മറുപടി ഇതായിരുന്നു:

"റേഡിയം ആരുടേയും സമ്പാദ്യത്തിനുള്ളതല്ല. അതു് ഒരു മൂലധാതുവാണു്. അതു് എല്ലാവർക്കുംകൂടിയുള്ളതത്രെ.

"ഞാൻ ഉടനെ ചോദിച്ചു: ലോകം മുഴുവനിലുംനിന്നു് ഒരു സാധനം തെരിഞ്ഞെടുക്കാമെന്നുവന്നാൽ ഭവതി എന്തായിരിക്കും സ്വീകരിക്കുക?

"എന്റെ ഗവേഷണം തുടർന്നുകൊണ്ടുപോകുവാൻ എനിക്കു് ഒരു ഗ്രാം റേഡിയം വേണം. പക്ഷേ, അതു് വാങ്ങുവാൻ എനിക്കു് ശക്തിയില്ല."

മാഡംക്യൂറിയുടെ ഈ മറുപടി കേട്ടപ്പോൾ മിസ്സിസ് മെലോണിക്കു് പെട്ടെന്നൊരു പ്ലാൻ തോന്നി—അമേരിക്കൻ വനിതകളുടെ പേരിൽ ഒരു ഗ്രാം റേഡിയം മാഡംക്യൂറിക്കു് സമ്മാനിക്കുവനായി ശ്രമിച്ചാലെന്തെന്നു്! അവർ ആ ഉദ്ദേശ്യം ഉള്ളിൽ പിടിച്ചു. ലോകസേവനം ചെയ്യുന്ന ഒരു വ്യക്തിയേയോ സ്ഥാപനത്തേയോ സഹായിക്കണമെന്നു് അവർക്കൊക്കെ അങ്ങനെയൊന്നുതോന്നിയാൽ പിന്നെ അതു് നടപ്പിൽ വരുത്തിയേ അവരടങ്ങൂ. അമേരിക്കയിൽ തിരിച്ചെത്തിയ ഉടനെ

റേഡിയം സമ്മാനം

മിസ്സിസ് മെലോണി അവിടത്തെ വനിതകളുടെ പേരിൽ ഒരു പണപ്പിരിവാരംഭിച്ചു. ഒരു ഗ്രാം റേഡിയം വാങ്ങാനുള്ള വകയുണ്ടാക്കുക അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. എങ്കിലും ഒരാണ്ടിനകം അതുസംബന്ധിച്ചുള്ള സകല ഏർപ്പാടുകളും അമ്മേരിക്കൻ വനിതകൾ ചെയ്തുകഴിഞ്ഞു "നിങ്ങൾക്ക് ആവശ്യമുള്ള ഒരു ഗ്രാം റേഡിയം വാങ്ങാനുള്ള പണം തയ്യാറായിരിക്കുന്നു. ആ റേഡിയം ഞങ്ങളുടെ സമ്മാനമായി സ്വീകരിക്കണം"—എന്നു് മിസ്സിസ് മെലോണിയുടെ കത്തുകിട്ടിയപ്പോൾ മാഡംക്യൂറി അത്ഭുതപ്പെട്ടിരിക്കാം!

ഈ സമ്മാനദാനംപ്രമാണിച്ചു്, എതായാലും മാഡംക്യൂറിയെ അമ്മേരിക്കയിലേയ്ക്കു് ഒന്നാനയിക്കണമെന്നു് അവിടത്തെ വനിതകൾ നിശ്ചയിച്ചു. എന്നാൽ നമ്മുടെ കഥാനായിക പെട്ടെന്നു് വഴിപ്പെട്ടില്ല. ആഡംബരത്തിന്റെ കൂത്തരങ്ങായ ആ നാട്ടിൽച്ചെന്നു് പരസ്യമായ ഒരു സ്വീകരണത്തിനു നിന്നുകൊടുക്കുന്ന സംഗതി ഓർത്തപ്പോൾ മാഡംക്യൂറിവല്ലാതെ ഭയപ്പെട്ടു. ഓരോ കാരണം പറഞ്ഞു് യാത്ര ഒഴിച്ചുവയ്ക്കുവാൻ അവർ ശ്രമിച്ചു. പക്ഷേ, മിസ്സിസ് മെലോണി വിട്ടില്ല—മാഡംക്യൂറി പറഞ്ഞ ഒഴികഴിവുകൾക്കെല്ലാം പഴുതടച്ചുകൊണ്ടായിരുന്നു ആ മഹതിയുടെ മറുപടി. അവരുടെ ഒരു കത്തു് ഇങ്ങനെയായിരുന്നു. "പുത്രിമാരെ പിരിഞ്ഞുപോരാൻ തരമില്ലെന്നു് നിങ്ങൾ പറ

യുന്നു. ഞങ്ങൾ പുതിമാരേയും ക്ഷണിച്ചുകൊള്ളുന്നു. പിന്നെ, ആഘോഷങ്ങൾ നിങ്ങളെ വിഷമിപ്പിക്കുമെന്നല്ലേ? സ്വീകരണപരിപാടികൾ എത്രയും മിതപ്പെടുത്തി, ആ വിഷമവും ഞങ്ങൾ പരിഹരിക്കാം. വരണം! യാത്ര നിങ്ങൾക്കെത്രയും സുഖകരമായിരിക്കാൻ വേണ്ടതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം. ഞങ്ങൾ സമ്മാനിക്കുവാൻപോകുന്ന ആ ഒരു ഗ്രാം റേഡിയം അമ്മേരിക്കൻ പ്രസിഡണ്ടുതന്നെ വൈറ്റ് ഹൗസിൽവെച്ച് നിങ്ങളുടെ കയ്യിൽ സമർപ്പിക്കുകയും ചെയ്യും".

അത്ര സൌഹാർദ്ദനിർഭരമായ ഒരു ക്ഷണം നിരസിക്കുവാൻ മാഡംക്യൂറിക്ക് സാധിച്ചില്ല. അമ്മേരിക്കയിലേയ്ക്ക് പുറപ്പെടാമെന്ന് ആ മഹതി ഒടുവിൽ സമ്മതിച്ചു. പുതിമാർ രണ്ടുപേരും അമ്മയുടെകൂടെ പോകുവാൻ തയ്യാറായി. അമ്പത്തിനാലു വയസ്സുചെന്ന ക്ഷീണഗാത്രയായ മാഡംക്യൂറി വലിയ ആശങ്കയോടുകൂടിയാണ് ദീർഘമായ ആ സഞ്ചാരത്തിനൊരുമ്പെട്ടതു്. 'ഒലിമ്പിക്' എന്ന കപ്പലിലായിരുന്നു യാത്ര. കപ്പലിലുള്ള മറ്റു യാത്രക്കാരുടെ കണ്ണിൽപ്പെടാതെ കഴിച്ചുകൂട്ടുവാനുള്ള കായ്ത്തിൽമാത്രമേ കഥാനായികയ്ക്ക് ബുദ്ധിമുട്ടുണ്ടായുള്ളൂ. ദിഗന്തവിശ്രുതയായ മാഡംക്യൂറി ആ കപ്പലിലുണ്ടെന്നറിഞ്ഞ കൂട്ടയാത്രക്കാരുണ്ടോ, ആ മഹതിയെ ഒരുനോക്കു കാണ്മാൻ കൈവന്ന സുവർണ്ണസ

ങ്ങൾ നഷ്ടപ്പെട്ടത്തുന്നു? എന്നേരവും മുറിയിൽത്തന്നെ അടച്ചുപൂട്ടിയിരുന്നു് ആ ശല്യം കഴിയുന്നതും ഒഴിക്കുവാൻ മാഡംകൂറി ശ്രമിച്ചു.

കപ്പൽ നൃയോക്കു തുറമുഖത്തടുക്കാറായി. സമ്പൽസമൃദ്ധവും വ്യാപാരബഹുലവുമായ ആ മഹാനഗരത്തിന്റെ തലപ്പൊക്കവും ഗാംഭീര്യവും ദൂരത്തുനിന്നു കണ്ടപ്പോൾത്തന്നെ മാഡംകൂറിയുടെ തല കറങ്ങിത്തുടങ്ങി. അവിടത്തെ ആഡംബരബഹളത്തിൽനിന്നു് എങ്ങനെ രക്ഷപ്പെടുമെന്നായിരുന്നു അവളുടെ ഭയം. കപ്പൽ തുറമുഖത്തടുത്തപ്പോൾ, സന്ദേഹം പൂർത്തിയായി. ആ ലോകമഹാരാജ്ഞിയെ കാണ്മാൻ കടല്പാലത്തിന്മേൽത്തന്നെ ഒരു വലിയ ജനസഞ്ചയം തടിച്ചുകൂടിയിരുന്നു. പത്രപ്രവർത്തകന്മാർ, ഫോട്ടോഗ്രഫർമാർ, ചലച്ചിത്രനിർമ്മാതാക്കൾ തുടങ്ങിയായി ഒരു പരപ്പാളകം കപ്പലിലേയ്ക്കു തള്ളിക്കയറിക്കഴിഞ്ഞു. ആ കൂട്ടരെയായിരുന്നു മാഡംകൂറിക്കു് അധികം ഭയം! മിസ്സിസ് മെലോണി മാദ്ധ്യസ്ഥം പറഞ്ഞു് കൂഥാനായികയെ കപ്പലിന്റെ മുകൾത്തട്ടിൽത്തന്നെ ഒരു കൈക്കസേരയിൽ പിടിച്ചിരുത്തിയതോടെ, പടമെടുക്കുന്ന തിടുക്കമായി. "മാഡംകൂറി, ഇങ്ങോട്ടുനോക്കു!....തല വലത്തോട്ടു തിരിക്കണം....ഇടത്തോട്ടു ചരിക്കണം... മാഡം, ഇവി

അതിരിക്കയിൽ

ടെ....ഇങ്ങോട്ട്....ഇങ്ങോട്ട്....ഒരിക്കൽക്കൂടി!'—എന്നിങ്ങനെ ഓരോ ഫോട്ടോഗ്രാഫരുടേയും വരുതിക്കു് വഴങ്ങിവഴങ്ങി നമ്മുടെ കഥാനായിക കഴങ്ങി. നാല്പതോളം ഛായാഗ്രാഹിയന്ത്രങ്ങളും ചലച്ചിത്രഗ്രാഹികളുമാണു് അവിടെ അണിനിരത്തിയിരുന്നതു്. ജീവിതത്തിൽ ഒരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്തതും അനുവദിക്കാതിരുന്നതുമായ ഒരു ശല്യം അപ്പോൾ മാഡംകൃറി അനുഭവിച്ചു.

സചീകരണം സംബന്ധിച്ചുള്ള ആഡംബരങ്ങളൊന്നും പിടിച്ചപിടിയിൽ നിന്നില്ല; അമ്മേരിക്കൻ ജനതയ്ക്കു് സഹജമായുള്ള ആത്മാർത്ഥതയുടേയും ഔദാര്യത്തിന്റേയും വഴിക്കുതന്നെ അവ പൊയ്ക്കൊണ്ടിരുന്നു. മാഡംകൃറിയുടെ ആഗമനത്തെ വടക്കേ അമ്മേരിക്കാവൻകര മുഴുവനും ഒരു മഹോത്സവംപോലെ കൊണ്ടാടുകയായി. ആഘോഷവട്ടങ്ങൾക്കിടയ്ക്കു് കഥാനായികയുടെ നോട്ടം, സയ്ൻസ് കലാശാലകൾ, റേഡിയം നിർമ്മാണശാലകൾ, ലാബറട്ടികൾ മുതലായ സ്ഥാപനങ്ങളിന്മേലായിരുന്നുവെന്നുമാത്രം. ആവക സ്ഥാപനങ്ങൾ കഴിയുന്നതു സന്ദർശിക്കുവാനും പല സംഗതികൾ പഠിക്കുവാനും പഠിപ്പിക്കുവാനും നമ്മുടെ ശാസ്ത്രജ്ഞ ഈ അവസരം വിനിയോഗിച്ചു. അമ്മേരിക്കൻ വനിതകളുടെ സംഭാവനയായ ഒരു ഗ്രാം റേഡിയം, മുൻനിശ്ചയമനുസരിച്ചു്, വൈറ്റ് ഹൌസ്സിൽവെച്ചു്

അമ്മേരിക്കൻ പ്രസിഡണ്ടുതന്നെ മാഡംക്യൂറിയുടെ കൈയിൽ സാഘോഷം സമർപ്പിക്കുകയും ചെയ്തു. പ്രസിഡണ്ട് ഹാർഡിങ്ങ് ആയിരുന്നു അന്നത്തെ ഭരണാധ്യക്ഷൻ. എട്ടുകൊല്ലം കഴിഞ്ഞു് 1929-ൽ വാർസായിലെ റേഡിയം ഇൻസ്റ്റിട്ട്യൂട്ടിനുവേണ്ടി പ്രസിഡണ്ട് ഹൂവറും ഇതുപോലൊരു സംഭാവന—50,000 ഡോളർ—മാഡംക്യൂറിയുടെ കൈയിൽ സമർപ്പിച്ചതായിക്കാണുന്നുണ്ട്. പക്ഷേ ആ ദൃത്തെ ഈ റേഡിയംസമ്മാനത്തിനേറെയും, അതു് സമർപ്പിച്ച സന്ദ്രദായത്തിനേറെയും മാറൊന്നു വേറെതന്നെയായിരുന്നു.

സ്ത്രീകരണങ്ങളും സല്ക്കാരങ്ങളും സന്ദർശനങ്ങളുംകൊണ്ടു് വളരെ ക്ഷീണിച്ചാണു് കഥാനായിക അമ്മേരിക്കയിൽനിന്നു് മടങ്ങിയതു്. എങ്കിലും ഈ പര്യടനം ആകപ്പാടെ സന്തോഷപ്രദമായിരുന്നു. ഫ്രാൻസിനും പോളണ്ടിനും അമ്മേരിക്കയോടുള്ള സൗഹൃദബന്ധം ദൃഢീകരിക്കുന്നതിനും, റേഡിയംശാസ്ത്രശാഖയുടെ നേക്കു് അമ്മേരിക്കരുടെ അനുഭാവം നേടുന്നതിനും ഇടവന്നതിൽ മാഡംക്യൂറിക്കു് വലിയ ചാരിതാർത്ഥ്യം തോന്നി. തന്റെ ശാസ്ത്രീയഗവേഷണത്തിനുള്ള സംഭാവനയായി ഒരു ഗ്രാം റേഡിയം നല്കിയതിൽ അവർക്കു് അമ്മേരിക്കൻ വനിതകളുടെപേരിൽ അത്യധികം കൃതജ്ഞതയും ഉണ്ടായിരുന്നു.

എന്നാൽ ഈ ഒരു തരി റേഡിയത്തിനുവേണ്ടി ഉദാരമതികളായ അമ്മേരിക്കാക്കാർ അത്ര വലിയ ഒരു പണപ്പിരിവു നടത്തി വിഷമി ക്കുവാനും, അതു് വാങ്ങുവാനായി കഥാനായിക തന്റെ വാങ്മ്കൃ ഘട്ടത്തിൽ അത്ര ദീഘ്ലമായ ഒരു യാത്ര നടത്താനും ഇടവന്നതിനേക്കുറിച്ചു് ചിന്തിക്കുമ്പോൾ, മറുള്ളവക്കുണ്ടാകാവുന്ന മനോവികാരം വേറൊന്നാണു്. റേഡിയം കണ്ടുപിടിച്ച കാലത്തു് ഒരു കടലാസ്സിൽ വെറുതേ ഒരൊപ്പുവെച്ചു് പേയിറൻറു് ഉറപ്പിച്ചിരുന്നുവെങ്കിൽ, ഭ്രമോളത്തെവിടെയുമുണ്ടാക്കുന്ന റേഡിയത്തിന്റെ മേൽ എന്നുമെന്നും ഉടമാവകാശം നടത്താൻ കഴിയുമായിരുന്ന മാഡംക്യൂറിയാണു്, ഒരു ഗ്രാമം റേഡിയം അമ്മേരിക്കരുടെ കയ്യിൽനിന്നു് ദാനമായി സ്വീകരിച്ചു് അവക്കു് കൃപ്പുകൈയോടെ നന്ദിപറഞ്ഞതു്! റേഡിയം ഉണ്ടാക്കാൻ അമ്മേരിക്കരെ പഠിപ്പിച്ചതുതന്നെ ആരാണു്? ഫ്രാൻസിൽ കെല്പർമാനിലെ ചെറുഭവനത്തിൽവെച്ചു് ആ ഞായറാഴ്ച പിയർ ക്യൂറിയും മാഡംക്യൂറിയും തമ്മിൽ നടന്ന സംഭാഷത്തിന്റെ പര്യവസാനം നമുക്കു് ഓർമ്മയില്ലേ? അമ്മേരിക്കയിലും മറുമുള്ള വൻകിട വ്യവസായികൾക്കു് പണം വാരിക്കോരിക്കൊടുവാനിടവരത്തക്കവണ്ണം ക്യൂറിമാർ അന്നു് പരസ്യപ്പെടുത്തിയ നിർദ്ദേശം അനുസരിച്ചുണ്ടാക്കിയ റേഡിയ

വിധി വൈപരീത്യം

ത്തിന്റെ ഒരു തരിയാണ് അമ്മേരിക്കൻ വനിത കളുടെ ഔദാര്യംകൊണ്ട് മാഡംകൂറി ഫ്രാൻസി ലേയ്ക്ക് സംവഹിച്ച ആ വലിയ സമ്മാനം! ആ അമൂല്യദാനം!

മാഡംകൂറിയെ സംബന്ധിച്ചേടത്തോളം, ഇതു് സ്വയംകൃതമായ ഒരു വിധിവൈപരീത്യമായിരുന്നുവല്ലോ. ഓരോ കായ്ം പ്രമാണിച്ച് നമ്മുടെ കഥാനായിക പണത്തിനു ക്ലേശിക്കുമ്പോഴും, റേഡിയത്തിന്റെ അവകാശം പണ്ടേ നഷ്ടപ്പെടുത്തിക്കളഞ്ഞതിനേക്കുറിച്ച് പലരും കുത്തിക്കുത്തിപ്പറയാറുണ്ടായിരുന്നു. ആ അവകാശം കൈവശം വെച്ചിരുന്നുവെങ്കിൽ, ലാബറട്ടറികളും ആസ്പത്രികളുമൊക്കെ ഇഷ്ടംപോലെ സ്ഥാപിക്കുമായിരുന്നില്ലേ എന്നു വരെ ചെല്ലും, മൂക്കിന്മേൽ വിരൽവെച്ച് കഷ്ടം കൂറുന്ന ആ കൂട്ടരുടെ ലോകോപകാരപ്രസക്തി! റേഡിയത്തിന്റെ അവകാശം ലോകത്തിനു വിട്ടുകൊടുത്തതിനേപ്പറ്റി മാഡംകൂറി തന്റെ ജീവിതത്തിൽ ഒരിക്കലും ഖേദിച്ചിരുന്നില്ലെന്നുള്ളതാണ് ആ ത്യാഗത്തിന്റെ അക്ഷയ്യമായ വൈശിഷ്ട്യം. 1921-ൽ അമ്മേരിക്കയിലേയ്ക്കുള്ള സഞ്ചാരംകഴിഞ്ഞു് തിരിച്ചുവന്നശേഷം, കഥാനായിക എഴുതുവാൻ തുടങ്ങിയ ജീവിതക്കുറിപ്പുകളിൽ ഈ സംഗതിയെപ്പറ്റി പ്രത്യേകം ഉപപാദിച്ചിട്ടുണ്ട്. ആ മഹതിയുടെ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം:

"എന്റെ ഒട്ടുവളരെ സുഹൃത്തുക്കൾം തക്ക കാരണത്തോടുകൂടിത്തന്നെ ഒരു സംഗതി ഉന്നിപ്പറയാറുണ്ട്—പിയർകൃറിയും ഞാനും ഞങ്ങളുടെ അവകാശങ്ങൾം പരിരക്ഷിച്ചിരുന്നുവെങ്കിൽ, ഞങ്ങൾക്കിരുവക്കും അനുഭവപ്പെട്ടിരുന്നതും, ഞാൻ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ക്ലേശമൊന്നും കൂടാതെ തൃപ്തികരമായ ഒരു റേഡിയം ഇൻസ്റ്റിട്ട്യൂട്ട് സ്ഥാപിക്കുവാൻ കഴിയുമായിരുന്നു എന്നു്. ഇപ്പറയുന്നതു് ശരിയാണെങ്കിലും, ഞങ്ങൾക്കു് തെറ്റുപററിയിട്ടില്ലെന്നു തന്നേയാണു് ഇപ്പോഴും എന്റെ ബോദ്ധ്യം. സ്വന്തം പ്രയത്നഫലം അതിന്റെ പരമാവധിവരെ കരസ്ഥമാക്കുകയും, മറുള്ളവരുടെ നന്മയെ അവഗണിക്കാതെ സ്വന്തം താല്പര്യങ്ങളെ സംരക്ഷിക്കുകയുംചെയ്യുന്ന പ്രായോഗിക ജ്ഞാനമുള്ള മനുഷ്യരെ ലോകത്തിനാവശ്യമുണ്ടെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ അത്തരം പ്രായോഗിക ബുദ്ധിയില്ലാത്ത ഒരുതരം സ്വപ്നദർശകരേയും ലോകത്തിനാവശ്യമുണ്ടു്—അവർ ഭൗതികമായ സ്വന്തം ലാഭത്തിൽ യാതൊരു ശ്രദ്ധയും ചെലുത്താൻ സാധിക്കാത്തവണ്ണം ഏതെങ്കിലും സംരംഭത്തിന്റെ പുരോഗതിക്കായി അത്യന്തം ഏകാഗ്രവും നിഷ്കാമവുമായ യത്നത്തിൽ ഏർപ്പെട്ടിരിക്കുകയായിരിക്കും. ഈ സ്വപ്നദർശകർ ധനത്തെ മോഹിക്കാത്തതുകൊണ്ടു് അവർ അതിനെ അഹിക്കുന്നില്ലെ

സമുദായത്തിന്റെ കടമ

നുവയ്ക്കുക. എന്നിരുന്നാലും, സുസ്ഥിതമായ ഒരു സമുദായത്തിനു് അവരെ സംബന്ധിച്ചു് ഒരു കടമയുണ്ടു്—ആ പ്രയത്നശാലികൾ ഭൗതികമായ അരിഷ്ടതയിൽ നിന്നൊഴിഞ്ഞുനിന്നു്, തങ്ങളുടെ ജോലികളിൽ നിർബ്ബാധമായ ശ്രദ്ധപതിച്ചു് അവയെ നിറവേറ്റുവാൻ വേണ്ടുന്ന സഹായം അവർക്കു കായ്മായിത്തന്നെ ചെയ്തുകൊടുക്കണമെന്നുള്ളതാണു് ആ കടമ"—നമ്മുടെ കഥാനായികയുടെ ഉള്ളിൽ തട്ടിപ്പുറപ്പെട്ട ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ഉൽകൃഷ്ടമായ പ്രബോധനം സ്പഷ്ടമാണല്ലോ.

ശാസ്ത്രലോകത്തിലെ രാജ്ഞി

അമ്മേരിക്കയിൽ നടത്തിയ പര്യടനത്തിന്നിടയ്ക്കു് മാഡംകൂറിയുടെ വീക്ഷണഗതിയിൽ ഒരു വ്യത്യാസം വന്നുചേർന്നു. വിശ്വവ്യാപകമായിത്തീർന്നുകൊണ്ടിരുന്ന ഒരു പുതിയ ശാസ്ത്രശാഖയുടെ നേതൃത്വമാണു് താൻ വഹിക്കുന്നതെന്നും തന്മൂലം സ്വന്തം ഗവേഷണജോലികളുടെ പരിധിവിട്ടു് പുറത്തേയ്ക്കും തന്റെ നേരിട്ടുള്ള ശ്രദ്ധ ചെന്നെത്തേണ്ടതത്യാവശ്യമാണെന്നും അവർ മനസ്സിലാക്കി. ഈ ഉത്തരവാദിത്വബോധമാണു മറ്റു നാടുകളിൽനിന്നുള്ള ക്ഷണം സ്വീകരിച്ചു് പലേ പര്യടനങ്ങളും നടത്തുവാൻ മാഡംകൂറിയെ പിന്നീടു പ്രേരിപ്പിച്ചതു്. ശാസ്ത്രീയമഹായോഗങ്ങൾ, കലാശാലകളിലെ ആഘോഷങ്ങൾ, ശാസ്ത്രസംബന്ധമായ പ്രസംഗങ്ങൾ, എന്നിങ്ങനെ പല കാര്യങ്ങൾ പ്രമാണിച്ചു് യൂറോപ്പിലെ ഒട്ടുവളരെ

പ്രധാന നഗരങ്ങളും വിജ്ഞാനകേന്ദ്രങ്ങളും നമ്മുടെ ശാസ്ത്രജ്ഞ സന്ദർശിക്കേണ്ടതായിവന്നു. അമ്മേരിക്കയിൽവെച്ചുണ്ടായതുപോലെ, ചെല്ലുന്നേടത്തെല്ലാം നാട്ടുവാഴികളടക്കം സകലമാനജനങ്ങളും ചേർന്ന് രാജകീയമായ സ്വീകരണങ്ങളാണ് മാഡംക്യൂറിക്കു് നല്കിപ്പോന്നിരുന്നതെന്നു പറയാം. "മേരി ഒരു രാജ്ഞിയായിത്തീരുമോ?" എന്നു് കുട്ടിക്കാലത്തു് അവളുടെ ഒരു കളിത്തോഴി ആ വ്യുൽപ്പത്തിക്കുറിയോടുചെയ്ത ചോദ്യം അർത്ഥവത്താക്കിത്തീർത്തതു് ആഘോഷങ്ങളാണ് നാട്ടുതോറും നടന്നുകൊണ്ടിരുന്നതു്. ശാസ്ത്രലോകത്തിൽ മാഡംക്യൂറി ഒരു രാജ്ഞിതന്നെയായിരുന്നു. പരിഷ്കൃതലോകത്തിലെ പൗരസഞ്ചയം കിരീടമില്ലാത്ത ആ രാജ്ഞിയെ നമിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. റേഡിയം പോലെതന്നെ നിറകതിർ വീശിക്കൊണ്ടു് മാഡംക്യൂറിയുടെ നാമധേയം ദിഗന്തങ്ങളോളം പരക്കുകയായി. ചൈനയിൽ ടെയിയുവാൻ-ഫൂ (Taiyuan-fu) എന്ന സ്ഥലത്തു് കൺഫ്യൂഷിയൂസിന്റെ നാമത്തിലുള്ള ഒരു ക്ഷേത്രത്തിൽ, "മാനവസമുദായത്തിന്റെ മഹോപകാരികയ്ക്ക്" എന്ന പേരിൽ പ്രതിഷ്ഠിച്ചിട്ടുള്ള പുരാണചിത്രങ്ങളുടെ കൂട്ടത്തിൽ മാഡംക്യൂറിയുടെ പടംകൂടി സ്ഥലംപിടിച്ചുവെന്നു് പറയുമ്പോൾ, കഥാനായികയുടെ കീർത്തിധാവള്യം എവിടംവരേയെത്തിയെന്നു് നമുക്കു് മനസ്സിലാക്കാമല്ലോ.

വിശ്വവ്യാപകമായ ഈ പ്രസിദ്ധിമൂലം, മാ

ഡംകൃറിയുടെ വിനയശീലത്തിനു് വല്ല വ്യതിയാനവും സംഭവിച്ചുവോ? അവിടെയാണു് എല്ലാം ശാസ്ത്രം ആ സാധുവിയുടെ യഥാർത്ഥമഹത്വം അറിയുന്നതിനു വേണ്ടി പ്രത്യക്ഷമാകുന്നതു്. തനിക്കുസിദ്ധിച്ച ബഹുമതികളേയെല്ലാം ശാസ്ത്രത്തിനു കിട്ടിയ നേട്ടങ്ങളായിട്ടേ ആ ശാസ്ത്രജ്ഞൻ കണക്കാക്കിയുള്ളൂ. "ശാസ്ത്രത്തിൽ ആളു കേറിക്കൂടുകയല്ല, കയ്യുങ്ങളറിക്കാണു് സ്ഥാനം" എന്നു് പണ്ടേ തനിക്കുണ്ടായിരുന്ന അഭിപ്രായം മാഡംകൃറി എന്നും മുറുകെപ്പിടിച്ചുകൊണ്ടിരുന്നു. എന്നാൽ ആളിനെ ഒഴിച്ചുനിർത്തിയിട്ടു് കേവലമായ ശാസ്ത്രത്തെ ആദരിക്കാൻ സാമാന്യലോകത്തിനു സാദ്ധ്യമല്ലെന്നു കണ്ടപ്പോഴാണു്, ആ ശാസ്ത്രജ്ഞൻ വ്യക്തിപരമായ അഭിനന്ദനം സ്വീകരിച്ചു് അതിനെ ശാസ്ത്രത്തിന്റെ പീഠത്തിൽ കയറ്റി വെച്ചതു്. സ്വീകരണാഘോഷങ്ങളേയും പ്രശംസകളേയും കുറിച്ചു് സ്വന്തംനിലയിൽ മാഡംകൃറിക്കുണ്ടായിരുന്ന അഭിപ്രായംകൂടി ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. "എന്റെ പ്രവൃത്തികളെ മഹത്തമങ്ങളെന്നും മറ്റും അവർ പുകഴ്ത്തുന്നതു കേൾക്കുമ്പോൾ, ഞാൻ മരിച്ചുകഴിഞ്ഞുവന്നാണു് തോന്നിപ്പോവുക. ഞാൻ ഇനി ചെയ്യാൻപോകുന്ന വേലകളൊന്നും അവർ അത്ര കണക്കാക്കാൻ ഭാവമില്ലായിരിക്കാം. ഞാൻ മൺമറഞ്ഞു കഴിഞ്ഞാൽ ഭാവുകമാശംസിച്ചു് അവർക്കു് എളുപ്പത്തിൽ സൊല്ലയൊഴിക്കാമായിരുന്നു"—എന്നു് ആ മഹതി പറയാറുണ്ടായിരുന്നു. ഓരോടിക്കിൽ സ്വീകരണപ്രകടനങ്ങൾ പൊടിപാറുമ്പോഴും, "ഏറ്റവും ദുഃഖഭാവമുള്ള" ആ മുഖത്തിനു് മാറ്റമൊന്നും കണ്ടിരുന്നില്ല.

ശാസ്ത്രത്തിന്റെ ആരാധനാക്ഷേത്രമായി മാ
ഡംക്യൂറി കണക്കാക്കിയിരുന്ന റേഡിയം ഇൻസ്റ്റി
ട്യൂട്ടിന്റെ ജോലികൾ പുരോഗമിപ്പി
ദേശീയ പാ ക്കുന്നതിനു വേണ്ട ധനശേഖരംനടത്തു
രിതോഷികം വാനും മറ്റുമായി "ക്യൂറി ഫൌണ്ടേ
ഷൻ" എന്നപേരിൽ ഒരു സ്വതന്ത്ര
സ്ഥാപനം 1920-ൽ സമാരംഭിച്ചിരുന്നു. നമ്മുടെ ക
ഥാനായിക റേഡിയം കണ്ടുപിടിച്ചതിന്റെ രജത
ജൂബിലി കൊണ്ടാടുവാൻ 1923-ൽ പ്രസ്തുത സ്ഥാപ
നം തീർച്ചയാക്കിയപ്പോൾ ഫ്രഞ്ചുഗവമ്മെണ്ടു് ആ
പ്രസ്ഥാനത്തിൽ ഔദ്യോഗികമായിത്തന്നെ സഹ
കരിക്കുകയുണ്ടായി. മാത്രമല്ലാ, മാഡംക്യൂറിക്കു് ഒരു
'ദേശീയപാരിതോഷികം'മായി ('National Re-
compense') പ്രതിവർഷം നാല്പതിനായിരം ഫ്രാങ്കു്
കൊടുത്തുകൊണ്ടിരിക്കണമെന്നും, കഥാനായികയു
ടെ കാലശേഷം ആ പാരിതോഷികം ഐറിനും
ഇവർക്കുംകൂടി നല്കേണ്ടതാണെന്നും പാർലിമെണ്ടിൽ
ഏകകണ്ഠമായ ഒരു തീരുമാനമുണ്ടാവുകയും ചെയ്തു.
ദേശീയപാരിതോഷികം!—അതു് ശാസ്ത്രത്തേയും
കലാവിദ്യകളേയും പരിപോഷിപ്പിക്കുവാൻ പരി
ഷ്കൃതരാജ്യങ്ങൾ നടപ്പാക്കേണ്ടുന്ന ഒരു നല്ല പ്ര
സ്ഥാനമാകുന്നു. റേഡിയം കണ്ടുപിടിച്ചിട്ടു് ഇരുപ
ത്തഞ്ചുകൊല്ലം തികഞ്ഞപ്പോഴെങ്കിലും ഫ്രഞ്ചുഗവ
മ്മെണ്ടു് അങ്ങനെയൊരു പാരിതോഷികംകൊണ്ടു്
ക്യൂറിക്കുടുംബത്തെ ബഹുമാനിച്ചതു് ഉചിതമായി.

XIV

അന്തിമയത്നങ്ങൾ

പ്രയത്നബഹുലമായ ആ ജീവിതം സുഖവുമസുഖവും ഇടകലർന്നങ്ങനെ മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നു. മാഡംകൂറിയുടെ മൂത്തപുത്രിയായ ഐറിൻ, ഫ്രെഡ്രിക്ക് ജോലിയറ്റ് എന്ന ഒരു യുവശാസ്ത്രജ്ഞനുമായി വിവാഹംകഴിച്ച് അമ്മയുടെ അടുക്കൽനിന്നു പിരിഞ്ഞു. ഇളയമകളായ ഈവ് വലിയൊരു സുഖക്കേടുബാധിച്ച് അങ്ങേയറ്റം പറഞ്ഞിയെങ്കിലും ഒടുവിൽ രക്ഷപ്പെട്ടു. അവളാണ് അമ്മയ്ക്കു വേണ്ടുന്ന പരിചര്യകൾ ചെയ്തുപോന്നിരുന്നതും, അമ്മയുടെ ചരിത്രം ഉറക്കെ പഠിച്ചിരുന്നതും. കുടുംബചരിത്രം കുറിച്ചുവയ്ക്കുവാൻ ആ കുഞ്ഞുമകൾ കാണിച്ച സാമർത്ഥ്യംകൊണ്ടല്ലായിരുന്നുവെങ്കിൽ, മാഡംകൂറിയുടെ ജീവചരിത്രവിവരങ്ങൾ പലതും ലോകത്തിനു നഷ്ടപ്പെട്ടുപോകുമായിരുന്നു; അമ്മയുടെ ചരിത്രം എഴുതിത്തന്നേയാണ് ആ മകൾ പിന്നീട് ലോകപ്രസിദ്ധയായിത്തീർന്നതും. നമ്മുടെ കഥാനായിക നാട്ടിൻപുറത്ത് രണ്ടുവീടുകൾ പണികഴിപ്പിക്കുകയുണ്ടായി; അതു പുത്രിമാരുടെ ഭാവിയെക്കരുതിച്ചെയ്ത പ്രവൃത്തിയായിരിക്കണം. പ്രായവും ക്ഷീണവും

വാർദ്ധക്യമായിട്ടും!

വഞ്ചിച്ചിട്ടും സ്വന്തം വിശ്രമത്തിന്റെ കാര്യം ആ മഹതി കൂട്ടാക്കിയിരുന്നില്ല കലശലായ ഒരുവക നേത്രരോഗം മാധംകുറിയെ നേരത്തേതന്നെ പിടികൂടിക്കഴിഞ്ഞിരുന്നു. ആ കാര്യം പുറത്താരുമറിയാതെ കഴിച്ചുകൂട്ടണമെന്നായിരുന്നു അവളുടെ താല്പര്യം. ഏതെങ്കിലും വിധത്തിൽ താൻ ഒരു രോഗിണിയായിത്തീർന്നിരിക്കുന്നുവെന്നു് ലോകർ അറിയുന്നതു്, താൻ കയ്യേറിരിക്കുന്ന ശാസ്ത്രശാഖയുടെ പുരോഗതിക്കു് പ്രതിബന്ധമാകുമെന്നു് മാധംകുറി ഭയപ്പെട്ടിരുന്നുവത്രേ. ഭുവനപ്രസിദ്ധയായ ആ ശാസ്ത്രജ്ഞയുടെ കാഴ്ച നഷ്ടപ്പെട്ടുവാൻ പോകുന്നുവെന്നോ മറേറാ ഒരു വർത്തമാനം പുറപ്പെട്ടാൽ, അതു് ലോകമാസകലം പ്രചരിക്കുമായിരുന്നുവെന്നതു് വാസ്തവംതന്നെ. അതോർത്തിട്ടായിരുന്നു നേത്രരോഗത്തിന്റെ വിവരം മറച്ചുപിടിക്കുവാനുണ്ടായ പരിശ്രമം. കാലം ചെല്ലുന്തോറും മാധംകുറിയുടെ മേൽ പതിഞ്ഞുകൊണ്ടിരുന്ന വാർദ്ധക്യത്തിന്റെ കൈവിരൽപ്പാടുകൾമാത്രം അങ്ങനെ മൂടിപ്പിടിക്കുവാൻ പററിയിരുന്നില്ല എങ്കിലും ആ ശാസ്ത്രജ്ഞയുടെ ജോലിത്തിരക്കും ഉത്സാഹവും കാണുന്നവർക്കു് അതു മനസ്സിലാക്കാൻ പ്രയാസമായിരുന്നു. വയസ്സുപതിന്റെ അരുതികടന്നിട്ടും ആ മഹതിയിൽ കണ്ടിരുന്ന ചുറുചുറുക്കും ചിട്ടയും മനസ്സിലാക്കണമെങ്കിൽ, അന്നത്തെ ദിനചര്യതന്നെ ഇവിടെ സ്വല്പം വിവരിക്കേണ്ടിയിരിക്കുന്നു.

രാവിലെ മണി ഒമ്പതടിക്കുംമുമ്പ് മാഡംക്യൂറി ലാബറട്ടറിയിലേയ്ക്ക് പുറപ്പെടാനുള്ള വട്ടമായി. ഒമ്പതിനു പതിനഞ്ചുമിനിട്ടുള്ളപ്പോഴും ഒരു ചെറിയ കാറ് വീടിന്റെ വാതില്ക്കലെത്തിനില്ക്കും. തൽക്ഷണം ആ കറുത്ത ഉടുപ്പും ധരിച്ച് തൊപ്പിയുമെടുത്ത് ആളിറങ്ങിക്കഴിയും. ഡൈറവറെ അനാവശ്യമായി നിർത്തിത്താമസിപ്പിക്കുന്നതും, ലാബറട്ടറിയിൽ സമയം തെറ്റിച്ചെല്ലുന്നതും ഇഷ്ടമല്ല. റേഡിയംഇൻസ്റ്റിട്യൂട്ടിൽ ഗുരുനാഥ എത്തുമ്പോഴെയ്ക്ക് ശിഷ്യഗണങ്ങളും അവിടെ അണിനിരന്നു തുടങ്ങിയിരിക്കും. ഗവേഷണ ജോലിസംബന്ധിച്ച് അവരിൽ പലക്കും പല സംശയങ്ങളും ചോദിക്കാനുണ്ട്. വഴിതെറ്റിപ്പരീക്ഷണം നടത്തിയവരുടെ പിഴകളും തീർത്ത് അതുകൂടി ആവർത്തിക്കാതിരിക്കാൻവേണ്ട നിർദ്ദേശം നല്കുക മുതലായി പല കാര്യങ്ങളും ആ നിന്ന നിലയിൽത്തന്നെ നിർവ്വഹിച്ചുകൊണ്ടായിരിക്കും ഗുരുനാഥ മുന്നോട്ടുനീങ്ങുക. ഫിസിക്സ്ഹാളിലേയ്ക്കോ, കെമിസ്ട്രിഹാളിലേയ്ക്കോ ഉള്ള ആ നടപ്പിന്നിടയ്ക്കും പല പാഠങ്ങളും നടക്കും. ഹാളിൽ പ്രവേശിച്ചാൽ ശാസ്ത്രീയോപകരണങ്ങളുംകൂടി വെച്ചുകൊണ്ടാകും പാഠങ്ങളുടെ പിന്നത്തെ ഗതി. ശിഷ്യരിൽ ഓരോരുത്തക്കും അന്നത്തെ ഗവേഷണത്തിനുള്ള വകയും വഴിയും നിർദ്ദേശിച്ചുകൊടുത്തിട്ട് മാഡംക്യൂറി സ്വന്തം പരീക്ഷണമുറിയിലേയ്ക്ക് കടക്കും

ലാബറട്ടറിയിലേയ്ക്ക്

കയായി. തലപുകയുവാൻ പററിയ ഗവേഷണങ്ങളം പലതും അവിടെ തുടരുവാൻ കാണും; പോരെങ്കിൽ, ചിലതു് പുതുതായി തുടങ്ങാനുമുണ്ടാവും. നീണ്ടൊരു ഗൗണംധരിച്ചു് മാഡംകൂറി ശാസ്ത്രീയ പരീക്ഷണങ്ങളിൽ നിർല്ലീനയായിക്കഴിയുമ്പോഴായിരിക്കും വാതിലിൽ ഒരു മുട്ടകേൾക്കുക. ഒരു പ്രൊഫസ്സർ എന്തോ ഒരടിയന്തിരപ്രശ്നത്തെപ്പററി ആലോചിക്കാൻ വന്നിരിക്കയാണു്; പിന്നാലെ ഒരു വിദ്യാത്ഥി പിന്നെയുമെന്തോ സംശയം തീക്കാനെത്തിനില്ക്കുന്നു—ഇത്തരം ബുദ്ധിമുട്ടുകളും 'കീറാമുട്ടി'കളും വാതിലിൽ മുറയ്ക്കുങ്ങനെ മുട്ടിക്കൊണ്ടിരിക്കുക പതിവത്രേ.

ആഴ്ചതോറും നടക്കുന്ന സയൻസ് അക്കാഡമിയോഗത്തിലും മാഡംകൂറിക്കു് പിടിപ്പതു പണിയുണ്ടായിരിക്കും. വിദ്യാത്ഥികളം നടത്തുന്ന ഗവേഷണങ്ങളുടെ റിപ്പോർട്ടുകൾ മാഡംകൂറിയുടെ പക്കൽ സമർപ്പിക്കപ്പെടുന്നതു് അന്നാണു്. ആ പ്രബന്ധങ്ങളം ശേഖരിച്ചുകഴിഞ്ഞാൽ ഉടനേ അവയിൽ പലതും പരസ്യമായിത്തന്നെ പരിശോധിക്കുകയായി. ഇങ്ങനെ ചൂണ്ടിക്കാണിച്ചുഭിനന്ദിക്കേണ്ട വിദ്യാത്ഥികളെ അഭിനന്ദിച്ചും, അല്ലാത്തവരെ നിശിതമായി വിമർശിച്ചുംകൊണ്ടായിരിക്കും ആ പരിശോധനയുടെ പോക്കു്. ഭാഷയിലും വിഷയത്തിലും പിററിപ്പോയിട്ടുള്ള തെറുകളെ

വിമർശനരീതി

ഇരുനാഥ തൊട്ടുതൊട്ടു കാണിക്കും; വാചകങ്ങളും പലതും പാടേ മാറിഎഴുതിക്കൊടുക്കും. മാഡംക്യൂറിയുടെ അഭിനന്ദനംപോലെതന്നെ വിമർശനവും ആസ്വാദ്യമായിരിക്കുമെന്നൊരു വിശേഷമുണ്ട്. വിദ്യാർത്ഥികളുടെ ഗുണത്തിനുവേണ്ടി, അവരുടെ ഉള്ളിലേയ്ക്ക് ഇരുനാഥയുടെ വിജ്ഞാനതൃഷ്ണയും ഉത്സാഹവും ആത്മാർത്ഥമായിപ്പകർന്നുകൊടുക്കുന്ന ആ വിമർശനത്തിൽ ആക്ഷേപിപ്രതിപത്തിതോന്നാറില്ല. മാഡംക്യൂറിയുടെ വിദഗ്ധമായ ശിക്ഷണത്തിൽ ആ വിദ്യാർത്ഥികൾ എഴുതിയ ശാസ്ത്രീയോപന്യാസങ്ങൾ പലതും സയൻസിനു നല്ലൊരു നേട്ടമായിത്തീർന്നിട്ടുണ്ട്. വിദ്യാർത്ഥികളോടൊപ്പം അദ്ധ്യാപികയും പ്രബന്ധങ്ങളെഴുതും. അങ്ങനെ എല്ലാവരുംകൂടി എഴുതിക്കൂട്ടിയ 483 പ്രബന്ധങ്ങളുടെ ഒരു കണക്കു പറഞ്ഞുകാണുന്നതിൽ മുപ്പത്തൊന്നെണ്ണം മാഡംക്യൂറിയുടേതായിരുന്നു; വിദ്യാർത്ഥികളുടെ വകയായ ബാക്കി പ്രബന്ധങ്ങളിൽ മുപ്പത്തിനാലെണ്ണംമൂലം ബിരുദങ്ങൾ ലഭിക്കുകയുമുണ്ടായി.

പ്രസംഗജോലി

സയൻസ് അക്കാഡമിയോഗങ്ങൾ സംബന്ധിച്ച് കഥാനായിക വഹിയ്ക്കേണ്ടിയിരുന്ന ജോലിയേക്കുറിച്ചാണല്ലോ നാം പറഞ്ഞുവന്നതു. തികളാഴ്ചയും ബുധനാഴ്ചയും അഞ്ചുമണിയായാൽ മാഡംക്യൂറിക്ക് ക്ലാസിൽ പ്രസംഗിക്കേണ്ട ജോലിയായി. അദ്ധ്യാപനജോലിയിൽ അനേകകൊല്ലത്തെ പരി

ചയവും ആകെ അഞ്ചു ഭാഷകളിൽ പ്രാവീണ്യവുമുള്ള ആ വിദുഷിക്ക് പ്രസംഗം ചെയ്യാൻ പ്രത്യേക ഒരുക്കം ആവശ്യമുണ്ടോ? പോരെങ്കിൽ, റേഡിയം ശാസ്ത്രശാഖയുടെ ഒരു സജീവഗ്രന്ഥശാലതന്നേയാണല്ലോ ആ പണ്ഡിത. അതിനാൽ മാഡംക്യൂറി വെറുംകയ്യോടെ ക്ലാസ്സിൽ കയറിച്ചെന്നു് കണ്ണും പൂട്ടി പ്രസംഗിക്കുമെന്നായിരിക്കും നിങ്ങൾ കരുതുക. ആ ധാരണ ശരിയല്ല. തികച്ചും ഭൗതികനാഗ്നിയും ബുദ്ധനാഗ്നിയും ഉച്ചമുതൽക്കേ ആ അദ്ധ്യാപക മുറി അടച്ചിരുന്നു് പ്രസംഗം തയ്യാറാക്കുകയായിരിക്കും. പ്രസംഗവിഷയം വേണ്ടവിധം വിശകലനം ചെയ്തു് ഒരു വെള്ളക്കടലാസ്സിൽ തലക്കെട്ടുകളും കാര്യങ്ങളും നല്ല കൂറുകക്ഷത്തിൽ കുറിച്ചുവയ്ക്കുകയായിരിക്കും ആദ്യം ചെയ്യുക പിന്നീടു് അവ പറഞ്ഞുഫലിപ്പിക്കേണ്ടതെങ്ങിനെയെന്നു ചിന്തിച്ചുറയ്ക്കും. പ്രസംഗത്തിനുള്ള ഈ ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ആരും മുറിയിൽ കടന്നുചെല്ലുന്നതു് മാഡം ക്യൂറിക്കു് ഇഷ്ടമല്ല മണി നാലരയാകുമ്പോൾ, ലാബറട്ടറിയിൽ നിറുത്തുമായൊന്നു ചുറ്റിനടന്നിട്ടു് അദ്ധ്യാപിക ക്ലാസ്സിലെത്തും. കാര്യത്തിൽത്തന്നെ ആക്കും മനസ്സിലാകും, അത്യന്തം ഉത്തരവാദിത്വമുള്ള ഒരു ജോലിക്കാണു് ആ പുറപ്പാടെന്നു്. ഇരുപതോ മുപ്പതോ വിദ്യാർത്ഥികളുള്ള ക്ലാസ്സിലാണെങ്കിലും മാഡംക്യൂറി ഇങ്ങനെയെല്ലാം ഒരുങ്ങിയിട്ടായിരിക്കും പ്രസംഗിക്കുക. ആ പ്രസംഗങ്ങൾ

തന്നെ പിന്നീട് വിസ്തരിച്ചെഴുതിവയ്ക്കുന്ന പതിവും, തൽപ്രയോജനവും മുമ്പേ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

മേല്പറഞ്ഞ അദ്ധ്യാപനജോലിക്കുപുറമേ, റേഡിയം ഇൻസ്റ്റിട്യൂട്ടിൽ വരുന്ന സന്ദർശകരെ സ്വീകരിക്കേണ്ട ചുമതലയും മാഡംകൂറിയ്ക്കുണ്ടു്. എവിടെനിന്നു് എന്തെല്ലാം പ്രശ്നങ്ങളുമായി ആരൊക്കെയാണു് വരുന്നതെന്നു് ഒരു പിടിയുമുണ്ടാവില്ല. ചൊവ്വാഴ്ചയും വെള്ളിയാഴ്ചയുമാണു് സന്ദർശനത്തിനും അഭിമുഖസംഭാഷണത്തിനും നിശ്ചയിച്ചിരുന്ന ദിവസങ്ങൾ. ഉള്ളതിൽ നല്ലൊരു കറുപ്പുടുപ്പു ധരിച്ചുകൊണ്ടായിരിക്കും, ആ ദിവസങ്ങളിൽ മാഡംകൂറി ലാബറട്ടറിയിലേയ്ക്കു പുറപ്പെടുക. സന്ദർശനാർത്ഥം പല രാജ്യങ്ങളിൽനിന്നും എത്തിയിരിക്കുന്നവരോടു് സിക്രട്ടറി ഒരു കാര്യം നേരത്തെ പറയും: "നിങ്ങൾക്കു് എന്തെങ്കിലും ശാസ്ത്രീയകാര്യങ്ങളേക്കുറിച്ചു് സംസാരിക്കുവാനുണ്ടെങ്കിലേ മാഡംകൂറി സന്ദർശനം അനുവദിക്കൂ. വ്യക്തിപരമായ കാര്യങ്ങൾക്കായി അതും ബുദ്ധിമുട്ടിക്കരുതു്—" കർശനമായ ഈ താക്കീതിൻപടി നടക്കുന്ന സന്ദർശനങ്ങളും സംഭാഷണങ്ങളുംതന്നെ, ശാസ്ത്രജ്ഞയുടെ കണക്കിലധികം ക്ലേശമുണ്ടാക്കുവാൻ മതിയാകും!

സന്ദർശനങ്ങൾ

ഇങ്ങനെ പലതരം ജോലികൾകൊണ്ടു് നട്ടം

തിരിയുന്ന ദിവസങ്ങളിലായിരിക്കും ചിലപ്പോൾ വൈദ്യപരിഷത്തിന്റെ (Academy of Medicine) സമ്മേളനം—ആ യോഗത്തിലും കഥാനായിക പങ്കെടുക്കണം! അറുപതോളം ഭിഷഗ്വരന്മാർ അംഗങ്ങളായുള്ള ആ പരിഷത്തിൽ സ്ത്രീയായിട്ട് മാഡം കൃറി മാത്രമേ ഉണ്ടായിരിക്കൂ. റേഡിയത്തിനു് വൈദ്യവിഷയത്തിലുള്ള ബന്ധംമൂലം വിഷമതമങ്ങളായ പല പുതിയ പ്രശ്നങ്ങൾക്കും പരിഹാരമുപദേശിക്കേണ്ട ചുമതലയായിരിക്കും മാഡംകൃറിയെ അവിടെ അഭിമുഖീകരിക്കുവാൻപോകുന്നതു്. ഏതായാലും, അവിടെയുള്ള പോകുംവഴി തരംകിട്ടിയാൽ നമ്മുടെ കഥാനായിക പൂഞ്ചെന്തയിലോ, ലക്സംബർഗ്ഗ്തോട്ടങ്ങളിലോ ഒന്നിറങ്ങി തന്റെ പ്രിയഭാജനങ്ങളായ പുഷ്പലതാദികളുമായി ഒരു കൂടിക്കാഴ്ചനടത്തും. ലാബറട്ടറിയിലേയും വീട്ടിലേയും ആവശ്യത്തിനു് കുറെ പൂക്കളോ പൂച്ചെടികളോ വാങ്ങി കാറിൽവെച്ചുകൊണ്ടു മാഡംകൃറി ബഹുബഹുപ്പാടിൽ ലക്സംബർഗ്തോട്ടത്തിലേയ്ക്കു തിരിക്കും. ആ ഉദ്യാനത്തിന്റെ ദക്ഷിണോപാന്തത്തിലുള്ള സിംഹപ്രതിമയുടെ മുമ്പിൽ ചെന്നിറങ്ങിയാൽ, അതിനടുത്തു് കളിച്ചുനില്ക്കുന്ന കുട്ടികളുടെ കൂട്ടത്തിലേയ്ക്കായി അവളുടെ നോട്ടം. അപ്പോൾ ഒരു പെൺകുഞ്ഞു് ഓടിക്കളിഞ്ഞുവന്നു് മാഡംകൃറിയേ പിടിക്കുടുന്നതു കാണാം. ഐറിന്റെ മകൾ ഹെലൻ ജോല്ലിയറാ-

വൈദ്യപരിഷത്തിൽ

ണ്ട് കൊഞ്ചിക്കിതച്ചെത്തിയ ആ പിഞ്ചു പെൺകൊടി. പൗത്രിയെ മതിയാവോളം താലോലിച്ചു നില്ക്കാൻ മുത്തശ്ശിക്കു നേരമുണ്ടാവില്ല. അവിടെ നിന്നു് സെനറ്റുമന്ദിരത്തിലെ ഘടികാരത്തിലേയ്ക്കു നോക്കുമ്പോൾ, മൂന്നു മണിക്കു പത്തു മിനിറ്റേയുള്ളു. കൃത്യം മൂന്നുമണിക്കു് വൈദ്യപരിഷത്തിന്റെ യോഗം ആരംഭിക്കും; അതിനുമുമ്പു് മാഡംകൂറി അവിടെ എത്തണം. കുഞ്ഞിനെപ്പിടിച്ചൊരുമ്മവെച്ചിട്ടു് മാതാമഹി വന്നപാടേ മടങ്ങുകയായി. "ഗ്രാമി, എങ്ങോട്ടാണു് പോകുന്നതു്? ഗ്രാമി എന്താണു് എന്നോടുകൂടി താമസിക്കാത്തതു്?"—എന്നൊക്കെ ആ കുഞ്ഞു പല കുശലങ്ങളും വിളിച്ചുപറയുന്നുണ്ടാവും. അതിനെല്ലാം ബാല്യപ്പാടിന്റെ ആംഗ്യംകൊണ്ടുമാത്രം മറുപടി പറഞ്ഞു് മുത്തശ്ശി കാറിൽ കയറി മറയും.

വീട്ടിലെത്തിയതോ?

ഇങ്ങനെ റേഡിയം ഇൻസ്റ്റിട്യൂട്ടിലും, വൈദ്യപരിഷത്തിലുമൊക്കെയായിട്ടു് ഉത്തരവാദപ്പെട്ട പല ജോലികളും കഴിഞ്ഞു് മാഡംകൂറി രാത്രി ഗൃഹത്തിലെത്തുമ്പോൾ എട്ടുമണിയെങ്കിലുമായിക്കാണും. 'ഹാ, എന്തൊരുക്ഷീണം' എന്നു പറഞ്ഞുകൊണ്ടായിരിക്കും മിക്കപ്പോഴും വീട്ടിലേയ്ക്കു കയറുക. മൂന്നു നിലയുള്ള ആ കെട്ടിടത്തിന്റെ മുകൾത്തട്ടിലേയ്ക്കു കയറാൻ മാഡംകൂറിക്കു് അപ്പോൾ ശക്തിയുണ്ടാവില്ല. വന്നപാടേ ഉടുപ്പും തൊപ്പും മാറി, കഴ

ത്തിൽ ഒരു കമ്പിളിക്കഷണവും ചുറ്റി ആവശ്യം താഴത്തുതന്നെ കുറേനേരം കഴിച്ചുകൂട്ടും. അപ്പോൾ ഈവു് തുടങ്ങും ഒരുപദേശം: "അമ്മയുടെ ജോലി വളരെക്കൂട്ടുതലായിപ്പോകുന്നു. അരുപതില്പരം വയസ്സായ ഒരു സ്ത്രീക്കു് ഇങ്ങനെ പത്തും പതിനാലും മണിക്കൂറു് ജോലിചെയ്യുവാൻ സാധിക്കുകയില്ലെന്നു അമ്മതന്നെ മനസ്സിലാക്കേണ്ടതാണു്"—നിങ്ങൾ വിചാരിക്കും, ഈ ഉപദേശംകേട്ടു് മാഡംകൂറി ഉടനെ വിശ്രമിക്കുവാൻ പോകുമെന്നു്. ആ ധാരണയും തെറ്റാണു്. പ്രയത്നം ഒന്നുമാത്രമാണു് വാല്കൃത്തിനും ക്ഷീണത്തിനുമുള്ള പ്രതിവിധിയെന്നു ശഠിക്കുകയും പ്രയത്നത്തെ പ്രാണനേക്കാൾ വിലമതിക്കുകയും ചെയ്യുന്ന ആ അമ്മയുടെ പക്കൽ മകളുടെ ഈ ഉപദേശമൊന്നും ഫലിക്കാൻപോകുന്നില്ല. ആ രാത്രിതന്നെ ചെയ്തീർക്കേണ്ടതായ ഗൌരവപ്പെട്ട ജോലികൾ പലതും ഇനിയും ശേഷിച്ചിട്ടുണ്ടു്.

കതൈടപാടുകൾ

അതാ, ഒരു കുന്നു എഴുത്തുകൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നായി വന്നുകൂടിയിരിക്കുന്നു! അവയിൽ വേണ്ടതിനെല്ലാം മറുപടി തയ്യാറാക്കുവാൻ സെക്രട്ടറിയും എത്തിക്കഴിഞ്ഞു. റേഡിയം ഇൻസ്റ്റിട്ട്യൂട്ടുവക ചില അടിയന്തിരഫയലുകളുമുണ്ടു് അയാളുടെ കൈവശം. ആദ്യം, കത്തുകളുടെ കാര്യത്തിൽത്തന്നെയായി നോട്ടം. കഥാനാഥയുടെ കയ്യൊപ്പും ഛായാപടവും ആവശ്യപ്പെട്ടുന്ന

വെറും കത്തുകൾ സെക്രട്ടറി നേരത്തെ തിരിഞ്ഞു മാറിയിട്ടുണ്ട്. "മാഡംകുറി ചിരായാപടങ്ങളോ കയ്യൊപ്പുകളോ കൊടുക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് അക്കായ്ത്തിൽ മാപ്പുചോദിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു"—എന്നു് അച്ചടിച്ചുവെച്ചിട്ടുള്ള ചുട്ടമറുപടികൊണ്ടു് അക്കായ്യം കലാശിച്ചുവെന്നുവെയ്ക്കുക. എന്നാലും, കായ്മായ അനേകം കത്തുകൾ വേറെയുണ്ടു്. ഗൌരവമേറിയ പല രാസ്ത്രീയ പ്രശ്നങ്ങളെക്കുറിച്ചുള്ള അത്തരം എഴുത്തുകൾക്കു് മാഡംകുറി കണക്കിനു മറുപടിപറഞ്ഞു കൊടുക്കും. രാസ്ത്രീയകായ്ങ്ങളെക്കുറിച്ചുതന്നെ മറ്റൊരുതരം കത്തുകൾ ഉണ്ടാകും—അവ വല്ലകിറുക്കന്മാരൊ കിഞ്ചിജ്ഞന്മാരോ എഴുതിവിടുന്ന വെറും കമ്പങ്ങളായിരിക്കും. മിക്കവാറും മൌനമായിരിക്കും അത്തുകൾക്കുള്ള മറുപടി. ഇനിയും വേറൊരുതരം കത്തുകൾ രോഷിക്കുന്നു—മാഡംകുറിക്കു് എല്ലാത്തരം രോഗങ്ങളും മാറുവാൻ സാധിക്കുമെന്നു വിശ്വസിച്ചു പല മഹാരോഗികൾ എഴുതിവിടുന്ന ദീർഘങ്ങളായ കായിതങ്ങൾ! ദുർഭരായ ആ രോഗികളോടുള്ള അനുകമ്പകൊണ്ടു് അവക്കു് എന്തെങ്കിലും സാന്ത്വം എഴുതി അയയ്ക്കാതെ മാഡംകുറിക്കു സമാധാനമുണ്ടാവില്ല. ഇക്കണ്ട കത്തിടപാടുകൾക്കുറുറംകണ്ടാലും അന്നത്തെ ജോലികഴിഞ്ഞുവോ? റേഡിയം ഇൻസ്റ്റിട്യൂട്ടുവക എസ്റ്റിമേറുകളും ബില്ലുകളും പരിശോധിക്കുവാനിരിക്കുന്നതേയുള്ളു. അതെല്ലാം കഴി

ഞ്ഞു് സിക്കുട്ടറി പിരിയും. ഇനിയെങ്കിലും ആ വൃദ്ധയൊന്നു വിശ്രമിക്കുമോ? പ്രയാസം. മാഡംകൂറി ഇനി ഏറ്റവും കനപ്പെട്ട മറ്റൊരു ജോലിയിലേയ്ക്കാണു് തിരിയുന്നതു്—ഗ്രന്ഥനിർമ്മാണത്തിലേയ്ക്കു്! പല ശാസ്ത്രീയഗ്രന്ഥങ്ങളും പ്രബന്ധങ്ങളും മാത്രമല്ലാ, പിയർകൂറിയുടെ ഒരു ജീവചരിത്രവും എഴുതിത്തീർക്കുവാനുണ്ടു്. ഇങ്ങനെ ഗ്രന്ഥരചനയ്ക്കിരിക്കുന്ന മാഡംകൂറിയുടെ ഉറക്കം എപ്പോഴാണെന്നു് അറിഞ്ഞുകൂടാ. ഏതായാലും, പിറ്റേദിവസം രാവിലെ ഒമ്പതുമണിക്കു പതിവുപോലുള്ള ഉത്സാഹത്തോടുകൂടി ആ മഹതി ലാബറട്ടറിയിലേക്കു് പോകുന്നതു നിങ്ങൾക്കു കാണാം!

* * *

അത്ഭുതകരമാണു് ആ ജീവിതം, അല്ലേ? പക്ഷേ, ഒന്നാണു്: ഇങ്ങനെ അഹോരാത്രം കഠിനയത്നത്തിലേർപ്പെട്ടിരുന്ന ആ മനുഷ്യയന്ത്രം ഇടയ്ക്കിടയ്ക്കു മെന്നുള്ള ഭാവമായി. മാഡംകൂറിക്കു്. നേത്രരോഗത്തിന്റെ ശല്യം നേരത്തേയുണ്ടായിരുന്നതാണല്ലൊ. കണ്ണടച്ചില്ലിന്റെ കനം കൂട്ടിക്കൂട്ടി ആ സുഖക്കേടിങ്ങനെ കൊണ്ടുനടക്കുകയായിരുന്നു. അത്ര കനത്ത ചില്ലുകൾ കൂടക്കൂടെ വാങ്ങുന്നതു പ്രസിദ്ധശാസ്ത്രജ്ഞയായ മാഡംകൂറിയുടെ ആവശ്യത്തിനാണെന്നു കണ്ണടവ്യാപാരിപോലും മനസ്സിലാക്കാതിരിക്കുന്നതിനുവേണ്ടി, മാഡംകൂറി എന്നൊരു മറു

നേത്രരോഗം
മൂർച്ഛിച്ചു

പേരിലാണ് ഈവ് ആ കണ്ണടക്കച്ചവടം നടത്തിയിരുന്നത്. തന്റെ നേത്രരോഗത്തെക്കുറിച്ചുള്ള വിവരം ആരുമറിയരുതെന്നു് മാഡംകൂറിക്കുണ്ടായിരുന്ന നിബ്ബന്ധം അത്ര കലശലായിരുന്നു. ആ മഹതിയുടെ നിബ്ബന്ധശീലങ്ങളിൽ ഇതൊന്നുമാത്രമേ നമുക്കു് മനസ്സിലാക്കാൻ സാധിക്കാതുള്ളു. ഉന്നിവാരങ്ങളായ ചില ഉരിതങ്ങളും മറച്ചുവയ്ക്കാൻ ജീവികൾക്കിങ്ങനെയുണ്ടോ ഒരു വാസനാബലം! അതിമാത്രം നയനസൂക്ഷ്മതയാവശ്യമുള്ള ലാബറട്ടറിജോലി നടത്തുമ്പോൾ സഹപ്രവർത്തകരിൽനിന്നുപോലും ഈ കാഴ്ചക്കുറവിന്റെ കാര്യം മറച്ചുപിടിക്കാൻ കഥാനായിക ശ്രമിച്ചതാണ് കഷ്ടം! ഏറ്റവും അടുത്ത സഹപ്രവർത്തകരിൽ ആരെയെങ്കിലും വാസ്തവസ്ഥിതി സല്പം ധരിപ്പിച്ചിരിക്കുന്നതാണ് നന്നെന്നു് ഈവ് ഒരിക്കൽ ഉപദേശിച്ചു. "എനിക്കു ഇത്ര ഉപയോഗശൂന്യങ്ങളായ നയനങ്ങളാണുള്ളതെന്നു് ആരും മനസ്സിലാക്കേണ്ട" എന്നു് മാഡംകൂറി ആ നിർദ്ദേശത്തെ വിലക്കി. ലാബറട്ടറിയിൽ ഉപയോഗിക്കുന്ന സ്ലൈയിഡുകളിലും മറ്റുമുള്ള സൂക്ഷ്മങ്ങളായ രേഖകൾ ഗ്രഹിക്കുന്നതിനു് അവ ചില പ്രത്യേക നിറങ്ങൾകൊണ്ടടയാളപ്പെടുത്തിവയ്ക്കുക, പ്രസംഗത്തിനുള്ള കുറിപ്പുകൾ വലിയ അക്ഷരങ്ങളിൽ എഴുതി സൂക്ഷിക്കുക—എന്നിങ്ങനെ പല ഉപായങ്ങളും മാഡംകൂറി പ്രയോഗിച്ചുനോക്കി. പരിശോധനയ്ക്കായി വിദ്യാർത്ഥികൾ

കൊണ്ടുചെല്ലുന്ന പടങ്ങളുടേയും മറ്റും സ്വഭാവം, ആദ്യം അവരോടുതന്നെ സൂത്രത്തിൽ ചോദിച്ചു മനസ്സിലാക്കിയിട്ടാണു് അദ്ധ്യാപിക അവയേക്കുറിച്ചു് അഭിപ്രായം രൂപവൽകരിച്ചിരുന്നതു്.

ആകപ്പാടെ കണ്ണുകൾക്കു് കൂടുതൽ ക്ലേശമുണ്ടാക്കി ദീനം വഷളാക്കുന്നതിനേ ഈ ഒളിച്ചുകളി ഉപകരിച്ചുള്ളൂ. രണ്ടു കണ്ണിന്റേയും കാഴ്ച തീരെ നഷ്ടപ്പെട്ട കൂട്ടത്തിലായി. മക്കളാരെങ്കിലും കൈപിടിച്ചു തുണച്ചിട്ടുവേണ്ടിയിരുന്നു, മാഡംകൂറിക്കു് കോവണികയറുവാനും ഇറങ്ങുവാനും! ദീനവിവരം അറിയേണ്ടവരെല്ലാം അറിഞ്ഞു. ശസ്ത്രക്രിയകൾ പലതും നടന്നു. ആദ്യം ആശയൊന്നും കണ്ടിരുന്നില്ല. ഒടുവിൽ, ഒരു അത്ഭുതമെന്നോണം, മാഡംകൂറിക്കു് കാഴ്ച വീണ്ടും ലഭിച്ചു! അന്നു് കഥാനായികയ്ക്കു് അമ്പത്തിമൂന്നുവയസ്സു കഴിഞ്ഞിരുന്നു. കാഴ്ച ലഭിക്കേണ്ടതാമസം, മാഡംകൂറി പതിവുപോലുള്ള ജോലികളെല്ലാം പൂർവ്വാധികം ഉത്സാഹത്തോടുകൂടി തുടരുകയായി! വീണ്ടും സൂര്യപ്രകാശം കാണ്മാനും, ലാബറട്ടറിയിലെ ശാസ്ത്രീയോപകരണങ്ങൾ കണിശമായി കൈപ്പെരുമാറ്റം ചെയ്യാനും, തോട്ടത്തിൽ വിടരുന്ന പൂക്കളുടെ നിറവും ഭംഗിയും ഗ്രഹിക്കുവാനും സാധിച്ചതിൽ മാഡംകൂറി അനുഭവിച്ച ആനന്ദം അപാരമായിരുന്നു. മറ്റൊരു ജന്മം ജനിച്ചപോലെ, ആ മഹതി 'തിമിര'ത്തിന്റെ ദാസ്യം തട്ടിമാറ്റി 'കിരണ'ത്തിന്റെ വാഴ്ച കയ്യേറ്റു!

കാഴ്ചക്കുറവുമൂലം ഇടക്കാലത്തുണ്ടായ അവരോധ
യിൽനിന്നു് കഥാനായികയ്ക്കു്, വേണമെങ്കിൽ ഒരു
പാഠം പഠിക്കാമായിരുന്നു—മേലാലെ
വീണ്ടും കഠിനങ്കിലും വിശ്രമത്തിന്റെ കായ്പും വിസ്മ
യത്തിൽ! രിക്കരുതെന്നു്! നേത്രരോഗത്തെത്തുട
ന്നു് ഒരു കയ്യിന്മേൽ വാതത്തിന്റെ
ഉപദ്രവം തുടങ്ങിയതും, വിശ്രമത്തിന്റെ ആവശ്യം
വിളിച്ചറിയിക്കുന്ന ഒരു താക്കീതായിരുന്നു പക്ഷേ,
ഇതെല്ലാം വിശ്രമത്തിന്നല്ലാ, കൂടുതൽ പരിശ്രമത്തി
ന്നാണു് മാഡംകൂറിയെ പ്രേരിപ്പിച്ചതു്. "എനി
ക്കിനി അധികംകാലം ജീവിക്കാനാവില്ലെന്നു് തെ
ളിഞ്ഞിരിക്കുന്നു....എന്റെ കാലശേഷം റേഡിയം
ഇൻസ്റ്റിട്ട്യൂട്ടിന്റെ സ്ഥിതിയെന്തായിത്തീരും?....എ
നിക്കു ചെയ്തീർക്കാനുള്ള കായ്ങ്ങളം മുഴമിപ്പിക്കു
വാൻ സാധിക്കുമോ?"—എന്നിങ്ങനെ നെടുനിശ്വാ
സത്തിൽ പൊതിഞ്ഞ ചില വാക്കുകളം കഥാനാ
യിക ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. പക്ഷേ, അ
തും പറഞ്ഞു് നിരാശപ്പൂണ്ടു് കട്ടിലിൽ മൂടിപ്പുതച്ചു
കിടക്കുവാനല്ലാ, അവരം മുതിർന്നതു്; ചെയ്തീർക്കു
വാനുള്ള ഉപരിഗവേഷണങ്ങളും മറവു ജോലികളും
ത്വരിതപ്പെടുത്തുവാനായിരുന്നു ശ്രമം. വികിരണ
ശാസ്ത്രശാഖയുടെ വളർച്ചയ്ക്കുവേണ്ടി, അസംസ്കൃത
ലോഷ്ടങ്ങളം വമ്പിച്ചതോതിൽ ശുദ്ധിചെയ്തെടുക്കുന്ന
തിനു് ഒരു ഫാക്ടറിതന്നെ പുതുതായി സ്ഥാപിക്കപ്പെ
ട്ടു. 'പൊളോണിയം' 'ആക്ടീനിയം' മുതലായവയെ
സംബന്ധിച്ചുള്ള ഉപരിഗവേഷണങ്ങളിൽ മാഡം

കൂറി ഉറക്കപരിശ്രമിച്ചു. അത്യന്തം ക്ലേശകരങ്ങളായിരുന്ന ആ ഗവേഷണങ്ങൾകൊണ്ടുദ്ദേശിച്ച ഫലം കാണാതെവന്ന ചില ഘട്ടങ്ങളിൽ, "പൊളോണിയത്തിനു് എന്നോടെന്തോ ഒരു വലിയ വിരോധം"—എന്നും മറ്റും മാഡംകൂറി തനിയേ ഇരുന്നു് പിറുപിറുക്കാറുണ്ടായിരുന്നു. എന്നിട്ടും പിടിച്ചുപിടി വിടാതെ, റേഡിയത്തിലും പൊളോണിയത്തിലും ആക്ടീനിയത്തിലും ആൽഫാ രശ്മികളിലുമൊക്കെയായിട്ടു് ഗവേഷണങ്ങൾ പലതും പൊടിപൂരമായിത്തന്നെ നടത്തി. മാത്രമോ? ഈ പ്രായോഗിക പരീക്ഷണങ്ങൾക്കെല്ലാംപുറമേ, ശാസ്ത്രസാഹിത്യത്തിലേയ്ക്കു് തന്റെ വിലപ്പെട്ട സംഭാവനയായിക്കരുതിവെച്ചിരുന്ന ഒരു മഹാഗ്രന്ഥം എഴുതിത്തീർക്കുന്ന ജോലിയും മാഡംകൂറി അതിശീഘ്രത്തിൽ നിർവ്വഹിക്കുകയായി. വാതവും വാല്ക്യവുമൊന്നും വകവയ്ക്കാതെ ഇക്കണ്ട ജോലികളിലെല്ലാം മൂന്നാലുകൊല്ലം പിന്നെയും മുഴുകിക്കഴിഞ്ഞിരുന്ന കഥാനായികയുടെ ഭാവിയേക്കുറിച്ചു് വായനക്കാർക്കുള്ള ഉല്ക്കണ്ഠ വർദ്ധിക്കുന്നുണ്ടാവും!

ഇനിയെങ്കിലും വിശ്രമത്തിനു് ഭാവമുണ്ടോ?

ഇതുവരെ സൂചിപ്പിച്ച രോഗങ്ങൾക്കു പുറമേ മറ്റൊരു മഹാശല്യംകൂടി മാഡംകൂറിക്കുനേരെ വിശ്രമത്തിനു ഭാവപ്പെട്ടുതുടങ്ങി. രോഗപരിശ്രാന്തിക്കായി അവർ ലോകത്തിനു് പ്രദാനം ചെയ്ത റേഡിയംതന്നെ അവളുടെ ആ രോഗശരീരത്തെ ഹനിച്ചുകൊണ്ടിരിക്കുകയായിരുന്നു! റേ

ഭാവമുണ്ടോ?

ഡിയം രശ്മികൾ തട്ടിയിട്ടുണ്ടായ ചില വ്രണങ്ങൾ അവളുടെ കൈകളിലും മറ്റും പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. രക്തപ്രസാദം അനുദിനം ക്ഷയിച്ചുകൊണ്ടിരുന്നു. റേഡിയം കൈപ്പെരുമാറ്റം ചെയ്യുന്നവരുടെ ദേഹത്തിൽ അതിന്റെ രശ്മികൾ കടന്നുകൂടി ഉപദ്രവം ചെയ്യാതിരിക്കാൻവേണ്ട പ്രതിവിധികളും നിബന്ധനകളും മാഡംക്യൂറി തന്റെ ലാബറട്ടറിയിൽ ഏർപ്പെടുത്തിയിരുന്നുവെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ പണ്ടത്തെ ആ പഴയ ഷെഡ്ഡിൽ വെച്ചു് പിച്ചു്ബ്ലെൻഡ് കീടൻ ഉരുക്കിത്തെളിക്കാൻ തുടങ്ങിയ കാലംമുതൽ മുപ്പത്തഞ്ചു കൊല്ലമായി റേഡിയത്തിൽ കിടന്നുരുണ്ടിരുന്ന കഥാനായികയുണ്ടോ, പുതിയ പ്രതിവിധികളും നിബന്ധനകളും സ്വന്തംകായ്ത്തിൽ ഉപയോഗപ്പെടുത്തുവാൻ ഉത്സാഹിക്കുന്നു? അഥവാ അങ്ങനെ ചെയ്താലുമുണ്ടോ ഫലമുണ്ടാവാൻ പോകുന്നു?

റേഡിയം ഇൻസ്റ്റിട്ട്യൂട്ടിൽ ജോലിചെയ്യുന്നവരുടെ രക്തം അപ്പോഴപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കണമെന്നുള്ള നിബന്ധനപോലും മിക്കവാറും ലംഘനംകൊണ്ടേ മാഡംക്യൂറി ആദരിക്കാറുണ്ടായിരുന്നുള്ളൂ. റേഡിയത്തിന്നുപുറമേ, യുദ്ധക്കാലത്തു് നാലുകൊല്ലം 'എക്സ്'റേ'യുമായി നടത്തിയ കൂട്ടിപ്പിടുത്തവും നമ്മുടെ കഥാനായികയുടെ ആരോഗ്യത്തിനു് വലിയ ദോഷംചെയ്തിരുന്നു. അവയെല്ലാം വൈദ്യപരിശോധനകൊണ്ടു് വെളിപ്പെട്ടാൽ, താൻ

ചെയ്തീക്കുവാനുത്സാഹിക്കുന്ന ശാസ്ത്രീയജോലിക
ൾക്കു് അത്യുത്സുകനായേക്കുമെന്നു് മാഡംകൂറി ഭ
യപ്പെട്ടിരിക്കാം. സയൻസിനും ലോകസേവനത്തി
നുംവേണ്ടി ഇങ്ങനെ രക്തസാക്ഷ്യം വഹിക്കാൻ ഉ
ഴിഞ്ഞിട്ടു ഒരു ജീവിതമുണ്ടോ! തന്റെ ആരോഗ്യം
ദൈനംദിനം ക്ഷയിച്ചുവരികയാണെന്നു് മാഡംകൂ
റിക്കു് അറിയാമായിരുന്നുവെങ്കിലും, അതിനുമേ
രേവിപരീതമായ ഒരു പ്രതീതി തന്നിലും അന്യരി
ലും ഉളവാക്കുവാനായിരുന്നു അവളുടെ ഉദ്യമം.
1934—ലെ ശൈത്യകാലത്തു് ഇളയപുത്രിയോടൊ
ന്നിച്ചു് വെഴ്സെയിൽസിൽപ്പോയി 'സ്കീയിറ
ങ്ങു്' നടത്തുവാൻ, അരപത്തഞ്ചുകഴിഞ്ഞ ആ വൃദ്ധ
ഒരുമ്പെട്ടുവെന്നു പറയുമ്പോൾ നമുക്കത്ഭുതം തോ
ന്നാം. മെതിയടിയിട്ടു് ഹിമക്കട്ടകളിൽക്കൂടി വഴ
തിയോടുന്ന വിഷമകരമായ ആ വ്യായാമം നടത്തു
വാൻ സാധിച്ചതിൽ മാഡംകൂറിക്കുണ്ടായ സന്തോ
ഷമൊന്നും പറയാനില്ല. ജോലിചെയ്യാൻ ശക്തി
വല്ലതും ശേഷിച്ചിട്ടുണ്ടോ എന്നു് പരീക്ഷിക്കാൻ ത
ന്നേയാവാം, കഥാനായിക വയസ്സുകാലത്തു് ആ
വ്യായാമത്തിനു പുറപ്പെട്ടതു്. ആയിടയ്ക്കു് തന്നെ
ത്താൻ കാറോടിക്കുവാനും ഒരുമ്പെട്ടുകയുണ്ടായി.
മാഡംകൂറി പിന്നെയും ഉത്തരോത്തരം ഉത്സാഹ
ത്തോടുകൂടി ജോലികൾ തുടർന്നുകൊണ്ടിരുന്നു.

ബ്രോണിയാ 1934—ഏപ്രിൽ മാസത്തിൽ

ഈസ്റ്റർ കാലത്തു് സഹോദരിയെ സന്ദർശിക്കുന്നതിനു് സ്വദേശമായ പോളണ്ടിൽനിന്നു് ഒരുല്ലാസയാത്ര പാരീസിലെത്തുകയുണ്ടായി അക്കാലത്തു് പോളണ്ടു് സ്വാതന്ത്ര്യത്തിലെത്തിത്തുടങ്ങിയതിനാൽ, ബ്രോണിയായും ഭർത്താവും അങ്ങോട്ടു താമസം മാറിയിരിക്കയായിരുന്നു. ജ്യേഷ്ഠത്തിയുടെ ഈ സന്ദർശനം എല്ലാവരുംകൂടിയുള്ള ഒരുല്ലാസയാത്രയ്ക്കായി വിനിയോഗിക്കണമെന്നു് മാഡംകൂറി അഗ്രഹിച്ചു. കാർമാർഗ്ഗം തെക്കൻ പ്രദേശങ്ങളിൽ ഒരു പര്യടനം നടത്തുവാനാണു് അവർ പുറപ്പെട്ടതു്. ബാല്യകാലസഖികളായ ആ സഹോദരികൾ ഒന്നുചേർന്നു നടത്തിയ ഈ യാത്ര അത്യന്തം സന്തോഷകരമായിരുന്നുവെങ്കിലും, മാഡംകൂറിക്കു് അതിൽവെച്ചു് വല്ലാതൊരു ജലദോഷം പിടിപെട്ടു. അതുകണ്ടുംവെച്ചു് ബ്രോണിയാ നല്ല മനഃസുഖം തോന്നാതേയാണു് പോളണ്ടിലേയ്ക്കു് തിരിച്ചതു്. വാർസായിലേയ്ക്കുള്ള തീവണ്ടി പുറപ്പെടാറായപ്പോൾ, ആ സഹോദരികൾ പ്ലാറ്റ്ഫാറത്തിൽവെച്ചു് പരസ്പരം ആലിംഗനം ചെയ്തു പിരിഞ്ഞു. ആ യാത്രപറച്ചിലിന്റെ പിന്നിൽ പതുങ്ങിനിന്നിരുന്ന സംഭവവികാസങ്ങൾ അവർ അപ്പോൾ അറിഞ്ഞിരുന്നില്ല!

XV

പര്യവസാനം

മഹത്തായ ഒരു മനുഷ്യപ്രാണൻ അപഹരിക്കപ്പെടുവാനുള്ള മുഹൂർത്തം അടുത്തുതുടങ്ങി. ആ ഉല്ലാസയാത്രയിൽ വെച്ചുകിട്ടിയ ജലമറ്റൊരു യാത്രാദോഷം പനിയായിത്തിരിഞ്ഞു. 'ഇൻഫ്ലുവൻസാ'യാണെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെട്ടതു്; അമ്മാതിരി ഘട്ടങ്ങളിൽ ഡോക്ടർമാർക്കും നോട്ടുപ്പിഴ പറവാൻ വിരോധമില്ല. പനി മാറിയും നീറിയും അങ്ങനെ നീണ്ടുനിന്നു—ഇടയ്ക്കിടെ വിറയലും! സുഖം തോന്നുന്ന ദിവസങ്ങളിൽ മാഡംക്യൂറി ലാബറട്ടറിയിൽപോയി ജോലിചെയ്തുകൊണ്ടിരുന്നു; അല്ലാത്ത ദിവസങ്ങൾ വീട്ടിൽ കഴിച്ചുകൂട്ടിയാലും പുസ്തകമെഴുത്തിലായിരുന്നു ശ്രദ്ധമുഴുവനും. സയൻസിനു കടൽക്കിഴ്പ്പായി സംഭാവനചെയ്യുന്നതിനു താൻ കരുതിവെച്ചിരുന്ന Radioactivity എന്ന മഹാഗ്രന്ഥം ആ ദിവസങ്ങളിൽത്തന്നെ മുഴുമിപ്പിക്കുവാൻ കഥാനായിക ഉറച്ചു പരിശ്രമിക്കുകയും, അതു കുറതീർത്തുവെയ്ക്കുകയും ചെയ്തു. മാഡംക്യൂറിയുടെ തൃ ഗ്രന്ഥമായി അവന്റെ ജോലിയും മുറയ്ക്കുനടത്തിക്കൊണ്ടിരുന്നു!

1934—മെയ് മാസത്തിലൊരു ദിവസം മാഡംക്യൂറി റേഡിയം ഇൻസ്റ്റിട്യൂട്ടിൽചെന്ന്ഫിസിക്സ് ലാബറട്ടറിയിൽ ജോലി ചെയ്യുകൊണ്ടിരിക്കുകയായിരുന്നു. മണിമൂന്നരയായിട്ടും അന്നുതുടങ്ങിയ ജോലി മുഴുമിച്ചിരുന്നില്ല. ജീവിതയജ്ഞത്തിൽ തന്റെ ആയുധങ്ങളായിനിത്യവും കരുതിയിരുന്നശാസ്ത്രീയോപകരണങ്ങളെ ആ ശാസ്ത്രജ്ഞ കടലിയായി കൈപ്പെരുമാറ്റംചെയ്ത ദിവസമായിരുന്നു അത്! ജോലിക്കിടയ്ക്ക് മാഡംക്യൂറി തന്റെ സഹപ്രവർത്തകരോട് എന്തോ ശാസ്ത്രീയസംഗതികളെക്കുറിച്ച് സല്പനേരം സംസാരിച്ചു. "എനിക്കു പനിതോന്നുന്നു—വീട്ടിലേയ്ക്കുപോകണം"—ഇതാണ് ലാബറട്ടറിയിൽവെച്ചു പറഞ്ഞ അന്തിമവചനങ്ങൾ! ഈ വാക്കുകൾ മന്ത്രിച്ചുകൊണ്ട് മാഡംക്യൂറി തന്റെ ശാസ്ത്രസങ്കേതമായ ആ ക്ഷേത്രത്തിൽനിന്നു പതുക്കെ പുറത്തേയ്ക്കിറങ്ങി. എന്നാൽ കാറിൽ കയറുന്നതിനുപകരം നേരേ തോട്ടത്തിലേയ്ക്കാണ് തിരിച്ചതു്. അവിടെ ഒരു റോസച്ചെടി വാടി മുരടിച്ചു നില്ക്കുന്നതു് ശാസ്ത്രജ്ഞയുടെ ദൃഷ്ടിയിൽപ്പെട്ടു. ഉടനെ തോട്ടക്കാരൻ ജോഞ്ഞിനെവിളിച്ചിട്ട്, "ഈ റോസച്ചെടി വാടിനില്ക്കുന്നതു് കണ്ടില്ലേ? ഇപ്പോൾത്തന്നെ അതിന്റെ കായ്ത്തിൽ ശ്രദ്ധിക്കണം"—എന്നു കഥാനായിക ഒരു നിർദ്ദേശംകൊടുത്തു. പനിയാണെന്നും പറഞ്ഞു് ലാബറട്ടറിയിൽനിന്നിറങ്ങിയ ഉടനാണ് തോട്ടത്തിൽകിടന്നു കറങ്ങുന്നതുകണ്ടി

ട്ടു് ഒരു ശിഷ്യൻ അടുത്തുചെന്നു് വീട്ടിലേയ്ക്കു പോകുന്നകാര്യം സന്ന്യാസിയത്തിൽ ഓർമ്മിപ്പിച്ചു. "ജോജോജ്ജേ, ആ റോസച്ചെടിയുടെ കാര്യം മറക്കല്ലേ" എന്നു് വീണ്ടും വിളിച്ചുപറഞ്ഞുകൊണ്ടാണു് മാഡംകൂറി കാറിൽ കയറിയതു്. ഹാ! എന്തൊരു യാത്രപറച്ചിൽ! മാഡംകൂറിയുടെ ഉടലെങ്ങായാലും, ഉയിരു് റേഡിയം ഇൻസ്റ്റിട്യൂട്ടിൽത്തന്നെയായിരുന്നു!

പിടിച്ചുനില്ക്കാനരുതാത്ത നിലയിലെത്തിച്ചേർന്നിരുന്ന ആ മഹതിയുടെ രോഗവും ക്ഷീണവും. ആ പാകത്തിലെത്താതെ കഥാനായികയെ റേഡിയം മുറയ്ക്കൊരു ചികിത്സയ്ക്കു വഴങ്ങിത്തിലേയ്ക്കു് ക്കൊടുക്കുമായിരുന്നില്ലെന്നു് തീച്ചയാണല്ലോ. മാഡംകൂറിയെ അടുത്തുള്ള ഒരു 'ക്ലിനിക്കി'ലേയ്ക്കു് കൊണ്ടുപോയി പലവിധത്തിലുള്ള വൈദ്യപരിശോധനകളും നടത്തി. ശ്വാസനാളത്തിനു് സ്വല്പം പഴുപ്പുള്ളതായിക്കണ്ടുവെങ്കിലും, ദീനത്തിന്റെ സ്വഭാവം അകപ്പാടെ നിർണ്ണയിക്കുവാൻ അവിടെ ഉണ്ടായിരുന്ന ഭിഷഗ്വരന്മാർക്കും സാധിച്ചില്ല. പട്ടണത്തിലെ പൊടിപടലങ്ങളിൽ നിന്നെല്ലാം വേർവിട്ടു് അകലെ ഒരു 'സാനിറ്റോറിയ'ത്തിൽ ചെന്നു വിശ്രമിക്കുകയാണു് നന്നെന്നു ഒരഭിപ്രായമുണ്ടായി. ദീനക്കാരിയെ അവിടെയ്ക്കു് കൊണ്ടുപോകുംമുമ്പു് വൈദ്യപരിശോധനയിലെ വിദഗ്ദ്ധന്മാരെക്കൊണ്ടു് ഒരു പരി

രോധന നടത്തിക്കണമെന്നു് ഈവു് തീരുമാനിച്ചു. ഫ്രാൻസിലെ എണ്ണപ്പെട്ട നാലു ഡോക്ടർമാർ ചേന്നു് ആ പരിശോധനയും നടത്തി. ക്ഷയരോഗമാണു് തലപൊക്കിയിരിക്കുന്നതെന്നായിരുന്നു അവരുടെ കണ്ടുപിടുത്തം—അതും നോട്ടപ്പിഴതന്നേയായിരുന്നു. മലമ്പ്രദേശത്തുള്ള ഒരു 'സാനിറേറിയ'ത്തിലെയ്ക്കു് മാഡംകൂറിയെ ഉടനെ മാറണമെന്നു് അവരും അഭിപ്രായപ്പെട്ടതിനാൽ, യാത്ര പിന്നെയൊട്ടും നീട്ടാൻ തരപ്പെട്ടില്ല.

സാൻസൽമോസു് (Sancellmoz) എന്ന സ്ഥലത്തുള്ള 'സാനിറേറിയ'ത്തിലേയ്ക്കാണു് മാഡംകൂറിയെ ആനയിച്ചതു്. പുറപ്പെടുമ്പോൾത്തന്നെ ക്ഷീണം വല്ലാതെ വർദ്ധിച്ചിരുന്നു. ഒട്ടും വൈകിക്കുടെന്നുള്ള വൈദ്യവിധികൊണ്ടല്ലായിരുന്നുവെങ്കിൽ അത്ര വലിയ വൈഷമ്യത്തിന്നിടയ്ക്കു് ദീനക്കാരിയെ അങ്ങനെ സ്ഥലംമാറ്റുമായിരുന്നില്ല. യാത്രാക്ലേശംകൂടെയായപ്പോൾ കായ്ം തീരെക്കുഴഞ്ഞു. 'സാംഗ്ജയാർവെ' എന്ന തീവണ്ടിസ്റ്റേഷനിൽ എത്തിയപ്പോൾ മാഡംകൂറിക്കു് മോഹാലസ്യമുണ്ടായി. ഈവും ഒരു നഴ്സുംകൂടി കൈത്തണ്ടിൽ താങ്ങിയാണു് ദീനക്കാരിയെ 'സാനിറേറിയ'ത്തിലെത്തിച്ചതു്. ചെന്നപാടേ എക്സ്റേ ഫോട്ടോ എടുത്തു പരിശോധിച്ചതിൽ, പാരീസിലെ ഡോക്ടർമാർ പറഞ്ഞ തരക്കേടൊന്നും ശ്വാസനാളത്തിനുള്ളതായിക്കണ്ടില്ല. രോഗം വേറെന്തോ ആയിരു

ന്നു—ഡോക്ടർമാരുടെ നോട്ടം പിഴപ്പിക്കുന്ന ഒരു പുതിയ വ്യാധി! പനിയാണെങ്കിൽ, ആ ദിവസങ്ങളിൽ 104—ഡിഗ്രിയുണ്ടായിരുന്നു. 'തെർമോമീറർ' മാഡംകൂറിതന്നെ വാങ്ങി നോക്കാറുണ്ടായിരുന്നതിനാൽ, പനിയുടെ കണക്കു് മറച്ചുവയ്ക്കുവാൻ തരമുണ്ടായിരുന്നില്ല.

ജനീവായിലെ പ്രൊഫസ്സർ റോഷ് എന്ന ഒരു വിശ്രുത ഭിഷഗ്വരനാണു് ദീനക്കാരിയെ ഒടുവിൽ പരിശോധിച്ചതു്. രക്തത്തിന്റെ ചുവപ്പും പ്രസാദവും അതിശീഘ്രത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നു് മനസ്സിലാക്കിയ മേല്പറഞ്ഞ ഭിഷഗ്വരൻ പാടുള്ള പ്രതിവിധികളെല്ലാം ചെയ്യുനോക്കി. പക്ഷേ, മാഡംകൂറിയുടെ ജീവരക്തം ഊറ്റിക്കുടിച്ചുകൊണ്ടിരുന്ന ക്ഷയരോഗൻ പെട്ടെന്നു പിടികൊടുക്കുന്ന കൂട്ടത്തിലായിരുന്നില്ല. ഡോക്ടർമാർ ശസ്ത്രക്രിയ നടത്തിയേക്കുമോ എന്നു് മാഡംകൂറിക്കു് ഭയമുണ്ടായിരുന്നു. അതുണ്ടാവില്ലെന്നു് ഉറപ്പുനല്കി പ്രൊഫസ്സർ റോഷ് അവളെ ആശ്വസിപ്പിച്ചു. ശസ്ത്രക്രിയ, 'ശേഷക്രിയ'യായി മാത്രം കലാശിക്കാവുന്ന ഘട്ടമായിരുന്നുവല്ലോ അതു്. ഔഷധപ്രയോഗംകൊണ്ടു് പാടുള്ള അന്തിമശുശ്രൂഷകളെല്ലാം അവിടത്തെ ഭിഷഗ്വരന്മാർ ശ്രദ്ധാപൂർവ്വം ചെയ്തുകൊണ്ടിരുന്നു.

അന്തിമനിമിഷങ്ങൾ

ജൂലായി 3—ാംനു രാവിലെ മാഡംകൂറി വിറ

യ്യുന്ന കൈയിൽ 'തെർമോമീറർ' എടുത്തു പനി പരിശോധിച്ചു. വാടിക്കരിഞ്ഞ ആ വദനത്തിൽ ഒരു വരണ്ട പുഞ്ചിരിപരന്നു—പനിക്കു് പെട്ടെന്നുണ്ടായ ശമനം കണ്ടിട്ടു്! അതൊരു നല്ലശകുനമാണെന്നു് മാഡംകൂറിയും ഇടവുമെല്ലാവരും സന്തോഷിച്ചു. അപ്പോൾ വാതായനത്തിൽക്കൂടി അകലേയുള്ള മലകളേയും, അവയുടെ ഉപരിതലത്തിൽ തലപൊക്കിയ ബാലാർക്കനേയുംനോക്കി മാഡംകൂറി പറഞ്ഞു: "മരുന്നുകളല്ലാ, ഉന്നതമായ ഈ സ്ഥലത്തിന്റെ വൈശിഷ്ട്യവും ഇവിടത്തെ ശുദ്ധവായുവുമാണു് എന്നെ സുഖപ്പെടുത്തിയതു്."—ആയുസ്സു മുന്നോട്ടുതള്ളുവാൻ ജീവികർക്കുള്ള ആശ നോക്കുക! പക്ഷേ, അനന്തരനിമിഷത്തിൽ നിയതി നടത്തുവാനിരുന്ന വിധിയെന്താണെന്നു് കണ്ടറിയുവാൻ, പ്രകൃതിയുടെ പരമരഹസ്യങ്ങൾ പലതും പഠിച്ചറിഞ്ഞിരുന്ന ആ ശാസ്ത്രജ്ഞയ്ക്കും സാധിച്ചില്ല.

മരണം

രാവിലെ കണ്ട ആശ്വാസമത്രയും അണയാൻ പോകുന്ന ദീപത്തിന്റെ ആളിക്കത്തൽ മാത്രമായിരുന്നു. നേരം കുറെ പുലർന്നപ്പോൾ, ഭാവം തീരെ പകർന്നു. പ്രജ്ഞക്കുറവാണു് ആദ്യം കണ്ടതു്. 'പേയും പിച്ചും' പറഞ്ഞുതുടങ്ങിയതെല്ലാം ശാസ്ത്രീയകാര്യങ്ങളേയും സാഹിത്യപ്രശ്നങ്ങളേയും കുറിച്ചായിരുന്നു. ചായക്കോപ്പയിൽ കൂടിക്കാൻ വല്ലതും തയ്യാറാക്കുന്നതു കണ്ടാൽ "റേഡിയവും മെസോത്തോറിയവും ഏതാണ്ടു് ശരിയായി ചേർന്നുന്നതോന്നുന്നു"—എന്നിങ്ങ

നെ ദീനക്കാരി ശാസ്ത്രീയപരീക്ഷണങ്ങളേപ്പറ്റി യാണു് പറഞ്ഞിരുന്നതു്. "പുസ്തകത്തിന്റെ അ ദ്ധ്യായങ്ങളും ഖണ്ഡികകളും തിരിക്കുന്നതിനു് ഐ കരൂപ്യം വേണം..... ഞാൻ ആ പ്രസിദ്ധീക രണത്തിന്റെ കാര്യം ചിന്തിക്കുകയാണു്." — എന്നി ങ്ങനെ ഇടയ്ക്കിടയ്ക്കു് ഗ്രന്ഥനിർമ്മാണക്കാര്യവും! പു ത്രിമാർ രണ്ടുപേരും, മറ്റു ചില സജ്ജനങ്ങളും ശ യ്യോപാന്തത്തിലുണ്ടായിരുന്നുവെങ്കിലും, മാഡംക്യൂ റി അവരിൽ ആരേപ്പറ്റിയും ചോദിക്കാതെയായി. ആളുകളേക്കുറിച്ചുള്ള നോട്ടംതന്നെ വിട്ടു. "ശാസ്ത്രത്തിൽ ആളുകൾക്കല്ലാ, കാര്യങ്ങൾക്കാണു് സ്ഥാനം" എന്നു് പണ്ടൊരിക്കൽ കഥാനായിക പറഞ്ഞിരുന്ന വല്ലോ. എന്നാൽ ജീവിതത്തിന്റെ ഈ സായാഹ്ന ഘട്ടത്തിൽ ശാസ്ത്രത്തിനും സ്ഥാനമില്ലെന്നുള്ള സ്ഥാ നത്തേയ്ക്കാണു് 'കാര്യങ്ങൾ' പാഞ്ഞുകൊണ്ടിരുന്ന തു്. ശാസ്ത്രജ്ഞയുടെ ദേഹമാസകലം തണുത്തു് അ വയവങ്ങൾ നിശ്ചേഷ്ടങ്ങളായിത്തുടങ്ങി. ആയു ഷ്കാലം മുഴുവനും ശാസ്ത്രാഭിവൃദ്ധിക്കായിത്തുടിച്ചി രുന്ന ആ ഹൃദയത്തിന്റെ ചലനം മാത്രം മന്ദമായ ങ്ങനെ തുടർന്നുകൊണ്ടിരുന്നു.

മരണയാതന പതിനാറുമണിക്കൂറോളം ദീർഘി ച്ചു. 1934 ജൂലായി 4-ാംനു ബുധനാഴ്ച പ്രഭാത മായി. അകലത്തുള്ള തരുത്തലപ്പുകൾക്കു് മുകളിൽ പർവ്വതനിരകളുടെ മുടി കൂളുപ്പിച്ചുനില്ക്കുന്ന ഹിമക്ക ട്ടകളുടെ വിള്ളലിൽക്കൂടി സൂര്യൻ ആ ആതുരശാ

ലയിലേയ്ക്ക് ഒന്നെത്തിനോക്കി. ഒരു തണുത്തകാറ്റ് ഒരു കള്ളനേപ്പോലെ ആ മുറിയിൽ നഴഞ്ഞുകയറി കട്ടിലിൽ കിടക്കുന്ന നിശ്ചേഷ്ടശരീരത്തെ തൊട്ടതലോടി. പ്രഭാതസൂര്യന്റെ തങ്കക്കതിരുകൾ തട്ടിയിട്ടോ എന്തോ മാഡംകൂറിയുടെ മുഖം പ്രസന്നമായി. വിളർത്തൊട്ടിയ കവിൾത്തടത്തിൽ ഒരു ചൈതന്യം പ്രസരിച്ചു. റേഡിയം കണ്ടുപിടിച്ച ആ കരങ്ങൾ ഒന്നു ചലിച്ചു! ശിരസ്സ് ഉപധാനത്തിലേയ്ക്ക് പതുക്കെ ചരിഞ്ഞു!! ആ വിശാലഹൃദയത്തിന്റെ ചലനം എന്നെന്നേയ്ക്കുമായി നിലച്ചു!!!

അനന്തരം

ആശോളപ്രഥിതയായ മാഡംകൂറിയുടെ ചരമവിശേഷം ആ ആതുരശാലയുടെ നിശ്ശബ്ദതയെ ഭേദിച്ചു നാനാദിഗന്തങ്ങളിലേയ്ക്കും പരന്നു. പോളണ്ടിൽനിന്ന് അന്നേരം ബ്രോണിയായും, സഹോദരൻ ജോസഫ് സ്കോഡോസ്കിയും മാഡംകൂറിയെ കാണ്മാനായി ബദ്ധപ്പെട്ടു യാത്രചെയ്കയായിരുന്നു; തീവണ്ടി ബർലിനിൽ എത്തിയപ്പോഴാണ് അവർ മരണവൃത്താന്തം അറിഞ്ഞതു്. ഹെലൻ എന്ന സഹോദരി വാർസായിൽവെച്ചും, ജാകൃസ് കൂറി മോണ്ടു്പെല്ലിയർ എന്ന സ്ഥലത്തുവെച്ചും, മിസ്സിസ് മെലോണി ലണ്ടനിൽവെച്ചും ചരമവിവരം അറിഞ്ഞു. റേഡിയം ഇൻസ്റ്റിട്യൂട്ടിൽ ഈ ദുഃഖവൃത്തമാനം കിട്ടിയപ്പോൾ എല്ലാവരും പൊട്ടിക്കരഞ്ഞുപോയി. "ഞങ്ങൾക്കു് സകലവും നഷ്ടപ്പെട്ടു" എന്നാണ് ഒരു വിദ്യാർത്ഥി വിലപിച്ചതു്.

ജീവിച്ചിരുന്നപ്പോൾ സന്ദർശകരെ ഭയപ്പെടുത്തിയിരുന്ന മാഡംകൂറിയുടെ മൃതശരീരം, കണക്കില്ലാതെ തിക്കിക്കൊണ്ടിരുന്ന സന്ദർശകരുടെ തിരക്കിൽനിന്നു രക്ഷിക്കാൻ പ്രത്യേക ചട്ടംകെട്ടുകൾ ചെയ്യപ്പെട്ടു. ആതുരശാലയിലെ ഒരു മുറിയിൽ ശുഭ്രവസ്ത്രങ്ങളണിഞ്ഞു കിടക്കുന്ന ആ റേഡിയംരാജ്ഞിയെ നമുക്കൊന്നെത്തിനോക്കാം. ഹിമവെണ്മയേന്തുന്ന ആ നരച്ച തലമുടി വിശാലമായ നെറ്റിത്തടത്തിൽനിന്നു് മാടിയൊതുക്കിവെച്ചിരിക്കുന്നു. ചിന്തയുടെ ചുളികൾ നിരന്തരം തിരതല്ലിയിരുന്ന ആ ഫാലപ്രദേശം നിശ്ചലമായി നിലകൊള്ളുന്നു. പ്രകൃതിരഹസ്യങ്ങളുടെ ആഴം കണ്ടറിഞ്ഞ ആ കണ്ണുകൾ അടഞ്ഞുപോയി. നവംനവങ്ങളായ ശാസ്ത്രീയതത്ത്വങ്ങളെ നിത്യവും ഉദീരണം ചെയ്തിരുന്ന ആ വക്ത്രം പൂട്ടപ്പെട്ടിരിക്കുന്നു. ഒരു പെരുങ്കള്ളനായ റേഡിയത്തെ, പെറുക്കിപിടിച്ചു തൂക്കിയെടുത്തു് ലോകസമക്ഷം ഹാജരാക്കിയ ആ ബലിഷ്ഠഹസ്തങ്ങൾ ചേതനയറ്റു തളർന്നുകിടക്കുന്നു. ശത്രുവുമായി നടത്തിയ പോരാട്ടത്തിൽവെച്ചു കിട്ടിയ പൊള്ളലും വിള്ളലും ആ കരങ്ങളിൽ വീരമുദ്രകൾകണക്കേ പരിശോഭിക്കുന്നുണ്ടു്. അനേകം ശാസ്ത്രീയഗ്രന്ഥങ്ങൾ എഴുതിത്തള്ളിയ ആ വിരലുകൾ മരവിച്ചുപോയി. ലോകത്തിലെ പല വിജ്ഞാനകേന്ദ്രങ്ങളേയും സ്പർശമാത്രത്താൽ പാവനമാക്കിച്ചെയ്ത ആ പാദങ്ങൾ ഇനി ചരിക്കുകയില്ല!—മാഡംകൂറി

യുടെ ശവമഞ്ചത്തിന്നരികേ ഭുവനവിശ്രുതരായ പല ശാസ്ത്രകാരന്മാരും ഭിഷഗ്വരന്മാരും മരണത്തിന്റെ അനിവാര്യതയേക്കുറിച്ചു ധ്യാനിച്ചിട്ടെന്നോണം വികാരസ്തബ്ധരായി നില്ക്കുന്നു!

ശാസ്ത്രത്തിന്റെ യജ്ഞവേദിയിൽ ഹോമിക്കപ്പെട്ട ഒരു ബലിവസ്തുവായിരുന്നു നമ്മുടെ കഥാനായികയെന്നു് ശാസ്ത്രജ്ഞന്മാരത്രയും സമ്മതിച്ചു. മാഡംക്യൂറിയും ഭർത്താവുംകൂടി ലോകത്തിനു് സംഭാവനചെയ്ത റേഡിയംതന്നേയാണു് ആ മഹതിയുടെ ജീവനെ അപഹരിച്ചതെന്നു് ഭിഷഗ്വരന്മാരും ഒടുവിൽ മനസ്സിലാക്കി. മൃതശരീരം പാരീസിലേയ്ക്കു് കൊണ്ടുവന്നു. സംസ്കാരം ക്യൂറിമാരുടെ ജീവിതംപോലെ തന്നെ അനാഡംബരമായിട്ടായിരുന്നു. 'സോ' എന്ന സ്ഥലത്തു് പിയർക്യൂറിയുടെ ശവകുടീരത്തിന്നരികേ 1934 ജൂലായി 6-ാംനു- വെള്ളിയാഴ്ച മദ്ധ്യാഹ്നത്തിൽ മാഡംക്യൂറിയുടെ മൃതശരീരം സംസ്കരിക്കപ്പെട്ടു. ഇ്രോണിയായും സഹോദരനും പോളണ്ടിൽനിന്നുകൊണ്ടുവന്നിരുന്ന സപ്തമണ്ണു് മാഡംക്യൂറിയുടെ ദേശാഭിമാനത്തിനു് ഒരു തിരുൽക്കാഴ്ചയെന്നോണം, ആ ശവകുടീരത്തിൽ നിക്ഷേപിക്കപ്പെട്ടു. അങ്ങനെ ദിഗന്തവിശ്രുതയായ ആ ശാസ്ത്രജ്ഞ മൺമറഞ്ഞു! ഇഷ്ടജനങ്ങൾ വേർപിരിഞ്ഞു! കുടീരശിലയിന്മേൽ ഇങ്ങനെയൊരു ലിഖിതം കാണാം: "മേരിക്യൂറി സ്ക്ലോഡോസ്കി—1867-1934" —അത്രമാത്രം.